

# പ്രളയ പ്രകമ്പനത്തിന്റെ വയനാടൻ വേപഥു

# പിപാസ

മാഗസിൻ 2023–2024

നജാത്ത് കോളേജ്
ഓഫ് സയൻസ് & ടെക്നോളജി
കരുവാരകുണ്ട്

FRONT COVER
INSIDE

ജീവദായകാ ജീവിതനായകാ
ജഗദീശാ നിന്നെ വണങ്ങീടുന്നേ
വിദ്യാലയമിതിലെത്തിയ ഞങ്ങളെ
വിദ്യാനുരാഗികളാക്കിടേണേ!
ബുദ്ധിയും ശുദ്ധിയും സിദ്ധിയും നൽകി സു-
ബദ്ധങ്ങൾ ചെയ്യുന്നോരാക്കിടേണേ!
സൗഹൃദം പൂത്തുലസിക്കുന്നൊരിടമാക്കി
ഇക്കലാലയത്തെ മാറ്റിടേണേ!
നല്ലവരെന്നുള്ള സൽക്കീർത്തി വീട്ടിലും
നാട്ടിലും കൈവരിപ്പിച്ചിടേണേ!
സർവ്വസ്തുതികൾക്കുമർഹനായുള്ളോനേ
സംസ്കാര സമ്പന്നരാക്കിടേണേ!
ജീവദായകാ ജീവിതനായകാ
ജഗദീശാ നിന്നെ വണങ്ങിടുന്നേ...





വിരൽ തുമ്പിന്റെ മിടിപ്പിനും
വാക്കുകളുടെ അതിരിനും
അതീതമായ സേവനത്തിന്റെ പ്രതീകം,
ജീവിതം സമർപ്പണത്തിന്റെ പാഠമാക്കിയ ചൈതന്യം,
തലമുറകൾക്ക് ജ്ഞാനദീപമായി ജ്വലിച്ചു നിൽപ്പൂ ഇവിടെയെന്നും.



# Message



I am delighted to extend my heartfelt congratulations to the Students' Union of Najath College of Science and Technology on the launch of the Annual Magazine for the Academic year 2023 24. This magazine stands as a testament to the creative spirit, intellectual curiosity, and literary talents of our students.

Our College stands as a beacon of knowledge and Values, inspired by the vision of our esteemed founder K T Manu Musliar, renowned Muslim scholar, philanthropist, and educationist. His unwavering dedication to spreading education and uplifting society continues to guide us in all our endeavours. It is through platforms like these we celebrate the voices of our young minds and nurture their potential to express ideas, dreams, and visions for the future. I am proud to see our students contributing meaningfully to the cultural and academic fabric of our institution.

I take this opportunity to express the relentless efforts involved in bringing this magazine to life. I commend the editorial team and everyone involved, for their dedication and hard work in bringing this magazine to fruition. Wishing all the readers an enriching experience.

**Dr Abdul Jaleel**
Principal



കരുവാരകുണ്ട് എൻ.സി.എസ്.ടി യിലെ വിദ്യാർത്ഥികൾ മുൻ വർഷങ്ങളിലെന്ന പോലെ ഈ അക്കാദമിക വർഷത്തിലും തങ്ങളുടെ സാഹിത്യോപഹാരമായ 'പിപാസ' ആവിഷ്കാര മൂല്യത്തോടെ സർഗ്ഗാത്മകമായി പ്രസിദ്ധീകരിക്കുന്നു. ഇതിനു നേതൃത്വം നൽകിയ എല്ലാവർക്കും ഹൃദയപൂർവ്വമായ അഭിനന്ദനങ്ങളും ആശംസകളും.

**Adv. M Ummar**
Gen. Secretary NCST

# വിപാസ EDITORIAL BOARD


## Staff Editors


Sajeena M.


Hamza C.


Hasbulla

## Student Editor


Anshif T.M.

## Members


SANA K


RINSHA


SHIBIL


UMER KAISE


NUHMAN


SHAHAL CP


HANNA


ANFAL


AKBAR SHAREEF

# EDITORIAL

ജീവനും പ്രകൃതിയും തമ്മിലുള്ള അസന്തുലിതാവസ്ഥ ദിനംപ്രതി ഉയർന്നുകൊണ്ടിരിക്കുന്ന വർത്തമാന ലോകത്തിൽ മനുഷ്യൻ പ്രകൃതിയിൽ സൃഷ്ടിക്കുന്ന പിഴവുകളുടെ തിരിച്ചടിയും മുന്നറിയിപ്പുമാകുന്നു ഓരോ പ്രകൃതിദുരന്തങ്ങളും. ഭൂമിയോടുള്ള മനുഷ്യന്റെ കടമയും ഉത്തരവാദിത്വവുമെന്തെന്ന ചോദ്യം ഉന്നയിച്ചുകൊണ്ട് എൻ.സി.എസ്.ടി വിദ്യാർത്ഥി മാഗസിൻ **പിപാസ 2023 – 2024** ‘**പ്രളയ പ്രകമ്പനത്തിന്റെ വയനാടൻ വേപഥു**’എന്ന നാമധേയം സ്വീകരിച്ചുകൊണ്ട് സഹൃദയ ഹസ്തങ്ങളിലേക്കെത്തുകയാണ്. പ്രകൃതിയുടെ മാറിൽ മനുഷ്യൻ കുറിച്ച മുറിപ്പാടുകളും അതിൽനിന്നുതിരുന്ന പ്രകൃതിതൻ നിണം കൊണ്ടെഴുതിയ കദനകഥയും അതിന്റെ മറുപടിയും സമകാലിക ദർശനമായുണരുന്നു. പ്രകൃതിയോടൊത്തെ മനുഷ്യന് നിലനിൽപ്പൊള്ളു എന്ന ആധുനിക ചിന്താഗതി കലാലയത്തിലും വിദ്യാർത്ഥികൾക്കിടയിലും കാണപ്പെടുന്നുണ്ട്. അതാണ് ഓരോ പേജിലും സർഗ്ഗാത്മകതക്കൊപ്പം കാഴ്ചപ്പാടുകളും നിറങ്ങളുമായി മുന്നോട്ടു നയിക്കുന്നത്, ഇത് വായനക്കാരെ പ്രകൃതിയോടും സമൂഹത്തോടും കൂടുതൽ അടുപ്പിക്കുന്നു. വിദ്യാർഥികളുടെ സൃഷ്ടിപരതയുടെ സമന്വയവും കലാലയത്തിന്റെ ചിന്താശൈലിയുടെ പ്രതിഫലനവുമായിരിക്കും ഈ മാഗസിൻ. പ്രകൃതിയുടെ സംഘർഷവും സൗന്ദര്യവും കലർന്ന സർഗാത്മക  ആവിഷ്കാരം ഈ സൃഷ്ടിയുടെ മുഖമുദ്രയാണ്. എങ്കിലും എഴുതി തികഞ്ഞവരുടെ ആവിഷ്കാരമല്ലിത്, വളർന്നുവരുന്ന തലമുറയുടെ  പരിശീലന ശ്രമമാണെന്ന് സൗഹൃദയർ മനസ്സിലാക്കി അപക്വമായ ആശയങ്ങളോ അബദ്ധവാക്കുകളോ വന്നുപോയിട്ടുണ്ടെങ്കിൽ വിട്ടുവീഴ്ചയോടെ കാണുമെന്നാശിക്കുന്നു.

മഹത്തായ ഈ പരിശ്രമത്തിന് പ്രചോദനം നൽകിയ സ്ഥാപന മേധാവി, അധികൃതർ, ഗുരുക്കന്മാർ, സ്റ്റാഫ് എഡിറ്റർ, സുഹൃത്തുക്കൾ, സഹപ്രവർത്തകർ, അതുല്യ പ്രസ്സ് പ്രവർത്തകർ, പരസ്യം തന്നവർ, അതിനായി പ്രയത്നിച്ചവർ, സ്റ്റാഫിലെ അധ്യാപക - അനധ്യാപക അംഗങ്ങൾ എന്നിവരോടുള്ള പ്രത്യേക നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. പ്രകൃതിയും ജീവനും തമ്മിലുള്ള സമരസ്യത്തിലേക്കുള്ള വർഗ്ഗ കൂട്ടായ്മയായി ഉയരട്ടെ ഈ മാസിക. പ്രകൃതിയുടെ നീറുന്ന ധ്വനികൾ വായനക്കാരെ ചിന്തയുടെ പുതിയ വഴിയിലേക്ക് കൈപിടിച്ചു നയിക്കട്ടെ.

സ്നേഹപൂർവ്വം

അൻഷിഫ് ടി എം
സ്റ്റുഡന്റ് എഡിറ്റർ

Annexia
STUDENTS UNION
#2023-24

Chairman



Jawad

Vice Chairperson



Sana K

UUC



Shahal CP

UUC



Anfal AT

Gen. Secretary



Shibil

Joint Secretary



Rinsha

Fine Arts Secretary



Inthisham

General Captain



Shifan

Student Editor



Anshif TM

Annexia
UNION

AD







# പ്രളയ പ്രകമ്പനത്തിന്റെ
# വയനാടൻ വേപഥു





















The hills once whispered in emerald tones,
Where mist embraced the ancient stones.
Rivers danced with a gentle grace,
And time stood still in nature's face.

But then the sky began to weep,
A storm awoke the earth from sleep.
Thunder roared, the heavens cried,
As mountains trembled, torn inside.

The forests fell with a mournful sigh,
Roots unshackled, left to die.
Homes were swallowed, dreams were torn,
In mud and sorrow, lives were worn.

Yet through the ruin, voices rose,
Hands reached out, defying woes.
Hope emerged from shattered ground,
In love and strength, we still are bound.

For Wayanad, though bruised and scarred,
Holds a spirit fierce and hard.
Through darkest storms and trials wide,
She will stand, with timeless pride.





# INDEX


വീണ്ടും സേവന പാതയിൽ
ഉണ്ണികൃഷ്ണൻ മാസ്റ്റർ ________________ 12

ആവർത്തിക്കല്ലേ മറ്റൊരു വയനാട് ______24

മണ്ണിന്റെ കീടങ്ങൾ ____________________27

ഞാനും സ്നേഹവും പിന്നെ ഭൂമിയും_____28

വേനൽ മഴ ___________________________30

അകക്കാഴ്ച___________________________31

നിത്യ ഗർഭിണി________________________33

കൗമാരത്തെ നശിപ്പിക്കുന്ന ലഹരി
ഒരു തിരിഞ്ഞു നോട്ടം _________________34

ശാപം _______________________________35

മഴ _________________________________36

പ്രവാസം_____________________________37

ആരോ ഒരാൾ _________________________38

വയനാടിനെ വയനാട്ടിൽ തന്നെ
പുനരധിവസിപ്പിക്കണോ? _______________39

വേർപാട് _____________________________42




മരണമില്ലാത്ത ഓർമ്മകൾ__________ 43
ഫസീല പാടിത്തളരാതെ പറന്നകന്ന
പൂങ്കുയിൽ _______________________ 45
ആരാണ് ഞാൻ ___________________ 47
ഭ്രൂണം___________________________48
കീറിയ പാന്റ് _____________________ 49
വാക്കുകൾ ജീവിതത്തിന്റെ തകർച്ചയും
കരുത്തും _______________________ 50
ഇരുട്ടിലെ നിഴൽ __________________ 52
ഭാവി____________________________ 53
ഒറ്റക്ക് ___________________________ 54



Rahmatan lil Alamin _________________ 56
അടുക്കളയിൽ നിന്നും
അടുക്കളയിലേക്ക് ________________ 58
കേരളമെന്നൊരു ഭ്രാന്താലയം________ 59
ജീവൻ___________________________60
കാത്തിരിപ്പ്_______________________60
ഭയപ്പാടിന്റെ നിമിഷങ്ങൾ ___________ 61
B6 Delhi __________________________ 63
Migratory Bird ______________________ 69
ശകടങ്ങൾ പോകുന്ന പാതയോരം ____ 70
Whispers of Hope in fallen earth________ 71
കള്ളി കുപ്പായം____________________ 72
ആരാണ് നാം ______________________ 74
വലയിൽ വീഴരുത് വില്ലന്മാർ ഉണ്ട് ____ 75



To a new acquaintance ______________ 77
ഒരു പ്രണയകാലം _________________ 78
My flute__________________________80
Once in a warm summer _____________80
നിരാശ ___________________________ 81
Shadow light ______________________ 82
The sorrow rhyme___________________ 83
രാത്രി വരുന്ന പിശാചുക്കൾ _________ 84
ഓർമ്മകളിൽ നന്മയുണരുന്ന സപ്ത
ദിനങ്ങൾ ________________________ 85
വസന്തകാലം ______________________ 86
Whispers of the rain_________________ 86
Sacred and secular __________________ 87
സ്വപ്നങ്ങൾ പൊലിഞ്ഞ ആ രാത്രി __ 88
ഇരുൾ___________________________ 89
The reality_________________________ 90
സൂര്യൻ കാർമേഘത്തോട്___________ 90
The holes in me _____________________ 91
ആമി_____________________________ 92
Let it go ___________________________ 94
മരണം ____________________________ 95
Association Report __________________ 96
Union Report _______________________124

താൻ ബാക്കിയായതിന്റെ അർത്ഥം തിരഞ്ഞ്

# വീണ്ടും സേവന പാതയിൽ ഉണ്ണികൃഷ്ണൻ മാസ്റ്റർ

വയനാടിലെ മുണ്ടക്കൈ ചൂരൽമല പ്രദേശങ്ങളിൽ ഈയിടെയുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തെ തീവ്ര ദേശീയ ദുരന്തമായെണ്ണാൻ കേന്ദ്രം ഭരിക്കുന്ന സർക്കാർ സന്നദ്ധമായിട്ടില്ലെങ്കിലും ഔദ്യോഗിക കണക്കു പ്രകാരം 231 പേർ മരണപ്പെടുകയും 128 പേരെ കാണാതാവുകയും 1055 വീടുകൾ വാസയോഗ്യമല്ലാതായി മാറുകയും 626 ഹെക്ടർ വിള നിലത്തിലെ വിളകൾ നശിക്കുകയും മൂന്ന് പാലങ്ങളും രണ്ട് സ്കൂളുകളും പൊളിഞ്ഞു വീഴുകയും 136 പഞ്ചായത്ത് കെട്ടിടങ്ങളുൾപ്പെടെ 236 കെട്ടിടങ്ങൾ നിലം പൊത്തുകയും 209 കടകൾ തകർന്നടിയുകയും 1200 കോടിയിലേറെ രൂപയുടെ നാശനഷ്ടങ്ങൾ കണക്കാക്കപ്പെടുകയും



ചെയ്തിട്ടുള്ള ഒരു മഹാ ദുരന്തത്തെ നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും വലുതും മാരകവുമായ ഒന്നായിട്ടുതന്നെയാണ് പൊതുവേ രാജ്യവും ലോകവുമൊക്കെ വിലയിരുത്തിയിട്ടുള്ളതെന്നത് ഒരു നഗ്ന സത്യമാണ്.

എന്നാൽ പ്രസ്തുത ദുരന്തത്തിന്റെ വണ്ണവലിപ്പങ്ങളോ ആഘാത പ്രത്യാഘാതങ്ങളോ ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ വശങ്ങളോ കേന്ദ്ര-കേരള സർക്കാറുകൾ അതിനു നേരെ സ്വീകരിക്കുന്ന സമീപന വ്യത്യാസങ്ങളോ ഞങ്ങൾക്കു വിഷയമാവാതിരിക്കുന്നില്ലെങ്കിലും എൻ.സി.എസ്.ടി. സ്റ്റുഡന്റ്സ് മാഗസിന്റെ പ്രവർത്തകരെന്ന നിലയിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം പ്രസ്തുത സംഭവത്തിൽ ഏറെ ഉദ്വിഗ്നത അനുഭവപ്പെടുത്തിയ ഒന്നായിരുന്നു ആകെയുണ്ടായിരുന്ന 497ൽ 37 വിദ്യാർത്ഥികളെ മരണം വന്ന് വാരി വിഴുങ്ങികൊണ്ടുപോയ വെള്ളാർമല ഗവ. ഹയർ സെക്കൻഡറി സ്കൂളിനെയും 18 വർഷക്കാലം തനിക്ക് തന്റെ സ്കൂളും കുട്ടികളുമല്ലാതെ മറ്റൊരു ലോകമില്ലെന്ന മട്ടിൽ അവിടെ ഹെഡ്മാസ്റ്ററായി സേവനമർപ്പിച്ചുപോന്ന് ഒടുവിൽ ദുരന്തത്തെ തുടർന്ന് അതിന്റെ എല്ലാ രൗദ്രതകളുടെയും ഓർമ്മകൾ ഉള്ളിൽ ആവാഹിച്ചും എന്തിനു താൻ ബാക്കിയായി എന്ന് സ്വന്തത്തോടും ഇതരരോടും ചോദിച്ചും എന്നാൽ വീണ്ടും സേവന പാതയിൽ തന്റെ മണ്ഡലമറിഞ്ഞ് നിരതനായി ജീവിതം അർത്ഥവത്താക്കിയും തുടരുന്ന അമ്പലപ്പുഴ സ്വദേശി ശ്രീ ഉണ്ണികൃഷ്ണൻ മാസ്റ്ററെയും ഹൈലൈറ്റ് ചെയ്തു കൊണ്ട് മീഡിയ രംഗത്തുകൊണ്ടുവന്ന വിവരങ്ങളും വിവരണങ്ങളും, അവയാൽ പ്രചോദിതരായി ഞങ്ങൾ ആറംഗ മാഗസിൻ പ്രതിനിധി സംഘം സ്റ്റാഫ് എഡിറ്റർ ശ്രീമതി. സജീന ടീച്ചറുടെയും ശ്രീ. ഹംസ സാറിന്റെയും നേതൃത്വത്തിൽ വയനാട് ദുരന്ത ഭൂമി സന്ദർശിച്ച് ശ്രീ ഉണ്ണികൃഷ്ണൻ മാസ്റ്ററുമായി നടത്തിയ അഭിമുഖമാണ് ചുവടെ.



**അങ്ങ് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിൽ നിന്ന് ഇത്ര ദൂരം സഞ്ചരിച്ച് ഇങ്ങ് വയനാട്ടിലെ ഈ മലമ്പ്രദേശത്തു വന്ന് ജോലി ചെയ്തു തുടങ്ങിയതിന്റെ പശ്ചാത്തലം?**

കേരള സർക്കാരിന്റെ പബ്ലിക് സർവീസ് കമ്മീഷൻ വഴി മലയാളം അധ്യാപകനായി 2006 ജൂൺ ഒന്നിന് നിയമിതനായതിനെത്തുടർന്നാണ് ഞാൻ വയനാട്ടിലെ വെള്ളാർമല ജി.എച്ച്.എസ്.എസിലെത്തുന്നത്. പി.എസ്.സിയുടെ നിയമനം എങ്ങോട്ടാണോ അങ്ങോട്ട് സ്വന്തം ഇഷ്ടാനിഷ്ടങ്ങളോ സൗകര്യാസൗകര്യങ്ങളോ ഒന്നും നോക്കാതെ പോയി സേവനം ചെയ്യലാണല്ലോ ഒരു ഉദ്യോഗാർത്ഥിയുടെ ധർമ്മം.

**അതു ശരിയാണ് പക്ഷേ സ്വന്തം നാട്ടിനടുത്തേക്കോ കൂടുതൽ സൗകര്യപ്രദമായ മറ്റു വല്ലിടത്തേയ്ക്കോ ട്രാൻസ്ഫർ വാങ്ങി പോകുന്ന പതിവുണ്ടല്ലോ. സാർ അങ്ങനെയൊരു ശ്രമമൊന്നും നടത്തി നോക്കിയില്ലെ?**

അങ്ങനെ ചെയ്തവരാണ് ഇവിടെ വന്നവരെല്ലാവരും. ഇവിടെ വന്ന് ഒന്നോ രണ്ടോ വർഷമാകുമ്പോഴേക്കും ട്രാൻസ്ഫറിന് ശ്രമിക്കും. ചിലരൊക്കെ നിയമനം സ്വീകരിക്കുന്നതുതന്നെ ട്രാൻസ്ഫറും മനസ്സിൽ വച്ചുകൊണ്ടായിരിക്കും. അതിനൊരു അപവാദമാകാനാണ് ഞാൻ ശ്രമിച്ചത്. സർവ്വശിക്ഷാ അഭിയാനിൽനിന്ന് പോസ്റ്റിങ്ങ് ഓർഡർ വന്നിട്ടും ഞാൻ വെള്ളാർമല വിടാൻ വിസമ്മതിക്കുകയാണുണ്ടായത്. വെള്ളാർമലക്കാരുടെ സ്നേഹ സൗഹൃദ ബന്ധങ്ങൾ എന്നെ അവിടെ കഴിഞ്ഞ 18 വർഷമായി പിടിച്ചു നിർത്തുകയായിരുന്നു വെന്നു പറയുന്നതായിരിക്കും ശരി. ഒരാളെ ആത്മത്യാഗത്തിനു സന്നദ്ധനാക്കുന്നതും അയാളിൽ പ്രതിജ്ഞാബദ്ധത ജനിപ്പിക്കുന്നതുമാണ് അകമഴിഞ്ഞ സ്നേഹമെന്നതിന്റെ ഒരു സാക്ഷിയാണ് ഞാനവിടെ.

**ഈ മലയോര നിവാസികൾ സാറിനെ ഇത്രമാത്രം സ്നേഹിക്കുന്നുണ്ടെങ്കിൽ അതിനു തക്ക എന്തെങ്കിലും സവിശേഷതകൾ സാറിലുള്ളത് അവർക്കനുഭവിക്കാനായിട്ടുണ്ട് എന്നുതന്നെയായിരിക്കണം അതിനർത്ഥം. സേവനോൽസുകമായ ഒരു മനസ്സും അതിനുള്ള വിഭവങ്ങളുടെ നിറവും സാറിലുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുകയാണ്. എന്താ ശരിയല്ലേ?**

നിങ്ങൾ പറഞ്ഞത് ഞാൻ സവിനയം സമ്മതിക്കാം. പക്ഷേ, അതിനു മുൻപ് വെള്ളാർമലയിലെ ആബാലവൃദ്ധം മനുഷ്യരുടെ ഗുണങ്ങളും അവരിൽ കുടികൊള്ളുന്ന മൂല്യ വിചാരങ്ങളും എനിക്ക് സ്തുതിയോടെ എടുത്തു പറയേണ്ടതുണ്ട്. ഒരുപക്ഷേ എന്നെത്തന്നെ മാറ്റിയതിലും പുതുക്കിപ്പണിതതിലും അവരുടെ ഈ ഗുണങ്ങൾക്കും മൂല്യബോധത്തിനും നിർണായക പങ്കുണ്ടായിരിക്കാം. സ്വച്ഛസുന്ദരമായ പ്രകൃതിയിൽ ജീവിക്കുന്ന തികച്ചും നിഷ്കളങ്കരായ മനുഷ്യർ. മതപരമോ ജാതീയമോ രാഷ്ട്രീയമോ ആയ വൈരങ്ങളൊന്നും അവർക്കറിയില്ല. സാധനങ്ങൾ വാങ്ങാനും സൊറ പറഞ്ഞിരിക്കാനും ആകെ ഒരു ചെറിയ അങ്ങാടിയാണവർക്കുള്ളത്. അവിടുത്തുകാരുടെ ചരിത്രം അന്വേഷിച്ചാൽ കിട്ടുന്ന മറുപടി ബ്രിട്ടീഷ് സായിപ്പുമാരുടെ ചായത്തോട്ടത്തിൽ പണിയെടുക്കാൻ വന്നവരുടെ പിൻതലമുറക്കാരാണവരെന്നായിരിക്കും. എല്ലാവരും ഏതാണ്ട് തുല്യനിലവാരത്തിലായതിനാൽ ആർക്കും ഒന്നിലും മേൽക്കൈ അവകാശപ്പെടാനില്ല. ഇത് അവർ തമ്മിൽ അഹങ്കാരത്തിനോ അസൂയക്കോ ഹേതുക്കളില്ലാതെയാകുന്നു. ഇവരെ ഒന്നിപ്പിച്ചു നിർത്താനും സ്കൂളുമായി ബന്ധപ്പെട്ട കാര്യങ്ങളിലെല്ലാം ഭാഗഭാക്കാക്കാനും എന്തൊരു സുഖമാണ്!

**വിദ്യാഭ്യാസത്തിൽ പറയത്തക്ക എന്തെങ്കിലും പുരോഗതി കൈവരിച്ച ചരിത്രമില്ലാതിരുന്ന വെള്ളാർമല ജി.എച്ച്.എസ്.സിൽ സാറിന്റെ വരവിന് ശേഷം എന്ത് മാറ്റമാണുണ്ടാക്കാൻ സാധിച്ചത്?**

> നിങ്ങൾ പറഞ്ഞത് ഞാൻ സവിനയം സമ്മതിക്കാം. പക്ഷേ, അതിനു മുൻപ് വെള്ളാർമലയിലെ ആബാലവൃദ്ധം മനുഷ്യരുടെ ഗുണങ്ങളും അവരിൽ കുടികൊള്ളുന്ന മൂല്യ വിചാരങ്ങളും എനിക്ക് സ്തുതിയോടെ എടുത്തു പറയേണ്ടതുണ്ട്. ഒരുപക്ഷേ എന്നെത്തന്നെ മാറ്റിയതിലും പുതുക്കിപ്പണിതതിലും അവരുടെ ഈ ഗുണങ്ങൾക്കും മൂല്യബോധത്തിനും നിർണായക പങ്കുണ്ടായിരിക്കാം.

**വല്ലതും സാധിച്ചിട്ടുണ്ടെങ്കിൽ അതിനുവേണ്ടി സാർ ആവിഷ്കരിച്ച മാർഗ്ഗമെന്തായിരുന്നു?**

2006 ൽ ഞാൻ വെള്ളാർമല ജി. എച്ച്.എസ്.എസിൽ എത്തിയതിനുശേഷം 2008ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ 100ശതമാനം വിജയമുണ്ടായിയെന്നതുതന്നെ മാറ്റം അളന്നറിയാനുള്ള ഒന്നാമത്തെ മാപകമായെടുക്കാം. പിന്നീട് ആ 100 ശതമാനം നിലനിർത്തിപ്പോരുന്നതിനുള്ള തീവ്ര പരിശ്രമങ്ങളിൽ മുഴുകാറുണ്ടെങ്കിലും കഴിഞ്ഞ 6 വർഷത്തിലും അതിനു കഴിഞ്ഞപ്പോൾ ഇടക്കൊക്കെ കഴിയാതെയും വന്നിട്ടുണ്ട്. ഏതായാലും ആരും അത്ര പരിഗണനയിലെടുക്കാതിരുന്ന ഒരു സ്കൂളിന്റെ അഭൂതപൂർവമായ വിജയം 2008ലെ റിസൾട്ട് വന്ന വേളയിൽ വലിയൊരു ആഘോഷം തന്നെയായിരുന്നു. വെള്ളാർമലയിലെ കുട്ടികളുടെ രക്ഷിതാക്കളിൽ ഒന്നടങ്കം ചിന്താപരമായി വലിയ മാറ്റം തന്നെ സൃഷ്ടിക്കാൻ പ്രസ്തുത റിസൾട്ട് കാരണമായി. തന്റെ മോനും അല്ലെങ്കിൽ മോൾക്കും പഠിച്ചു ജയിക്കാനും ഉയരാനും ആവുമെന്ന ശുഭ ചിന്ത ഓരോ രക്ഷിതാവിന്റെയും മനസ്സിൽ ആവേശകരമായി ഉയർന്നുവരാൻ അതു ഹേതുവായി. വെള്ളാർമല സ്കൂൾ പ്രദേശവാസികളുടെയെല്ലാം വികാരവും അഭിമാന



വുമായി മാറി. പെൺകുട്ടികളെ 10 കഴിഞ്ഞാൽ പിന്നെ കെട്ടിച്ചയക്കുകയെന്ന പതിവ് നിർത്തൽ ചെയ്തു നാട്ടുകാരെല്ലാവരും. എത്രത്തോളമെന്നല്ലെ, ഇന്നിപ്പോൾ ആലപ്പുഴ ജില്ലയിൽ ഒരു മെഡിക്കൽ കോളേജിൽ ഒരു ചൂരൽ മലക്കാരി എം.ബി.ബി.എസ് വിദ്യാർത്ഥിനിയായുണ്ട്. ഈ പ്രളയത്തിൽ അവൾക്ക് തന്റെ കുടുംബ സ്വത്തായി ആകെയുണ്ടായിരുന്ന ഇരിക്കക്കൂര ന ഷ്ടപ്പെട്ടെങ്കിലും അവൾ എല്ലാ ത്യാഗവും സഹിച്ച് മെഡിക്കൽ പഠനം തുടരുക തന്നെയാണ്.

**100 ശതമാനം നേടുന്നതിനും റിസൾട്ട് മെച്ചപ്പെടുത്തുന്നതിനും നിങ്ങൾ സ്വീകരിക്കുന്ന സൂത്രം എന്താണ്?**

പത്താം തരത്തിലെത്തിയ കുട്ടികളെ സംബന്ധിച്ചിടത്തോളം സ്കൂൾ അവരുടെ വീട്പോലാക്കുക എന്നതാണ് ഞങ്ങളുടെ രീതി. പെൺകുട്ടികളെ രാത്രി ക്ലാസ്സ് കഴിയുന്നതോടുകൂടി അവരുടെ രക്ഷിതാക്കൾ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകും. അവർ പിന്നെ പകൽ സമയത്ത് വന്നാൽമതി. ആൺകുട്ടികൾ വീട്ടിൽ പോകുന്നില്ല.ഊണും ഉറക്കവുമെല്ലാം എന്റെയും മറ്റു സാറുമാരുടെയും കൂടെ സ്കൂളിൽ തന്നെ. രാത്രി ഭക്ഷണത്തിന് ഉച്ചഭക്ഷണത്തിന്റെ ബാക്കി കാണും. രാത്രി ഉറക്കം കഴിഞ്ഞ് പുലർച്ചെ എഴുന്നേറ്റ് ഗ്രൗണ്ടിൽ കൂടി ഏതാനും റൗണ്ട് ഓടിയതിനു ശേഷം ഏഴുമണിക്ക് ക്ലാസ്സിലെത്തണം. അതിനുമുൻപ് സ്കൂളിനടുത്തുടെ ഒഴുകിപ്പോകുന്ന പുഴയിൽ തന്നെയാണ് കുളിയൊക്കെ. എല്ലാത്തിനും ഞാൻ കൂടെയുണ്ടാകുമെന്നതിനാൽ എല്ലാം ചിട്ടയോടു കൂടി തന്നെ നടക്കും. കുട്ടികളെ ഇങ്ങനെ വിടുന്നതിൽ രക്ഷിതാക്കൾക്കോ, വീട്ടിൽ നിന്ന് മാറിക്കഴിയുന്നതിൽ കുട്ടികൾക്കോ പരിഭവമൊന്നുമുണ്ടാകില്ല. തങ്ങളുടെ മക്കളുടെ വിജയമുറപ്പിക്കാൻ വേണ്ടി രാപ്പകൽ ഭേദമന്യേ കഠിനാധ്വാനം ചെയ്യുന്ന എന്നോടും സഹ അധ്യാപകരോടും സഹകരിക്കുകയേ ഉള്ളൂ എല്ലാവരും. സ്കൂൾ തങ്ങളുടെതും തങ്ങൾ സ്കൂളിന്റേതുമാണെന്ന ചിന്ത കുട്ടികളെ എന്തിനും തയ്യാറാക്കുന്ന ഒരു അവസ്ഥയാണ് ഇവിടത്തേത്. എന്തിനും ഏതിനും ഞാനും മറ്റു സഹാദ്ധ്യാപകരും കുട്ടികൾക്ക് കൂട്ടായുള്ളതുകൊണ്ട് രക്ഷിതാക്കൾക്ക് അവരുടെ കാര്യത്തിൽ യാതൊരു ആശങ്കയ്ക്കും വകയില്ലെന്നത് ഞങ്ങളുടെ സ്കൂളിന്റെ ഒരു പ്രത്യേകത തന്നെയാണ്. അതുതന്നെയാണ് ഒരു നിലയ്ക്ക് പറഞ്ഞാൽ എല്ലാ വിജയത്തിന്റെയും മൂലധന വും.

**കലാകായിക മേഖലകളിൽ നിങ്ങൾ എങ്ങനെ യൊക്കെയാണ് നിങ്ങളുടെ സ്കൂളിനെ മുന്നോട്ടു നയിച്ചു കൊണ്ടു പോകുന്നത്?**

ഒരിക്കലും പുറകിലായി പോകാത്ത നിലവാരത്തിൽ സ്കൂളിനെ നിർത്താൻ ഞാൻ വന്നതിനുശേഷം ഈ രംഗങ്ങളിൽ എനിക്ക് കഴിഞ്ഞിട്ടുണ്ടെന്ന് പറയുമ്പോൾ ഇന്നാട്ടുകാരായ രക്ഷിതാക്കളുടെ നിസ്സീമമായ സഹകരണത്തെ ഓർക്കാതെ വയ്യ. കലാകായികരംഗങ്ങളിലെ മികവിലൂടെയാണ് ഒരു വിദ്യാലയത്തെ പ്രശസ്തിയിലേക്കുയർത്താനാവുകയെന്നറിയാവുന്നതിനാൽ ഇവിടെ വന്ന വർഷം തന്നെ പ്രസ്തുത രംഗങ്ങളിൽ ഞാൻ സജീവ ശ്രദ്ധ കൊടുത്തു തുടങ്ങിയിരുന്നു. എൽ. പി, ഹൈസ്കൂൾ തലങ്ങളിൽ സബ് ജില്ലയിലേക്ക് രണ്ടു നാടകങ്ങൾ ആ വർഷം കൊണ്ടുപോകാൻ എനിക്ക് കഴിഞ്ഞതോർക്കുന്നു. അങ്ങനെ കലാരംഗത്തായാലും കായികരംഗത്തായാലും സംസ്ഥാനതലം വരെ സ്കൂൾ എത്തുകയുണ്ടായി. ഏത് പാതിരാവിലും തങ്ങളുടെ മക്കളെ പരിശീലനത്തിനും മത്സരവേദികളിലേക്കും വിട്ടു തരാൻ യാതൊരു വൈമനസ്യവും കാണിക്കാത്ത രക്ഷിതാക്കൾ റിഹേഴ്സൽ നടത്തുന്ന ഘട്ടങ്ങളിലും ഇടങ്ങളിലുമെല്ലാം തങ്ങളുടെ സഹായസഹകരണങ്ങളുമായി മുൻപന്തിയിൽ നിന്ന നാട്ടുകാർ ഈ ഘടകങ്ങൾ കുറച്ചൊന്നുമല്ല കലാകായികരംഗങ്ങളിൽ പ്രോത്സാഹജനകമായി വർത്തിച്ചിട്ടുള്ളത്.

കുട്ടികൾക്കും ഒരു മത്സരപ്പറ്റോടു കൂടി സ്കൂളിനോടു മമതയുണ്ടാക്കുന്നതിനും അതിന്റെ അഭിവൃദ്ധിയിൽ തൽപരരാകുന്ന തിനും കലാകായിക രംഗങ്ങളിലെ പ്രവർത്ത നങ്ങൾ ഏറെ പ്രചോദനമായി എന്നതായിരുന്നു അനുഭവം. എല്ലാം കൂടി വിദ്യാഭ്യാസം എന്നത് അധ്യാപകർക്ക് ഒരു ജോലിയോ വിദ്യാർത്ഥികൾക്ക് ഒരു ഭാരമോ അനഭ്യസ്ത വിദ്യരായ നാട്ടുകാർക്ക് അന്യമോ അല്ലാത്ത വിധം എല്ലാവരും അതിൽ ഒത്തുചേർന്ന് ജീവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന ഒന്ന് എന്ന നിലയിലേയ്ക്കു മാറുകയായിരുന്നു വെള്ളാർമലയിൽ.

**വെള്ളാർ മലയിലെ നിങ്ങളുടെ സ്കൂളുമായി എത്ര അകലത്താണ് ഇതു കൂടാതെ മറ്റൊരു സ്കൂളുള്ളത്?**

ഇവിടെനിന്ന് 16 കിലോമീറ്റർ ദൂരത്താണ് മറ്റൊരു ഹൈസ്കൂൾ കാണാൻ കഴിയുക. അതുകൊണ്ടുതന്നെ നാട്ടുകാർ കണ്ണിലെ കൃഷ്ണമണിപോലെ ഏതു പ്രതിസന്ധി കൾക്കും പ്രയാസങ്ങൾക്കും നടുവിലായാലും തങ്ങളുടെ സ്കൂളിനെ സംരക്ഷിച്ചു നിർത്താൻ തയ്യാറായിക്കൊണ്ടാണുള്ളത്. നാട്ടുകാർക്ക് ഒരു വികാരമാണ് വെള്ളാർമല ഹയർസെക്കന്ററി സ്കൂളിന്റെ വാർഷികോത്സവ മൊക്കെ വരുമ്പോൾ അത് തങ്ങളുടെ ഒരു ഗ്രാമോത്സവമായിട്ടാണ് നാട്ടുകാർ കൊണ്ടാടുക. നാട്ടുകാരും അധ്യാപകരും വിദ്യാർത്ഥികളുമെല്ലാം ഒരേ കോസ്റ്റ്യൂ മിലിറങ്ങും. ലാഭനഷ്ടങ്ങളൊന്നും വക വെക്കാതെ പ്രദേശത്തെ കച്ചവടക്കാരെല്ലാം അന്നേദിവസങ്ങളിൽ തങ്ങളുടെ സ്റ്റാളുകളൊ ക്കെയും ഉത്സവത്തിന്റെ ഭാഗമാക്കിമാറ്റും. ലാഭക്കൊതിയല്ല സ്കൂളിന്റെ ഉത്സവം പൊടിപൊടിക്കണമെന്ന ഒരേയൊരു ലക്ഷ്യത്തോടെയാണ് അവരെല്ലാവരും അതിൽ സജീവമാകുന്നത്.

**രാവും പകലുമെല്ലാം സ്കൂൾ മുഴുസമയ പ്രവർത്തനത്തിലേർപ്പെടുകയെന്നാൽ വെള്ളാർമലയിലോ പരിസരങ്ങളിലോ ഒരു ട്യൂഷൻ സെന്ററിനും പ്രവർത്തിക്കാനാവാതിരിക്കുകയെ ന്നതായിരിക്കില്ലെ അതിന്റെ ഫലമായി സംഭവിക്കുക?**

സ്കൂളിലെ കുറവുകൾ നികത്താനാ ണല്ലോ ട്യൂഷൻ സെൻററുകൾ പ്രവർത്തി ക്കേണ്ടിവരുന്നത്. അവയുടെ സ്ഥാനം യാതൊരു പ്രതിഫലേച്ഛയുമില്ലാതെ കുട്ടികളോടുള്ള തങ്ങളുടെ കടപ്പാട് എന്ന നിലയിൽ സ്കൂളധ്യാപകർ തന്നെ ഏറ്റെടുത്തു നടത്തുമ്പോൾ ട്യൂഷൻ സെന്ററെന്തിന്? ഒരർത്ഥത്തിൽ സ്കൂളുകൾ നന്നായി പ്രവർത്തിക്കുമ്പോൾ ഒരധികപ്പറ്റും രക്ഷിതാക്കൾക്ക് ഒരധികച്ചെലവുമല്ലേ ട്യൂഷൻ സെന്ററുകൾ? ട്യൂഷൻ സെന്ററുകളിൽ പോകാതെ ഫുൾ എ പ്ലസ് വാങ്ങാനാവില്ല എന്ന ആ ധാരണ പൊളിച്ചെഴുതുകയാണ്



വെള്ളാർമല ജി.എച്ച്.എസ്.എസ്. ചെയ്തത്. ഇതുകൊണ്ടൊക്കെയുള്ള മറ്റൊരു ഗുണം എന്തെന്നല്ലേ, വെള്ളാർമല ഗ്രാമത്തിന്റെ ഏതു മേഖലയും നിയന്ത്രിക്കുന്ന ഒരു കൺട്രോളിങ് ഫോഴ്സായി മാറി ഇവിടുത്തെ അധ്യാപകർ. വീടുകളിൽ കണ്ടുകൊണ്ടിരിക്കുന്ന ടിവി അനാശാസ്യമോ, കുട്ടികളുടെ പഠനത്തിന് ഭംഗം വരുത്തുന്നതോ ആണെന്ന് അധ്യാപകർക്ക് തോന്നിയാൽ അവിടങ്ങളിൽ കയറിച്ചെന്ന് അത് ഓഫാക്കുന്നതിന് അവർക്കധികാരമുണ്ട്. ഇങ്ങനെ ഏതെങ്കിലുമൊരധ്യാപകൻ ഒരു ടിവി ഓഫാക്കിയാൽ അതയാൾ തന്നെ ഓണാക്കുന്നത് വരെ സ്തബ്ധമായി കിടക്കുകയല്ലാതെ മറ്റൊരാൾ അതിന്മേൽ തൊടാൻ ധൈര്യപ്പെടുക യെന്നതുണ്ടാവില്ല. അത്തരമൊരു ആത്മീയ ശക്തി തങ്ങളുടെ ആത്മാർത്ഥതയും സൽപ്പെരുമാറ്റവും വഴി ഇവിടത്തെ അധ്യാപകർ ആർജിച്ചെടുത്തിട്ടുണ്ടെന്നർത്ഥം.

**ദുരന്തബാധയുടെ തൊട്ടുമുമ്പത്തെ സ്കൂളിന്റെ അവസ്ഥയുമായി ബന്ധപ്പെട്ട് ഓർമ്മയിൽ തെളിഞ്ഞു വരുന്ന ഒരു നഖചിത്രം ഒന്നു വരച്ചു കാണിക്കാമോ?**

ചുരുക്കിപ്പറഞ്ഞാൽ എല്ലാതലത്തിലും സ്കൂൾ കൂടുതൽ ജനശ്രദ്ധ പിടിച്ചു പറ്റിക്കൊണ്ടിരിക്കുന്ന സമയമായിരുന്നു അത്. ഏഴുവർഷം തുടർച്ചയായി സ്കൂൾ സംസ്ഥാന കലോത്സവത്തിൽ പങ്കെടുത്തതിന്റെ നിർവൃതി നിലനിൽക്കെയാണത് സംഭവിച്ചത്. ഒരു വർഷം നാടകവുമായും ആറുവർഷങ്ങളിൽ വഞ്ചിപ്പാട്ടുമായിട്ടാണ് പങ്കെടുത്തത്. രണ്ടിലും നല്ല പെർഫോമൻസ്. സ്കൂളിന്റെ ഇൻഫ്രാസ്ട്രക്ചറിന്റെ കാര്യം പറയുകയാണെങ്കിൽ പരിമിതികളെകുറിച്ചുള്ള പരാതികൾ ഏറെയുണ്ട്. 25 ക്ലാസ് മുറികളാണ് സ്കൂളിനുണ്ടായിരുന്നത്. കിഫ്ബി വഴി ലഭിച്ചതും അടുത്തിടെ ഉദ്ഘാടനം ചെയ്യപ്പെട്ടതുമായ മൂന്നുനില കെട്ടിടമുണ്ട്. അതിൽ ഫർണിച്ചറോ മറ്റോ ഒന്നുമായിട്ടില്ല. ഒരർത്ഥത്തിൽ ഈ കെട്ടിടമാണ് വൻ ദുരന്തത്തിൽ നിന്ന് ഒരു പരിധിവരെ സ്കൂളിനെ രക്ഷിച്ചു നിർത്തിയത്.

**ദുരന്തം വന്ന വഴിയെ കുറിച്ച് സാറിന്റെ ഒരു നിരീക്ഷണം?**

പ്രകൃതിയുടെ പ്ലാൻ ആർക്ക് എങ്ങനെ മുൻകൂട്ടി അറിയാനാണ്? പല യാദൃച്ഛികതയുടെയും അർത്ഥം പിന്നീടാണ് നമുക്ക് മനസ്സിലാകുക. വെള്ളാർമല സ്കൂൾ ദുരന്തം നടക്കുമ്പോൾ എന്തുകൊണ്ട് സ്കൂളിന്റെ തലവൻ കൂടിയായ ഞാൻ സ്ഥലത്തില്ലാതായി? മറ്റു അധ്യാപകരാരും അവിടെയില്ലാതിരുന്നതിന് ഞാനില്ലാത്തതുകൊണ്ടും സ്കൂൾ



> പ്രകൃതി എന്നെയും കുടുംബത്തെയുമൊക്കെ മരണത്തിന്റെ വക്കിലെത്തിച്ച് രക്ഷിച്ചതു പോലെ. അതിനാൽ പ്രകൃതിയുടെ പ്ലാനിനെയും പദ്ധതിയെയും കുറിച്ച് അഭിപ്രായം പറഞ്ഞു വെറുതെ വിഡ്ഢികളാവേണ്ട. പ്രകൃതിയുടെ നേർക്കുനേരെയുള്ള മക്കളും സുഹൃത്തുക്കളുമായ ഗോത്രവർഗ്ഗക്കാരെയാകും ഇത് സംബന്ധിച്ചറിയാൻ നമുക്ക് സമീപിക്കാൻ നല്ലത്. അതിനു പക്ഷേ നാഗരികരായ നമ്മുടെ അഹന്ത സമ്മതിക്കുമോ?

തലേദിവസം മുതൽ ദുരിതാശ്വാസ ക്യാമ്പായി മാറിയതുകൊണ്ടും അവരെ ആരെയും അവിടെ ആവശ്യമില്ലാത്തതുകൊണ്ട് അവർ സ്ഥലം വിട്ടതാണെന്നു വിശദീകരണം നൽകാം. പക്ഷേ സ്കൂളിന്റെ ഹെഡ്മാസ്റ്ററെയും സഹപ്രവർത്തകരെയും അപായത്തിൽ പെടാതെ രക്ഷിക്കേണ്ടത് ആ നാടിന്റെയും സ്ഥാപനത്തിന്റെയും പിന്നീടുള്ള പ്രവർത്തനങ്ങൾക്ക് ഒഴിച്ചുകൂടാത്തതാണെന്ന ഒരു തീരുമാനം പ്രകൃതിക്കുള്ളതുകൊണ്ടായിരിക്കാമെന്ന് കാണുകയാണെങ്കിൽ ദുരന്തത്തിൽ പെട്ടവരൊക്കെ അവിടെ വേണ്ടാത്തവരായിരുന്നു പ്രകൃതിയുടെ ദൃഷ്ടിയിൽ എന്ന ഒരു സൂചനാർത്ഥം അതിന് വരുമെന്നതിനാൽ അങ്ങനെ കാണുന്നത് അതിക്രൂരമായ ഒരു കാഴ്ചയായിരിക്കും. ഇവിടെയാണ് എന്തിനു ഞാൻ ബാക്കിയായി എന്ന ചോദ്യം അസ്വസ്ഥകരമാം വിധം എന്നെ അലട്ടിക്കൊണ്ടിരിക്കുന്നത്. ഇനി മറ്റൊരു യാദൃച്ഛികത നോക്കൂ. എന്റെയും കുടുംബത്തിന്റെയുമൊക്കെ താമസം ഒരു വലിയ കുന്നിന്റെ താഴെ ആയതുകാരണം മഴ കനത്തപ്പോൾ കുന്നിടിഞ്ഞു വീഴുമെന്നു ഭയന്ന് ഞങ്ങൾ ഒരാഴ്ചയായി മാറി താമസിച്ചിരുന്നത് ഈ മഹാദുരന്തമുണ്ടായ സ്കൂൾ കെട്ടിടത്തിലേക്കാണ്. പ്രകൃതി എന്നെയും കുടുംബത്തെയുമൊക്കെ മരണത്തിന്റെ വക്കിലെത്തിച്ച് രക്ഷിച്ചതുപോലെ. അതിനാൽ പ്രകൃതിയുടെ പ്ലാനിനെയും പദ്ധതിയെയും കുറിച്ച് അഭിപ്രായം പറഞ്ഞു വെറുതെ വിഡ്ഢികളാവേണ്ട. പ്രകൃതിയുടെ നേർക്കുനേരെയുള്ള മക്കളും സുഹൃത്തുക്കളുമായ ഗോത്രവർഗ്ഗക്കാരെയാകും ഇത് സംബന്ധിച്ചറിയാൻ നമുക്ക് സമീപിക്കാൻ നല്ലത്. അതിനു പക്ഷേ നാഗരികരായ നമ്മുടെ അഹന്ത സമ്മതിക്കുമോ?

**എന്തോ ചിലതൊക്കെ ഉള്ളിൽ വെച്ചു കൊണ്ടുള്ള ഒരു പരിഹാസോക്തിയാണല്ലോ ഇത്. എന്താണത്?**

പറഞ്ഞുതരാം. ദുരന്തത്തിന്റെ തലേദിവസം ദുരിതാശ്വാസ ക്യാമ്പായി മാറിയിരുന്ന വെള്ളാർമല സ്കൂളിലേക്ക് മാറ്റി പാർപ്പിച്ചവരിൽ പുഞ്ചിരി മറ്റത്തുനിന്നുള്ള 15 ആദിവാസി ഗോത്രവർഗ്ഗക്കാരുണ്ടായിരുന്നു. ദുരന്തത്തിനു മുമ്പായി അവരെല്ലാം ഒരാളൊഴിയാതെ ഓടി രക്ഷപ്പെട്ടതായി കണ്ടു. അവരെ ദുരന്തം തൊട്ടതേയില്ല എന്നതായിരുന്നു അതിന്റെ ഫലം. ചെരിപ്പിടാതെ നടക്കുന്ന അവർക്ക് പ്രകൃതിയുടെ സ്പന്ദനങ്ങളറിയുന്നതിനാൽ പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി മനസ്സിലാക്കാൻ കഴിയുമത്രേ.

**എങ്കിൽ പിന്നെ അവരെ ഉപയോഗപ്പെടുത്തി മഹാദുരന്തങ്ങളിൽ നിന്ന് മലയോര പ്രദേശങ്ങളിലുള്ളവരെ രക്ഷിക്കാൻ എന്തുകൊണ്ടാണ് ഗവൺമെന്റ് ശ്രമിക്കാത്തത്?**

ഇതിനവർ തന്നെ എന്നോട് പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു. 'സാറെ ഞങ്ങൾ ആദിവാസികളാണ്. ഇവിടുത്തെ പഠിപ്പുള്ളവരൊന്നും ഞങ്ങളെ വാക്കുകൾ വില വയ്ക്കാറില്ല.'

**സാറ് അവരെ ഇതുമായി ബന്ധപ്പെട്ട് കൂടുതൽ പഠനവിധേയരാക്കിയിട്ടുണ്ടോ?**

അവരിൽ നിന്ന് അറിഞ്ഞ വിവരവും അതിനെ സാധൂകരിക്കുന്ന അനുഭവങ്ങളുമാണ്

എന്റെ കൈവശമുള്ളത്. ഉരുൾ പൊട്ടിയ ദിവസം പുഞ്ചിരിമറ്റത്തു നിന്നുള്ള ചേനൻ എന്ന ഒരാൾ മാത്രമാണത്രേ കാട്ടിൽ നിന്നിരുന്നത്. അയാൾ സ്കൂളിലേക്ക് മാറാൻ കൂട്ടാക്കിയതേയില്ല. ഉരുൾപൊട്ടിയ ആ നിമിഷം തന്റെ കയ്യിലെ ചെറിയ മൊബൈലിൽ സ്കൂളിലായിരുന്ന പുഞ്ചിരിമറ്റത്തുകാരെ വിളിച്ച് പൊട്ടലിന്റെ ഗൗരവം ബോധ്യപ്പെടുത്തി ഉടനെ സ്കൂൾ വിട്ട് കാട്ടിലേക്ക് കയറാൻ നിർബന്ധപൂർവ്വം ആവശ്യപ്പെടുകയായിരുന്നുവത്രെ അയാൾ. ചളി മണ്ണിന്റെ ഗന്ധം വേഗത്തിൽ മനസ്സിലാക്കാൻ കഴിയുന്ന ആദിവാസികൾക്ക് അതിലടങ്ങിയിട്ടുള്ള അപകടവും മണത്തറിയാൻ സാധിക്കുമത്രേ. ദുരിതത്തിന്റെ തൊട്ടുമുൻപ് വെള്ളാർമല സ്കൂളിനെ ചുറ്റിയൊഴുകുന്ന പുഴയിൽ വെള്ളം ഉയരുന്നതിലെ അപായ സൂചന അവർ നാട്ടുകാരുമായി പങ്കിടുകയുണ്ടായത്രേ. തേനെടുക്കാൻ കാട്ടിൽ പോയപ്പോൾ അവിടങ്ങളിൽ പലയിടത്തായി പൊട്ട് വീണതിൽ അടങ്ങിയ ദുസൂചനകളും ഇങ്ങനെ അവർ നാട്ടുകാരുമായി പങ്കുവെച്ചിരുന്നുവെന്ന് അവർ പറയുന്നുണ്ട്. അവർ കാട്ടിൽ നിന്നിറങ്ങി സ്കൂളിൽ അഭയം തേടിയതും പിന്നീട് അവിടം വിട്ടു പോയതുമെല്ലാം ഇത്തരം വിവരങ്ങളും സൂചനകളും മുൻനിർത്തിയായിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. അവർ സാധാരണ ജനങ്ങളുമായി പങ്കിട്ട മുന്നറിയിപ്പിൽ ഇനി സംഭവിക്കാൻ പോകുന്ന ഉരുൾപൊട്ടൽ വളരെ വലുതായിരിക്കുമെന്ന വിവരം കൂടി അടങ്ങിയിരുന്നുവെന്ന് ആ പ്രദേശത്തുകാർ പിന്നീട് പറയുകയുണ്ടായി.

**ഈ വിഷയത്തിൽ മനുഷ്യർക്കില്ലാത്ത ചില സെൻസുകൾ മനുഷ്യേതര ജീവികൾക്കുണ്ടാവാറുണ്ട് എന്ന് മുൻപ് പ്രളയമുണ്ടായ ഘട്ടങ്ങളിൽ ചില അനുഭവങ്ങൾ വെച്ചു വാർത്തകളിലും കാണുകയുണ്ടായിട്ടുണ്ട്. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട അങ്ങനെ വല്ലതും സാറിന്റെ അറിവിൽ പെട്ടിട്ടുണ്ടോ?**

ഉണ്ട്. പുഞ്ചിരിമറ്റത്തെ റീന എന്ന ഒരു പെൺകുട്ടി ദുരന്തത്തിന്റെ മുൻപ് ഒരു പട്ടിയുമായി ബന്ധപ്പെട്ട ഇങ്ങനെയൊരു

> ചളി മണ്ണിന്റെ ഗന്ധം വേഗത്തിൽ മനസ്സിലാക്കാൻ കഴിയുന്ന ആദിവാസികൾക്ക് അതിലടങ്ങിയിട്ടുള്ള അപകടവും മണത്തറിയാൻ സാധിക്കുമത്രേ.

അനുഭവം പറയുകയുണ്ടായി. പട്ടിയെ ഒരു കുറ്റിയിൽ കെട്ടിയിട്ടിരിക്കുകയായിരുന്നു. അത് കുറ്റിക്ക് ചുറ്റും അസ്വസ്ഥമായി കറങ്ങിക്കൊണ്ടിരുന്നത് അവളുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായത്രെ. പട്ടിയുടെയും ആദിവാസികളുടെയും കഥ അവിടെയിരിക്കട്ടെ, എനിക്ക് തന്നെ ഒരു ഉൾവിളിയുണ്ടായോ എന്ന് സംശയിക്കുകയാണ്. എന്തിനായിരുന്നു പ്രളയത്തിന്റെ തലേദിവസം ഞാൻ എല്ലാ ക്ലാസ്സുകളിലും ഓടിക്കയറി പാട്ടുപാടി ഇറങ്ങിയത് എന്നിപ്പോൾ ചോദിക്കാൻ തോന്നുകയാണ്? അങ്ങനെ എന്തോ ഒന്ന് ഉള്ളിൽ കിടന്നു കൂടിയത് കൊണ്ടുതന്നെയായിരുന്നില്ലെ അത്? മനുഷ്യന്റെ ഇന്റ്യൂഷനിൽ അത്ഭുതം ജനിപ്പിക്കുന്ന മറ്റൊരു അനുഭവമാണ് ഈ ദുരന്തത്തിന്റെ ഒരു വർഷം മുൻപ് വെള്ളാർമലയുടെ ഓർമ്മയ്ക്കായി സ്കൂൾ മാഗസിനിൽ ലയ എന്ന പെൺകുട്ടി 'വെള്ളാരം കല്ലുകൾ' എന്ന ശീർഷകത്തിൽ മനോഹരമായ ഒരു കവിത എഴുതിയത്. വെള്ളാർ മല നിലനിൽക്കുന്ന ഒന്നായിട്ടും ഈ ദുരിതത്തിന് ഒരു വർഷം മുമ്പ് അതിനൊരു ഓർമ്മകവിത എഴുതുക യെന്ന വിചിത്രവേലക്ക് ആ കുട്ടിക്ക് പ്രേരണയായത് എന്തായിരിക്കാം? ദുരന്തത്തിൽ ലയക്ക് അവളുടെ അച്ഛനെ നഷ്ടപ്പെട്ടു എന്നുകൂടി ഇതിനോട് ചേർത്തു വായിക്കേണ്ടതുണ്ട്.

**ഉരുൾപൊട്ടലിന്റെ മുൻപ് പ്രത്യക്ഷത്തിൽ പ്രകൃതിയിൽ വല്ല മാറ്റവും കണ്ടിരുന്നോ?**

മാറ്റമെന്ന് പറയാൻ തക്കയാതൊന്നും കണ്ടതായി ഓർക്കുന്നില്ല. ആദിവാസികൾക്ക്

അവരുടെ സവിശേഷ അറിവിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കാൻ കഴിയുന്ന മാറ്റങ്ങളുണ്ടായിരിക്കാം, എന്നതല്ലാതെ ദുരന്തത്തിന്റെ തലേന്ന് മഴ കുറയുകയും നിൽക്കുകയുമാണുണ്ടായത്. ദുരന്ത ദിവസം പിന്നെ പെരുമഴ തന്നെയായിരുന്നു.

**വെള്ളാർമല ദുരന്തത്തിൽ സാറിനെയും സഹപ്രവർത്തകരെയും ഏറെ സ്തംഭിപ്പിച്ചു നിറുത്തിയ സംഭവങ്ങളെന്തൊക്കെയായിരുന്നു?**

മൊത്തത്തിൽ എല്ലാ സംഭവങ്ങളും ഞങ്ങളെ സ്തബ്ദ മൂകരാക്കിയതു തന്നെ. ഞങ്ങൾ കുട്ടികളെ വർഷങ്ങളായി പഠിപ്പിച്ചു പോന്ന ഒരു സ്ഥാപനത്തിലുണ്ടായ സംഭവമല്ലെ. കണ്മുൻപിലിരുന്ന് ചിരിച്ചു കളിച്ചു പഠിച്ചു കൊണ്ടിരുന്ന 37 മക്കളെ ഒറ്റയടിക്ക് മരണം വന്നു വിഴുങ്ങി കൊണ്ടുപോയിരിക്കുക. ഇത് അധ്യാപകരെ കൂട്ടത്തോടെ ഭ്രാന്തരാക്കാതിരുന്നത് ഭാഗ്യം. സ്കൂളുമായും അധ്യാപകരുമായും അങ്ങേയറ്റം ആത്മബന്ധം പുലർത്തിയിരുന്ന ഞങ്ങളുടെ പ്രശോഭേട്ടനെക്കുറിച്ച് ഗദ്ഗദ കണ്ഠരായല്ലാതെ ഞങ്ങൾക്കാർക്കും തന്നെ മിണ്ടാനാവില്ല. ഉരുൾപൊട്ടൽ നടന്ന ദിവസം മുതൽ പ്രശോഭേട്ടനെ വിളിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നെങ്കിലും ഒരു വിവരവും കിട്ടിയില്ല. മുണ്ടക്കൈയിലെ ആദ്യ ഉരുൾപൊട്ടലിനു ശേഷം പ്രശോഭേട്ടന്റെ മക്കളെ മാത്രമേ പിന്നെ കണ്ടെത്തിയുള്ളൂ. മറ്റാരെയും ഇതുവരെ കണ്ടെത്തിയിട്ടില്ല. വെള്ളാർമല സ്കൂളിൽ പത്താം തരം വിദ്യാർഥിയായിരുന്നു പ്രശോഭേട്ടന്റെ മകൻ. ബി.ആർ.സി യിൽ നിന്ന് നിയമിക്കുന്ന എഡ്യൂക്കേഷൻ വളണ്ടിയറായിരുന്ന പ്രശോഭേട്ടൻ മകനെ നന്നായി നോക്കണേ എന്ന് അധ്യാപകരെ കാണുമ്പോഴൊക്കെ പറയും. പക്ഷേ, ദുരന്തത്തിൽ മരിച്ചുകിടക്കുന്ന മകനെയാണ് അധ്യാപകർക്കു പിന്നെ നോക്കാൻ കിട്ടിയത്. അതുപോലെ തന്നെ സ്കൂളിൽ ഭക്ഷണം വെച്ചു വിളമ്പിയിരുന്ന മാളുതാത്ത മറ്റൊരോർമ്മയാണ്. അവധി ദിവസങ്ങളിലും അവർ സ്കൂളിൽ എത്തും. അധ്യാപകർക്ക് ഭക്ഷണം വെച്ചു കൊടുക്കേണ്ടേ, അതിനുവേണ്ടി. മരിക്കാനായിട്ട് കയറി വന്നവരുടെ കൂട്ടത്തിലായിരുന്നു ഈ മാളുതാത്ത എന്ന് തോന്നിപ്പോവുകയാണ്. എല്ലാവരും സ്കൂൾ ദുരിതാശ്വാസ ക്യാമ്പായ സാഹചര്യത്തിൽ അവരവരുടെ കുടുംബങ്ങളിലേക്ക് മാറി താമസിച്ചപ്പോഴും ക്യാമ്പിൽ ഭക്ഷണമുണ്ടാക്കി കൊടുക്കാൻ വന്നവരായിരുന്നു അവർ.

**മുൻപും വയനാട് മേഖലകളിൽ ഇതുപോലുള്ള ദുരന്തങ്ങളുണ്ടായിട്ടുണ്ടല്ലോ. ഇത്തവണത്തേതിനെ ഏറ്റവും വലുതെന്ന് വിശേഷിപ്പിക്കാൻ കാരണം?**

അതെ, 2019 ഓഗസ്റ്റ് എട്ടിന് വെള്ളാർമലയിൽ നിന്നും രണ്ട് കിലോമീറ്റർ അകലെയുള്ള പുത്തുമലയിൽ ദുരന്ത മുണ്ടായി. 2020 ഓഗസ്റ്റ് മാസം എട്ടിന് മുണ്ടക്കൈ ദുരന്തമുണ്ടായി. പക്ഷേ, ഒരൊറ്റ രാത്രി കൊണ്ട് 136ൽ പരം മൃതദേഹങ്ങൾ ലഭിച്ച ഈ ദുരന്തത്തോളം വലുതല്ല അതൊന്നും. ഉരുൾപൊട്ടലിന്റെ പ്രത്യാഘാതമെല്ലാം ജനവാസ കേന്ദ്രങ്ങളെ ലക്ഷ്യമാക്കിയാണെത്തിയത്. മുണ്ടക്കൈ, പുഞ്ചിരിമറ്റം, ചൂരൽമല അടക്കമുള്ള പ്രദേശങ്ങളെ അത് തുടച്ചുനീക്കി. മുമ്പ് നടന്ന പുത്തുമല ദുരന്തത്തിൽ പതിനേഴിൽ പരം ആളുകളെ നഷ്ടമായപ്പോൾ ഇത്തവണ, ഔദ്യോഗിക കണക്കുകൾ എന്തോ ആവട്ടെ, 300 ൽ പരം ബോഡികൾ കണ്ടെത്തുകയുണ്ടായി. ഇനിയും കണ്ടെത്താത്തവർ എത്രയെന്നാർക്കറിയും? ബാക്കിയായവരിൽ പലരുടെയും ബന്ധുക്കൾ മണ്ണിനടിയിലുള്ളതുകൊണ്ട് ആ ഭാഗങ്ങളിലേക്കൊന്നും പോകാനേ അനുവാദമില്ല. ആസാം, ബംഗാൾ എന്നിവിടങ്ങളിൽ നിന്നു വന്ന തൊഴിലാളികളിൽ ദുരന്തത്തിൽ പെട്ടവരുടെ എണ്ണമോ പേർ വിലാസങ്ങളോ ആർക്കറിയും?

**ദുരന്താനന്തരം വെള്ളാർമലയുടെയും അവിടത്തെ ദുരന്തബാധിത സ്കൂളിൽ നിന്നു ബാക്കിയായ വിദ്യാർത്ഥികളുടെയും ഭാവിയെന്തായിരിക്കും?**

വെള്ളാർമല എന്ന പ്രദേശം ഇനി ഒരിക്കലും ജനവാസയോഗ്യമാ വില്ലെന്ന കാര്യം തീർച്ചയാണ്. മലയുടെ ഒരു ഭാഗം വന്നപ്പോൾ തന്നെ ഇത്ര വലിയ ദുരന്തമുണ്ടായി. വലിയ

രണ്ടു കുന്നുകളാണ് ഇനി അവിടെയുള്ളത്. അവിടത്തുകാരായിരുന്നവരിൽ അവശേഷിച്ചവരൊക്കെ വേറെ എവിടെത്തുകാരൊക്കെയോ ആയി മാറി. ബാക്കി വന്ന വിദ്യാർത്ഥികളുടെയും അവരുടെ നിലവിലുള്ള അധ്യാപകരുടെയും കാര്യം സങ്കടകരം തന്നെയാണ്. ഇപ്പോൾ നിലവിൽ ഒന്നു മുതൽ 10 വരെയായി 28 അധ്യാപകരാണുള്ളത്. കുട്ടികളും അധ്യാപകരുമൊക്കെ മാനസികമായി തളർന്നവരാണ്. കുട്ടികളിൽ പലരും ദുരന്തത്തിൽ രക്ഷിതാക്കൾ നഷ്ടപ്പെട്ടവരായതിനാൽ വിശേഷിച്ചും.

**അവരെയെല്ലാം പുനരധിവസിപ്പിക്കുന്നതിനും സ്കൂൾ മുമ്പത്തെതുപോലെ പ്രവർത്തനക്ഷമമാകുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്ന് എന്തൊക്കെ പദ്ധതികളാണാവിഷ്കരിച്ചു നടപ്പിലാക്കി കൊണ്ടിരിക്കുന്നത്? എല്ലാം യുദ്ധകാലാടി സ്ഥാനത്തിൽ തന്നെവേണമല്ലോ.**

സർക്കാരിന്റെ ഭാഗത്തുനിന്ന് നല്ല പരിഗണനയും സഹകരണവുമാണ് ഇത് സംബന്ധമായി ഉണ്ടായിട്ടുള്ളത്. ദുരന്തത്തിന്റെ ആഘാത പ്രത്യാഘാതങ്ങളെ അതിജയിക്കാൻ അധ്യാപകരെയും വിദ്യാർത്ഥികളെയും പ്രാപ്തരാക്കും വിധം ഇരുവിഭാഗത്തിനും കൗൺസിലിംഗ് വരെ ഏർപ്പാട് ചെയ്തു സർക്കാർ. മേപ്പാടി സ്കൂളുമായി വെള്ളാർമല സ്കൂളിനെ കൂട്ടിച്ചേർക്കുക എന്ന സർക്കാർ പരിഹാരം പക്ഷേ അവിടുത്തെ എച്ച്.എം ന്റെ ശ്രമഫലമായിട്ടാണ് സ്വതന്ത്രമായ മറ്റൊരു കെട്ടിടത്തിലേക്കാക്കുക വഴി കൂടുതൽ ആശ്വാസകരമായ മറ്റൊരു പരിഹാരമായത്. അതാണ് കൂടുതൽ നന്നായത്. അതിനാൽ വെള്ളാർമല സ്കൂൾ മറ്റൊരു സ്ഥലത്താണെങ്കിലും വെള്ളാർമല സ്കൂളായി തന്നെ തുടർന്നു. അങ്ങനെയല്ലായിരുന്നെങ്കിൽ സ്കൂൾ എൽ.പിയായും യു.പിയായും വേർതിരിക്കപ്പെടുകയും അധ്യാപകർക്കടക്കം പലയിടങ്ങളിലേക്കും മാറി പോകേണ്ട സാഹചര്യം സംജാതമാവുകയും ചെയ്യുമായിരുന്നേനെ. തികച്ചും സ്തുത്യർഹമായിരുന്നു വന്നു തന്നെ പറയണം സർക്കാരിന്റെ



ഇടപെടലിനെ പറ്റി. വിശിഷ്യാ വിദ്യാഭ്യാസ വകുപ്പിന്റെ സേവനം എടുത്തു പറയേണ്ടതാണ്. സ്കൂളിലേക്കുള്ള കുട്ടികളുടെ പുനർ പ്രവേശനം സാധ്യമാകും വരെ മേപ്പാടിയിൽ തമ്പടിച്ചിരിക്കുകയായിരുന്നു ഉദ്യോഗസ്ഥർ. വെള്ളാർമല സ്കൂളുകാർ സംതൃപ്തരാണ് ഇതിലൊക്കെ.

**പുതിയ സംവിധാനവുമായി നിലവിലുള്ള മാന സികാവസ്ഥയിൽ കുട്ടികൾ എങ്ങനെ പൊരുത്തപ്പെട്ടു പോകുന്നു?**

ആദ്യമാദ്യം കുട്ടികൾക്കും അവരെ ഒരു ട്രാക്കിൽ എത്തിക്കാൻ അധ്യാപകർക്കും നല്ല ബുദ്ധിമുട്ടുണ്ടായിരുന്നു. പത്താംതര ത്തിലൊക്കെ കുട്ടികൾ അങ്ങനെ ഒരു ഇരുത്തമാണ്. ദുരന്തത്തിൽ മാതാപിതാക്കളെയും സഹോദരി സഹോദരന്മാരെയും സുഹൃത്തു ക്കളെയുമൊക്കെ ഒറ്റയടിക്കങ്ങ് നഷ്ടപ്പെട്ട കുട്ടികളല്ലേ, അവരെ മാറ്റിയെടുക്കാൻ നന്നേ പാടുപെട്ടല്ലേ പറ്റൂ. പാറിപ്പറന്നു നടന്നിരുന്ന കുട്ടികൾ ഹ്രസ്വമായ സൗകര്യത്തിൽ ഒതുങ്ങി കൂടുന്ന തിലുള്ള ഒരു വിമ്മിട്ടം വേറെയും. ഏതായാലും മേപ്പാടി എച്ച്.എം ഒരുക്കിയ സൗകര്യത്തിൽ ഞങ്ങൾ സംതൃപ്തരാണ്.

**ദുരന്താനന്തരം പൊതുജനങ്ങളുടെ ഭാഗത്തുനിന്നുള്ള സഹായസഹകരണങ്ങൾ ലഭിച്ചുകൊണ്ടിരുന്നില്ലെ?**

തീർച്ചയായും. നാനാഭാഗങ്ങളിൽ നിന്നുമുള്ള ജനങ്ങളുടെ അകമഴിഞ്ഞ സഹായത്താൽ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ഇൻട്രാക്റ്റീവ് പാനൽ ബോർഡുകൾ ഉള്ള സ്കൂൾ ആയി വെള്ളാർ മല മാറി. എങ്കിലും വയനാട് ദുരന്തത്തെ ഒരു അതിതീവ്രദേശീയ ദുരന്തത്തിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ ആഗോള ഫണ്ടുകൾ പോലും സ്വരൂപിച്ച് പൊതുവേ വയനാട് ദുരന്തബാധിത പ്രദേശങ്ങളെയെന്ന പോലെ വെള്ളാർമല സ്കൂളിനെയും നന്നായി പുനർനിർമ്മിക്കാൻ കഴിയുമായിരുന്നു. പക്ഷേ എന്തുതന്നെയായാലും ആ പഴയ വെള്ളാർ മലയെ അതേപടി പുനരേകീകരിക്കാൻ ഇനിയെങ്ങനെ സാധിക്കാനാണ്?

അവിടെയാണ് നഷ്ടപ്പെട്ട മക്കളുടെയും സ്നേഹ സൗഹൃദങ്ങളുടെ പട്ടുനൂലിൽ പ രസ്പരം ഒരുമയോടെ നിന്ന വെള്ളാർ മല വാസികളുടെയും അഭാവം കാണാൻ എനിക്കൊരതിജീവനം കിട്ടിയിരിക്കുന്നതിന്റെ അർത്ഥമെന്തെന്ന് ഞാൻ ചോദിക്കുന്നത്. എന്നെപ്പോലെതന്നെ അനീഷ് സാർ, മനോജ് സാർ മുതലായ എന്റെ സഹപ്രവർത്തകരും.

**അഭിമുഖം നടത്തിയവർ**

അൻഷിഫ് ടി.എം.
ഷഹൽ സി.പി.
സന കെ.
ഫാത്തിമ റിൻഷ പി.
മുഹമ്മദ് ഷിബിൽ എം.
സഞ്ജിത് കെ.

ലേഖനം

# ആവർത്തിക്കല്ലേ മറ്റൊരു വയനാട്



മുബീന പി.കെ.
ബി.എ. സോഷ്യോളജി

2024 ജൂലൈ 30ന് നാം ഓരോരുത്തരും ഉണരുന്നത് കേരളത്തിൽ ഇന്നേവരെ ഉണ്ടായതിൽ വെച്ച് ഏറ്റവും ഭീകരമായ പ്രകൃതി ദുരന്തത്തിന്റെ വാർത്ത കേട്ടാണ്. കരളലിയിപ്പിക്കുന്ന, ചങ്ക് പിടക്കുന്ന കാഴ്ചകൾ. പ്രകൃതി തന്റെ രൗദ്രഭാവങ്ങൾ സർവ്വ ശക്തിയോടും കൂടിയൊന്നിച്ചെത്തി വയനാട്ടിലെ ഒരു നാടിനെ മുഴുവൻ വിഴുങ്ങുകയായിരുന്നു. അവൾ അത്രമാത്രം കലി തുള്ളി നിൽക്കുന്നുണ്ടായിരുന്നെന്ന് അന്നുറങ്ങുന്നത് വരെ അവിടുത്തെ സാധുക്കൾ അറിഞ്ഞില്ല; അവൾക്ക് താങ്ങാവുന്നതിനപ്പുറം വേദനകൾ അവൾ സഹിച്ചിരിക്കാം. ഒരുപക്ഷേ, ഒരുപാട് കാലത്തെ പകയും സങ്കടവും അവളെ വീർപ്പുമുട്ടിച്ചപ്പോൾ അവൾ പൊട്ടിത്തെറിക്കേണ്ടി വന്നതാവാം.

മഴ തുടങ്ങിയത് കുറച്ചു ദിവസമായിട്ടാണ്; അന്ന് പെയ്ത മഴയ്ക്ക് ഒരു ഇടവേളയും ഉണ്ടായിരുന്നില്ല. ചൂരൽ മലയുടെയും മുണ്ടകൈയുടെയും ആ പ്രദേശങ്ങൾക്ക് ഭംഗികൂട്ടി



മലപ്പുറം ജില്ലയിലെ നിലമ്പൂരിലൂടെ ഒഴുകുന്ന ചാലിയാർ, അന്ന് പുലർച്ചെ വിങ്ങിപ്പൊട്ടി കൊണ്ടാണ് ഒഴുകിയത്. കാരണം, ഒഴുകിയെത്തിയത് മലവെള്ളം മാത്രമായിരുന്നില്ല. മനുഷ്യ മനസ്സിനെ മാത്രമല്ല, എന്തിന്, കരിങ്കല്ലിനെ പോലും കരളലിയിപ്പിക്കുന്ന കാഴ്ചകളായിരുന്നു ഒട്ടനവധി ചരിത്ര സംഭവങ്ങൾ ഉറങ്ങുന്ന നിലമ്പൂർ കണ്ടത്.

മലമുകളിൽ നിന്നും വെള്ളിക്കൊലുസുമിട്ട് തുള്ളിച്ചാടി തിളങ്ങി വന്നിരുന്ന പുഴ, രണ്ട് ദിവസമായി അവളുടെ മനസ്സാകെ കലങ്ങി. പിന്നീടുള്ള ആർത്തുവിളിച്ച് തിടുക്കം കൂട്ടിയുള്ള അവളുടെ പോക്ക് കണ്ട് ചിലരെങ്കിലും ഭയപ്പെട്ടിരുന്നു. അന്ന് രാത്രിയിൽ അവളുടെ അട്ടഹാസം മറ്റു ചിലരുടെ ഉറക്കം കെടുത്തി. നിലക്കാത്ത മഴയുടെ വരവ് അവളെ താളം തെറ്റിച്ചാൽ, ഏറിപോയാൽ, വീടിന്റെ ഉമ്മറം വരെ വന്നു ഒന്ന് പേടിപ്പിച്ച് പൊയ്ക്കളയുമെന്നേ ആ സാധുക്കളും കരുതിയിരുന്നുള്ളു, അങ്ങനെയായിരുന്നു അവളുടെ പ്രകൃതവും. എന്നാൽ എല്ലാവരുടെയും പ്രതീക്ഷകൾക്കപ്പുറം ആ രാത്രി മദം പൊട്ടിയ ഒരായിരം കാട്ടാനകളെ പോലെ പൊട്ടിച്ചെടുത്ത ഭീമൻ പാറക്കൂട്ടങ്ങളെയും കൂറ്റൻ തിരമാല കണക്കുള്ള മലവെള്ളത്തെയും വഹിച്ചുകൊണ്ട്, പടുകൂറ്റൻ മരങ്ങളെയും വേരോടെ പിഴുതെടുത്തായിരുന്നു അവിടത്തെ മലനിരകൾ പൊട്ടിത്തെറിച്ച് ആ പ്രദേശങ്ങളിലേക്ക് കുതിച്ചെത്തിയത്. മിനിറ്റുകൾ വ്യത്യാസമുള്ള രണ്ടു ഉരുൾപൊട്ടലുകളിൽ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങൾ തന്നെ ഇല്ലാതായി. അന്നുവരെയും ശാന്തമായിരുന്ന അവൾ, പുറമേ നിന്നുള്ള ഏതൊരു മാനവ ഹൃദയത്തെയും അസൂയപ്പെടുത്താൻ അവളിലെ മനോഹാരിതക്കായിരുന്നു. ആ പ്രദേശത്തെ മനുഷ്യൻ ഉൾപ്പെടെ ഓരോ കല്ലിനും മുള്ളിനും വരെ അവളിൽ അഹങ്കാരമുണ്ടായിരുന്നു. ആ അവളാണ് ഇപ്പോൾ മുന്നിൽ കണ്ടതിനെയെല്ലാം തട്ടിത്തെറിപ്പിച്ച് ആ പ്രദേശമൊട്ടാകെ ഒരു യുദ്ധക്കളം മട്ടിലാക്കി മാറ്റി കളഞ്ഞിരിക്കുന്നത്.

തങ്ങളുടെ പൊന്നോമനകൾക്ക് വയറു നിറയെ ചോറും വാരി കൊടുത്ത് കോരി ചൊരിയുന്ന മഴയത്ത് അവരെ മാറോട് ചേർത്ത് പിടിച്ച് ഒന്നിച്ച് കെട്ടിപ്പിടിച്ചുറങ്ങിയ അച്ഛനമ്മമാർ, തങ്ങളുടെ ഉദരത്തിൽ കൊണ്ട് നടക്കുന്ന ജീവന്റെ തുടിപ്പിനെ ഒന്ന് കാണാൻ ഓരോ ദിവസവും സ്വപ്നവും കണ്ട് തള്ളിനീക്കിയ അമ്മമാർ, തങ്ങളുടെ പ്രിയരോടൊപ്പം കിടന്നുറങ്ങിയവർ, വൃദ്ധരായ മാതാപിതാക്കൾ, കിടപ്പു രോഗികൾ, കുട്ടികൾ, മിണ്ടാപ്രാണികൾ... അവരാരും അറിഞ്ഞില്ല ഈ ഭൂമിയിലെ അവരുടെ അവസാന രാത്രി ഇതാണെന്ന്. പിറ്റേന്ന് നേരം പുലർന്ന്, നാമെല്ലാം കാണുന്നത് മണ്ണിനും പാറക്കല്ലുകൾക്കും കൂറ്റൻ മരത്തടികൾക്കും ഇടയിൽ ഞെരിഞ്ഞമർന്ന് ശ്വാസംമുട്ടി മരിച്ച സഹജീവികളെയാണ്. ഈ മഹാദുരന്തത്തിൽ നിന്ന് ആയുസ്സിന്റെ ബലത്തിൽ ജീവൻ തിരിച്ചുകിട്ടിയവരോ, അവർ മരണത്തെ മുഖാമുഖം കണ്ട് രണ്ടാമതൊരു ജന്മം കിട്ടിയവരാണ്. ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട് കിടപ്പാടം പോലും ഇല്ലാതെ, ഉടുതുണിക്ക് മറുതുണിയില്ലാതെ, ഇനി എന്ത് എന്ന ചോദ്യവുമായി ശൂന്യതയിൽ നിൽക്കുന്നവർ, ഒന്ന് കണ്ണടക്കുമ്പോഴേക്കും ഉള്ളുലക്കുന്ന കാഴ്ചകളും അതിന്റെ പേടിപ്പിക്കുന്ന ശബ്ദവും, മനുഷ്യന്റെ ജീവനുവേണ്ടിയുള്ള നിലവിളികളും അവരുടെ കാതുകളിൽ ഇപ്പോഴും മുഴങ്ങുകയാണ്. അതവരുടെ മനസ്സിനെ പിടിച്ചു കുലുക്കുകയാണ്.

ഒരു കുഞ്ഞുമോൾക്ക് നഷ്ടപ്പെട്ടത് അച്ഛനും അമ്മയും ഉൾപ്പെടെ തന്റെ കുടുംബത്തിലെ 9 അംഗങ്ങളെയാണ്. മലവെള്ളത്തിന്റെ കുത്തൊഴുക്കിൽപ്പെട്ടപ്പോഴും തന്റെ മകളുടെ കൈ വിട്ടുകൊടുക്കാതെ, മുറുകെപ്പിടിച്ച ഒരു അമ്മയ്ക്ക് കുതിച്ചെത്തിയ പാറക്കൂട്ടങ്ങൾക്കിടയിൽ പിടിച്ചു നിൽക്കാനാവാതെ, കുഞ്ഞിനെ കൈവിട്ടുപോയി. ഒരുമിച്ചു കളിച്ചു വളർന്ന സഹോദരങ്ങളെയും സുഹൃത്തുക്കളെയും നഷ്ടമായവർ, മക്കളെ ജോലിക്ക് വേണ്ടി വിദേശത്തു പഠിക്കാൻ പറഞ്ഞയച്ച മാതാപിതാക്കൾ, ഇനിയവർ തിരിച്ചു വരുന്നതും കാത്തിരിക്കാൻ അവരില്ല. അങ്ങനെ, ഒരുപാട് സ്വപ്നങ്ങളും ആഗ്രഹങ്ങളും ബാക്കിവെച്ച്, മുന്നൂറിലധികം ജീവനുകൾ ആ മണ്ണിനടിയിൽ ചല

നമറ്റു കിടന്നു.

മലപ്പുറം ജില്ലയിലെ നിലമ്പൂരിലൂടെ ഒഴുകുന്ന ചാലിയാർ, അന്ന് പുലർച്ചെ വിങ്ങിപ്പൊട്ടി കൊണ്ടാണ് ഒഴുകിയത്. കാരണം, ഒഴുകിയെത്തിയത് മലവെള്ളം മാത്രമായിരുന്നില്ല. മനുഷ്യ മനസ്സിനെ മാത്രമല്ല, എന്തിന്, കരിങ്കല്ലിനെ പോലും കരളലിയിപ്പിക്കുന്ന കാഴ്ചകളായിരുന്നു ഒട്ടനവധി ചരിത്ര സംഭവങ്ങൾ ഉറങ്ങുന്ന നിലമ്പൂർ കണ്ടത്. ഇന്നലെ രാത്രി വരെ തങ്ങളുടെ നാട്ടിൽ, വീട്ടിൽ ഉറ്റവരുടെ കൂടെ കിടന്നുറങ്ങിയവർ, ഇന്നിതാ കിലോമീറ്ററുകളോളം ഒഴുകിയെത്തിയിരിക്കുന്നു; അവരാരും ഇതുവരെ കണ്ടിട്ടില്ലാത്തവരുടെ കൈകളിലേക്ക്. ജനിച്ചതും, മരണപ്പെട്ട് എത്തിയതും വ്യത്യസ്ത നാടുകളിൽ, ഇത്ര കിലോമീറ്ററുകളോളം ആ ശരീരങ്ങൾ ഒഴുകിയെത്തിയതിൽ നിന്നും, നമുക്ക് പഠിക്കാവുന്നതേയുള്ളൂ

> ഇനി ഉണ്ണി മാഷിന്റെ ക്ലാസുകളിൽ
> അവർ ഉണ്ടാവില്ല. ഇനി ചൂരൽ മലയില്ല,
> മുണ്ടക്കൈയില്ല, വെള്ളാർമല സ്കൂളില്ല

ആ ദുരന്തം എത്രമാത്രം ഭീകരമായിരിക്കുമെന്ന്, അതിന്റെ ശക്തി എന്താണെന്നും. ആ ചലനമറ്റ ശരീരങ്ങൾ ഒഴുകിയെത്തിയത് പൂർണ്ണമായിട്ടായിരുന്നില്ല; കൈകളും കാലുകളും വേർപ്പെട്ടതും, തലയോട്ടിപിളർന്ന് ആരാണെന്ന് പോലും തിരിച്ചറിയാനാവാത്ത രൂപത്തിൽ, തന്റെ കുഞ്ഞുമക്കളുടെ വിരൽ ഒന്നുമുറിഞ്ഞു ഒരു തുള്ളി രക്തം പൊടിഞ്ഞു കണ്ടാൽ പോലും നെഞ്ചു പിടയുന്ന മാതൃത്വത്തിന്, തന്റെ പൈതലിന്റെ അറ്റുപോയ ശരീരഭാഗങ്ങൾ എങ്ങനെ കണ്ടുനിൽക്കാനാവും. ഇരുളിൽ ഒറ്റയ്ക്കിരിക്കാൻ പേടിയുള്ള കുഞ്ഞുമക്കൾ, ഇതാ, ഇന്ന് ഏതോ നാട്ടിലെ മോർച്ചറിയുടെ ഫ്രീസറുകളിൽ തണുത്തുറഞ്ഞു കിടക്കുന്നു.

വെള്ളാർമല സ്കൂളിൽ പഠിച്ചിരുന്ന 50 ഓളം കുട്ടികളെയാണ് മരണപ്പെട്ടോ അല്ലാതെയോ കാണാതായിരിക്കുന്നത്. ഒന്നര പതിറ്റാണ്ട് കാലമായി വെള്ളാർ മല സ്കൂളിൽ പഠിപ്പിക്കുന്ന ഉണ്ണി മാഷിന്, കുട്ടികളെ കുറിച്ച് പറയുമ്പോൾ ചങ്ക് പിടച്ചിട്ട് പിടിച്ചുനിൽക്കാൻ കഴിയുന്നില്ല. ഇനി അവർ ഹൈസ്കൂൾ മുറ്റത്ത് ഓടിക്കളിക്കില്ല. ഹാജർ പട്ടികകളിലെ പേരുകൾക്കിനി, മൗനം മാത്രം. ഓരോ ദിനാചരണങ്ങളും ആവേശത്തോടെ ആഘോഷിച്ചിരുന്ന അവരിന്ന് ഇന്ത്യ മുഴുവൻ ഓഗസ്റ്റ് 15ന് സ്വാതന്ത്ര്യദിനാചരണാഘോഷങ്ങൾക്ക് ഒരുങ്ങുമ്പോൾ, വെള്ള ഉടുപ്പുകളണിഞ്ഞു പതാക ഉയർത്താൻ അവരില്ല. അവരെന്നേക്കുമായി ഈ ലോകത്തുനിന്നും യാത്ര ചെയ്തു; ഇനി ഉണ്ണി മാഷിന്റെ ക്ലാസുകളിൽ അവർ ഉണ്ടാവില്ല. ഇനി ചൂരൽ മലയില്ല, മുണ്ടക്കൈയില്ല, വെള്ളാർമല സ്കൂളില്ല; ആ നാടിനെ മുഴുവൻ ചവച്ചു തള്ളിക്കളഞ്ഞ് പൊട്ടിയൊലിച്ച മലനിരകൾ, ഇപ്പോൾ അർബുദം ബാധിച്ച് വികൃതമായി അങ്ങനെ നിൽപ്പുണ്ട്.

അവളുടെ ഈ പ്രതികാരത്തിന് ആരാണ് കാരണം? മനുഷ്യൻ തന്നെയല്ലേ..... വികസനങ്ങൾക്ക് വേണ്ടി കുന്നുകൾ ഇടിച്ചു, നിരത്തിയും, ക്വോറികൾ തുരന്നും, മരങ്ങൾ മുറിച്ചുമാറ്റിയും, അവർ പ്രകൃതിയെ വേണ്ടുവോളം ദ്രോഹിച്ചു. അവളുടെ വേദനകളുടെ പ്രതിഫലനമായി അവൾ ഓരോ സൂചനകൾ കൊടുത്തിട്ടും, അതൊന്നും കാണാത്ത ഭാവത്തിൽ അവളെ പിന്നെയും പീഡിപ്പിച്ചു. ഈ ക്രൂരതകൾ താങ്ങാനാവാതെ ഒടുവിൽ അവൾ പൊട്ടിത്തെറിക്കുകയാണുണ്ടായത്, അവളുടെ താണ്ഡവത്തിൽ എല്ലാം നഷ്ടപ്പെട്ടത് പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന പാവം സാധുക്കളും.

ഇനിയും പ്രകൃതിയോടുള്ള ഇത്തരം ചൂഷണങ്ങൾ തുടരേണ്ടതുണ്ടോ? നാം ഓരോരുത്തരും ഉണർന്നേ മതിയാവു. പ്രകൃതിക്കെതിരെയുള്ള ചൂഷണങ്ങൾക്കെതിരെ നാം ശക്തമായി പോരാടണം. പ്രകൃതിയെ സംരക്ഷിക്കുക തന്നെ വേണം. ഇനിയും ഇത്തരം ഒരു പ്രകൃതി ദുരന്തം ഉണ്ടായിക്കൂടാ... നമ്മുടെ മൗനം മാനവരാശിയെ തന്നെ ഇല്ലാതാക്കിയേക്കാം. ആവർത്തിക്കല്ലേ, മറ്റൊരു വയനാട്.





കവിത

ഹുസ്ന ഭാനു എം.പി.
എം.എ. ഇംഗ്ലീഷ്



# മണ്ണിന്റെ കീടങ്ങൾ

നീറുന്ന വെണ്ണീറിനു പുറത്തൊരു ജീവൻ,
ജീവനു വേണ്ടി കൊതിക്കുന്നു...
പുള്ളക്ക് നൽകാൻ ഒന്നുമേ ബാക്കിയില്ലാത്ത
തള്ളയായി മാറിയ മലയാളി അമ്മ...
ചേറിന്റെ മണവും ചോറിന്റെ സ്വാദും
സ്വാദിഷ്ടമല്ലാത്ത കേരളവും.
നൽകുവാനൊന്നുമേ ഇല്ലാത്ത ലോകത്ത്
നൽകുന്നതെന്തോ അതും ആപത്ത്...
കുഞ്ഞുണ്ണിയും തുഞ്ചനും വന്നു പോയ മണ്ണ് ഇത് മലയാളി മണ്ണ്.
വയലിലെ പറവകൾ എൻ ആത്മാവിൽ ഒളിച്ചു.
ഭൂമിമാതാ നിന്റെ ഗർഭപാത്രം ഇരുകാലികൾ വിറ്റു തുലച്ചു.

മണ്ണിന്റെ മണവും മരത്തിന്റെ തണലും വറ്റിയ ഇടത്തിലെ
മരണത്തിന്റെ ചീഞ്ഞ നാറ്റം.....

മലയാള മണ്ണിന്റെ പച്ചപുതപ്പൂരിച്ചു നഗ്നനാക്കിയതും നീ...
വയലാറിന്റെ വയലും സച്ചിദാനന്ദന്റെ മഞ്ഞളും
മണ്ണിൽ കിടക്കാതെ മറഞ്ഞു പോയി.
കാടിന്റെ മണത്തിൽ വളർന്ന നാൽകാലികൾ
ഇരുകാലിയെ കൊണ്ട് നാട്ടിൽ നിറയുന്നു....
കുത്തിയൊലിക്കുന്ന പുഴ തന്റെ പ്രാണനിൽ
എത്തിച്ചേരാത്തതും നീ കാരണം.

കടലും മരിക്കുന്നു ഇണ കൊണ്ടുവന്ന മാലിന്യത്താൽ...
മനുഷ്യന്റെ കരങ്ങളെത്താത്ത കരയിൽ ഇന്നും പരിമളം വീശുന്നു...
മനുഷ്യാ നീ അല്ലയോ ഇതിന്റെ ഉത്തരവാദി.

# ഞാനും സ്നേഹവും പിന്നെ ഭൂമിയും



**രമേഷ് എൻ.പി.**
ബി.കോം. ഫിനാൻസ്

അർജുൻ അവസാനം അവളെ കാണുന്നത് ഇന്നലെ രാത്രിയാണ്. അവൾക്ക് ഒരു മാറ്റവുമില്ല. പണ്ടത്തെ അതേ ഭംഗി ഇന്നും അവൾക്കുണ്ട്. രാത്രി ഉറങ്ങാൻ കിടന്നപ്പോൾ അവൻ പണ്ടുണ്ടായ പുകിലുകളെ കുറിച്ചാലോചിച്ചു. ഓർക്കാൻ വിഷമമാണെങ്കിലും ഓർത്തു. കാരണം അന്ന് കിട്ടിയ തല്ലും തൊഴിയും ഇന്നും അവൻ മറന്നിട്ടില്ല. അന്ന് തൊഴിച്ച പകുതിയിലേറെ പേർക്കും അവന്റെ പേര് പോലും അറിയില്ല. അവന്റെ ചന്ദന കുറിയും അവളുടെ കൊന്തയും മാത്രമാണ് അവർ കണ്ടത്. ജാതിമത വിവേചനത്തിന്റെ പേ രിൽ പ്രണയിനിയെ ഉപേക്ഷിക്കേണ്ടി വന്ന കാമുകന്മാരിലെ അവസാന ഇര. നിരപരാധിയായ അവന് അനുഭവിക്കേണ്ടിവന്ന മാനക്കേടിന്റെ കണക്ക് പറഞ്ഞാൽ ആ നാട്ടിലെ ആളുകൾ ഞെട്ടിപ്പോകും. ഇതെല്ലാം ആലോചിച്ച് അവൻ അന്ന് രാത്രി കിടന്നുറങ്ങാൻ ശ്രമിച്ചു. ഒരു ജോലിയായി സ്വന്തം കാലിൽ നിൽക്കാൻ പാകത്തിലായാൽ അവളെ കൂട്ടിക്കൊണ്ടു പോകാൻ വരാമെന്ന് വാക്ക് കൊടുത്തിരുന്നു. അങ്ങനെ ഈ തണുത്ത ഫെബ്രുവരി മാസത്തിലെ ഇരുണ്ട ദിവസത്തിൽ വാലന്റൈൻ ഗിഫ്റ്റുമായി അവൻ അവളെ ആലോചിച്ച് കിടന്നു. അന്ന് രാത്രി അവന് കാര്യമായി ഒന്നും സംഭവിച്ചില്ലെങ്കിലും നാട്ടുകാരും വീട്ടുകാരും കേരളവും അറിയാത്തവിധം വലിപ്പമുള്ള പല കാര്യങ്ങളും സംഭവിച്ചു. രാവിലെ എണീറ്റപ്പോൾ അവന് ശരീരം അനക്കാൻ പറ്റുന്നില്ല. ആകെ ഒരു കടച്ചിൽ, കണ്ണ് ശരിക്ക് തുറക്കാൻ പറ്റുന്നില്ല. കഷ്ടപ്പെട്ട് കണ്ണു തുറന്നു നോക്കിയപ്പോൾ അവൻ ഒരു മൺകൂമ്പാരത്തിനുള്ളിൽ കുടുങ്ങിക്കിടക്കുകയാണ്. കയ്യിനും കാലിനും നല്ല വേദനയും മുറിവുമുണ്ട്. എവിടെ നിന്നോ വെളിച്ചവും വായുവും വരുന്നുണ്ട്. ആ ദ്വാരം അത്ര ദൂരമല്ലാത്തതുകൊണ്ട് അവൻ കയ്യിട്ടു നോക്കി ചളി രൂപത്തിൽ ഇരിക്കുന്ന മണ്ണിനെ ഭേദിച്ച് അവൻ പുറം ലോകത്തിന്റെ കാഴ്ച കണ്ടു. ചെറിയ ഉറക്ക ക്ഷീണം ഉള്ളതുകൊണ്ട് ആദ്യം അവൻ ഞെട്ടിയില്ല എല്ലായിടത്തും ചെളിയും മണ്ണും ഒന്നും വ്യക്തമല്ല ആകെ ആൾക്കൂട്ടം അവന്റെ കൈകണ്ട് ആരോ ഓടി വന്ന് കൈ കൊടുത്തു ആ വന്ന കൈപിടിച്ച് അവൻ എഴുന്നേറ്റു ഉയർന്നുവന്നു. ആ സമയത്ത് അവന് കാര്യം മനസ്സിലായി മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നൊക്കെ കേട്ടിട്ടേയുള്ളൂ ആദ്യമായിട്ടാണ് അവൻ നേർക്ക് നേർ കാണുന്നത്. ഒരു മരത്തിന്റെ വേര് ഒലിച്ച് വന്ന് നിൽക്കുന്നുണ്ടായിരുന്നു.

അതിൽ കയറി അവനിരുന്നു മുഖത്തെ ചളി കട്ടിയുള്ളതായതുകൊണ്ട് അവൻ കരയുന്നത് രക്ഷപ്പെടുത്തിയ രക്ഷാപ്രവർത്തകൻ കണ്ടില്ല. 'How are you?, Do you need water? " എന്നിങ്ങനെ അയാൾ ചോദിച്ചു കൊണ്ടേയിരുന്നു. പക്ഷേ അദ്ദേഹത്തിന് അറിയില്ലായിരുന്നു അവന് വേണ്ടത് അവളെ മാത്രമാണെന്ന്. വരുന്ന മണിക്കൂറുകളിൽ അവൻ ജീവിക്കേണ്ടത് അവൾ ജീവനോടെ ഉണ്ടോ ഇല്ലയോ എന്ന സംശയത്തിലാണെന്ന്. അതിന്റെ ആലോചന കൾ അവനെ വല്ലാതെ ഭീതിപ്പെടുത്തി. പണ്ട് ഈ നാടിന്റെ തെരുവിലൂടെ എന്നെ കുറെയാളുകൾ തല്ലിയോടിച്ചിരുന്നു. ഇന്ന് ഈ നാട്ടിലെ ഏതോ ഒരാൾ എന്നെ പിടിച്ചു എഴുന്നേൽപ്പിക്കുന്നു. എന്ത് വിരോധാഭാസം അല്ലേ ദൈവമേ? എന്ന് അവൻ മനസ്സിൽ പറഞ്ഞു രക്ഷാപ്രവർത്തകൻ അർജുനെ അടുത്തുള്ള ആംബുലൻസിലേക്ക് കൂട്ടിക്കൊണ്ടുപോയി. അർജുന് ഒന്നും ചെയ്യാനും പറയാനും പറ്റുന്നില്ല കാരണം അവന്റെ ഉള്ള് ഒന്നാകെ സങ്കടം കൊണ്ട് അലറി കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ചു മണിക്കൂറായി ആംബുലൻസിൽ കയറിക്കിടക്കുന്നു. അർജുൻ അവനെ കൊണ്ടുവന്ന ആളുകളുടെ കൈ മുറുകെ പിടിച്ചു വലിച്ചു 'സ്റ്റെല്ല?' അവൻ ചോദിച്ചു അയാൾക്ക് എന്ത് പറയണം എന്ന് അറിയില്ലായിരുന്നു. അയാൾ അർജുന്റെ കൈ കൊട്ടി കൊണ്ട് പറഞ്ഞു 'നമുക്ക് എല്ലാം ശരിയാക്കാം ഞങ്ങളില്ലേ' അർജുൻ ദൈവത്തോട് എന്നപോലെ പറഞ്ഞു 'കാലമത്രയും കഷ്ടപ്പെട്ടത് വെറുതെ പോയോ? എന്റെ ജീവിതം എനിക്ക് അവസാനിപ്പിക്കാനാവില്ല എനിക്ക് സ്നേഹിതന്മാരുണ്ട് പക്ഷേ അവൾ ഇല്ലാതെ ഞാനെങ്ങനെ? എന്റെ ഏറ്റവും പ്രിയപ്പെട്ട ആൾ അവർക്ക് വെറും മൃത ശരീരമാവില്ലേ? ഞാൻ ഇത് എങ്ങനെയാണ് സഹിക്കുക പണ്ട് എന്നെ നാട്ടുകാർ ഒന്നടങ്കം തല്ലിയത് പോലെ അവളെ നാട്ടുകാർ ഒന്നടങ്കം രക്ഷിക്കും പേരറിയാതെ നാടറിയാതെ ലിംഗം അറിയാതെ... പക്ഷേ ഇപ്രാവശ്യം അവർ അവളുടെ കൊന്ത നോക്കിയില്ല കാരണം പ്രകൃതി കനിഞ്ഞില്ലെങ്കിൽ ഇവിടെ ജാതിയുമില്ല മതവുമില്ല വെറും മനുഷ്യരും മൃഗങ്ങളും മാത്രം. ഇങ്ങനെ ചിന്തിച്ചു കിടന്നിരുന്ന അർജുൻ മുറിവുംക്ഷീണവും കാരണം മോഹാലസ്യപെട്ടു. അങ്ങനെ കിടന്ന് അർജുൻ ഒരു സ്വപ്നം കണ്ടു ഭൂമി എന്നും അർജുന്റെ വീട്ടിൽ ഒരു പാക്കറ്റ് സ്നേഹം കൊണ്ടുവന്നുവെക്കുമായിരുന്നു ഭൂമിക്ക് അത് മാത്രമേ പണിയുള്ളൂ എല്ലാ വീട്ടിലും കയറി ഒരു പാക്കറ്റ് സ്നേഹം വച്ചിട്ട് പോകും. ആ പാക്കറ്റ് കിട്ടുന്ന മനുഷ്യർ അത് അടുത്തുള്ള ബന്ധുമിത്രാദികൾക്ക് കൊടുത്തു കൊണ്ടേയിരുന്നു ഭൂമിയെ തിരിച്ച് സ്നേഹിക്കാൻ ആരും ശ്രമിച്ചില്ല മനുഷ്യർക്ക് മനുഷ്യരെ മാത്രമാണ് സ്നേഹിക്കാൻ കഴിയുക എന്നു മനസ്സിലായി ഭൂമിക്ക്. ഈ സമയം മറ്റു മനുഷ്യരെ സ്നേഹിക്കാനും പരിപാലിക്കാനും ഭൂമിയെ മനുഷ്യർ ഉപയോഗിക്കാൻ തുടങ്ങി. നാട്ടുകാർ എല്ലാവരും ഭൂമിയെ വല്ലാതെ ഉപദ്രവിച്ചു ഭൂമിക്ക് സ്നേഹിക്കാൻ മാത്രമേ അറിയുമായിരുന്നുള്ളൂ. ഭൂമി ചിന്തിച്ചു 'സ്നേഹിക്കാൻ മാത്രം അറിയുന്ന എന്നെ എന്തിനാണ് എല്ലാവരും ഉപദ്രവിക്കുന്നത്?' അങ്ങനെ വിചാരിച്ച ഭൂമി അടുത്ത പ്രാവശ്യം സ്നേഹമാണെന്ന് പറഞ്ഞ് പല വീട്ടിലും കൊണ്ടുപോയി അണുബോംബുകളും ഗുണ്ടും നിറച്ച പാക്കറ്റുകൾ വെച്ചു എന്നിട്ട് ഭൂമി ആ റിമോട്ട് കൺട്രോളും പിടിച്ച് ചിരിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു 'എന്തിനാ സ്നേഹം ഫ്രീ ആയി കൊടുക്കുന്നത്? തിരിച്ച് സ്നേഹിക്കാൻ അറിയുന്നവർക്ക് പോരെ ഈ സ്നേഹം?' ഇതും പറഞ്ഞുകൊണ്ട് ആ റിമോട്ട് കൺട്രോളിൽ ഭൂമി അമർത്തി.



# വേനൽ മഴ




**നഹീമ ടി**
ബി.എ. ഇംഗ്ലീഷ്


കരിഞ്ഞുണങ്ങിയ കാടും,
വറ്റി വരണ്ട പുഴയും,
തീ ജ്വാലയായ് പുളയുന്ന
വനവും, ഭൂമിയും-
അതിലേക്കൊരു വേനൽ
തുള്ളി വീണാൽ,
മനസ്സിനു കുളിര്,
കാതിന് കുളിര്,
അമ്മയാം ഭൂമിക്കും കുളിര്,

ഓരോ തുള്ളിയും,
സഹനത്തിന്റെ ജലനിറം,
നമ്മുടെ ആത്മാവിൽ,
ശാന്തിയുടെ സ്മരണയായി
പുറപ്പെടുന്നു.

വെയിൽ പെടുന്ന നേരത്ത്,
ഈ പാടങ്ങളിലും
ജീവന്റെ പുതുമയിൽ,
വേനൽ മഴയുടെ
സംഗീതം ഉയരുന്നു.

ഇനിയും മഴപെയ്യട്ടെ,
ഇതിനുള്ളിൽ ഒരു
ശാന്തി നിറയട്ടെ,
ഈ ഭൂമിയുടെ കരുണയിൽ
നമുക്ക് ജീവിക്കാം,
മുഴുവൻ മണ്ണിന്റെ കുളിരും
നന്മയും നിലനിൽക്കട്ടെ.

ലേഖനം

# അകക്കാഴ്ച



**അൻഷിദ് മുഹമ്മദ് കെ.**
ബി.കോം. സി.എ.

കേരളത്തിന്റെ ചരിത്രത്തിലും, സമകാലികതയിലും വയനാട് എന്ന് പറയുന്ന പ്രകൃതി മനോഹരമായ ഒരു നാട് വഹിക്കുന്ന പങ്ക് വലുതാണ്. കേരളവർമ്മ പഴശ്ശിരാജയുടെ ഒളിപ്പോരിന്റെ ഗന്ധമറിഞ്ഞ മണ്ണ്. കേരളത്തിലെ മനോഹാരിതകൾ എണ്ണിപ്പറഞ്ഞാൽ അവിടെ വയനാടിനുള്ള സ്ഥാനം അത് മുൻപന്തിയിൽ തന്നെയാണ്.

തേയില തോട്ടങ്ങളിലെ ഇലകളെ തഴുകി തന്റെ വീടിന്റെ ജനലിലൂടെ ഏറ്റ ആ സൂര്യകിരണങ്ങളെ നോക്കിക്കൊണ്ട് അതിമനോഹരമായ ആ കാഴ്ചയിൽ മതിമറന്ന് നിൽക്കുമ്പോഴാണ് നാലാം ക്ലാസുകാരനായ അപ്പുവിനെ അമ്മ വിളിക്കുന്നത്. 'മോനെ, നിനക്ക് സ്കൂളിൽ പോകണ്ടേ'എന്ന് കേട്ടപാടെ ആ മനോഹരക്കാഴ്ചയിൽ നിന്ന് ദൃഷ്ടി മാറിയശേഷം തന്റെ അരമുറുക്കൻ ട്രൗസർ ഉടുത്ത ശേഷം ഉമ്മറത്ത് പോയി. പ്രഭാതകൃത്യങ്ങൾക്ക് വേണ്ടി നീങ്ങുന്നു. വീട്ടിൽ വലിയ തിരക്കാണ്. അച്ഛൻ തേയില തോട്ടത്തിലെ തൊഴിലാളിയാണ്.

അപ്പു തന്റെ യൂണിഫോം ഉടുത്ത ശേഷം പതിവുപോലെ സ്കൂളിൽ പോകുന്നു. ഇന്ന് ആദ്യപിരിയഡ് തനിക്ക് ഏറ്റവും ഇഷ്ടമുള്ള ശങ്കരൻ മാഷാണ്. കൃത്യമായി ചീകി വെച്ച മുടി,തേജസ്സുള്ള മുഖം നെറ്റിയിൽ മായാതെ കിടക്കുന്ന ചന്ദനക്കുറി, വലതു കൈയിൽ ഒരു റാഡോ വാച്ച്.അദ്ദേഹത്തിന്റെ പ്രിയ വിദ്യാർത്ഥികളിൽ പെട്ട ഒരു നല്ല വിദ്യാർത്ഥിയാണ് അപ്പു. കാര്യങ്ങൾ കൃത്യമായും അനുസരണയോടു കൂടിയും ചെയ്യുന്ന കുട്ടികളോട് അധ്യാപകർക്ക് ഉണ്ടാകുന്ന ഒരു സ്നേഹം.

ക്ലാസ്സിൽ എത്തിയ അപ്പുവിനോടും മറ്റു വിദ്യാർത്ഥികളോടും ശങ്കരൻ മാഷ് ഒരു കവിത എഴുതാൻ പറയുന്നു. ഹൃദയത്തിൽ തന്റെ നാടിന് സംഭവിച്ചേക്കാവുന്ന ഒരു ദുരന്തത്തിന്റെ കരട് ഹൃദയത്തിൽ നിന്ന് വിരലുകളാൽ പേന മഷിയിലൂടെ തന്റെ ആ നോട്ട്ബുക്ക് വരയൻ പേജിൽ തെളിഞ്ഞു വരുന്നു. തന്റെ ചെറിയ സാഹിത്യ ജ്ഞാനം ഉപയോഗിച്ച് കൊണ്ട്

അപ്പുവും കവിത എഴുതി ശങ്കരൻ മാഷിന് നൽകി. ശങ്കരൻ മാഷ് തനിക്ക് കിട്ടിയ ആ കവിതകളിൽ നിന്ന് അപ്പുവിന്റെ കവിത വായിച്ചു നോക്കി. തന്റെ നാട്ടിൽ നടന്നുവരുന്ന താൻ കണ്ടുകൊണ്ടിരിക്കുന്ന പകൃതി ചൂഷണങ്ങളെയാണ് അപ്പു കവിതയിൽ എഴുതിവെച്ചത്. ഭംഗിയാർന്ന തന്റെ വീടിന്റെ മുൻപിലെ ചൂരൽമല തന്റെ നാടിനെ നീക്കം ചെയ്യുന്നതായിരുന്നു ആ കവിതയുടെ ഉള്ളടക്കം. അന്ന് ആ ക്ലാസ്സിൽ നിന്ന് ശങ്കരൻ മാഷ് അപ്പുവിനെ പ്രശംസിച്ചു കൊണ്ട് പറഞ്ഞു 'നീ നല്ലൊരു കവിയായി മാറുമെന്ന്'.

സ്കൂൾ വിട്ട ശേഷം വീട്ടിലേക്ക് ഓടിവന്ന് വീട്ടിൽ വിശ്രമിച്ചിരിക്കുന്ന തന്റെ അച്ഛനെ ചൊല്ലി കേൾപ്പിക്കുന്നു. അച്ഛന്റെ മനം നിറഞ്ഞ ചുംബനം കരസ്ഥമാക്കി സന്തോഷം കൊണ്ടിരിക്കുമ്പോഴാണ് കുഞ്ഞനിയന് സുഖമില്ലാത്തതുകൊണ്ട് അമ്മയും അപ്പുവും കുഞ്ഞനുജനും അമ്മയുടെ അമ്മയും ചേർന്ന് 20 കിലോമീറ്റർ ദൂരമുള്ള സർക്കാർ മെഡിക്കൽ കോളേജിലേക്ക് പോകാൻ തയ്യാറാവുന്നത്. അച്ഛന്റെ കൂടെ ഇരുന്ന് തനിക്ക് കഥ പറഞ്ഞു തരാനായിരുന്നു അപ്പുവിന്റെ വാശി. തന്റെ കൂടെ വന്നാൽ ഏറ്റവും ഇഷ്ടമുള്ള ചോക്ലേറ്റ് മിട്ടായികൾ വാങ്ങിച്ചു നൽകാമെന്ന് അമ്മയുടെ വാഗ്ദാനം പ്രതീക്ഷിച്ചുകൊണ്ട് മനസ്സില്ല മന സ്സോടെ അപ്പുവും കൂടെ പോകുന്നു.

അവധി ദിനമാണ് അടുത്ത രണ്ടു ദിവസങ്ങൾ, അതുകൊണ്ട് തന്നെ അമ്മയുടെ വീട്ടിലാവും ഇനി. അങ്ങനെയിരിക്കെ രാത്രി തന്നെ അച്ഛന്റെ കഥകൾ കേൾക്കാനായി ഫോണിൽ വിളിച്ച് കൗതുകത്തോടെ 'അച്ഛാ' എന്ന് വിളിക്കുമ്പോൾ തന്റെ മോനെ എന്നതിന് പകരമായി ഉച്ചത്തിലുള്ള ശബ്ദങ്ങൾ കേൾക്കുകയും കാൾ പെട്ടെന്ന് നിലക്കുകയും ചെയ്തു.

സീരിയൽ കണ്ടിരിക്കുന്നതിന്റെ ഇടയിൽ വെപ്രാളത്തോടുകൂടി അപ്പൂപ്പൻ ചാനൽ മാറ്റുന്നു. തന്റെ നാട്ടിൽ ശേഷിപ്പുകൾ ഒന്നും ബാക്കി വെക്കാതെ തന്റെ കണ്ണുകൾക്ക് കുളിർമഴ മാത്രം നൽകിയിരുന്ന ആ സുന്ദര മല ആദ്യമായും അവസാനമായും തന്റെ കണ്ണുകളെ നിറയിക്കാൻ കാരണമായി തീർന്നു.

തന്റെ കവിതയിലൂടെ എത്തിയ ആ ദുരന്തങ്ങൾ തന്റെ കണ്ണുകളിൽ തെളിയുമ്പോൾ ആ ദുരന്തമുഖത്തുനിന്ന് അറിയാതെ രക്ഷപ്പെട്ടതിന് ഒരു ചാനൽ അപ്പുവിനോട് ചോദിക്കുന്നു, 'മോനേ, മോന്റെ വേണ്ടപ്പെട്ട ആരെങ്കിലും ദുരന്തം വരിച്ചോ എന്ന്. ഉള്ളിലെ കനലിനെ കണ്ണീർ കൊണ്ട് അണക്കാൻ ശ്രമിച്ചുകൊണ്ട് പറഞ്ഞു, 'എന്റെ ഗ്രാമം, എന്റെ കൂട്ടുകാർ, എന്റെ വിദ്യാലയം, എന്റെ വീട്, നാട്ടുകാർ എല്ലാം കൊണ്ടുപോയി.കൂട്ടത്തിൽ എന്റെ അച്ഛനെയും...'

കവിത




നജ്മ എ.പി.
എം.എ. ഇംഗ്ലീഷ്


# നിത്യ ഗർഭിണി

അന്ധത ബാധിച്ച് അക്രമം ചെയ്തിട്ടും
പിഞ്ചു കുഞ്ഞിനെ പോലും പിച്ചിയെറിഞ്ഞിട്ടും
മാനവർക്കുൾബോധമേകുവാൻ ദൈവം
ഒരുക്കിയതാണോ ഈ ദുരന്തങ്ങൾ
കേരം നിറഞ്ഞൊരു നാടെന്ന കേളിയിൽ
കേരളം അഭിമാന പൂരിതമായതും
സ്നേഹസൗഹാർദം തുളുമ്പുന്നിടമെന്ന്
ലോകം മുഴുക്കെയും വാഴ്ത്തിപറഞ്ഞതും
കേവലം ചരിത്രത്തിൻ താളിൽ ഒതുങ്ങിയോ
ചാരുതയേറിയ കുന്നും മലകളും
ചിന്നിച്ചിതറി ഒഴുകിയ പുഴകളും
സ്വാർത്ഥമാം നേട്ടത്തെയോർത്ത് തകർക്കവേ...
ദൈവ കോപത്തിൻ വർഷമാണീ ദുരന്തം....
പൂർവ്വികർ വാഴ്ത്തിയ നാടിന്റെ ശോഭ
പാടെ അണഞ്ഞതിൻ വ്യഥകളാവാം
ഹരിതാഭ യന്ത്രക്കൈകളാൽ വെട്ടി
അംബരചുംബിയാം കെട്ടിടം തീർത്ത്
ചാരുതയേറിയ നാടിൻ മുഖചരായ
മാറ്റിക്കളഞ്ഞതിൻ രോഷമാവം...
ചിന്തയും ബുദ്ധിയും ചിതലരിച്ച മാനുജൻ
ചെയ്തു കൂട്ടുന്ന കൊടും ക്രൂരത കൊണ്ട്
പാവമീ കേരളം പ്രകൃതിദുരന്തത്തിൽ
നിത്യ ഗർഭിണിയായ്...



ലേഖനം

# കൗമാരത്തെ നശിപ്പിക്കുന്ന ലഹരി: ഒരു തിരിഞ്ഞുനോട്ടം



ഷംല
ബി.എസ്.സി. കെമിസ്ട്രി

ഇന്നത്തെ സമൂഹത്തിൽ ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങളിലൊന്നാണ് ലഹരി ഉപയോഗം. ലഹരിവസ്തുക്കളുടെ ഉപയോഗം യുവതലമുറയുടെ ഭാവി അന്ധകാരത്തിലേക്ക് തള്ളിവിടുന്ന ഒരു ഭീകരതയാണ്. നമ്മുടെ സംസ്ഥാനം സാക്ഷരതയിലും ആരോഗ്യപ രിപാലനത്തിലും ഇന്ത്യയിലെ തന്നെ മുൻനിരയിൽ നിൽക്കുന്നുണ്ട് എന്ന് നമ്മൾ അഭിമാനിക്കുമ്പോൾ, അതിനൊപ്പം തന്നെ ലഹരിവസ്തുക്കളുടെ ഉപ യോഗത്തിലും ആദ്യസ്ഥാനത്തെത്തിയിട്ടുള്ളത് കാഴ്ചയിൽ അത്ര മഹത്വമില്ലാത്ത യാഥാർത്ഥ്യമാണ്. മൂന്ന് പതിറ്റാണ്ട് മുമ്പ് വരെ 'ഡ്രഗ്' എന്ന പദം ജീവൻ രക്ഷാമരുന്നുകളെ സൂചിപ്പിച്ചിരുന്നെങ്കിൽ, ഇന്നത്തെ സമൂഹത്തിൽ അതൊരു ജീവൻ നശിപ്പിക്കുന്ന വസ്തുവായി മാറിയിരിക്കുന്നു.

വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള യുവതലമുറ ലഹരിയുടെ പിടിയിലായ ഒരു ദുരന്താവസ്ഥയ്ക്ക് മുന്നിൽ നിൽക്കുകയാണ്. ജീവിതത്തിലെ പ്രശ്നങ്ങളുമായി നേരിടാൻ മനോവൈകല്യം അനുഭവിക്കുന്നവരിൽ പ ലരും ലഹരിയിലേക്ക് കടന്നുപോകുന്നു. എല്ലാവർക്കും വിജയങ്ങൾ മാത്രം കിട്ടണം എന്നു നാം ആഗ്രഹിക്കുന്നുവെങ്കിലും, പരാജയങ്ങളും നിരാശകളും ജീവിതത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയുന്നില്ല. ഇത്തരം അവസരങ്ങളിലാണ് ലഹരി ഒരുവന്റെ ജീവിതത്തെ നശിപ്പിക്കുന്ന പ്ര ധാനപ്പെട്ട വില്ലനായി മാറുന്നത്.

ആദ്യമായി ലഹരിവസ്തുക്കൾ ഉപ യോഗിക്കുന്നവരുടെ മനസ്സിൽ അവ നൽകുന്ന താൽക്കാലിക ആനന്ദവും ഉന്മേഷവും തുടരുപ യോഗത്തിന് പ്രേരിപ്പിക്കുന്നു. തുടർന്നവർ അത് വൃത്തിയായി ഉപേക്ഷിക്കാമെന്ന് കരുതുന്നുവെങ്കിലും, പതിയെ അത് ശാരീരികവും മാനസികവുമായ അടിമത്വത്തിലേക്ക് നയിക്കുന്നു. 'ഒന്ന് രുചിച്ച് നോക്കാം' എന്ന ചിന്തയിൽ പ ലരും വീഴുമ്പോൾ, അത് അവരുടെ ശരീരത്തെയും മനസ്സിനെയും തകർക്കുന്നൊരു ശീലമായി മാറുന്നു.

ചില നിമിഷനേരത്തെ സുഖത്തിനുവേണ്ടി ജീവിതകാലം മുഴുവനുള്ള അനുഗ്രഹങ്ങൾ നശിപ്പിക്കാൻ എത്രയോ പേർ തയ്യാറാകുന്നു. ലഹരിയിൽ നിന്ന് ലഭിക്കുന്നതൊന്നും സുഖം അല്ല, മറിച്ച് അതൊരു ജീവൻ നശിപ്പിക്കുന്ന കൊലയാളിയാകുന്നു. ഓരോ ജീവിതപ്ര ശ്നവും ദൈവത്തിന്റെ പരീക്ഷണമാണെന്ന് മനസ്സിലാക്കാതെ, ഈ അമൂല്യമായ ജീവിതം നശിപ്പിക്കുകയാണ് ഇന്നത്തെ യുവതലമുറ.

യഥാർത്ഥ ലഹരി ജീവിതത്തിലുണ്ട്. സ്നേ ഹത്തോടെയും സമ്പൂർണ ആനന്ദത്തോടെയും കൂട്ടുകാരോടും കുടുംബത്തോടും ചേർന്ന് ജീവിക്കുന്നതിൽ ഉള്ളത് സമാനതകൾ ഇല്ലാത്ത ഒരനുഭവമാണെന്നതാണ് യാഥാർത്ഥ്യം. ജീവിതം അർത്ഥപൂർണ്ണവും സുഖകരവുമാകുന്നത് ഈ തിരിച്ചറിവിലൂടെയാണ്. ലഹരിയുടെ പിടിയിലായവർ ഒരു ദിവസം പിന്നിലേക്ക് തിരിഞ്ഞുനോക്കി, അവരുടെ ജീവിതത്തെ ലഹരിയൊഴിഞ്ഞുകൊണ്ടുള്ള കണ്ണുകളിൽ കണ്ടുനോക്കട്ടെ. ലഹരിയേക്കാൾ മധുരവും മൂല്യമേറിയതും വിലയേറിയതും ജീവിതമെന്ന സത്യമായ അനുഭവമാണെന്ന് അവർ തിരിച്ചറിയും.



**മുഹമ്മദ് അജ്മൽഷാ**
ബി.കോം. സി.എ.

# ശാപം

ഭൂമിക്ക് മേലുള്ള സ്വർഗത്തിൽ നിന്നോ
ദുരവസ്ഥയായ അമ്മതൻ കളികൾ.
ഭൂമിയാം അമ്മതൻ ചെയ്തികൾ കൊണ്ടിന്ന്,
വീണു പോയല്ലോ മലയാള മക്കൾ.

മനുഷ്യ ഗണത്തിന്റെ ചെയ്തികൾ അപ്പാടെ,
അമ്മതൻ മാറിൽ വ്രണമതേല്പിച്ചു,
കോപത്താൽ വിറകൊണ്ട അമ്മതൻ കണ്ണീരിൽ,
മലയാള മക്കളോ വിങ്ങിപ്പൊട്ടി.

കോപം അടങ്ങാത്ത കോപം,
അതിൽനിന്ന് ഉയർന്ന ശാപം.
കണ്ടറിഞ്ഞിടാം, കരകയറീടുമോ,
ശാപമോചിതരായീടുമോ.

വിധി മാറി വന്നതോ, ശാപമോക്ഷരായതോ,
അതോ മലയാളമക്കൾ തൻ കണ്ണീര് കണ്ടതോ
ഭാഗ്യമോ, ത്യാഗമോ എന്തെന്നറിയില്ല
എന്നിരുന്നാലും പുനർ ജനിച്ചു അവർ.

ആഗോള ജനത തൻ കൂട്ടായ്മ നാം കണ്ടു,
അവർക്കിടയിലെ സാഹോദര്യവും കണ്ടു.
എന്നിരുന്നാലും ഒന്നുറപ്പാണ്
ഒന്നിച്ചു നേരിട്ട് കുതിച്ചുയർന്നതാണേ...

# മഴ



**ആശില**
ബി.കോം. കോപ്പറേഷൻ

പുറത്തു നല്ല മഴയാണ് ഇന്ന് രാവിലെ തുടങ്ങിയതാണ് ഈ മഴ. ഫോണും നോക്കിയിരിക്കുമ്പോൾ മഴക്ക് വീണ്ടും ശക്തി കൂടിയത് പോലെ അമ്മുവിന് തോന്നി. അപ്പോഴാണ് അമ്മ വിളിക്കുന്നത് കേട്ടത്. 'അമ്മു ആ വാതിൽ അടയ്ക്കൂ തറ നനയുന്നത് കണ്ടില്ലേ?' അമ്മു പെട്ടെന്ന് തന്നെ അനുസ രണയോടെ വാതിലടച്ചു ഇല്ലെങ്കിൽ ഇനി അമ്മയുടെ ദേഷ്യം കാണേണ്ടി വരും. വീണ്ടും ശ്രദ്ധ ഫോണിലേക്ക് തന്നെ തിരിച്ച അവൾ രാത്രി ഭക്ഷണത്തിന് അമ്മ വന്നു വിളിച്ചപ്പോഴാണ് ഫോണിൽ നിന്നും മടങ്ങിയത്. മൂന്നുപേരും ഒരുമിച്ചിരുന്ന് തമാശയും സംസാരവും ഒക്കെയായി ഭക്ഷണം കഴിച്ചു സമയം കടന്നുപോയി.

ഇടയ്ക്കെപ്പോഴോ അമ്മയുടെ സംസാരത്തിൽ നിലക്കാത്ത മഴയും വീട്ടിലെത്താത്ത അച്ഛനെ കുറിച്ചുള്ള ആധിയും കടന്നുവന്നത് അമ്മുവിലും ഭയം വരുത്തി.

വർഷകാലം രൗദ്ര ഭാവം പൂണ്ടു മേൽക്കൂര പോലും ചോർന്നൊലിക്കാൻ തുടങ്ങിയിരിക്കുന്നു. അമ്മ ചോരുന്ന വെള്ളം പിടിച്ചെടുക്കാൻ വച്ച അലുമിനിയ പാത്രത്തിൽ വീഴുന്ന മഴത്തുള്ളിയുടെ ശബ്ദം വീടിനുള്ളിലെ നിശബ്ദതയിൽ ഒരു ടിക് ക്ലോക്കിനെ പോലെ പ്രതിധ്വനിച്ചു. അച്ഛനെ കാത്തിരുന്ന് ക്ഷീണിച്ച അവൾക്കും മാളുവിനും പായ വിരിച്ച് കിടക്കാൻ അമ്മ ക്ഷണിച്ചെങ്കിലും അച്ഛനെ കാണാത്ത ശങ്കയും പുറത്തെ മഴയുടെ ശക്തിയിലുള്ള ഭയവും കാരണം അവൾ ഉറങ്ങാൻ കൂട്ടാക്കിയില്ല. അമ്മുവിന്റെ കാത്തിരിപ്പിനൊടുവിൽ അച്ഛന്റെ വരവ് അവൾക്ക് സുരക്ഷിതത്വബോധം ന ൽകി. ആ കരുതലിന്റെ സാമീപ്യത്തിൽ മഴ സംഗീതമായി മാറുന്നതുപോലെ തോന്നിയ അമ്മുവിനെ ഉറക്കത്തിന്റെ കരിമ്പടം വന്നു പുതച്ചു.

സമയമറിയാത്ത ഏതോ രാത്രിയുടെ യാമത്തിൽ നിദ്രയെ ഭേദിച്ചുകൊണ്ട് അതിഭയാന കമായ ശബ്ദം അവൾ കേട്ടു. സങ്കൽപ്പിക്കാൻ സാധിക്കാത്ത എന്തോ സംഭവിക്കുന്നു എന്ന തിരിച്ചറിവിൽ അമ്മു ഭയന്നിരുന്നു. എന്ത് സംഭവിക്കുന്നു എന്ന ബോധം തിരിച്ചറിയുന്നതിനു മുൻപേ അച്ഛൻ അവ രെയും കൊണ്ട് വീട് വിട്ടിറങ്ങി. നിമിഷനേരം കൊണ്ട് അവരുടെ കൺമുന്നിൽ വീട് നിലം പ തിച്ചു. തനിക്ക് ചുറ്റുമുള്ള ലോകം ശിഥിലമായി പോകുന്നതുപോലെ അമ്മുവിന് തോന്നി. അവൾ തളർന്ന് നിസഹായയായി തീർന്നു.

എല്ലാം ക്ഷമിച്ച് പ്രകൃതി വീണ്ടും നിശബ്ദമായപ്പോൾ ആ അവശിഷ്ടങ്ങൾക്കിടയിൽ അവൾ തനിച്ചായിരുന്നു. ഒരു സാന്ത്വനത്തിനായി അവൾ അമ്മയെയും അച്ഛനെയും മാളുവിനെയും

മാറി മാറി വിളിച്ചു. പക്ഷേ നിശബ്ദത മാത്രമായിരുന്നു മറുപടി. ഒരു തണുത്ത ഇരുണ്ട ആവരണം പോലെ തിരിച്ചറിവ് അവളെ പൊതിഞ്ഞു. താൻ മാത്രം ബാക്കിയായിരിക്കുന്നു.

പ്രിയപ്പെട്ടവരുടെ വേർപാടിൽ വിലപിച്ച അവളുടെ ഹൃദയം ഒരു ദശലക്ഷം കഷണങ്ങളായി തകർന്നു. എങ്കിലും അവശിഷ്ടങ്ങൾക്കിടയിൽ അവൾ പ്രതീക്ഷയോടെ തിരഞ്ഞു, മുഴുവൻ ചളിയും കല്ലും മാത്രം. ആ മണ്ണിടിച്ചിൽ അവളെ മാത്രം ബാക്കിയാക്കിയത് എന്തിനു വേണ്ടി? താനിനി എന്തു ചെയ്യും? നൂറായിരം ചോദ്യങ്ങളെക്കാളുപരി മരവിപ്പാണ് അവളിൽ നിറഞ്ഞത്. പ്രകൃതിയുടെ താണ്ഡവം അവളുടെ മുന്നിൽ നിറഞ്ഞാടുന്നു. അതുകണ്ടു നിയന്ത്രിക്കാനാവാത്ത അവളുടെ കരച്ചിലിന് മഴയെക്കാളും ശക്തിയുണ്ടായിരുന്നു. അവൾക്ക് സംഭവിച്ച ദുരന്തത്തിന്റെ നിരന്തരമായ ഓർമ്മപ്പെടുത്തലായി മഴ തുടർന്നുകൊണ്ടിരുന്നു.

---

## കവിത



**മുഹമ്മദ് അജ്മൽഷാ**
ബി.കോം. സി.എ.

# പ്രവാസം

ഭാവിയെ കുറിച്ചുള്ള ചിന്ത
ജീവിതത്തെ തിരുത്തിക്കുറിച്ചു
സ്വപ്നത്തിൻ വിമാന ചിറകേറി
പ്രാരാബ്ധത്തിൻ കടലും താണ്ടി
പ്രത്യാശയോടെ ഞാനും യാത്രയായി
പ്രാണനാം പിതാവിനോട്
യാത്ര മൊഴി ചൊല്ലാൻ
വാക്കുകൾ പോരായിരുന്നെങ്കിലും
യാത്ര ചൊല്ലിയേ തീരൂ..

സ്വർഗമെന്നഹങ്കരിച്ച മാതാവിനെയും
ഞാൻ  വിട്ടകന്നു
നാട്ടിലും വീട്ടിലും ഞാൻ
പ്രമാണിയായി മാറി
അവരാരും കാണാതെ ഞാൻ
തേങ്ങലും പതിവായി...
ജീവന്റെ ഏറിയ പങ്കും,
പ്രവാസമായ് അടർന്നു പോയി...
പരാതിയോ പരിഭവമോയില്ലാതെ,
ജീവിതവും മെഴുകു തിരിപോലെ എരിഞ്ഞമരുന്നു...



# ആരോ ഒരാൾ



നൗഷാദ് പുഞ്ച

സായന്തനങ്ങളിൽ
മാനം മുട്ടേ, പറന്നാടുന്ന
പക്ഷിജാലം കണക്കെ, ബോംബിംഗ് വിമാനങ്ങൾ !
നഗരങ്ങളിൽ ഭീതിയുടെ തേരോട്ടം.
നഷ്ടാവശിഷ്ടങ്ങളിൽ നനുപ്പു പാകി കണ്ണീർ കണങ്ങൾ....

ജനൽ പഴുതുകൾക്കിടയിൽ
മിന്നാമിന്നികൾ കൂടൊരുക്കിയ പോലെ,
രോദനം നിലച്ച കുടിലുകളിൽ
മൗനം അലറുന്നതു പോലെ...

തകർന്നടിഞ്ഞ കൂടാരങ്ങളിൽ,
ഒന്നിൽ നിന്നു തളർന്നു കരയുന്ന കുഞ്ഞിനോട്;
നെടുവിർപ്പു ചാലിച്ച സ്വരത്തിൽ അമ്മ പറയുന്നു;
'ഉറങ്ങൂ, മകനേ;
ഈ അമ്മ ഇപ്പോഴും അടയിരിക്കുന്നുണ്ട്..'

എവിടെ നിന്നോ
ഒരിളം കാറ്റിന്റെ തേങ്ങൽ കേൾക്കുന്നുണ്ടോ...,
ഇരുളടഞ്ഞ ശൂന്യതയിൽ
ഒരു നിലാത്തുണ്ടു പൂക്കുന്നുണ്ടോ..
അതെ;
ആരോ ഒരാൾ കെടാവിളക്കേന്തി ഘോരമീ അന്ധകാരം നീക്കി,
അണയാനടുക്കുന്ന പോലെ....








**സി. ഹംസ**
ഇംഗ്ലീഷ് വിഭാഗം

# വയനാടിനെ വയനാട്ടിൽ തന്നെ പുനരധിവസിപ്പിക്കണോ?

അപകട ഭയലേശമന്യേ ജീവിക്കാൻ പറ്റുന്ന ഭൂപ്രദേശങ്ങൾ എത്രയുണ്ട് വയനാട്ടിലെന്നത് പുനരധിവാസ ശ്രമങ്ങൾക്ക് മുൻകയ്യെടുക്കുന്നവരുടെ ഒന്നാമത്തെ പരിഗണനയായിരിക്കണം. ഇവ്വിഷയവുമായി വയനാട്ടുകാരുടെ അഭിപ്രായം ആരായുമ്പോൾ അവരെ നയിക്കുന്നത് പലപ്പോഴും തങ്ങളുടെ വൈകാരികമായ ചായ്‌വുകളായിരിക്കാം. ഒരു പ്രേതഭൂമിയോട് എന്നതുപോലെയുള്ള പരിഭ്രമത്തോടെയായിരിക്കും പലരും തങ്ങളുടെ നിലപാട് അറിയിക്കുകയെങ്കിൽ വേറെ പലർക്കും തങ്ങളുടെ ഭൂതകാലത്തിന്റെ ഓർമ്മകൾക്കിടയിൽ വസിക്കണമെന്ന താല്പര്യമായിരിക്കാം സർവോപരിയായത്. തങ്ങളുടെ ഉറ്റവരും ഉടയവരും പോയത് ഇവിടെ നിന്നായതിനാൽ ഇവിടെത്തന്നെ കഴിയട്ടെ മരണം വരെ എന്ന് തീരുമാനിക്കുന്നവരെ കുറ്റപ്പെടുത്താനാവില്ലല്ലോ. അതിനാൽ ജനങ്ങളുടെ ജീവനിലും ഭാവി ജീവിതത്തിലും താല്പര്യമുള്ളവർ അതിനനുസൃതമായിരിക്കണം ഈ വിഷയത്തിൽ തീരുമാനം കാണേണ്ടത്.

അപകട സാധ്യതയെക്കുറിച്ച് ഭയമില്ലാതെ ജീവിക്കാൻ കൊള്ളുന്ന ഭൂമി കേവലം മുപ്പത് ശതമാനമേ വയനാട്ടിലുള്ളുവെന്നത്രെ വിദഗ്ദ്ധാഭിപ്രായം. പുനരധിവാസപ്രക്രിയ ആത്യന്തികമായി കേരള ഗവൺമെന്റിന്റെ ചുമതലയിലും മേൽനോട്ടത്തിലുമായിരിക്കുക എന്നത് തന്നെയായിരിക്കും സംഭവിക്കുക. പക്ഷേ, ദുരന്തത്തോട് മാനുഷികമായും കരുണാർദ്രമായും പ്രതികരിച്ച് പുനരധിവാസത്തെ ഫലപ്രദമാക്കാൻ എല്ലാം മറന്ന് ഓടിയെത്തിയ ജനങ്ങളുടെ ജാഗ്രത ഗവൺമെന്റിന്റെ പുനരധിവാസ പ്രക്രിയകളിലെല്ലാം ഉണ്ടായില്ലെങ്കിൽ ഉദ്യോഗസ്ഥ ലോബികളുടെ

കൈകാര്യങ്ങൾ എത്രമാത്രം ചടുലവും ദുരിതബാധിതരുടെ താൽപര്യങ്ങളെ പിന്തുണക്കുന്നതുമായിരിക്കുമെന്നത് സർക്കാർ കാര്യം മുറപോലെ എന്ന ചൊല്ലിന്റെ അന്വർത്ഥത ശീലമുള്ള നമ്മെ സംബന്ധിച്ചിടത്തോളം സംശയാസ്പദം തന്നെയാണ്.

ഇതു സംബന്ധമായ ആലോചനയിൽ പ്രഥമമായും പ്രധാനമായും സ്ഥാനം പിടിച്ചിരിക്കേണ്ട ഒരു ചോദ്യമാണ് 1984 ൽ ഉരുൾപൊട്ടി സംഹാരതാണ്ഡവം നടത്തിയ മുണ്ടക്കൈ പ്രദേശത്ത് 40 വർഷത്തിന്റെ ഇടവേളക്കുശേഷം വീണ്ടും അത് ആവർത്തിച്ചതെങ്ങനെ എന്നത്. ഒരു ദുരന്തത്തിൽ നിന്ന് നാമും നമ്മെ ഭരിക്കുന്ന ഭരണകൂടങ്ങളും അവയെ നയിക്കുന്ന രാഷ്ട്രീയ പാർട്ടികളും എന്തു പാഠമാണ് പഠിച്ചത്? 'ഒരു മാളത്തിൽ നിന്നു തന്നെ ഒന്നിലേറെ തവണ ഒരു വ്യക്തിക്ക് സർപ്പക്കടി ഏറ്റുവെങ്കിൽ അയാൾ എന്റെ നല്ല ഒരനുയായി അല്ല' എന്ന ഒരു നബിമൊഴി ഇവിടെ ഓർത്തു പോവുകയാണ്. ഒരിക്കൽ ഉരുൾപൊട്ടലോ മണ്ണിടിച്ചിലോ നടന്ന ഒരു പ്രദേശത്തെ എന്നും ഏത് സമയത്തും അതാവർത്തിക്കാൻ സാധ്യതയുള്ള പ്രദേശമായി കണക്കാക്കണമെന്നാണല്ലോ... എന്നിട്ടും ആരുടെ ഉദാസീനതയാണ് മുണ്ടക്കൈ പ്രദേശത്തെ നിവാസികളെ ഇവ്വിധം നാശത്തിനിരകളാക്കാൻ കൂട്ടുനിന്നതെന്ന് ചിന്തിക്കരുതോ? വീണ്ടും അവിടെ ജനവാസത്തിനനുമതി നൽകിയതും അവസരമുണ്ടാക്കിക്കൊടുത്തതും ഏതൊക്കെ ഘടകങ്ങളായാലും അവയെല്ലാം ഈ ദുരന്തത്തിന്റെ സൃഷ്ടിയിൽ പങ്കുവഹിച്ചിരിക്കുകയല്ലേ ചെയ്തിരിക്കുന്നത്?

മുമ്പത്തേതു പോലെ ഇത്തവണയും മുണ്ടക്കൈ ദുരന്തത്തിൽ നശിച്ച ജീവിതങ്ങളെ കുറിച്ചു
പരിശോധിച്ചാലറിയാം അവയിൽ ഭൂരിഭാഗവും അവിടത്തെ തോട്ടം തൊഴിലാളികളുടേതാണെന്ന്. മുമ്പ് ദുരന്തം ഉണ്ടായിട്ടും അത് കണ്ടറിഞ്ഞവരോ അവരുടെ പിൻതലമുറക്കാരോ ആയിരുന്നിട്ടും അവരെന്തുകൊണ്ട് അവിടെനിന്ന് മാറിത്താമസിച്ചില്ല എന്ന ചോദ്യം പ്രസക്തവും പ്രശ്നങ്ങളുടെ കാതലിലേക്ക് നമ്മെ

> 'ഒരു മാളത്തിൽ നിന്നു തന്നെ ഒന്നിലേറെ തവണ ഒരു വ്യക്തിക്ക് സർപ്പക്കടി ഏറ്റുവെങ്കിൽ അയാൾ എന്റെ നല്ല ഒരനുയായി അല്ല'

കൊണ്ടെത്തിക്കുന്നതുമാണ്. വളരെ തുച്ഛമായ കൂലിക്ക് ജോലി ചെയ്യുന്നവരാണ് അവിടത്തെ തോട്ടം തൊഴിലാളികളെന്നതിനാൽ അവരുടെ പക്കൽ തൊഴിലിൽ നിന്ന് പ്രായാധിക്യമോ അസുഖമോ കാരണത്താൽ പിരിയേണ്ടി വരുമ്പോൾ സമ്പാദ്യമൊന്നും കാര്യമായി ഉണ്ടാകില്ല. പണി നിർത്തുന്നതോടുകൂടി അതുവരെ താമസിച്ചിരുന്ന പാടി വിട്ടൊഴിയണം. മലയോരത്തു നിന്നിറങ്ങി അപകട സാധ്യതയില്ലാത്ത നിരന്ന പ്രദേശങ്ങളിലെവിടെയെങ്കിലും ഒരു കൂര കെട്ടിപ്പൊക്കാൻ സ്ഥലം വാങ്ങാനവർക്കാവില്ല. അതിനാൽ അവർ മലഞ്ചെരിവുകളിലെവിടെയെങ്കിലും കുറഞ്ഞ വിലക്ക് സ്ഥലം വാങ്ങി കൂര കെട്ടിപ്പാർക്കുകയാണ് പതിവ്. ഇത്തരം വസ്തുതകളെല്ലാം പരിഗണിച്ചിട്ട് വേണം പുനരധിവാസത്തിന് ശ്രമിക്കുന്നത്. അല്ലാത്തപക്ഷം വീണ്ടും കൊടും നാശത്തിന്റെ പടിവാതിൽക്കൽത്തന്നെ അവരെ നിർത്തലായിരിക്കുമത്. ഈയൊരു അവബോധം ദുരന്തത്തെ അതിജീവിച്ച് അവിടെ പാർപ്പ് തുടരാൻ പോകുന്നവർക്കുണ്ടാക്കി കൊടുക്കേണ്ടത് സമൂഹത്തിലെ ആക്ടിവിസ്റ്റുകളുടെ വിശിഷ്യാ അഭ്യസ്ത വിദ്യരും വിദ്യാർത്ഥികളുമായ നമ്മുടെയൊക്കെ ബാധ്യതയായി നാം മനസ്സിലാക്കേണ്ടതുണ്ട്.

ദുരന്ത സാധ്യതയില്ലെന്നുറപ്പുള്ള വയനാടൻ പ്രദേശങ്ങളിൽ മാത്രമേ ജനങ്ങളെ പാർപ്പിക്കാവൂ എന്നും ബാക്കിയുള്ളവരെ മറ്റു പ്രദേശങ്ങളിലേക്കോ ജില്ലകളിലേക്കോ മാറ്റി അവിടങ്ങളിൽ പുതിയ മുണ്ടക്കൈകളും പുതിയ ചൂരൽ മലകളുമൊക്കെ ഉണ്ടാക്കണമെന്നുമുള്ള നിർദ്ദേശം ഒരു നിർബന്ധമായി ഗവൺമെന്റിന്റെ മുമ്പാകെ ഉന്നയിക്കാൻ രാഷ്ട്രീയ പാർട്ടികളും സാമൂഹിക പ്രവർത്തകരും തയ്യാറാവുകയാണ്




ഇതിന് ആദ്യമായി വേണ്ടത്. ഇതിനായി സ്വന്തം ഭൂമി വിട്ടുകൊടുക്കാൻ ഭൂവുട മകളായ ഉദാരമതികൾ തയ്യാറാവാതിരിക്കില്ലെന്നത് മീഡിയയിൽ വരുന്ന പല ഉദാരശീലരുടെയും സംസാരങ്ങളിൽ നിന്ന് മനസ്സിലാവാറുണ്ട്. യാതൊരു നിലക്കും ഉപകാരപ്രദമാക്കാത്ത ഒട്ടേറെ ഭൂപ്രദേശങ്ങൾ പലയിടത്തും ഒഴിഞ്ഞു കിടക്കുന്നത് കാണാം. അവിടങ്ങളിൽ വയനാട്ടിലെ ദുരിതബാധിതരിൽ ശേഷിച്ചവരെ പുനരധിവസിപ്പിച്ച് അവർക്ക് അവിടങ്ങളിൽ തൊഴിൽ ശാലകളുണ്ടാക്കി തൊഴിൽ കൊടുക്കാൻ ഗവൺമെന്റ് വിചാരിച്ചാൽ നിഷ്പ്രയാസം സാധിക്കും. സദാ പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും മണ്ണിടിച്ചിലിന്റെയും ഭീഷണിയിൽ തന്നെ വീണ്ടും കഴിയേണ്ടി വരുന്ന തരത്തിലുള്ള പുനരധിവാസത്തിനെന്തർത്ഥം?

വയനാട്ടിൽ തൊഴിൽ തേടി ചെന്നവരെല്ലാം കേരളത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നെത്തിയവരായതിനാൽ അവിടം വിടുന്നതിൽ പ്രത്യേകിച്ച് ഒരു ഗൃഹാതുരത്വമൊന്നും അവർക്കുണ്ടാവില്ലതാനും. പക്ഷേ ഉപജീവനമാർഗ്ഗം തേടിയെത്തിയവരായതിനാൽ ആയതിനുള്ള ഒരു പ്രതിവിധി അവർക്ക് കണ്ടെത്തിക്കൊടുക്കണമെന്നേയുള്ളൂ. ചുരുക്കത്തിൽ വയനാടിനെ വയനാട്ടിൽ തന്നെ പുനരധിവസിപ്പിക്കണമെന്നില്ല, സുരക്ഷിതമായ മറ്റെവിടെയുമാവാം.



**അശ്വനി എൻ.ടി.**
ബി.കോം. കോപ്പറേഷൻ

# വേർപാട്

ഓർമകളിൽ മായാതെ കിടക്കുന്ന മുഖങ്ങൾ,
കണ്ണുകളെ ഈറനണിയിക്കുന്ന ആ ഓർമ്മകൾക്ക്
മുൻപിൽ, യാഥാർഥ്യത്തിന്റെ വശത്ത്,
നാം പതറാറുണ്ട്.

അരികിലുണ്ടാവാൻ ആശിച്ചതിനാലാവണം,
അന്ന് നിന്നത് പോലെ,
ആ നഷ്ടങ്ങൾ,
ഓരോ ദിവസവും
മനസിനെ മുറിക്കുകയാണ്.
കാത്തിരിപ്പുകൾ
അവസാനിക്കുമ്പോൾ,
പ്രത്യാശകൾ
എല്ലാം അവസാനിക്കുന്നു.

ഏതു നിമിഷവും
നമ്മെ പുൽകാൻ
നിൽക്കുന്ന
മരണത്തിന്റെ മുമ്പിൽ,
നാം ഏവരും
നിശ്ചലരായിരിക്കും!



കഥ

# മരണമില്ലാത്ത ഓർമ്മകൾ




**അനഘ കെ.**
ബി.കോം. കോപ്പറേഷൻ


പത്താം ക്ലാസിലെ ഒരു സായാഹ്നം. കുട്ടികളെല്ലാം മോഡൽ പരീക്ഷയുടെ ചൂടിൽ, ക്ലാസുകൾ തീരാൻ ഇനി 15 ദിവസം മാത്രം. 10–ആ ക്ലാസിലെ കുട്ടികൾ വാക മരച്ചുവട്ടിൽ ഇരുന്നു, അന്നത്തെ പരീക്ഷ വിശകലനം ചെയ്യുകയായിരുന്നു. അവിടേക്ക് വിവേക് കടന്നു വന്നു. അവന്റെ കയ്യിൽ ഒരു പുതുപുത്തൻ ഓട്ടോഗ്രാഫുണ്ടായിരുന്നു. 'ഏയ്, ഇത് കണ്ടോ? ഇതെന്റെ പുതിയ ഓട്ടോഗ്രാഫാണ്. നിങ്ങൾ എല്ലാവരും ഇതിൽ എന്നെപ്പറ്റി പറയാനുള്ളതെല്ലാം എഴുതണം!' – വിവേക് പറഞ്ഞു.

ശേഷം ക്ലാസിലെ അവന്റെ പ്രിയപ്പെട്ട സുഹൃത്തിന് ഓട്ടോഗ്രാഫ് കൈമാറി. അവൻ അതിൽ 'വിശാലമനസേ, വിദൂരമനസേ, വിധിയുണ്ടെങ്കിൽ വീണ്ടും കാണാം' എന്ന പഴഞ്ചൻ വരികൾ എഴുതി. അതുകണ്ട് അവന്റെ അടുത്തിരുന്നവൻ പുച്ഛത്തോടെ അവനെ നോക്കി. ശേഷം പലരും അതിൽ പലതും കുറിച്ചു. തിരിച്ചു വീട്ടിലേക്ക് വളരെ ആകാംക്ഷയോടാണ് വിവേക് പോയത്. പട്ടണത്തിൽ നിന്നും കുറച്ച് അകലെയാണ് അവരുടെ വിദ്യാലയം സ്ഥിതിചെയ്യുന്നത്. തന്റെ സൈക്കിളിന് വേഗത പോരെന്ന് അന്നാദ്യമായി അവന് തോന്നി. വേഗം വീട്ടിലെത്തി, കുളിച്ചു, വൃത്തിയായി, ബാഗിൽ നിന്ന് അവൻ ആ ഓട്ടോഗ്രാഫ് എടുത്തു.

പെട്ടെന്നാണ് അവന്റെ അമ്മ ആ വഴി വന്നത്. 'നിങ്ങൾ ഇവിടെ ഓട്ടോഗ്രാഫും വായിച്ചിരിക്കുകയാണോ, വിവി. പത്താം ക്ലാസാണെന്ന വിചാരമുണ്ടോ? നിന്റെ അച്ഛനോട് ഞാൻ നൂറു തവണ പറഞ്ഞതാണ് ഇതൊന്നും വേണ്ടെന്ന്. നിനക്ക് പരീക്ഷയിൽ മാർക്ക് കുറഞ്ഞാൽ നിന്നെ ഞാൻ ശരിപ്പെടുത്തുന്നതാണ്. കാണിച്ചേ, നിന്റെ ആ കുന്ത്രാണ്ടം!'. അമ്മ അവനെ ശകാരിച്ചുകൊണ്ട് കൈയിൽ നിന്നും ഓട്ടോഗ്രാഫ് പിടിച്ചുവാങ്ങി. 'ദയവുചെയ്ത്, അത് കൊണ്ടുപോവല്ലേ... ഞാനിതു വായിച്ച് ഉടൻതന്നെ പഠിച്ചോളാം,' വിവേക് കെഞ്ചി. 'അത് ശരിയാവില്ല. നിന്റെ വിലപ്പെട്ട സമയമാണ് നീ കളയുന്നത്. ഇത് ഞാൻ പിന്നെ തരാം. പരീക്ഷ കഴിഞ്ഞും നിനക്കിത് വായിക്കാമല്ലോ. ഇതെങ്ങോട്ടും പോകില്ല,' അമ്മ കട്ടായം പറഞ്ഞു, ഓട്ടോഗ്രാഫുമായി പോയി. വിവേക് വളരെ വിഷമത്തോടെയാണ് ആ പോക്ക് നോക്കി നിന്നത്. 'ഓട്ടോഗ്രാഫ് പിന്നെയും വായിക്കാമല്ലോ.' ഇപ്പോൾ അമ്മ പറഞ്ഞതുപോലെ പഠിക്കാം എന്ന് ചിന്തിച്ചുകൊണ്ട് അവൻ നാളേക്കുള്ളത് പഠിക്കുവാൻ ആരംഭിച്ചു. പിന്നീടവൻ പരീക്ഷ ചൂടിലായിരുന്നു, ഓട്ടോഗ്രാഫിന്റെ കാര്യം അവൻ മറന്നു പോയി. അവന്റെ അമ്മയും അതിനെപ്പറ്റി മറന്നിരുന്നു.

കാലം കടന്നുപോയി. വിവേകിന് ഇപ്പോൾ 25 വയസ്സായി. അവൻ ഒരു ബാങ്ക് ഉദ്യോഗസ്ഥനായി മാറിയിരിക്കുന്നു. അവനൊരു പുതിയ വീട് വെച്ചു. നാളെ അതിന്റെ

പാലുകാച്ചാണ്. സാധനങ്ങളെല്ലാം പുതിയ വീട്ടിലേക്ക് മാറ്റുകയാണ്. അവനും അവന്റെ അച്ഛനും അമ്മയും ഒരു കറുത്ത പഴഞ്ചൻ പെട്ടിയിലെ അച്ഛന്റെ പഴയ ഡയറികൾ എല്ലാം പരിശോധിക്കുകയായിരുന്നു അവൻ. പെട്ടെന്നാണ് അവനാ കാഴ്ച കണ്ടത്. ആദ്യം അത് എന്താണെന്ന് അവന് മനസ്സിലായില്ല, എന്നാൽ പിന്നീട് ആശ്ചര്യത്താൽ അവന്റെ കണ്ണുകൾ വിടർന്നു. അവൻ അമ്മയെ വിളിച്ചു വരുത്തി, 'അമ്മേ, ഇത് നിങ്ങൾ പണ്ട് എന്റെ കയ്യിൽ നിന്നു വാങ്ങി കൊണ്ടുപോയ ഓട്ടോഗ്രാഫല്ലേ? ഇത്രയും കാലമായിട്ടും എന്താണമേ എനിക്ക് ഇത് തരാതിരുന്നത്?'. 'അയ്യോ, ഞാൻ അത് മറന്നു പോയി, മോനെ... നിനക്കറിയില്ലേ, അമ്മയുടെ മറവി? നീ വേണ്ടേ

> 'എന്റെ മനസ്സിൽ നിന്റെ വെണ്ണ കൊണ്ടുള്ള ചാരുശില്പമുള്ളപ്പോൾ, എന്തിനാണീ ചിതലരിക്കുന്ന ഓട്ടോഗ്രാഫ് ?' ആ വരികൾ അവന് ഏറ്റവും ഹൃദ്യമായി തോന്നി.

ചോദിച്ചു വാങ്ങാൻ? അതെങ്ങനെ? പത്താം ക്ലാസ് കഴിഞ്ഞപ്പോൾ നിനക്കൊരു മൊബൈൽ കിട്ടിയില്ലേ? പിന്നെ അതായിരുന്നല്ലോ നിന്റെ ലോകം. അതീന്നൊന്ന് കണ്ണെടുത്താലല്ലേ? ഇതൊക്കെ ഓർമ്മ കാണൂ,' - അമ്മ. അമ്മയുടെ സ്ഥിരം പല്ലവി പറയാൻ തുടങ്ങിയപ്പോൾ, വിവേക് അമ്മയോട് ചോദിക്കാൻ തോന്നിയ നിമിഷത്തെ ശപിച്ചു. അവൻ ഓട്ടോഗ്രാഫിലെ ഓരോ പേജുകളായി മറക്കാൻ തുടങ്ങി. ചില പേജുകളിൽ ചിതൽ വന്നിട്ടുണ്ട്. പെട്ടെന്നാണ് അവന്റെ കണ്ണുകൾ ഈ വരിയിൽ തടഞ്ഞത്.

'എന്റെ മനസ്സിൽ നിന്റെ വെണ്ണ കൊണ്ടുള്ള ചാരുശില്പമുള്ളപ്പോൾ, എന്തിനാണീ ചിതലരിക്കുന്ന ഓട്ടോഗ്രാഫ്?'. ആ വരികൾ അവന് ഏറ്റവും ഹൃദ്യമായി തോന്നി. ആരാണത് എഴുതിയത് എന്ന് അറിയാൻ അവൻ ആകാംക്ഷയോടെ നോക്കി. അവന്റെ സഹപാഠിയായിരുന്ന വിനയയായിരുന്നത് എഴുതിയിരുന്നത്. ആ വരികൾക്ക് താഴെ പ്രണയാഭ്യർത്ഥന അവൾ നടത്തിയിട്ടുണ്ട്. ഈ ഓട്ടോഗ്രാഫ് കുറച്ചുമുമ്പ് കിട്ടിയിരുന്നെങ്കിൽ എന്ന് ആശിച്ചുപോയി വിവേക്. ഇതിപ്പോൾ സമയം വൈകി. കഴിഞ്ഞമാസമായിരുന്നു വിനയയുടെ കല്യാണം. അന്നപ്പോൾ താൻ അവളുടെ കണ്ണിൽ കണ്ട നിർവികാരത അവൾക്ക് തന്നോടുള്ള പ്രണയമായിരുന്നോ? അവന്റെ കണ്ണുകൾ നിറഞ്ഞു. ഓട്ടോഗ്രാഫിന്റെ പിന്നീടുള്ള പേജുകൾ മറിക്കാൻ കഴിയാത്ത വണ്ണം, ആ കൈവിരലുകൾ നിശ്ചലമായി.

ഒരു പാവപോലെ അവൻ നിമിഷങ്ങളോളം നിന്നുപോയി. ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി, ആ ഓട്ടോഗ്രാഫ് അച്ഛന്റെ കറുത്ത പെട്ടിയിൽ എന്നും നിലനിന്നു. അതിന് പറയാൻ ഒരു നഷ്ട പ്രണയത്തിന്റെ കഥയുണ്ടായിരുന്നു.



ലേഖനം



# ഫസീല
## പാടിത്തളരാതെ പറന്നകന്ന പൂങ്കുയിൽ



ഒ.എം. കരുവാരക്കുണ്ട്

മാപ്പിളപ്പാട്ടിന്റെ ഇശലുകൾക്ക് അനുയോജ്യമായ ചില പെൺ സ്വരങ്ങളുണ്ട്. സിനിമാ പിന്നണി ഗായികമാരിൽ എന്റെ രചനകൾ ഏറ്റവും കൂടുതൽ പാടിയത് ചിത്രയാണെങ്കിലും അതിലേറെ ഇശൽ പാട്ടുകളോട് ചേർന്നു നിൽക്കുന്ന സ്വരം സുജാതയുടേതാണെന്ന് ചിലപ്പോഴെങ്കിലും തോന്നിപ്പോയിട്ടുണ്ട്. 'പിരിശപുന്നാരെ യന്നാറ്റക്കരളെയീ ഖൽബൊന്നു കണ്ടോളീൻ' എന്നു തുടങ്ങുന്ന പാട്ട് എത്ര മനോഹ രമായിട്ടാണ് സുജാത പാടിയിരിക്കുന്നതെന്ന് ശ്രദ്ധിച്ചാൽ അതു കൃത്യമായി മനസ്സിലാകും. എന്നാൽ പേരെടുത്ത ഇശൽ പാട്ടുകാരിൽ മാപ്പിളത്തനിമക്ക് ഏറ്റവും അനുയോജ്യമായ സ്വരം ഏതെന്നു ചോദിച്ചാൽ ഒട്ടും ആലോചിക്കാതെ അതു വിളയിൽ ഫസീലയുടെ സ്വരമാണെന്ന് പറയാനാണ് എനിക്കിഷ്ടം. 'കിരികീരി ചെരുപ്പുമ്മൽ അണഞ്ഞുള്ള പുതു നാരി', 'ആമിനാ ബീവിയ്ക്കോമന മോനെ' തുടങ്ങിയ ഫസീലയുടെ ആദ്യകാല ആലാപനങ്ങൾ കേട്ടു തുടങ്ങിയതു മുതലേ അവരെ ഒന്നാം സ്ഥാനത്തു കാണാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. ഫസീലയുടെ സ്വതസിദ്ധമായ ആലാപന ശൈലിക്ക് പറഞ്ഞറിയിക്കാനാവാത്ത ഒരു മാസ്മരികതയുണ്ട്. ആ മാസ്മരികതയിൽ ലയിച്ചു ചേർന്നവരാണ് കേരളത്തിനകത്തും പുറത്തുമുള്ള മാപ്പിളപ്പാട്ടാസ്വാദകർ.

അറബി മലയാള ഗ്രന്ഥങ്ങളിൽ സബീനപ്പാട്ടുകളെന്ന പേരിൽ മാത്രം അറിയപ്പെട്ടിരുന്നതും വീടിന്റെ അകത്തളങ്ങളിൽ മാത്രം പാടി നിർവൃതിയടഞ്ഞിരുന്നതുമായ മാപ്പിളപ്പാട്ടിനെ പാട്ടിന്റെ ചട്ടവട്ടങ്ങളിലേ ക്കാവാഹിച്ച് ഹാർമോണിയവും തബ ലയുമടക്കമുള്ള വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ പാട്ടാസ്വാദകരിലേക്കെത്തി ക്കാനുള്ള ശ്രമത്തിനിടയിൽ വി.എം.കുട്ടി മാഷ് കണ്ടെടുത്ത പെൺ സ്വരം പിൽക്കാലത്ത് ഇശൽ സാമ്രാജ്യത്തിലെ രാജകുമാരിയായി മാറിയ കഥയാണ് വിളയിൽ ഫസീലക്ക് പറയുവാനുള്ളത്. മാപ്പിള ശീലുകൾ അതിന്റെ തനതു ശൈലിയിൽ അവതരിപ്പിക്കാനുള്ള ഫസീലയുടെ മിടുക്ക് ഈ രംഗത്തെ മറ്റൊരു ഗായികക്കും അവകാശ പ്പെടാനില്ലാത്തതാണ്. ഫസീലയുടെ ഏറ്റവും വലിയ കൈമുതൽ അവരുടെ നിഷ്ക്കളങ്കമായ പുഞ്ചിരിയും ഉള്ളിൽ നിന്നും ഊർന്നിറങ്ങുന്ന വിനയവുമായിരുന്നു. കുട്ടിക്കാലത്തു തന്നെ പ്രായത്തിൽ കവിഞ്ഞ പക്വതയും നേതൃപാടവവും ഫസീലയുടെ പ്രത്യേകതകളായിരുന്നു.

സാജിതയും ഇന്ദിരയുമടക്കമുള്ളവരോട് ഒരു ജേഷ്ഠ സഹോദരിയെപ്പോലെ ഓരോ കാര്യത്തിലും ഉപദേശങ്ങൾ നൽകുന്നത് പലപ്പോഴും നേരിട്ടു കാണാൻ അവസരം കിട്ടിയിട്ടുണ്ട്.

ആദ്യകാലത്ത് ഗ്രാമഫോൺ റിക്കാർഡുകളിലൂടെയായിരുന്നു മാപ്പിളപ്പാട്ടുകളുടെ രംഗപ്രവേശം. ഈ രംഗത്ത് അറിയപ്പെട്ട ഗായികാ ഗായകർക്കെല്ലാം സ്വന്തം പേരിലുള്ള ഗ്രാമഫോൺ റിക്കാർഡുകൾ ഉണ്ടായിരുന്നു. കെ.ജി സത്താർ, എസ്.എ.ജമീൽ, എം.എ. അസീസ്, വി.എം.കുട്ടി, എം.പി.ഉമ്മർ കുട്ടി, പീർ മുഹമ്മദ്, എ.വി.മുഹമ്മദ്, കെ.എസ്. മുഹമ്മദ് കുട്ടി, കെ.ടി.മുഹമ്മദ് കുട്ടി (ലിസ്റ്റ് അപൂർണ്ണം) തുടങ്ങിയ ജനമറിയുന്ന പാട്ടുകാരെല്ലാം അവരുടേതായ ഒന്നിൽ കൂടുതൽ റിക്കാർഡ് ഗാനങ്ങളുടെ പേരിൽ അറിയപ്പെട്ടവരാണ്. ഈ പാട്ടുകാരുടെയെല്ലാം മുൻ നിരയിൽ ഒട്ടധികം ഹിറ്റു ഗാനങ്ങളുമായി ഇടം പിടിച്ച ഗായികയായിരുന്നു വിളയിൽ ഫസീല. അതിന്റെ പിന്നിൽ വി.എം.കുട്ടിയെന്ന ഗുരുനാഥൻ വഴികാട്ടിയായി ഒപ്പമുണ്ടായിരുന്നു എന്ന സത്യം വിസ്മരിക്കുന്നില്ല. അതോടൊപ്പം രചനയിലും സംഗീത സംവിധാനത്തിലും കഴിവും മികവും തെളിയിച്ച ഒരു പറ്റം പ്രതിഭകൾ ഫസീലയോടൊപ്പമുണ്ടായിരുന്നു എന്നു കൂടി ചേർത്തുവായിക്കണം. പി.ടി. അബ്ദുറഹ്മാൻ, ചാന്ദ് പാഷ, ബാപ്പു വെള്ളിപറമ്പ്, കോഴിക്കോട് അബൂബക്കർ, പി.എ. ഖാദർ, വടകര കൃഷ്ണദാസ്, ഹസൻ നെടിയനാട്, കെ.എസ്. ഖാദർ തുടങ്ങിയവരുടെ രചനയും ഈണമിടലും കൊണ്ട് അതൃപ്പം നിറച്ച പാട്ടുകളായിരുന്നു. ഈ ഗായികയെ കാത്തിരുന്നത്. പി.ടി.യുടെ 'ഖല്ലാഖായുള്ളോനെ, നിന്റെരിളാക്കെന്റെ' എന്ന പാട്ട് ഫസീല പാടുമ്പോൾ അതിലെ ഭക്തി സാന്ദ്രത എത്രമാത്രമുണ്ടെന്ന് പറയാനാവില്ല. 'പേർഷ്യയിലേക്കെന്നുരത്ത് പോയതാണന്നെന്റെ മുത്ത്' എന്നു തുടങ്ങുന്ന ബാപ്പു വെള്ളിപറമ്പിന്റെ പാട്ടിലെ വിരഹാതുരയായ കുടുംബിനിയുടെ മനസ്സ് അതേ പടി പാടി ഫലിപ്പിക്കാൻ ഫസീലക്കല്ലാതെ മറ്റാർക്കു കഴിയും. 'മൊയ് ചൊല്ലുമെന്നെന്നോടോതിയ നേരം ഞാനെ, മാഞ്ഞാള വാക്കാണതെന്നു കരുതി തേനേ'. അപ്രതീക്ഷിതമായി വിവാഹമോചനക്കത്ത് കയ്യിൽ കിട്ടുന്ന ഒരു മാപ്പിളപ്പെണ്ണിന്റെ മനോദുഃഖം കടലാസിലേക്ക് പകർത്തുമ്പോൾ ഫസീല ഇത്രയധികം ഭംഗിയായി ആ ഗാനം പാടി അനുഭവിപ്പിക്കുമെന്ന് ഞാനുമോർത്തിരുന്നില്ല. വി.എം.കുട്ടി മാഷിന്റെ 'ഹജ്ജിന്റെ രാവിൽ ഞാൻ കഅബം കിനാവു കണ്ടു' എന്ന വരികളുടെ മനോഹാരിതക്ക് അൽപം പോലും കോട്ടം തട്ടാതെയുള്ള ഫസീലയുടെ ആലാപന മധുരം ആർക്കാണ് മറക്കാനാവുക?. പി.എ. ഖാദറിന്റെ 'ഫിർദൗസിലടുക്കുമ്പോൾ കത്തിയുദിത്തൊരു ചിത്തിര മുത്തൊളി' എന്ന പാട്ടിലൂടെ ഫസീലയുടെ ആലാപന മികവ് ചലച്ചിത്രാസ്വാദകരും കേട്ടറിഞ്ഞതാണ്. അതേ, ഫസീലയുടെ ഓരോ പാട്ടും ആത്മാവിന് ആവാച്യമായ അനുഭൂതി പകരുന്നതായിരുന്നു. മാപ്പിളപ്പാട്ടിന്റെ നഭസ്സിലെ വെള്ളിനക്ഷത്രം എന്നു വിശേഷിപ്പിക്കപ്പെട്ട വിളയിൽ ഫസീലയുടെ ജീവിതം തന്നെ പാട്ടിനു വേണ്ടി ഉഴിഞ്ഞുവെക്കപ്പെട്ടതായിരുന്നു. ഒരു കാലത്ത് ഫിലിം സ്റ്റാറുകളെപ്പോലെയായിരുന്നു ആസ്വാദകർ മാപ്പിളപ്പാട്ടുകാരെ കണ്ടിരുന്നത്. സിനിമാ നടൻമാരെയും നടികളേയും നേരിട്ടു കാണുമ്പോഴുള്ള അതേ ആവേശം തന്നെയാണ് വിളയിൽ ഫസീലയെപ്പോലെയുള്ള പാട്ടുകാരെ അടുത്തു കാണുമ്പോഴും ജനത്തിനുണ്ടായിരുന്നത്. പ്രൗഢവും ജനസാന്ദ്രവുമായ അനേകം വേദികളിൽ പങ്കെടുക്കാനും ഇശലുകൾ പാടി ജന ലക്ഷങ്ങളെ ആനന്ദത്തിലാറാടിക്കാനും ഫസീലക്ക് സാധിച്ചിട്ടുണ്ട്. കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമെല്ലാം തന്റെ നാദ സൗഭാഗ്യവുമായി ഈ ഗായിക എത്തിയിട്ടുണ്ട്. എങ്കിലും ഒരിക്കൽപോലും അഹങ്കാരത്തിന്റെ നേരിയ ലാഞ്ചനപോലും അവരിൽ ഒരാളും കണ്ടെത്തിയിട്ടില്ല. അതേ, തന്റെ വശ്യമനോഹരമായ ശബ്ദ സൗകുമാര്യം കൊണ്ട് പാട്ടു പാടി പാട്ടിലാക്കിയ പൂങ്കുയിൽ പാടിവെച്ച പാട്ടുകൾ ബാക്കിയാക്കി പാടിപ്പാടി തളരാതെ സ്വർഗീയപ്പൂങ്കാവിവിലേക്ക് പാറിയകന്നിരിക്കുകയാണ്.

കവിത



ഫാത്തിമത്ത് ഷംന
ബി.എ. സോഷ്യോളജി

# ആരാണ് ഞാൻ..?

ഒരു നീണ്ട നിദ്രവിട്ടുണർന്നു ഞാൻ,
കഴിഞ്ഞ നിമിഷമെന്തെന്നറിയാതെ.
എൻ കാലടികൾ പോലും നിശബ്ദം,
അപരിചിതർ ചിലർ ദയനീയതയോടെ നോക്കുന്നു.

പരിചിതരോ പരിചയ ഭാവം നടിച്ചുമില്ല,
വീടണയണമെന്ന ചിന്തയോടെ
വേഗം നടന്നു ഞാൻ,
ചേക്കേറാൻ തിടുക്കം കൂട്ടുന്ന പക്ഷിയെ പോലെ.

വീട്, ആൾക്കൂട്ടം,
എള്ളിന്റെയും ചന്ദനത്തിരിയുടെയും
മൗനം നിറഞ്ഞ ഗന്ധം.
നടുമുറിയിൽ നാളികേരത്തിൽ തിരി കത്തുന്നു,
വാഴയിലയിൽ വെള്ള പുതച്ച ദേഹം.

എന്നിലെ സഹതാപം
ഒരുമാത്ര കൊണ്ടു ഞെട്ടലായ് മാറി,
അറിയാതെ നാവിൻ തുമ്പിൽ വന്നു,
'ദൈവമേ, ആ കിടക്കുന്നത് ഞാനല്ലേ?
അപ്പോൾ ഈ ഞാൻ ആര്?'



# ഭ്രൂണം

കഥ



**മുബീന പി.കെ.**
ബി.എ. സോഷ്യോളജി

'എന്താ ഏട്ടാ ഫോണടിച്ചിട്ട് എടുക്കാത്തെ, എത്ര തവണയായി വിളിക്കുന്നു ഞാൻ'

'നീ പിണങ്ങല്ലേ, കടയിൽ നല്ല തിരക്കായിരുന്നു. പോരാത്തതിന് ഭയങ്കര മഴയും കാറ്റും, നീ വിളിച്ചത് ഞാൻ കേട്ടില്ലായിരുന്നു. പറ...

'ഭക്ഷണമൊക്കെ കഴിച്ചോ?'

'മ് മ് മ്... ഏട്ടാ... പിന്നേയ്, കുറച്ച് ദിവസങ്ങളായിട്ട് എനിക്ക് നല്ല ക്ഷീണമുള്ളതായിട്ട് ഞാൻ പറഞ്ഞായിരുന്നില്ലേ... അമ്മയ്ക്കെന്തോ സംശയം തോന്നി ഇന്നലെ ഇവിടെയടുത്തൊരു ഡോക്ടറെ കാണിച്ചു, ഏട്ടാ...നമുക്കൊരു കുഞ്ഞുണ്ടാവാൻ പോവാണെന്ന് ഡോക്ടർ പറഞ്ഞു.'

ഇതു കേട്ട അഖിലിന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. രണ്ടാഴ്ചയായി സൗമ്യ അവളുടെ വീട്ടിലേക്ക് പോയിട്ട്. നാളെയവളെ കൂട്ടാൻ പോവാൻ തീരുമാനിച്ചതായിരുന്നു. ഇനിയിപ്പോ നാളത്തേക്ക് കാത്തു നിൽക്കാനുള്ള ക്ഷമയില്ല. വീട്ടിൽ വിളിച്ച് അമ്മേം അച്ഛനേം അറിയിക്കണം. കൂട്ടുകാർക്കെല്ലാം മധുരം കൊടുക്കണം. ഇനി പ്രസവം കഴിയാതെ അവളെ വീട്ടിലേക്ക് വിടുന്ന പ്രശ്നമില്ല. വേണ്ടതെല്ലാം അവൾക്ക് വാങ്ങി കൊടുക്കണം. അങ്ങനെ ഒരുപാടൊരുപാട് സ്വപ്നങ്ങളും നെയ്തുകൂട്ടി അവൻ അന്ന് തന്നെ അവളെ വീട്ടിലേക്ക് കൊണ്ടുവരാൻ പോയി.

'അഖിലേ... മോനെ, ഒരു മാസമെങ്കിലും ഇവിടെ നിർത്തിയിട്ട് മോളെ കൊണ്ട് പോയാൽ പോരെ.'

'എന്റെ അമ്മേ, അമ്മ ഇങ്ങനെ പറഞ്ഞാൽ എങ്ങനെ ശരിയാകും, ഇത്രയും ദിവസം തന്നെ എനിക്കവളെ കാണാതെയിരിക്കാൻ കഴിഞ്ഞിരുന്നില്ല, ഇനിയിപ്പോ തീരെയും'. അഖിലിന്റെ മറുപടി കേട്ട് അവൾക്ക് നാണം വന്നു.

കല്യാണം കഴിഞ്ഞ് മൂന്ന് മാസത്തിനിടക്ക് ഇപ്പോഴാണ് അവൾ വിരുന്നിന് വീട്ടിലേക്ക് എത്തിയത്. ഇനിയിപ്പോ അതിന്റെ കാര്യം തീരുമാനമായി. അമ്മയോടും അച്ഛനോടും അനിയത്തിയോടും യാത്ര പറഞ്ഞു അവളിറങ്ങിയപ്പോൾ യാത്രയാക്കാൻ, കണ്മറയുന്നത് വരെ അവർ നോക്കി നിൽപ്പുണ്ടായിരുന്നു.

'ഏട്ടാ... അമ്മയ്കാകെ സങ്കടായിട്ടുണ്ട്ട്ടോ, രണ്ടു മൂന്ന് ദിവസം കൂടി നിന്നിട്ട് പോന്നാ മതിയായിരുന്നു. ആ... ഇനി ഏഴാം മാസം അവര് കൂട്ടി കൊണ്ടുപോവാൻ വരുമല്ലോ...'

'പിന്നെ... നിന്നെ ഞാനിനി പ്രസവം കഴിയാതെ എങ്ങും വിടുന്നില്ല. നമ്മുടെ കുഞ്ഞിന്റെ ഓരോ വളർച്ചയും എനിക്ക് കാണണം.' അവൻ പറയുന്നത് കുറച്ചു കുശുമ്പോടെ അവൾ കേട്ടെങ്കിലും അവനെ വിട്ടു നൽകാൻ അവൾക്കും കഴിയില്ലായിരുന്നു. വെള്ളാർമല എത്തിയപ്പോഴേക്കും തോരാത്ത മഴയായിരുന്നു. മഴ കാരണം അഖിൽ രാത്രി കടയിൽ പോയില്ല. ഭക്ഷണം കഴിച്ച് അന്നവർ വൈകിയാണ് കിടന്നുറങ്ങിയത്. തങ്ങളുടെ പോന്നോമന യോടൊപ്പമുള്ള സുന്ദരനിമിഷങ്ങളും സ്വപ്നം കണ്ട് കിടന്നുറങ്ങിയ ആ ദമ്പതികൾ അന്ന് രാത്രി ചൂരൽ മലയിലുണ്ടായ ശക്തമായ മലവെള്ളപ്പാച്ചിലിൽ കുത്തിയൊലിച്ചു പോയി. മലവെള്ളം തുടച്ചു കൊണ്ടു വന്ന കൂറ്റൻ പാറക്കല്ലുകളിലും പടുമരങ്ങൾക്കിടയിലും പെട്ട് അവർ ഞെരിഞ്ഞമർന്നു. ഒരുപാട് സ്വപ്നങ്ങളും ആഗ്രഹങ്ങളും ആ മണ്ണിൽ ബാക്കി വെച്ച് അവർ രണ്ടുപേരും യാത്രയായി. തന്റെ മാതാപിതാക്കളെയും ഈ ലോകത്തെയും കാണാനാനുവദിക്കാതെ ആ ഭ്രൂണത്തെയും ഉരുളെടുത്തുകൊണ്ടുപോയി.



**ഹുസ്ന ബാനു എം.ടി.**
എം.എ. ഇംഗ്ലീഷ്

# കീറിയ പാന്റ്



ഉടുത്തു നടന്നൊരു കാലമതെന്നും
ഉന്നതമായ ഒരു നേരം.
വേളിയെടുത്തു ഉടുത്തൊരു പെണ്ണിനെ
കാൺകേകാണാം തൻ പുരുഷന്.

ഉടലിൽ ചുറ്റിയ ഊശയിൽ
നൂലൂവലിഞ്ഞു കിടപ്പോ അയ്യോ..
മാള മാതാളങ്ങൾ മന്ദസിച്ചീടുന്ന
ഒരു നൂൽപരുവം.

കീറിയതാണേ അയ്യോ! അവനൊരു അയ്യോ പാവം.
മുറിച്ച് തിരിച്ച് തേച്ചു പിടിച്ചാൽ നാലണ.
ഉടുത്തു ഉണങ്ങി ഉരുളും പെണ്ണിന്
പാട കോലം വീറും ഈ വീര്യം.

കാലമാം താളം കേറി വരുന്നു
കോലത്തിൽ ഇലകൾ പറിച്ചു നടന്നു.
വേരിളകിയ ആൽമരമല്ലോ വീഴുന്നുണ്ണി മാറിക്കോ.
കാണാം കണ്ടിടാം കാണിക്കുന്നുണ്ട് കീറിയ പാന്റ്,
ഓട്ടയിലായി കീശയില്ലാത്ത മുറിയൻ പാന്റ്.
നാണിച്ച മാമന്റെ കാലത്തെ മക്കൾ മോഹിച്ചു
ഇന്നത്തെ കീറിയ കോലത്തെ...
ദേഹ സുന്ദരം തുളുമ്പു രസങ്ങൾ വീശിയടിപ്പു തോളിൽ....

നാണം തോന്നിയ കാലം വിട്ടു,
കോലം വിട്ടൊരു നാണവും ഇല്ല.
എന്തൊരു ഗതിയിത്! കീറിയ പാന്റ്.



**ഫഹ്മിദ എൻ.**
ബി.എ. ഇംഗ്ലീഷ്

# വാക്കുകൾ:

## ജീവിതത്തിന്റെ തകർച്ചയും, കരുത്തും.



ജീവിതം, ഓരോരുത്തരുടെയും അനുഭവങ്ങൾ കൊണ്ടാണ് തീരുമാനിക്കുന്നത് . ആ അനുഭവങ്ങളിലൂടെ നമ്മളെ മാറ്റി മറിക്കുന്ന ഒന്നാണ് നമുക്കു ചുറ്റുമുള്ളവരുടെ വാക്കുകൾ. 'നീയൊന്നിനും കൊള്ളില്ല' എന്നൊരു വാക്കിന്റെ ആഘാതം എത്രമാത്രം ശക്തമായതാവാം? എത്രമാത്രം മനുഷ്യരെ മാറ്റിമറിക്കാൻ കഴിയുന്നുവോ, അത്രത്തോളം ഓരോ വാക്കിനും ശക്തിയുണ്ട്.

നമ്മളെല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാണ്. ഓരോരുത്തരും വ്യത്യസ്തങ്ങളാണ്, ഓരോരുത്തരുടെയും യാത്രയും അവസ്ഥയും തികച്ചും വ്യത്യസ്തമാണ്. ഈ ഭവനത്തിൽ നമ്മൾ വന്നപ്പോൾ തന്നെ, നമ്മളിൽ ഓരോരുത്തരും എന്തോ ഒരു ബോധ്യമില്ലാത്ത ദൗത്യം നിറവേറ്റാൻ വന്നവരാണെന്ന് ദൈവം തന്നെയാണ് വിധിച്ചത്. പക്ഷേ, അങ്ങനെ തോന്നാതിരുന്ന ചിലർ, മറ്റ് മനുഷ്യരുടെ മനസ്സുകളെ തകർത്ത്, അവരിൽ ആത്മവിശ്വാസം നശിപ്പിക്കാൻ കഴിയുന്ന വിധത്തിൽ സംസാരിക്കാൻ ചെറുതല്ലാത്ത ശ്രമങ്ങൾ നടത്താറുണ്ട്.

മനസ്സിന്റെ വേദനയ്ക്കു കാരണമാവുന്ന വാക്കുകൾ ഉപയോഗിക്കുന്നത്, പ്രത്യേകിച്ചും കുട്ടികളോട്, വളരെ അപകടകരമാണ്. ഒരാൾ 'നീയൊന്നിനും കൊള്ളില്ല' എന്ന് പറഞ്ഞു, അവന്റെ ആത്മാവിനെ തകർക്കുമ്പോൾ, നാളിതുവരെ സ്വപ്നം കാണാൻ തുടങ്ങിയില്ലെങ്കിൽ പോലും, ആ വ്യക്തി അത് വേരോടെ ഉപേക്ഷിക്കാനിടയാവും. ഈ വാക്കുകൾ ഓരോരുത്തരുടേയും സ്വപ്നങ്ങളെ തകർക്കാനും, അവരുടെ ജീവിതത്തിൽ ഒരായിരം പരാജയങ്ങൾക്കും കാരണമാവുന്ന അത്ര ശക്തിയുള്ളവയാണ്.

സജീവ് തന്റെ ഫോൺ റിംഗ് ചെയ്യുന്ന ശബ്ദം കേട്ട് ക്ലാസ്സ് നിറുത്തി. ശേഷം ഫോൺ ഒന്ന് എടുത്തു നോക്കി അടുത്ത സ്ഥലത്തേക്ക് പോകേണ്ട സമയമായിരിക്കുന്നു. അദ്ദേഹം തന്റെ ക്ലാസ്സിന് വിരാമം കുറിച്ചു. ഫോണെടുത്തു പെട്ടന്നു എത്താമെന്ന് പറഞ്ഞു കട്ട് ചെയ്തു. കാർ വലിയ സ്പീഡിൽ അടുത്ത സങ്കേതത്തിലേക്ക് കുതിച്ചു. തിരക്ക് പിടിച്ച ഒരു മോട്ടിവേറ്റർ സ്പീക്കർ ആണ് ഇന്നവൻ. കാറിലിരുന്ന് കഴിഞ്ഞ് ക്ലാസ്സിനെ

കുറിച്ച് അവൻ ചിന്തിച്ചു എന്തു കൊണ്ട് എനിക്ക് അങ്ങനെ പറയാൻ തോന്നി?. ഉത്തരം അവന്റെ ഭൂതകാലത്തേക്ക് എത്തിച്ചു.

എന്റെ ജീവിതത്തിൽ ഈ വാക്കുകൾ എങ്ങനെയാണ് കടന്നുവന്നത്, ഞാൻ എന്തൊക്കെയാണ് അനുഭവിച്ചത്, എല്ലാം ഓർമവന്നു. പ്രീ ഡിഗ്രി പഠിക്കുന്ന കാലയളവിൽ, ഞങ്ങളുടെ കുടുംബം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ പോവുകയായിരുന്നു. അച്ഛന്റെ മരണം എന്റെ കുടുംബത്തിന്റെ സന്തോഷം കുറച്ചു. ഒരു സാധാരണ ചുമട്ടുതൊഴിലാളിയായിരുന്ന അച്ഛൻ, വീട്ടിൽ നിന്ന് വേർപെടുമ്പോൾ, ഒരു വരുമാനം ഇല്ലാതായ ഞങ്ങളുടെ ജീവിതം തകർന്നു. അമ്മയുടെ വീട്ടുജോലിയാണ് ഏക ആശ്രയം, വലിയ ചുമതലയായി ചേച്ചിയുടെ വിവാഹകാര്യവും.

ദിനംപ്രതി അമ്മ ജോലിയിൽ നിന്ന് തിരിച്ചു വരുമ്പോൾ എത്രത്തോളം തളർന്നിരുന്നുവോ, അത്രത്തോളം എന്റെ മനസ്സും തളർന്നു. ഒരു ദിവസം, ഞാൻ കേട്ട ആ വാക്കുകൾ എന്റെ ജീവിതത്തിലെ തിരിച്ചുപിടിക്കാനാവാത്ത നിമിഷങ്ങളായിരുന്നു. 'ഇവനെ കൊണ്ട് ഒന്നിനും കൊള്ളില്ല.' അമ്മയുടെ വായിൽ നിന്നുണ്ടായ ഈ വാക്കുകൾ എനിക്ക് ഹൃദയഭേദകമായിരുന്നു. ആ നിമിഷം ഞാൻ എത്രത്തോളം തകർന്നുപോയെന്നു പോലും പറഞ്ഞറിയിക്കാൻ വയ്യ. എന്നാൽ, ആ വാക്കുകൾക്കു മറുപടി നൽകേണ്ടത് ആവശ്യമാണ് എന്നൊരു പ്രതിജ്ഞയോടെ ഞാൻ ജീവിതം തിരിച്ചുപിടിച്ചു. വീട്ടിൽ നിന്നും പുറത്ത് പോയി, ചെറിയ ജോലി തുടങ്ങി, കൂടെ പഠനവും തുടരാൻ ശ്രമിച്ചു. പ്രിയപ്പെട്ട അമ്മയ്ക്കായി പകുതി കൂലി നൽകുകയും, പഠനത്തിന് പണം കണ്ടെത്തുകയും ചെയ്തു. കുറച്ചു കാലത്തിനുള്ളിൽ, സ്ഥിരം ജോലിയുണ്ടാക്കി, രാത്രി ജോലിയും പകൽ പഠനവും എന്ന രീതിയിൽ ഞാൻ മുന്നോട്ട് പോയി.

ഒരു ദിവസം, നമ്മുടെ കോളേജിൽ എത്തിയ മോട്ടിവേറ്റർ സ്പീക്കർ, തന്റെ ക്ലാസിലൂടെ, എനിക്ക് സ്വപ്നം നൽകുകയും, പ്രയത്നിക്കാൻ ഉണർത്തുകയും ചെയ്തു.

ആ പ്രചോദനത്തിന് പിറകെ ഞാൻ ഒരു മോട്ടിവേറ്ററായി തീരണമെന്ന് തീരുമാനിച്ചു. എത്ര കഷ്ടപ്പെട്ടാലും, എത്ര പ്രശ്നങ്ങൾ വന്നാലും, അതിലൊന്നും തളരാതെ ഞാൻ എന്റെ ലക്ഷ്യത്തിലേക്കു നീങ്ങി. അങ്ങനെ, വർഷങ്ങൾക്കു ശേഷം, എന്റെ സ്വപ്നം

> വാക്കുകൾക്കുള്ള ശക്തി ഇരട്ടമുഖമുള്ളതാണ്. അവ നിങ്ങളെ ഉയർത്താനും, താഴെയിട്ട് തകർക്കാനും കഴിവുള്ളവയാണ്.

സഫലമായി. ജോലി കണ്ടെത്തുകയും, ചേച്ചിയെ നല്ലൊരാളുടെ കൈയിൽ ഏൽപിക്കുകയും, അമ്മയെ ജോലിയിൽ നിന്ന് വിടുതലാക്കുകയും, എന്റെ ജീവിതത്തെ ഒരു വിജയത്തിന്റെ പുതിയ സപര്യയാക്കി തീർക്കുകയും ചെയ്തു. എന്നാൽ, ഇതിൽ നിന്ന് എനിക്ക് ലഭിച്ച ഏറ്റവും വലിയ പാഠം മറ്റൊന്നാണ്. 'നീയൊന്നിനും കൊള്ളില്ല' എന്നവകാശപ്പെടുന്ന മറ്റുള്ളവരുടെ വാക്കുകളാണ് ഇന്നെനിക്കു ഈ നിലയിൽ എത്തിച്ചതെങ്കിൽ, ഒരു നല്ല വാക്കും പ്രചോദനവും മറ്റുള്ളവരെ എത്രത്തോളം ഉയർത്തുമെന്നാണ് നാം ആലോചിക്കേണ്ടത്.

വാക്കുകൾക്കുള്ള ശക്തി ഇരട്ടമുഖമുള്ളതാണ്. അവ നിങ്ങളെ ഉയർത്താനും, താഴെയിട്ട് തകർക്കാനും കഴിവുള്ളവയാണ്. അതിനാൽ, കുട്ടികളോട് മാത്രമല്ല, എല്ലാ മനുഷ്യരോടും സൗമ്യതയോടും സ്നേഹത്തോടും കൂടിയാണ് നമ്മൾ സംസാരിക്കേണ്ടത്. അവരുടെ മനസ്സിൽ ആശങ്കകൾ വിതയ്ക്കാതെ, ഓരോ സ്വപ്നത്തിനും പിറകിൽ ഓടിപ്പിടിക്കാൻ പ്രചോദനം നൽകുന്നത് നമ്മുടെ ബാധ്യതയാണ്. മനസ്സിന്റെ വേദനയിലും, നശിപ്പിക്കുന്ന വാക്കുകൾക്കും അതീതമായി ഉയർന്ന് നിൽക്കുന്നവരാവണം നമ്മളെല്ലാവരും.

# ഇരുട്ടിലെ നിഴൽ



ഷൗബ
എം.എ. ഇംഗ്ലീഷ്

പച്ച വർണ്ണം പാകിയ പടർന്ന് പന്തലിച്ച താഴ്‌വാരം
ഒരിക്കലും വറ്റാത്ത വെള്ളച്ചാട്ടങ്ങൾ
വസന്തമാകട്ടെ, ശിശിരമാകട്ടെ, വേനലാകട്ടെ,
എന്നും കുളിർമ നിറഞ്ഞ അനശ്വര ഗ്രാമം.

സൗഹൃദങ്ങളും പിണക്കങ്ങളും
ഒത്തുചേർന്ന സ്വർഗീയ ഗ്രാമം
ഒത്തിരിയേറെ ചെറുവികൃതിയാൽ
പ്രകൃതി ആ ഗ്രാമത്തെ, ഇരുട്ടിലെ നിഴൽ പോലെ
കാലൻ ഇല്ലായ്മ ചെയ്യവേ
കലർപ്പില്ലാത്ത ഒരു കൂട്ടം ജനങ്ങളുടെ ജീവിതാഭിലാഷങ്ങൾ
ഒറ്റ രാത്രിയിൽ അസ്തമിക്കവേ.

ശാന്തതയിൽ ഉടലെടുത്ത ആ മഴ
വിധിയുടെ വിളയാട്ടം മൂലം
ജ്വലിച്ചു നിൽക്കുന്ന സൂര്യനേക്കാൾ ശക്തിയോടെ
അവരെ റാഞ്ചി കൊണ്ടുപോയത്
പ്രതീക്ഷകളില്ലാത്ത ലോകത്തേക്ക്.

പ്രപഞ്ചത്തിലെ എല്ലാ ജീവനും കൊഴിഞ്ഞുപോകും
അത് കാറ്റുപോൽ സത്യമാണ്
അവിടെയും അധികാരത്തിന്റെ വിത്ത് പാകിയാൽ
അതിനെയും ഇരുട്ടിലെ നിഴൽ അഗ്നിക്കിരയാക്കും



കവിത

# ഭാവി



**ദിൽന പി.കെ.**
ബി.എ. ഇംഗ്ലീഷ്

എന്തോ, കളിച്ചിരുന്ന കാലം ഓർത്തില്ല,
അതിനൊന്നും നേരം കിട്ടിയതുമില്ല.
അന്നാണ് ആർത്തുല്ലസിച്ചത് പിന്നെയും,
എന്നാൽ ഇന്ന്.......

എന്തോ നാളെ എന്ന് കേൾക്കുമ്പോൾ,
നെഞ്ചിൽ പടർന്നു പിടയുന്നു,
കൈകളും കാലുകളും വിറയ്ക്കുന്നു.

നാളത്തെ പ്രത്യാശ എന്നെ
വിറപ്പിക്കുന്നു.
ഭാവിയെക്കുറിച്ചുള്ള ഭയമോ
എന്നെ ഒന്നുമല്ലാതാക്കി.

കാലം പറഞ്ഞു:
'കാത്തിരിക്കേണ്ട,
ഉയരുന്നു, നിന്റെ ഭാവിക്കായി
നീയാകും നിന്റെ അക്ഷയപാത്രം.'

ഓരോ ദിനങ്ങൾ നീങ്ങുമ്പോഴും,
നല്ലൊരു നാളേക്കായി,
ഈ ഇരുണ്ട ലോകത്ത്,
ദ്രവിച്ച മനസ്സിന്റെ
ഭ്രാന്തമായ വിരസതയിൽ,
ഒന്നും ഉൾക്കൊള്ളാനാവാതെ,
എന്തോ ഞാൻ മാത്രം
ആത്മസംതൃപ്തിയടഞ്ഞു.

# ഒറ്റക്ക്



**ശിഫ മോൾ പി.**
ബി.എ. സോഷ്യോളജി

'ഇവിടെ മൊത്തം ഇരുട്ടാണല്ലോ, ആരെയും കാണാനും ഇല്ല. എനിക്ക് എന്താ അനങ്ങാൻ കഴിയാത്തത് ?' അവൻ കുറെ ശ്രമിച്ചു. എന്താ സംഭവം എന്ന് അറിയാതെ അവൻ ചുറ്റും നോക്കി. 'എല്ലാം പൊളിഞ്ഞു കിടപ്പാണല്ലോ...' അവൻ സ്വയം പറഞ്ഞു. 'നല്ല വേദന എടുക്കുന്നു. ഉമ്മ എവിടെയാവോ? ആരുടെയും ബഹളവും കേൾക്കാനില്ലല്ലോ? ആരേലും ഉണ്ടോ?' അവൻ ഉറക്കെ വിളിച്ചു ചോദിച്ചു. ആരെയും കാണാനില്ലാത്തതുകൊണ്ട് അവൻ സ്വയം രക്ഷപ്പെടാൻ ശ്രമിച്ചു. ഏറെ നേരത്തെ പരിശ്രമത്തിനൊടുവിൽ അവന് കുറച്ച് ആശ്വാസം ലഭിച്ചു. പിന്നീട് അവൻ കഴിയുന്നതുപോലെയെല്ലാം എണീറ്റ് നിന്നു ചുറ്റും നോക്കി 'ആരും കാണാനില്ലല്ലോ?' നേരം തെളിഞ്ഞു വരുന്നേയുള്ളൂ ആ മങ്ങിയ വെളിച്ചത്തിൽ അവൻ ചുറ്റും നോക്കി 'എല്ലാം തകർന്നിട്ടുണ്ടല്ലോ! എല്ലാവരും എവിടെ ഉമ്മ അനിയത്തി എവിടെ എല്ലാവരും!



'ഓലൊക്കെ ഒറ്റക്കാക്കി പോയോ?' കുറച്ചു മുന്നോട്ട് നടന്നശേഷം 'ഇനി അവിടെ ഉണ്ടാകോ?' അവൻ ഒന്ന് ചിന്തിച്ചു. നിലവിളിയും സംസാരവും കേൾക്കുന്നുണ്ട്. ആളുകളെല്ലാം എല്ലാവരെയും രക്ഷിക്കുന്നതിന്റെ തിരക്കിലാണ് 'ആ നിൽക്കുന്ന കൂട്ടത്തിൽ എല്ലാവരും ഉണ്ടാവണേ' എന്ന് അവൻ പ്രാർത്ഥിച്ചു. അവരുടെയെല്ലാം മുഖങ്ങളിലേക്ക് മാറിമാറി നോക്കി അവൻ പരിചയമുള്ള ഒരു മുഖവും അവൻ കണ്ടില്ല എന്ത് ചെയ്യണം എന്നറിയാതെ അവൻ അവിടെ നിന്ന് കുറെ വട്ടം തിരിഞ്ഞു. 'നീയെന്താ ഇവിടെ ഒറ്റക്ക് നിൽക്കുന്നെ. അങ്ങോട്ട് പോകാം എല്ലാവരും അവിടെയുണ്ട്'. കൂട്ടത്തിൽ ഒരാൾ വന്ന് അവനോട് പറഞ്ഞു അവൻ ഒരു ആവലാതിയോടെ 'എല്ലാവരും?' എന്ന് ചോദിച്ചു അതിന് അയാൾ പ്രത്യേകിച്ച് ഭാവഭേദങ്ങളൊന്നുമില്ലാതെ മങ്ങിയ മുഖത്തോടെ ചെറുതായി പുഞ്ചിരിച്ചു. അവൻ അയാളുടെ കൂടെ ക്യാമ്പിലേക്ക് നടന്നു. കുറച്ച് വേവലാതിയോടെ ചുറ്റും നോക്കി എല്ലാവരും ആർക്കൊക്കെയോ വേണ്ടിയുള്ള തിരച്ചിലാണ്. ആരാണെന്നോ എന്താണെന്നോ ഒന്നും അറിയാതെ കുറെ പേർ കരഞ്ഞ് അവശരായിട്ടുണ്ട്. കുറെ പേർ അവരുടെ പ്രിയപ്പെട്ടവരെ ഒരു നോക്കു കാണാൻ വെമ്പൽ കൂട്ടുകയാണ് തകർന്നടിഞ്ഞ കുറെ വീടുകളും കുറെ കല്ലുകളും മര കഷണങ്ങളും മാത്രം. ഓരോരുത്തരെ പെറുക്കിയെടുത്ത് കൊണ്ടുപോകുന്നുണ്ട്. ക്യാമ്പിൽ എത്തിയ അവനെ അയാൾ ഫസ്റ്റ് എയ്ഡിനായി കൊണ്ടുപോയി ഇരുത്തി, ദേഹത്ത് അങ്ങിങ്ങായി മുറിവുകളും അതിൽ നിന്ന് ചോരയും ഒലിക്കുന്നുണ്ട്.അവന് വേദന യൊന്നും അനുഭവപ്പെടുന്നില്ല തനിക്ക് ചുറ്റും എന്തൊക്കെയാണ്? എല്ലാവരും എന്തിനാണ് ഇങ്ങനെ കരയുന്നത്? ആളുകൾ കരഞ്ഞു തളർന്നിട്ടുണ്ട് കുറെ ആളുകൾ ഉണ്ട് ആരാണെന്നോ എന്താണെന്നോ ഒന്നുമറിയില്ലെ യന്നവൻ ചിന്തിച്ചു. ഒടുവിൽ അയാൾ അവനോട് 'നിന്റെ കൂടെ ആരൊക്കെയുണ്ട്?' എന്ന് ചോദിച്ചു. 'എനിക്ക് ഒരു ഉമ്മയും അനിയത്തിയുമുണ്ട് അവരെ കാണാനില്ല' 'മോൻ പേടിക്കേണ്ട എല്ലാവരും വരും' എന്ന് പറഞ്ഞതോടെ അവൻ ചെറിയ പ്രതീക്ഷയിൽ പുഞ്ചിരിച്ചു അവൻ ക്യാമ്പിലെല്ലാം ചുറ്റി നടന്നു പരിചിതമായ ഏതെങ്കിലും മുഖം ഉണ്ടോ. ആരെയും കണ്ടില്ല അതിന്റെ നിരാശ അവന്റെ മുഖത്ത് നേരിയ തോതിൽ വന്നു പോയി 'എല്ലാവരും തിരക്കിലാണ് ആരും തന്നെ ശ്രദ്ധിക്കുന്നു പോലുമില്ല' എന്ന് അവൻ ചിന്തിച്ചു കുറേ ആളുകൾ മൃതദേഹങ്ങൾ എടുത്തുവരുന്നുണ്ട്. അവൻ അവിടെ പോയി നോക്കി 'വരുന്നവരാരും തന്നെ തനിക്ക് പരിചയമില്ല' അവൻ അക്ഷമയോടെ കാത്തിരുന്നു നേരം ഇരുട്ടി തുടങ്ങി അവൻ ഉമ്മയെ ഓർത്തു 'ഉമ്മാ....' എന്ന് അലറി. 'ഇപ്പൊ വരാം ഇതൊന്ന് കത്തിക്കട്ടെ ഒന്ന് സബൂറാക്കി' എന്ന് ഉമ്മ പറഞ്ഞു പേ ടിച്ച് കണ്ണിൽ നിന്നെല്ലാം നീർച്ചാലുകൾ തീർത്തു. മെഴുകുതിരി കത്തിച്ച് അവിടെ വെച്ച് ഉമ്മ അവന്റെ അരികിൽ പോയിരുന്നു. 'അയ്യേ ഉമ്മാന്റെ കുട്ടി പേടിച്ചോ വലിയ കുട്ടിയായില്ലേ എന്നിട്ടും ഇപ്പോഴും പേടിയോ അനക്ക്'. ഉമ്മ ഒരു ആക്കിയ ചിരിയോടെ ചോദിച്ചു 'ഞാൻ എവിടെ പോവാനാ ഞാൻ ഇവിടെ ഉണ്ട്' വാത്സല്യത്തോടെ അവന്റെ മുടിയിഴകളിലൂടെ തലോടിക്കൊണ്ട് ഉമ്മ പറഞ്ഞു. പെട്ടെന്ന് അവിടെ പ്രകാശം നിറഞ്ഞു. ഒരു ഞെട്ടലോടെ അവൻ ചിന്തയിൽ നിന്നുണർന്നു ഉമ്മ ഇതുവരെ വന്നില്ലല്ലോ എന്ന് പറഞ്ഞിട്ട് അവൻ പിന്നെയും കാത്തിരുന്നു, ദിവസങ്ങൾ കഴിഞ്ഞു. താൻ ഒറ്റക്കായോ എന്ന തോന്നലിൽ അവൻ അവരെ കാത്തിരുന്നു.



MUBASHIRA HANNA O M
B.Sc. PHYSICS

# Rahmatan lil Alamin:

## The Universal Mercy of Prophet Muhammad (PBUH)

Prophet Muhammad (PBUH) has brought with him a way of life which provides fundamentals for humans to develop a complete system of life. Muhammad (PBUH) is a messenger who has brought mercy and compassion to all people and the whole universe, an attribute described by Allah as *Rahmatan lil Alamin* (Mercy to all). The attribute could be manifested as a principle which must be emulated by all Muslims, that is to render, show, and radiate mercy to all. *Rahmatan lil Alamin* hence, could be understood as a set of principles which promote universal values of love and compassion among mankind as well as all God's creatures. It encompasses positive universal values which are not specifically meant to benefit Muslims only, but to all mankind and creatures. This underscores the assurance that Islam teaches its followers to live in peace, diversity, and harmony in this universe.

Prophet Muhammad (PBUH) taught us to be nice to others, and avoid hurting or oppressing others. The principle of *Rahmatan lil Alamin* stresses the need to eradicate hate and discrimination among people. The principle pointed out that religion, knowledge, and wisdom are essential bases that equip us with effective ways to relate to others in this world.

*It is a miracle of the Qur'an that no change has occurred in a single word, a single letter of the alphabet, a single punctuation mark, or a single diacritical mark in the text of the Qur'an during the last centuries till date.*

First, The Prophet (PBUH) has brought with him Deen al-Islam which is not a political ideology or a system of ritual activities but a complete way of life. There are Quranic verses and Hadith (behaviors and statements of the Prophet (PBUH)) which guide people on ways to be merciful and compassionate to others. Secondly, the Prophet (PBUH) has emphasized the importance of having knowledge in understanding the characteristics of people whom we need to relate to, deal with, or serve. The principle of *Rahmatan Lil Alamin* necessitates us to understand the people in our surroundings or know the local reality instead of adopting the knowledge and practices from other cultures when attempting to understand the characteristics of people in our context. This is important especially when we are designing certain programs to develop or improve their well-being. The program we design must be suitable with the local context, as long as it does not divert from the Islamic principles.




Thirdly, wisdom is crucial when dealing with others. It leads us to effectively deal with members in the society, organization, or family by using techniques which suit their backgrounds. This indicates the need to recognize the local wisdom, or work of local scholars whose knowledge, views and advice are instrumental in providing guidance and direction with regard to the local contexts.

The teachings and practices of prophet Muhammad (PBUH) is also mercy thou fiqh which is taken from Quran and sunnah which help his follower to peacefully follow it. "It is a miracle of the Qur'an that no change has occurred in a single word, a single letter of the alphabet, a single punctuation mark, or a single diacritical mark in the text of the Qur'an during the last centuries till date. sunnah which make rule more easier by four major Islamic law, also known as madhabs as a mercy to humankind. But humans are busy with unnecessary conversations which make their rules more complicated.

However it's clear prophet Muhammad (PBUH) is the messenger of allah and prophet Muhammad (PBUH) is a slave of allah. He is sent as a blessing to the whole universe. He has taught how to be a perfect person by his life.

# അടുക്കളയിൽ നിന്നും അടുക്കളയിലേക്ക്

കവിത



**നിബ ഫസൽ**
ബി.കോം. ഫിനാൻസ്

പ്രഭാതം,
അലാറത്തിന്റെ മുരടനക്കലിൽ
അടുക്കളപ്പാത്രങ്ങളുടെ കലമ്പൽ,
ഇല്ലാതണുപ്പിൻ കരിമ്പടം
വാരി പുതച്ച സദസ്സിന്റെ മനസ്സ്.

തിരക്ക്,
തിരക്ക്,
ചോറ്റുപാത്രങ്ങളുടെ ഘോഷയാത്ര,
സ്കൂൾ ബസ്സിന്റെ ശബ്ദവും
വെള്ളക്കുപ്പായത്തിന്റെ ചുളിവും.

പതിനാറര മുഴം ചേല
തിരക്ക്,
തിരക്ക്,
ഇഴയുന്ന വാഹനങ്ങൾ.

ഇഴയുന്ന കൈകൾ,
അരങ്ങിലേക്കുള്ള യാത്ര
ദുഷ്കരമായിരുന്നു.

വൈകി,
അരങ്ങുണർന്നു കഴിഞ്ഞു.
മേലാളന്റെ കങ്കാണി നോട്ടവും,
കടലാസു കൂനയുടെ ചത്ത നോട്ടവും,
പരദൂഷണത്തിന്റെ കറുത്ത നോട്ടവും,
പരാതിക്കാരന്റെ ദയനീയ നോട്ടവും,
നോട്ടങ്ങൾ ചുറ്റിലും കോട്ട കെട്ടുന്നു.
സഹതാപ വിശറികൾ
ആഞ്ഞു വീശുന്നു.

സമയം അഞ്ചുമണി.
അവൾ അരങ്ങുകളിൽ നിന്ന്
അടുക്കളയിലേക്ക് മടക്കയാത്രയാരംഭിക്കുന്നു.
യാത്രയുടെ അവസാനം,
കാത്തിരുന്ന സദസ്സ് ഒന്നിച്ചുയരുന്നു,
'ആഹാ! നിന്റെ പാചകം അത്രമേൽ ഉത്തമം!'

അപ്പോഴും അവർ,
ഇല്ലാലജ്ജയോടെ,
പെരുവിരൽ കൊണ്ടു
ചിത്രമെഴുതുന്നു.

എങ്കിലും, ഒരു ചോദ്യം ബാക്കി:
'നിനക്കെന്താ ഇവിടെ പണി?'

ഒരു ദിനം കൂടി
അന്ത്യത്തിലേക്ക് ഇഴഞ്ഞിഴഞ്ഞുനീങ്ങുന്നു.



കേരളമിന്നൊരു ഭ്രാന്താലയം
ഭ്രാന്തന്മാർ വാണിടും പ്രേതാലയം
കരയുന്നു വയനാടും തേങ്ങുന്ന മലപ്പുറവും
മിഴി ചിമ്മിയോ നമ്മൾ അവർക്ക് നേരെ.

പ്രകൃതിതൻ താണ്ഡവ നൃത്തം നാം കണ്ടു
പലതവണ അത് തൊട്ടറിഞ്ഞു എന്നിട്ടും പഠിച്ചില്ല.
ഓടുന്നു നമ്മൾ ഫ്ളാറ്റും വില്ലകളും കെട്ടിപ്പൊക്കാൻ.
ഓർത്തുപോകുന്നു ഞാൻ കേരളത്തെ,
ഞാൻ നെഞ്ചിലേറ്റിയ മലനാടിനെ
പാടവും പച്ചപ്പും തെങ്ങുകളും
പിന്നെ അരുവികളും പുഴകൾ തൻ കളകള നാദവും.

ഇല്ല ഇന്ന് കിളികൾ തൻകുറുകലും
പേരിനു പോലുമോയരുവിയില്ല എല്ലാം നിലച്ചുപോയി
എല്ലാം ഒടുങ്ങിപ്പോയി
കേവലം ബിൽഡിങ്ങും വില്ലകളുമായി എന്റെ കേരളം മാറിപ്പോയി

ഓർക്കുന്നു ഞാൻ ചെറു വേദനയോടെ
പുഴകളിൽ നീന്തി തുടിച്ച കാലം
കളിച്ചും ചിരിച്ചും പഠിച്ചും കൊണ്ടു
ഞാൻ ആർത്തുല്ലസിച്ചു നടന്ന കാലം.

കേരളം ഇന്നൊരു ഭ്രാന്താലയം
മാനവർ വസിക്കുന്ന പ്രേതാലയം
ഇന്നിതാ ഞാൻ വിഷമിക്കുന്നു.
ഞാൻ എന്റെ നാടിന്റെ ദുർവധിയോർത്ത്
ഓർക്കുന്നു ഞാൻ ഈ വേളയിൽ
എന്റെ കേരളത്തെ മാനവർ പിച്ചിച്ചീന്തിയ
എന്നുടെ സ്വന്തം മലനാടിനെ

ഹേ പ്രേതാലയത്തിലെ വാസികളെ
ചോദിക്കും നിന്നോട് പ്രകൃതി
എല്ലാത്തിനും അണപൊട്ടി ഒഴുകുന്ന
പേമാരിയായും മലപൊട്ടി വീഴുന്ന ഉരുൾ പൊട്ടലായും
ഓർക്കുക നീ പ്രകൃതി തൻ നാശം നിന്നുടെ നാശം.

# കേരളമെന്നൊരു ഭ്രാന്താലയം



**അഫ്രീദ ഫിസ**
എം.എ. ഇംഗ്ലീഷ്

ചെറുകഥ



ആഫീഫ
ബി.എ. ഇംഗ്ലീഷ്

# ജീവൻ

സിറ്റിയിലെ മെന്റൽ ഹോസ്പിറ്റലിൽ ഒരു മുറിയിലെ മൂലയിൽ ഒരു രൂപം മുഷിഞ്ഞു കീറിയ ഷർട്ടുമായി നിൽപ്പുണ്ട്. ആ വസ്ത്രം മാറ്റാൻ പോലും അയാൾ സമ്മതിക്കുന്നില്ല. അയാളുടെ കയ്യിൽ അയാളും ഒരു പെൺകുട്ടിയും നിൽക്കുന്ന ഒരു ഫോട്ടോ കാണാം. ഇടക്ക് അതിലേക്ക് നോക്കി പൊട്ടികരയും മറ്റ് ചിലപ്പോൾ പതിയെ ഗൗരി എന്ന് പറഞ്ഞു പിറുപിറുക്കും. അത് അയാളുടെ ഭാര്യ ആണെന്നും ഒരു ആക്സിഡന്റിൽ ഭാര്യ മരിക്കുന്നത് കൺമുന്നിൽ കണ്ട അദ്ദേഹത്തിന്റെ സമനില തെറ്റിയതാണെന്നും ആരോ പറയുന്നത് കേട്ടു. എനിക്കാമനുഷ്യനൊരു അത്ഭുതമായാണ് തോന്നിയത്. എല്ലാവരും ഭ്രാന്തൻ എന്നു വിളിക്കുന്ന അയാൾക്കുള്ളിൽ സ്നേഹിക്കാൻ മാത്രമറിയുന്ന ഒരു മനുഷ്യനുണ്ട്. എത്ര മനോഹരമായാണ് അയാൾ അവളെ സ്നേഹിക്കുന്നത്.

# കാത്തിരിപ്പ്

അച്ഛൻ ദൂരെ ഏതോ നാട്ടിൽ പോയത് മുതൽ കാത്തിരിപ്പാണ് അമ്മ. അച്ഛൻ വരുമ്പോൾ ഇഷ്ടമുള്ളത് ഉണ്ടാക്കി കൊടുക്കാൻ. വിളിക്കുമ്പോൾ വിശേഷങ്ങൾ സന്തോഷത്തോടെ പറഞ്ഞു കേൾപ്പിക്കാൻ. ഒരു ദിവസം എപ്പോഴോ വന്ന അപരിചിതമായ ഫോൺകോൾ അമ്മയുടെ ജീവിതം തന്നെ മാറ്റിമറിച്ചു. അച്ഛനും ലോറിയും മണ്ണിനടിയിൽ എവിടെ എന്നറിയില്ല. അച്ഛനു വേണ്ടിയുള്ള ഓരോ തിരച്ചിൽ നടക്കുമ്പോഴും പ്രതീക്ഷയോടെ കാത്തിരിക്കുന്ന അമ്മയെ കാണാം. ഒരൊറ്റ ദിവസത്തിൽ തന്നെ അമ്മ പകുതിയായത് പോലെ തോന്നി. അമ്മയുടെ പ്രാണനാണ് മണ്ണിനടിയിൽ. ലോകം മുഴുവനും അച്ഛൻ ജീവിച്ചിരിക്കാൻ സാധ്യത ഇല്ലെന്നു പറഞ്ഞിട്ടും അമ്മ കരഞ്ഞില്ല. കാരണം അമ്മയുടെ ഉള്ളിൽ അച്ഛൻ ജീവിച്ചിരിപ്പുണ്ട്. പിന്നെ യെങ്ങനെ അമ്മ കരയും. പ്രതീക്ഷ കൈവിടാതെ അച്ഛനെ ഒരു നോക്കു കാണാൻ അമ്മ ഇപ്പോഴും കാത്തിരിപ്പാണ്.



ഓർമക്കുറിപ്പ്

# ഭയപ്പാടിന്റെ നിമിഷങ്ങൾ

റിൻഷിദ
ബി.എ. സോഷ്യോളജി



സ്കൂൾ കാലഘട്ടത്തിന്റെ അവസാനഘട്ടം ഇണക്കവും പിണക്കവും, സൗഹൃദവുമായി ഒഴുകിനടന്നു. പ്ലസ് ടു ജീവിതം മറക്കാനാവാത്തതാണെന്ന് വ്യക്തം, പ്രത്യേകിച്ച് സ്കൂളിൽ നിന്ന് പോയ ആ വിനോദയാത്ര. കാരണം, എനിക്ക് ഒരിക്കലും ആ യാത്രയ്ക്ക് പോകാൻ കഴിയും എന്ന് കരുതിയതല്ല. എന്റെ മാതാപിതാക്കൾ എപ്പോഴും എന്റെ സഹോദരിമാരെ അവരുടെ സ്കൂൾ-കോളേജ് കാലഘട്ടങ്ങളിൽ ഒരു വിനോദയാത്രയ്ക്കുപോലും അനുവദിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ എന്നെയും വിടില്ലെന്നായിരുന്നു എന്റെ ധാരണ.

ടൂർ പോകുന്ന കാര്യം ഞാൻ വീട്ടിൽ പറഞ്ഞിരുന്നില്ല. അങ്ങനെയിരിക്കുമ്പോഴാണ്, വാട്സ്ആപ്പ് ഗ്രൂപ്പിൽ ഒരു സന്ദേശം ലഭിച്ചത്. ടീച്ചർ ടൂർ പോകുന്ന സ്ഥലവും മറ്റ് വിശദാംശങ്ങളും പങ്കുവച്ചതായിരുന്നത്. ഞാൻ അതു വായിക്കുമ്പോൾ ഉമ്മ എന്നോട് ചോദിച്ചു: 'നിനക്ക് പോവേണ്ടേ? നീ എന്താ ഈ കാര്യം പറയാതിരുന്നത്?' ഉമ്മ പറഞ്ഞ് അങ്ങനെ ഉപ്പയും ഈ കാര്യം അറിഞ്ഞു.

ഉപ്പ എന്നോട് ചോദിച്ചു: 'നിനക്ക് പോകണോ ടൂറിന്?' ആ ചോദ്യം എന്നിൽ ഞെട്ടലുണ്ടാക്കിയെങ്കിലും, ഞാൻ ഉടൻ മറുപടി പറഞ്ഞു, എനിക്ക് പോകണമെന്ന്. അങ്ങനെ യാത്രയുടെ സമയം അടുത്തുവന്നു. വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ ഉപ്പ എന്നോട് ഒരു കാര്യം മാത്രേ പറഞ്ഞതൊള്ളൂ: 'നിന്നെ നീ തന്നെ നോക്കണം, കാരണം അറിയാത്ത ആളുകളും അറിയാത്ത സ്ഥലവുമാണ്.'

രണ്ടുദിവസം പെട്ടന്നുപോയി. സാധനങ്ങൾ പാക്ക് ചെയ്ത് വെളുപ്പിന് നാലുമണി ആയപ്പോഴേക്കും ഞാൻ സ്കൂളിൽ എത്തി. എന്റെ സുഹൃത്തുക്കൾ എല്ലാവരും എത്തിയിരുന്നു. ബസ് വന്നതോടെ ഞങ്ങളുടെ മനസുകളിൽ അതീവ സന്തോഷം നിറഞ്ഞു.

ആദ്യ ദിവസം മൈസൂരിൽ കറങ്ങി, ടിപ്പുസുൽത്താന്റെ ആസ്ഥാന നഗരത്തിലെ രാജപ്രൗഡി കണ്ടു ഞങ്ങൾ അത്ഭുതപ്പെട്ടു! അന്ന് മൈസൂരിലെ ഒരു ഹോട്ടലിൽ താമസിച്ചു. കൂട്ടുകാരുടെ കൂടെ ആദ്യമായി ഒരു രാത്രി സമയം പങ്കിടാൻ കഴിഞ്ഞു. മറുദിവസം രാവിലെ ബാംഗ്ലൂരിലേക്ക് പുറപ്പെട്ട ഞങ്ങൾ നഗരത്തിന്റെ തിരക്കും, സൗന്ദര്യവുമുൾപ്പെടെ ആസ്വദിച്ചു. വൈകിട്ട് അഞ്ചുമണിയായപ്പോഴേക്കും ഞങ്ങൾക്കെല്ലാം ഷോപ്പിംഗിന് സമയം അനുവദിച്ചു. കൃത്യം എട്ടുമണിക്ക് ഒരു സ്ഥലത്ത് എത്തിച്ചേരണം എന്ന നിർദ്ദേശം അധ്യാപകർ നൽകി. ഞങ്ങൾ എട്ടുപേർ ഒരു സംഘമായി നടന്നു. ഓരോരുത്തരും ഷോപ്പിംഗ് നടത്തുമ്പോൾ സമയം പോകുന്നത് ശ്രദ്ധയിൽപെട്ടില്ല. ഏഴുമണിയാകുമ്പോഴാണ് ബാക്കി ആറുപേർ മറ്റൊരു ഭാഗത്തേക്ക് പിരിഞ്ഞുപോയത്. അവരെ കാത്തിരുന്നു സമയവും നീണ്ടുപോയി. ഒടുവിൽ ഞങ്ങൾ രണ്ടുപേർ മാത്രം അവശേഷിച്ചു, അവരെ എവിടെയും കാണാത്തതിനാൽ ഞങ്ങളിൽ ഭയമുളവാക്കി. ഉപ്പ പറഞ്ഞ വാക്കുകൾ മനസ്സിൽ ഓർത്ത് ഭയത്തോട് പൊരുതി.

ഞങ്ങൾ മുന്നോട്ടു നടന്നു. അധിക ദൂരം പോകേണ്ടിവന്നില്ല. ഒരു സ്ഥലത്ത് ഞങ്ങളുടെ അധ്യാപകനെ കണ്ടു. അവരെ കണ്ടപ്പോൾ മനസ്സിനൊരു ആശ്വാസം തോന്നി. 'നിങ്ങളുടെ ഷോപ്പിംഗ് കഴിഞ്ഞാൽ നിൽക്കാൻ പറഞ്ഞ സ്ഥലത്ത് പോവുക,' അദ്ദേഹം പറഞ്ഞു. ഞങ്ങൾ അവിടേക്ക് പോയി. ഞങ്ങൾ വിചാരിച്ചു, ഞങ്ങളാണ് ഏറ്റവും വൈകി എത്തിയവരെന്ന്. പക്ഷേ ബാക്കിയുള്ളവരാരും എത്തിയിരുന്നില്ല! കൂട്ടം തെറ്റിയവരുമായി ബന്ധപ്പെടാനായില്ല, അതെല്ലാവരിലും ഭയം നിറച്ചു. ഒടുവിൽ, പല ശ്രമങ്ങൾക്ക് ശേഷം അവരെ ഫോൺ വഴി കണ്ടുപിടിച്ചു. അവർക്ക് തിരിച്ച് വരാനുള്ള വഴി അറിയില്ലായിരുന്നു.

പല കടകളിൽ കയറിയും, പലരോട് ചോദിച്ചും വേണ്ട വഴികാട്ടൽ ലഭിക്കാത്ത അവസ്ഥയിൽ, ഒടുവിൽ ഒരു മലയാളിയുടെ കട കണ്ടു. അവിടെ കയറി ശരിയായ വഴി മനസ്സിലാക്കി അവരും സുരക്ഷിതരായി തിരിച്ചെത്തി. അങ്ങനെ ആ രണ്ട് ദിനരാത്ര ങ്ങൾ പെട്ടന്ന് കഴിഞ്ഞു പോയി. കുറെ നല്ല അനുഭവങ്ങളും വിചാരിക്കാത്ത ഒരു പിടി സങ്കടങ്ങളും ലഭിച്ച ആ യാത്ര എന്റെ ജീവിതത്തിലെ ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു അനുഭവമായിരുന്നു.



ഓർമക്കുറിപ്പ്

# B6 DELHI



ഷഹൽ സി.പി.
ബി.ബി.എ

ഡൽഹി, ഇന്ത്യയുടെ തലസ്ഥാന നഗരിയിലേക്ക് ഓഗസ്റ്റ് 11ന് ഞാൻ പുറപ്പെട്ടു. ഞാൻ എന്റെ 21 വർഷത്തെ ആയുസ്സിൽ ഒരുപാട് യാത്രകൾ ചെയ്തിട്ടുണ്ടെങ്കിലും ഇതുപോലെ ഒരു യാത്ര ആദ്യമായിട്ടാണ്. കാരണം ഈ യാത്രയ്ക്ക് ഒരുപാട് പ്രത്യേകതകളുണ്ട് അതിൽ ഏറ്റവും പ്രധാനപ്പെട്ടത് എന്താണെന്നുവച്ചാൽ ഈ യാത്രയിൽ എന്റെ കൂടെ വരുന്ന ആരെയും തന്നെ ഞാൻ ഒരിക്കൽ പോലും കണ്ടിട്ടില്ല. വ്യത്യസ്ത ജില്ലകളിൽ നിന്നും വരുന്ന 24 പേർ, ഞാനടക്കം 25 പേരാണ് ഈ യാത്ര പോകുന്നത്. ഇനി ഞാൻ എങ്ങനെ ഈ യാത്രയിൽ ഒരു അംഗമായി എന്നറിയേണ്ടേ? 2022-25 അധ്യാന വർഷത്തിലെ ബി.ബി.എ. വിദ്യാർത്ഥിയാണ് ഞാൻ ആ വർഷത്തെ എൻ.എസ്.എസ്. സെലക്ഷൻ ലഭിച്ച ഞാൻ ആ ബാച്ചിലെ എൻ.എസ്.എസ്.സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിരുന്നു. ഞങ്ങളുടെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസറായിരുന്നത് ഇയാസ് സാറും ഷഫീഖ് സാറുമായിരുന്നു. 2023 നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പിലേക്കുള്ള സെലക്ഷൻ ക്യാമ്പ് നടക്കുന്ന സമയത്ത് ഇയാസ് സാറിന്റെ നിർദ്ദേശപ്രകാരമാണ് യൂണിവേഴ്സിറ്റിയിൽ വെച്ച് നടക്കുന്ന ഇന്റർവ്യൂവിൽ ഞാൻ പങ്കെടുത്തത് അന്ന് എന്റെ കൂടെ സഹപാഠിയായ അഫിലയും ഉണ്ടായിരുന്നു. ചെറിയ പേടിയോടുകൂടിയാണ് അന്ന് ആ സെലക്ഷൻ ക്യാമ്പിൽ ഞങ്ങൾ രണ്ടുപേരും പങ്കെടുത്തത്. 450 ഓളം പേർ പങ്കെടുത്ത ആ സെലക്ഷൻ ക്യാമ്പിൽ ഭാഗ്യവശാൽ എനിക്ക് 27ാം റാങ്ക് ലഭിക്കുകയും, നിർഭാഗ്യവശാൽ സെലക്ഷൻ ലഭിച്ചതുമില്ല. അങ്ങിനെ അവിടെനിന്ന് മടങ്ങി മാസങ്ങൾ കടന്നുപോയി ഏകദേശം ആറോളം എൻഐസികൾ ലിസ്റ്റ് വന്നു അതിലൊന്നും എന്റെ പേര് വരാതിരുന്നപ്പോൾ ഇനി ആ വിളി കാത്തിരിക്കേണ്ട എന്ന് ഞാൻ മനസ്സിൽ ഉറപ്പിച്ചു. ദിവസങ്ങൾ കടന്നുപോയി അങ്ങനെ ഒരു ദിവസം ആ വിളി വന്നു 'ഷഹൽ

സിപി അല്ലേ' എന്നായിരുന്നു ആദ്യ ചോദ്യം അതേന്ന മറുപടിയിൽ ഞാനും. കാലിക്കറ്റ് യൂണിവേഴ്സിറ്റി എൻഎസ്എസ് കോഡിനേറ്റർ ശിഹാബ് സാർ ആയിരുന്നു വിളിച്ചിരുന്നത്. തനിക്ക് NIC യുടെ ഭാഗമായി ആഗസ്റ്റ് 15ന് ഡൽഹിയിൽ വച്ച് നടക്കുന്ന സ്വാതന്ത്ര്യദിനാ ഘോഷത്തിൽ പങ്കെടുക്കാനും പ്രധാനമന്ത്രിയെ നേരിട്ടു കാണാനും അവസരം ലഭിച്ചിട്ടുണ്ട്, പോകാൻ താല്പര്യമുണ്ടോ എന്നായിരുന്നു ചോദിച്ചത്. ചോദ്യം മുഴുവനാക്കുന്നതിനു മുൻപേ ഞാൻ ഉത്തരം പറഞ്ഞു ഞാനുണ്ട്, റെഡിയാണെന്ന് പറഞ്ഞു.

ഇതാണ് ഈ യാത്രയുടെ തുടക്കം യാത്ര പുറപ്പെടുന്ന അന്ന് രാവിലെ തന്നെ അമ്മയോട് യാത്രയും പറഞ്ഞ് കെട്ടിപ്പിടിച്ച് ഒരു ഉമ്മയും കൊടുത്ത് ഞാൻ ഇറങ്ങി. കൂട്ടുകാരൻ സഞ്ജുവാണെന്നെ മേലാറ്റൂർ റെയിൽവേ സ്റ്റേഷനിൽ എത്തിച്ചത്. സഞ്ജുവിനോട് യാത്രയും പറഞ്ഞ് കെട്ടിപ്പിടിച്ച് ശരിയെടാ ഡൽഹി കണ്ടിട്ട് വരാം എന്നും പറഞ്ഞു ഞാൻ ട്രെയിൻ കയറി. നേരെ ഷൊർണൂരിലേക്ക്. ഒടുക്കത്തെ ക്യൂരിയോസിറ്റിയോടെയാണ് ഞാൻ ട്രെയിൻ കയറിയത്. കാരണം ഇതുവരെ കാണാത്ത 24 പേരുടെ കൂടെയല്ലേ യാത്ര ചെയ്യുന്നത്. പതിനൊന്നരയോടു കൂടി ട്രെയിൻ ഷൊർണൂരിൽ എത്തി. അവിടെ എന്നെ കാത്ത് പാലക്കാട്ടിൽ നിന്നും സോനാ സുരേഷ് എന്ന കുട്ടി കാത്തിരിക്കുന്നുണ്ടായിരുന്നു, പോയി കണ്ടു പരിചയപ്പെട്ടു അവളുടെ അച്ഛൻ അവളെ നോക്കിക്കോണേ എന്നും പറഞ്ഞ് എന്നെ ഏൽപ്പിച്ചു യാത്ര തിരിച്ചു വീട്ടിലേക്ക്. ഞങ്ങൾ എറണാകുളത്തു നിന്നായിരുന്നു ട്രെയിൻ പുറപ്പെടുന്നത് അവിടെനിന്നാണ് മൂന്നോളം ആളുകൾ കയറുന്നത്. ഇടയ്ക്ക് ബ്ലെസ്സൻ എന്നെ വിളിക്കുന്നുണ്ടായിരുന്നു ഓരോ അപ്ഡേഷൻ തന്നിരുന്നു ഇതുവരെ നേരിട്ട് കണ്ടിട്ടില്ല സംസാരത്തിൽ കൂടിയുള്ള പരിചയം മാത്രമേയുള്ളൂ. ട്രെയിൻ ഷോർണൂരിലെത്തി. ഞങ്ങൾ ഞങ്ങളുടെ ബോഗി കണ്ടെത്തി അതിൽ കയറി അപ്പോഴേക്കും ബ്ലെസ്സൻ ഞങ്ങളെ നോക്കി വാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്നു.

മംഗള ലക്ഷദ്വീപാണ് ബുക്ക് ചെയ്തിരുന്നത്. എറണാകുളം മുതൽ കൊയിലാണ്ടി സ്റ്റേഷൻ വരെ എത്തിയപ്പോഴേക്കും എല്ലാവരും ട്രെയിനിൽ കയറിയിരുന്നു 25 പേരും പല പല സ്റ്റേഷനിൽ നിന്നായി കയറി. അങ്ങനെ ഒന്നിച്ചുള്ള ഞങ്ങളുടെ യാത്ര തുടങ്ങി. ആദ്യമാദ്യം സംസാരിച്ച് ഓരോരുത്തരെയും പരിചയപ്പെട്ടു. ആദ്യത്തെ നാലഞ്ചു മണിക്കൂർ എല്ലാവർക്കും



ആദ്യമായി കണ്ടതിന്റെ ഒരു ഗ്യാപ്പ് എനിക്ക് ഫീൽ ചെയ്തിരുന്നു മൊത്തത്തിൽ. പക്ഷേ പിന്നീടങ്ങോട്ടുള്ള മണിക്കൂറുകൾ എല്ലാവരും പെട്ടെന്ന് തന്നെ പരസ്പരം കമ്പനിയായി. പിന്നെ കളികളായി ചിരികളായി കഥപറച്ചിലായി ഓരോരുത്തരും കൊണ്ടുവന്ന സ്നാക്സുകളുടെ പാക്കറ്റുകൾ പൊട്ടാൻ തുടങ്ങി. ഭക്ഷണം കഴിച്ചും ഞങ്ങൾ അങ്ങനെ യാത്ര തുടരുന്നു. ഞങ്ങൾ 25 പേരിൽ ഒരാൾ ഞങ്ങളുടെ മിസ്സായിരുന്നു. ഞങ്ങളുടെ സ്വന്തം ലക്ഷ്മി മിസ്സ്. മിസ്സ് ആള്

ഒരു പഞ്ചപാവമാണ്. ഞങ്ങൾക്കെല്ലാം വലിയ കാര്യമായിരുന്നു മിസ്സിനെ. ഞങ്ങൾ അങ്ങനെ രണ്ട് ദിവസം ഒരു ബോഗിയിൽ കളിച്ചും ചിരിച്ചും പാട്ടുപാടിയുമൊക്കെയായി ഡൽഹിയിൽ എത്തി. ആ രണ്ടു ദിവസം എത്ര പെട്ടെന്നാണ് കടന്നുപോയതെന്ന് ഞങ്ങളാരും അറിഞ്ഞില്ല. ഡൽഹി എത്തുന്നതിനു മുൻപ് എല്ലാവരും കളിച്ച് ചിരിച്ചു ഒന്നിച്ചിരിക്കുന്ന സമയത്ത് പെട്ടെന്ന് ഞാൻ ആലോചിച്ചു പോയി എന്ത് രസായിട്ടാണ് ഈ രണ്ടു ദിവസം കടന്നുപോയത് ഇനി വെറും അഞ്ചു ദിവസം കൂടി ഉള്ളൂ അല്ലേ എന്ന് ആലോചിച്ചു വിഷമിച്ചു പോയി. ട്രെയിൻ ഡൽഹി നിസാമുദ്ദീൻ സ്റ്റേഷനിൽ എത്തി എല്ലാവരും ബാഗും ലഗേജുകളും ഒക്കെ എടുത്ത് ഇറങ്ങി വളരെ തിരക്കേറിയ ഒരു സ്റ്റേഷനാണ് നിസാമുദ്ദീൻ. എല്ലാവരും ഇറങ്ങി എന്ന് ഉറപ്പുവരുത്തുകയായിരുന്നു കൂട്ടത്തിലെ തല മൂത്തയാളായ ആഭിൻ ചേട്ടൻ. പ്രായത്തിന്റെ പക്വത കൊണ്ടാണെന്ന് തോന്നുന്നു ചേട്ടനായിരുന്നു ഞങ്ങളെയെല്ലാം മുന്നിൽ നിന്ന് നയിച്ചിരുന്നത്. അങ്ങനെ എല്ലാവരുമിറങ്ങി എന്ന് ഉറപ്പുവരുത്തി. ഒരു സെൽഫി എടുക്കാം എന്ന് വിചാരിച്ചു എല്ലാവരെയും വിളിച്ചുവരുത്തി ഞാൻ തന്നെ മുന്നിൽ നിന്ന് ഒരു സെൽഫി അങ്ങ് എടുത്തു തുടക്കമിട്ടു. ഇന്റർനാഷണൽ യൂത്ത് ഹോസ്റ്റലിലായിരുന്നു ഞങ്ങൾക്ക് താമസമൊരുക്കിയിരുന്നത്, അങ്ങോട്ട് പോകാനായി എല്ലാവരും ബാഗുകളും താങ്ങിയെടുത്ത് പുറത്ത് മെട്രോ സ്റ്റേഷനിലോട്ട് നടന്നു. അവിടെ എത്തിയപ്പോഴേക്കും ഏകദേശം എല്ലാവരും ക്ഷീണിച്ചിരുന്നു. കാരണം ഓരോരുത്തരും ലഗേജ് കൊണ്ടുവന്നത് കണ്ടാൽ വീട് മാറി പോവുകയാണെന്ന് വിചാരിച്ചു പോകും. മെട്രോ സ്റ്റേഷൻ എത്തിയപ്പോഴാണറിഞ്ഞത് ഞങ്ങൾക്ക് മെട്രോ വഴി, ഉദ്ദേശിച്ച സ്ഥലത്തേക്ക് എത്താൻ കഴിയില്ല എന്ന്. തിരിച്ചു വീണ്ടും നടന്ന് റെയിൽവേ സ്റ്റേഷന്റെ അടുത്തുള്ള ടാക്സി സ്റ്റാൻഡിൽ എത്തി. റോഡിലൂടെ നടക്കുക എന്ന് പറയുന്നത് വളരെയധികം ബുദ്ധിമുട്ടുള്ള ഒരു കാര്യമായിരുന്നു. കാരണം നമ്മുടെ നാട്ടിലെ പോലെയുള്ള ആളുകൾ അല്ല അവിടെ ഉള്ളത്. കുനിഞ്ഞാൽ ആസനം വരെ അടിച്ചു കൊണ്ടുപോകുന്ന ആളുകളാണ്. പോരാത്തതിന് ഞങ്ങളുടെ കൂടെ പെൺകുട്ടികളും ഉണ്ടായതു കൊണ്ട് വളരെ സൂക്ഷിച്ചായിരുന്നു ഞങ്ങളുടെ നടത്തം. ടാക്സി സ്റ്റാൻഡിലെത്തി ഒരു ടാക്സി ഡ്രൈവറുടെ അടുത്തോട്ട് പോയി ഞങ്ങൾ യൂത്ത് ഹോസ്റ്റൽ ഓട്ടം പോകാൻ എത്രയാകും എന്ന് ചോദിച്ചു ഡ്രൈവറുമായി സംസാരിക്കാൻ പോയത് ഞാനും അബിൻ ചേട്ടനുമായിരുന്നു. ആദ്യം തന്നെ അയാൾ പറഞ്ഞു ആയിരം രൂപ തന്നാൽ കൊണ്ടുവിടാം എന്ന്, അതും ഒരു വണ്ടി പോര 25 പേർക്ക് പോകാൻ ഏകദേശം അഞ്ചു വണ്ടിയെങ്കിലും വേണം. അങ്ങനെ അവിടെയാണ് ഞാൻ എന്റെ ആ കഴിവ് തെളിയിച്ചത്. കച്ചവടത്തിലും വിലപേശലിലും പി.എച്ച്.ഡി. എടുത്ത അൻഷിഫിന്റെ കൂടെയാണ് ഞാൻ നടന്നിരുന്നത്. അതുകൊണ്ടുതന്നെ ആ കഴിവ് കുറച്ചൊക്കെ എനിക്കും കിട്ടിയിരുന്നു. പിന്നെ നാട്ടിലെ റസ്റ്റോറന്റിൽ എന്റെ കൂടെ ജോലി ചെയ്തിരുന്നത് ആസാമികളും ബംഗാളികളുമായിരുന്നതുകൊണ്ട് കുറച്ച് ഹിന്ദിയൊക്കെ എനിക്കും അറിയാമായിരുന്നു. ഈ രണ്ട് കഴിവുകളും ഉപയോഗിച്ചുകൊണ്ട് ഞാൻ വിലപേശാൻ തുടങ്ങി, അവസാനം 500 രൂപയിൽ ഞങ്ങൾ ഡീലുറപ്പിച്ചു. ഇത് കണ്ട കൂടെയുള്ള ബാക്കിയുള്ളവർ എന്നെ വാനോളം പുകഴ്ത്തി. എന്റെ മനസ്സിൽ അപ്പോൾ മുഴുവനും വന്നത് സലാം കാശ്മീർ എന്ന സിനിമയിലെ ജയറാമിന്റെ ഒരു സീൻ ആയിരുന്നു. ബാഗ്രൗണ്ട് മ്യൂസിക് ആയി പാ പ പാ..... എന്ന മ്യൂസിക്കും. അങ്ങനെ ആ സീൻ കഴിഞ്ഞ് ഞങ്ങൾ നേരെ യൂത്ത് ഹോസ്റ്റലിൽ എത്തി ഹൈ സെക്യൂരിറ്റിയുള്ള ഒരു ഏരിയയായിരുന്നു അത്. ഡൽഹിക്ക് രണ്ട് മുഖമുണ്ട് എന്ന് എനിക്ക് അപ്പോഴേക്കും മനസ്സിലായി. കാരണം വന്നിറങ്ങിയത് നിസാമുദ്ദീൻ റെയിൽവേ സ്റ്റേഷനിലായിരുന്നു. അതിന്റെ പരിസരം മുഴുവനും തിരക്കേറിയ മാർക്കറ്റുകളും അതിലൂടെ നിറയെ കച്ചവടക്കാരും ആളുകളും പിടിച്ചുപറിക്കാരും നിറഞ്ഞ ഒരു പട്ടണം. വിവിഐപി ഏരിയ ആയിരുന്നു രണ്ടാമത്തേത്. യാതൊരു

ശബ്ദമലിനീകരണങ്ങളോയില്ലാത്ത സ്ഥലം തികച്ചും വൃത്തിയായ ഒരു ഏരിയ.

ഹോസ്റ്റലിന്റെ അകത്തേക്കുള്ള പ്രവേശനം വളരെയധികം രസമുള്ള ഒരു കാര്യമായിരുന്നു. സുന്ദരികളായ രണ്ട് യുവതികൾ മാലയിട്ടും കുറി തൊട്ടുമാണ് ഞങ്ങളെ സ്വീകരിച്ചത്. രണ്ടുദിവസമായി കുളിച്ചിട്ടില്ലെങ്കിലും കുറി തൊട്ടായിരുന്നു അകത്ത് കയറിയത്. ബാഗുകളെല്ലാം ഒരു സ്ഥലത്ത് ഒതുക്കി ഞങ്ങൾ നേരെ ഭക്ഷണം കഴിക്കാനായി ഭക്ഷണ ഹാളിലേക്ക് പോയി. ഏകദേശം 14 ഓളം വിഭവങ്ങളവിടെ നിരത്തിയിരുന്നു. വ്യത്യസ്തങ്ങളായ വിഭവങ്ങളായിരുന്നു അവിടെയുണ്ടായിരുന്നത്. എന്നാൽ എല്ലാം വെജിറ്റേറിയൻ ആയിരുന്നു. വിശപ്പിന്റെ ആഘാതം മൂലം രാവിലത്തെയും ഉച്ചക്കത്തെയും എല്ലാം കൂട്ടി എന്തൊക്കെയോ വലിച്ചുവാരി ഞാൻ എന്റെ പ്ലേറ്റിൽ ഇട്ടു. മുന്നിൽ കണ്ട ഒരു സീറ്റിൽ പോയി കൂടെ അടുത്തിരുന്നിരുന്നത് ഒരു തമിഴ്നാട്ടുകാര നായിരുന്നു. ഞങ്ങൾ 25 പേർ മാത്രമല്ല ഇന്ത്യയുടെ പല സംസ്ഥാനങ്ങളിൽ നിന്നായി ഏകദേശം 250 ഓളം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. തമിഴ് എനിക്ക് നല്ല വശമുള്ള തുകൊണ്ട് കുറച്ചുനേരം അവനോട് സംസാരിച്ചിരുന്നു. പിന്നെ കാണുന്നവ രെയൊക്കെ ഓരോരുത്തരായി പരിചയപ്പെട്ടു. അതിൽ നാഗാലാൻഡ്കാരും പഞ്ചാബികളും തമിഴന്മാരും ബംഗാളികളും അങ്ങനെ പല സംസ്ഥാനക്കാരുമുണ്ടായിരുന്നു. ഭക്ഷണശേഷം അവരവരുടെ റൂമിൽ പോയി ഡ്രസ്സ് എല്ലാം മാറ്റി കുളിച്ച് ഫ്രഷായി. കുറച്ചുനേരം റസ്റ്റ് എടുത്തു. രാത്രി ഒരു 9:30 തോടു കൂടി എല്ലാവർക്കും റൂമിലേക്ക് അവരവരുടെ യൂണിഫോമുകൾ എത്തിച്ചു തന്നു അതിൽ ഒരു ജേഴ്സിയും ജാക്കറ്റും ഷൂവും റെയിൻ കോട്ടും അടങ്ങുന്ന ഒരു ബാഗ് ആയിരുന്നു. യൂണിഫോം ഇട്ട് നോക്കി അതുപോലെതന്നെ മടക്കിവെച്ചു. എല്ലാവരോടും രാവിലെ കൃത്യം 8 മണിയാവുമ്പോഴേക്കും റെഡിയായി നിൽക്കണമെന്ന് ആവശ്യപ്പെട്ടു. നല്ല യാത്ര ക്ഷീണമുള്ളതുകൊണ്ടുതന്നെ ബെഡ് കണ്ടതും മയക്കത്തിലേക്ക് ഞാൻ ആഴ്ന്നിറങ്ങി. നേരം വെളുത്തു കുളിച്ചു യൂണിഫോമിട്ടു ഭക്ഷണം കഴിച്ചു എല്ലാവരും ഒന്നിച്ച് ഒരു ഫോട്ടോയും എടുത്ത് നേരെ പുറത്തു നിർത്തിയിട്ടിരുന്ന ബസുകളിൽ കയറി അന്നത്തെ യാത്ര തുടർന്നു ഞങ്ങൾ അന്ന് നേരെ പോയിരുന്നത് ആകാശവാണി ഭവനിലേക്കായിരുന്നു. ഉച്ചയോടുകൂടി ആകാശവാണി ഭവനിലെ പരിപാടി അവസാനിച്ചു അതിനുശേഷം ഭക്ഷണം അവിടെ വെച്ച് തന്നെയായിരുന്നു. ഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങൾ നേരെ പോലീസ് മ്യൂസിയവും ഇന്ത്യ ഗേറ്റും, അങ്ങനെ ഡൽഹിയിൽ കാണേണ്ടതായിട്ടുള്ള ചില സ്ഥലങ്ങളിൽ വൈകുന്നേരം വരെ ഞങ്ങൾ പോയി കണ്ടു. രാത്രി ആയപ്പോൾ തിരിച്ച് റൂമിൽ എത്തി ഹാളിൽ മീറ്റിങ്ങിനായി ഇരുന്നു. പതിനാലാം തീയതിയായിരുന്നു അത്. പിറ്റേദിവസം 15ന് സ്വാതന്ത്ര്യദിന ആഘോഷത്തിനായി റെഡ് ഫോർട്ടിലേക്ക് പോകേണ്ടതിനുള്ള നിർദ്ദേശങ്ങൾ തരാനായിരുന്നു ഞങ്ങൾക്ക് മീറ്റിംഗ് വിളിച്ചിരുന്നത്. മീറ്റിങ്ങിനിടയിൽ ഞങ്ങളുടെ കൂട്ടത്തിൽ ഒരുത്തൻ എഴുന്നേറ്റുനിന്ന് ചോദിച്ചു നാളെ രാവിലെ എപ്പോഴാണ് നമുക്ക് പോവേണ്ടത് എന്ന്. നമുക്ക് രാത്രി തന്നെ പുറപ്പെടണം എന്നായിരുന്നു മറുപടി. പക്ഷേ അത്ര നേരത്തെ ഞങ്ങൾ അവിടെ നിന്ന് ഇറങ്ങുന്നതിനുള്ള കാരണം എന്തെന്നാൽ അവിടെ ചെന്നിട്ടുള്ള പ്രൊസീജിയറുകൾ വളരെ വലുതായിരുന്നു. രാത്രി 2:00 മണിക്ക് പുറപ്പെട്ട ഞങ്ങൾ ഏകദേശം മൂന്നരയോടുകൂടി അവിടെ യത്തിയെങ്കിലും അതിനകത്തോട്ട് കയറിയപ്പോൾ ഏകദേശം അഞ്ചര, ആറു മണിയായിരുന്നു. എട്ടരയ്ക്ക് പതാക ഉയർത്താനുള്ള പരിപാടിക്ക് 8 :10 ആയപ്പോൾ തന്നെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഹെലികോപ്റ്ററിൽ വന്നിറങ്ങി. എട്ടരയായ തോടുകൂടി പതാക ഉയർത്തി അതോടൊപ്പം ദേശീയ ഗാനം ചൊല്ലി. ആകാശത്തുകൂടി ഹെലികോപ്റ്ററിൽ നിന്നും പൂക്കൾ വാരി എറിയുന്ന പരിപാടിയുമുണ്ടായിരുന്നു. പിന്നീട് പ്രധാനമന്ത്രിയുടെ പ്രസംഗമായിരുന്നു നീണ്ട



ഒന്നരമണിക്കൂറിന്റെ പ്രസംഗം അതും ഹിന്ദിയിൽ അരമണിക്കൂർ കഴിഞ്ഞപ്പോഴേക്കും കൂടെയുള്ള ഓരോരുത്തരും ഉറങ്ങി തുടങ്ങിയിരുന്നു. ഒടുവിൽ പ്രസംഗമവസാനിപ്പിച്ചു നരേന്ദ്രമോദി ആളുകളുടെ അടുത്തോട്ട് ഇറങ്ങിവന്ന് കൈകൾ ഒക്കെ തന്ന് ഹെലികോപ്റ്ററിൽ കയറി സ്ഥലം വിട്ടു. പരിപാടി കഴിഞ്ഞതോടുകൂടി ഞങ്ങളും പുറത്തോട്ടിറങ്ങി നേരെ ബസ്സിൽ കയറി. ശേഷം നേരെ യൂത്ത് ഹോസ്റ്റലിലേക്ക്.

ഇതോടുകൂടി ഞങ്ങൾ ഡൽഹിയിൽ പോയതിന്റെ പ്രധാന ലക്ഷ്യം അവസാനിച്ചിരിക്കുന്നു. ഇൻഡിപെൻഡൻസ് ഡേ ആഘോഷത്തിന്റെ ഭാഗമാകുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. അതങ്ങനെ പൂർത്തീകരിച്ചു. അതിനുശേഷം ഒരു പർച്ചേസും കഴിഞ്ഞ് അന്ന് രാത്രി കേരളത്തിലോട്ട് ഞങ്ങൾ തിരിച്ച് വണ്ടി കയറി. എല്ലാവർക്കും അത്യാവശ്യം യാത്ര ക്ഷീണമെല്ലാമുണ്ടായിരുന്നു എങ്കിലും ആരും അത് കണക്കിലെടുത്ത് വിശ്രമിക്കാൻ നിന്നില്ല. കാരണം, യാത്ര അവസാനിക്കാനായി ഇനി വെറും രണ്ടുദിവസം മാത്രമേയൊള്ളൂ. ഒരിക്കലും തിരിച്ചു കിട്ടാത്ത ആ ഡൽഹി യാത്രയുടെ അഞ്ചുദിവസം കഴിഞ്ഞു എന്നതായിരുന്നു വളരെ വിഷമകരമായ ഒരു കാര്യം. ബാക്കിയുള്ള രണ്ട് ദിവസം പരമാവധി എൻജോയ് ചെയ്യുക എന്നുള്ളതായിരുന്നു എല്ലാവരുടെയും ലക്ഷ്യം. ഈ യാത്രയ്ക്ക് എനിക്കൊരു പ്രത്യേകത കൂടി തോന്നി കാരണം ഞാൻ ഈ യാത്രയിൽ എന്റെ മൊബൈൽ ഫോൺ യൂസ് ചെയ്തിരുന്നില്ല ആദ്യദിവസം തന്നെ എന്റെ മൊബൈൽ ഫോൺ താഴെ വീണു ഡിസ്പ്ലേ പോയി പൊട്ടിയിരുന്നു. അതുകൊണ്ട് എനിക്ക് ഉപയോഗിക്കാൻ മൊബൈൽ ഫോൺ ഉണ്ടായിരുന്നില്ല സുഹൃത്ത് എന്നോട് പറഞ്ഞു എന്റെ കയ്യിൽ വേറൊരു ഫോണും കൂടിയുണ്ട് അത് നീ ഉപയോഗിച്ചോ എന്ന് പറഞ്ഞെങ്കിലും ഞാൻ അത് ഉപയോഗിക്കാൻ കൂട്ടാക്കിയില്ല. കാരണം എന്റെ ഒരു അഭിപ്രായത്തിൽ ഒരു യാത്ര പോകുമ്പോൾ നാടുമായിട്ട് ഒരു ബന്ധവുമില്ലാതെ ഓരോ നിമിഷവും ആ യാത്രയുടെ ഓരോ നിമിഷങ്ങളും ആസ്വദിക്കുക എന്നുള്ളതാണ് അതിന്റെ ഒരു സുഖം. അതുകൊണ്ടുതന്നെ ഞാൻ എത്രയോ

യാത്രകൾ പോയിട്ടുണ്ടെങ്കിലും എന്റെ ഈ ഒരു ഡൽഹി യാത്ര എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത ഒരിക്കലും പകരം വെക്കാനാവാത്ത ഒരു യാത്രയായിരുന്നു അത്. ഏഴു ദിവസത്തെ യാത്രയുടെ ആദ്യദിവസം തികച്ചും അപരിചിതരായ 25 പേർ ഏഴാം ദിവസമായപ്പോഴേക്കും ഒരു കുടുംബമായി മാറി. ഈ യാത്ര ഒരിക്കലും അവസാനിക്കാതിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചുപോയി എല്ലാവരും. ഡൽഹിയിൽ നിന്ന് കേരളത്തിലോട്ട് എടുത്ത ട്രെയിന്റെ വേഗത അല്പം കൂടുതലാണോ എന്ന് എനിക്ക് തോന്നിപ്പോയി. കാരണം സമയം പോകുന്നത് അറിയുന്നില്ല. അങ്ങനെ വണ്ടി തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ എത്താൻ നേരം എല്ലാവരും പരസ്പരം കെട്ടിപ്പിടിച്ച് കരഞ്ഞു പക്ഷേ അപ്പോഴും ഞാൻ കരഞ്ഞില്ല അങ്ങനെ പെട്ടന്നൊന്നും കരയുന്ന ആളല്ല ഞാൻ അവിടെയും കരയാതെ പിടിച്ചുനിന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ 12 പേരും തൃശൂർ ആയിരുന്നു ഇറങ്ങിയിരുന്നത്. ബാക്കിയുള്ളവർ എറണാകുളത്തും. ഞങ്ങൾ തൃശ്ശൂരിൽ ഇറങ്ങി ഉച്ചഭക്ഷണം അവിടെനിന്ന് ഒന്നിച്ചു കഴിച്ചു ഭക്ഷണം കഴിക്കുന്നതിനിടെ. തിരിച്ചുപോരുമ്പോൾ ഡൽഹിയിൽ വച്ച് എടുത്ത ഒരു സെൽഫി ഉണ്ടായിരുന്നു അത് ഇൻസ്റ്റഗ്രാമിൽ സ്റ്റോറി ഇടുന്നതിന് ഒരു ക്യാപ്ഷൻ വേണമല്ലോ എന്ന് അബിൻ ചേട്ടനോട് ചോദിച്ചു. എന്താണ് ക്യാപ്ഷൻ ഇടുക എന്ന് ചോദിച്ചപ്പോൾ ഒരാൾ പറഞ്ഞു end ഇടാമെന്ന് പക്ഷേ ഇത് കേട്ടപ്പോൾ അബിൻ ചേട്ടൻ പറഞ്ഞു. അവസാനിക്കുന്നില്ലല്ലോ this is not end it's just a beginning എന്നായിരുന്നു ക്യാപ്ഷൻ ഇടാൻ എന്നോട് പറഞ്ഞത്. ഭക്ഷണം കഴിച്ച് എല്ലാവരോടും യാത്ര പറഞ്ഞു ഞാൻ അടുത്തുള്ള ബസ്റ്റാൻഡിലേക്ക് നടന്നു. പെരിന്തൽമണ്ണയിലേക്ക് ഒരു കെഎസ്ആർടിസി കിട്ടി. തൃശ്ശൂരിൽ നിന്നും പെരിന്തൽമണ്ണയിലേക്കുള്ള ആ ഒരു ബസ് യാത്രയിൽ എന്റെ കയ്യിൽ ഫോണോ കാര്യങ്ങളോ ഒന്നുമുണ്ടായിരുന്നില്ല പക്ഷേ യാത്രയ്ക്കിടെ ഫോട്ടോ എടുത്താൽ അപ്പോൾ തന്നെ പ്രിന്റ് ആയി കിട്ടുന്ന ഒരു ക്യാമറ ആരതിയുടെ കയ്യിൽ ഉണ്ടായിരുന്നു. ഞങ്ങൾ കുറച്ചുപേർ ഇരിക്കുന്ന ഒരു ഫോട്ടോ അവൾ എടുത്തിട്ട് അതിന്റെ ഒരു പ്രിന്റ് തന്നിരുന്നു ഞാനത് പേഴ്സിൽ സൂക്ഷിച്ചിരുന്നു. അതെടുത്ത് ഒരുപാട് കാലങ്ങൾക്ക് ശേഷം ഞാൻ കരഞ്ഞു പോയി. അത് ഒരു സന്തോഷ കണ്ണീരാണോ അതോ ഇനി ഈ യാത്ര ഈ നിമിഷങ്ങൾ ഒരിക്കലും തിരിച്ചു കിട്ടില്ല എന്ന് തിരിച്ചറിവു കൊണ്ടാണോ എന്നെനിക്കറിയില്ല. യാത്രകൾ എപ്പോഴും നമുക്ക് പുതിയ പുതിയ അറിവുകളാണ് പകരുന്നത് യാത്രകൾ പോവുക വീണ്ടും വീണ്ടും വീണ്ടും യാത്രകൾ പോവുക.

എന്ന് ഷഹൽ സി.പി



POEM



# MIGRATORY BIRD

In between worlds, I wander alone,
Neither here nor there, my heart has grown.
A bride I became, leaving behind my past,
Yet in this new realm, I find no steadfast.

I don't belong here, nor there, I plea,
Seeking solace in the winds, wild and free.
In search of a place where my spirit can soar,
A sanctuary where I am cherished, and more.

Leaving familiar echoes, I tread anew,
Yearning for a haven, where skies are true.
For in my journey, I seek to uncover,
A sense of belonging, a place to discover.

For home is where my heart finds its home.
And I find home in his heart.
And my room in his arms.



AMEENA SHAHIN
Dept. of Chemistry

# ശകടങ്ങൾ പോകുന്ന പാതയോരം

കവിത



ഷഹാന കെ.ടി.
ബി.എ. ഇംഗ്ലീഷ്

തന്നിൽ ശങ്കിച്ചു നിന്നാളമ്മ
അമ്മതൻ
പൊന്നുമോനെത്തുമെന്നാശിച്ചുനിന്നാളമ്മ
വന്നതില്ലായവൻ, കണ്ടതുമില്ലായമ്മ
തന്നുടെ പുന്നാരമോനെ
ഒരു നാളിലമ്മ തിരിഞ്ഞങ്ങു നോക്കുമ്പോൾ
പഴയൊരാ കാലത്തെ ഓർത്തു പോയി.

കതിരോലും നെൽവയൽ പാടവരമ്പിലായ്
വലിയൊരു മാവിലായ് തൊട്ടിൽ കെട്ടി
താരാട്ടു പാടി ഉറക്കിയാ പൊന്നമ്മ
അല്ലലറിയാതെ പൊന്നുമോനെ
ആരാരും തുണയില്ലാ പാതിരാമഴയത്തും
ചോരുന്ന കൂരയിൽ കാവലായി.

പള്ളിക്കൂടം തന്നിൽ പോവുന്ന സമയത്തും
നെയ്തു പോയ് സ്വപ്നങ്ങളേറെയമ്മ
ഏറെ പഠിച്ചവൻ, ഏറെ ജയിച്ചവൻ
ഭിഷഗ്വരനായവൻ പറന്നു പോയി-
കടൽ താണ്ടി.

ഒരു നാളിലവനെത്തി
അമ്മതൻ ചാരത്ത്
മണമൂറും വലിയൊരുപെട്ടിയുമായ്.
വന്നവൻ ചൊല്ലി തന്നമ്മയോടായ്
ചാരത്തിരുന്നവൻ സ്നേഹമോടെ
പട്ടണം തന്നിലായ് വലിയൊരുമാളിക
എന്നുടെ അമ്മക്കായ് കണ്ടുവച്ചു
വന്നിടേണം അമ്മ കണ്ടിടേണം വീട്
താമസമങ്ങോട്ട് മാറ്റിടുവാൻ
നല്ലതു മാത്രം ആശിച്ചിരുന്നമ്മ
തൻ മകൻ പൊയ്മുഖം കണ്ടതില്ലാ
മാളിക തന്നിലായ് ചെന്നങ്ങു നോക്കുമ്പോൾ
അമ്മമാർ അവിടെയും അനവധിയാ...
ഒന്നല്ല, രണ്ടല്ലാ, ആയിരമായിരം
അമ്മമാർ മക്കളെ കാത്തിരിപ്പാ
വന്നതില്ലായവർ കണ്ടതില്ലായവർ
കണ്ണായ് വളർത്തിയ പുന്നാര മക്കളേ...



POEM

# WHISPERS OF HOPE IN FALLEN EARTH



ROSHNA RINCY P.
B.A. English

When rain pours down in endless streams,
The world seems caught in tangled dreams.
Streets once alive, now rivers run,
Beneath the sky, no sign of sun.

The village sleeps in muted cries,
As silent tears fall from the skies
A pandemic of a different kind,
Nature's wrath, both fierce and blind.

The mountains groan, the earth gives way,
As landslides turn the night to day.
Homes once safe are swept aside,
In torrents of despair and pride.

The cries of people fill the air,
A chorus born of pain and prayer.
They search the rubble, hearts in hand,
For hope amidst the broken land.

Yet even in this darkest hour,
They seek a glimmer, a hidden power.
For from the depths, a light will grow,
And guide them through the grief and
woe.

With every tear that falls in vain,
They find the strength to rise again.
For hope is there, a silent thread,
To lead them where new paths are trodden.





**ഫിദ നസ്റിൻ**
ബി.കോം. സി.എ.

# കള്ളിക്കുപ്പായം

'കരീംക്കാ എന്തിനാണ് ഇങ്ങക്ക് ഈ വാശി. രണ്ടടി വജ്ജ് ഒല്ലോലോ ഓര് ചോയ്ക്കണേ അത് അങ്ങട്ട് കൊടുത്താൽ ഇങ്ങക്ക് എന്താ കൊറയണ് 'അവസാനം വാർഡ് മെമ്പർ വേലായുധേട്ടനും പറഞ്ഞു നോക്കി. ഉറച്ച തീരുമാനത്തിൽ നിന്ന് ഒരടി പിന്നോട്ടില്ലെന്ന മട്ടിൽ മുറ്റത്ത് കൂടിയ ആരുടേയും വാക്കിന് വില കൊടുക്കാതെ അയാൾ ഉള്ളിലോട്ട് പോയി. ഇനി നിന്നിട്ടെന്ത് എന്ന മട്ടിൽ മുഖം ചുളുക്കി കൊണ്ട് കൂടിയോരെല്ലാം മടങ്ങി. ഭർത്താവിന്റെ ഈ മുരടൻ സ്വഭാവം കൊണ്ടാവണം ആയിഷുമ്മ പുറത്ത് ഇറങ്ങിയിട്ട് കാലങ്ങളായി.

'ഇന്നും സുമിക്ക് വല്ല്യോട്ത്തന്ന് ഒരു കൂട്ടര് കാണാൻ വന്നീനി. അതും മൊടങ്ങി. ഒരു മൂലയിൽ വീൽചയറിൽ ഇരിക്കുന്ന ഇന്നെയും, പൊളിഞ്ഞു ചാടാനായ ഈ പൊരീം കണ്ടാൽ ഞമ്മളെ കുട്ടി എത്ര നല്ലതാണെങ്കിലും അതിലൊക്കെ എന്ത്! എന്ന് പറയണോരെന്നെ കാര്യത്തിനോടടുക്കുമ്പൊ കാല് മാറും മനാഫെ'. കണ്ണുകൾ നിറഞ്ഞ് തുളുമ്പി കൊണ്ട് മുഹമ്മദ്ക്ക പറഞ്ഞ് മുഴുവിപ്പിച്ചു. 'ന്റെ കുട്ടിന്റെ എടങ്ങേറാണ് ഞാൻ ആലോയിക്കണെ. ഓടി ചാടി നടക്കേണ്ട പ്രായത്തിലെന്നെ പോരേത്തെ പ്രാരാബ്ധമൊക്കെ ഓളെ തല മണ്ടേക്ക് ആയി. ഇമ്മാന്റെ ഒരു സുഖം ന്റെ കുട്ടിക്ക് കിട്ടീട്ടില്ല. അന്ന് കദീസ ഇന്നെ വാണ്ടാന്ന് പറഞ്ഞ് കണ്ടോന്റൊപ്പം ഇറങ്ങിയപ്പോഴും കൂട്ടിന് ണ്ടായത് ഇന്റെ കുട്ട്യാണ്. ഇനിയും ന്റെ കുട്ടിനെ നരകിപ്പിക്കാതെ ഇന്നെ അന്റട്ത്തക്ക് കൊണ്ടോയിങ്ങാണ്ട് ഇന്റെ കുട്ടിക്ക് നല്ലൊരു ജീവിതം കൊടുക്ക് റബ്ബേ. 'ബാപ്പാ...'ഇത് കേട്ട സുമി ഓടി വന്ന് ഉപ്പാന്റെ കൈ നെറ്റിയിൽ വെച്ച് പൊട്ടി കരഞ്ഞു. എന്ത് പറഞ്ഞ് കൊണ്ട് ഇരുവരെയും സമാധാനിപ്പിക്കും എന്ന് അറിയാതെ മനാഫ് വിരല് പൊട്ടിച്ചു.

'സുമ്യേ... ഇന്ന് നല്ല മഴക്കാറ്ണ്ട് ഇജ്ജ് പോയി രണ്ട് കുടം വെള്ളം എടുത്ത് വെക്ക്. ജനലിലൂടെ പുറത്തേക്ക് നോക്കി കരീംക്ക പൂമുഖത്ത് ഇല്ലെന്ന് ഉറപ്പ് വരുത്തി അയാളുടെ കിണറിനരികിലേക്ക് അവൾ നടന്നു. മഴ ആർത്തലച്ച് പെയ്യാൻ തുടങ്ങി. ഇരു കുടവും തൂക്കി പിടിച്ച് അവൾ വീട്ടിലോട്ട് ഓടി. പൊരേന്റെ ഷീറ്റ് കീറി ഉള്ളിലോട്ട് വെള്ളം നന്നായി ഇറങ്ങിയിട്ടുണ്ട്. മേലാകെ നനഞ്ഞ് കുതിർന്ന് ഇരിക്കുന്ന ബാപ്പാന്റെ തല ഒരു മുണ്ടെടുത്ത് അവൾ തുവർത്തി കൊടുത്തു. മഴ കുറയുന്ന മട്ടില്ല. ആർക്കോ തിരിച്ചടി കൊടുക്കാനെന്ന വണ്ണം ഇടിയും മിന്നലും ഇടവിടാതെ ഭൂമിയെ വിറപ്പിച്ച് കൊണ്ടേയിരുന്നു. പെട്ടന്ന് ന്റെ പടച്ചോനേന്നും വിളിച്ചുള്ള ആയിഷുമ്മത്താന്റെ നിലവിളി പൂർണ ശബ്ദങ്ങളെയും വകഞ്ഞ് മാറ്റി അവളുടെ കാതുകളിൽ അലയടിച്ചു കൊണ്ടേയിരുന്നു. ഉപ്പാനെ അവിടെ ഇരുത്തികൊണ്ട് അവൾ അവരുടെ

വീട്ടിലേക്കോടി.

അടുക്കളയുടെ മേൽക്കൂരയിൽ കൂറ്റൻ പ്ലാവിന്റെ കൊമ്പ് കമിഴ്ന്നടിച്ച് വീണ് കിടക്കുന്നത് കൊണ്ട് തന്നെ ഉള്ളിലോട്ട് കയറാൻ പറ്റാത്ത അവസ്ഥയാണ്. കൂട്ടത്തോടെയുള്ള ആർപ്പുവിളിയിൽ ആകെ തളർന്നവൾ പാതി പൊളിഞ്ഞ പൂമുഖത്തേക്ക് ഓടി കയറി. ആയിഷുത്തയും കരീംക്കയും ചോരയിൽ കുളിച്ചിരിക്കുകയാണ്. ഓടുകൾ ചിന്നി ചിതറിയ നിലത്ത് എഴുന്നേൽക്കാനാവാതെ ആയിഷുമ്മാത്ത കിടക്കുന്നു. മത്സരമെന്നോണം തൊടിയിൽ നിന്നും മേൽക്കൂരക്കുള്ളിലൂടെയും വെള്ളം ഉള്ളിലോട്ട് കയറി. ഭദ്രമാക്കി വെച്ചിരുന്ന അലമാരയിലെ പലതിലും വെള്ളം കയറിയിറങ്ങി. എന്ത് ചെയ്യണമെന്നറിയാതെ തന്റെ ചുരിദാറിൽ നിന്നും വലിയൊരു കഷ്ണം വലിച്ച് കീറി കൊണ്ട് കരീമിക്കയുടെ തലയിൽ നിന്ന് ഒലിച്ചിറങ്ങുന്ന രക്തം അവൾ ശീല വെച്ച് കെട്ടി കൊടുത്തു. എന്നിട്ടും നിൽക്കാതെ രക്തം ഉറ്റിവീണു കൊണ്ടേയിരുന്നു. അപ്പൊഴേക്കിനും രക്ഷാപ്രവർത്തകർ വന്ന് നാട്ടുകാരെയെല്ലാം അടുത്തുള്ള സ്കൂളിലേക്ക് മാറ്റി തുടങ്ങി.

'ഇറങ്ങ് മോളെ...' 'ഏട്ടാ ന്റെ ബാപ്പണ്ട് പോരേല്' 'ഇജ്ജ് ഇറങ്ങ് മോളെ ... ബാപ്പാക്ക് കൊഴപ്പൊന്നുല്ല ഓര് ക്യാമ്പ്ക്ക് കൊണ്ടേയിക്ക്ണ്'. അവസാനമായി തകർന്ന ടിഞ്ഞ പുരയിടത്തേക്ക് നോക്കിക്കൊണ്ട് അവർ പറഞ്ഞ വണ്ണം അവളും ഇറങ്ങി. മഴയെ തോൽപ്പിക്കും വിധം അവളുടെ ഉള്ള് വെന്ത് മിഴികൾ പെയ്തു കൊണ്ടിരുന്നു.

വെട്ടിപ്പിടിച്ചതെല്ലാം മണ്ണിനുവിട്ടു കൊടുത്ത് നീണ്ട വരാന്തയിലെ മൂലയിൽ മാത്രം ഒതുങ്ങി കൂടി കൊണ്ട് എല്ലാവരും ഒട്ടും പ്രതീക്ഷിക്കാത്ത ഒരു അന്തിയുറങ്ങി.

കരീമിക്കയുടെ അപ്പുറത്തെ രണ്ട് ബെഞ്ചുകൾ കൂട്ടിയിട്ട കട്ടിലിൽ സുമയ്യ ഉപ്പാക്ക് കഞ്ഞി കോരി കൊടുക്കുന്നുണ്ടായിരുന്നു. തിരിഞ്ഞ് കിടക്കുന്ന കരീമിക്കയെ അവൾക്ക് കാണിച്ച് കൊടുത്ത് കൊണ്ട് അവർക്കുകൂടി കോരി കൊടുക്കാൻ ഉപ്പ ആംഗ്യം കാണിച്ചു. ദിവസം രണ്ടായി മക്കളാരും തിരിഞ്ഞ് നോക്കിയിട്ടില്ല. ഒന്നും ഉരിയാടാതെ കണ്ണീർ വാർത്തു കിടക്കുന്ന ഇരുവരുടെയും അടുത്തേക്ക് അവൾ നീങ്ങിയപ്പോൾ കരീമിക്കയുടെ കണ്ണുകളിൽ ഇതുവരെ കാണാത്ത എന്തോ ഭാവം തളം കെട്ടി നിന്നു. അയാൾ അവളെ കെട്ടിപിടിച്ച് കൊണ്ട് വിതുമ്പിപ്പൊട്ടി. അയാളുടെ വായിലേക്ക് കഞ്ഞി വെച്ച് കൊടുക്കുമ്പോൾ പാത്രത്തിലേക്ക് ദുഃഖഭാരം കണ്ണുനീർ കണക്കെ ഉറ്റി വീണു. ക്യാമ്പിൽ നിന്നും കിട്ടിയ ഒരേ കള്ളിയുള്ള കുപ്പായം ധരിച്ച കരീമിക്കയും മുഹമ്മദ്ക്കയും അത്രമേൽ അടുത്ത ആത്മ മിത്രങ്ങളെ പോലെ പരസ്പരം നോക്കി പുഞ്ചിരിച്ചു.

"വെട്ടിപ്പിടിച്ചതെല്ലാം മണ്ണിനുവിട്ടുകൊടുത്ത് നീണ്ട വരാന്തയിലെ മൂലയിൽ മാത്രം ഒതുങ്ങി കൂടി കൊണ്ട് എല്ലാവരും ഒട്ടും പ്രതീക്ഷിക്കാത്ത ഒരു അന്തിയുറങ്ങി."





**വാഫിയ**
ബി.എ. ഇംഗ്ലീഷ്



കവിത

# ആരാണ് നാം?

ഓടിയോടി തളർന്നാൽ മണ്ണിലേക്ക് -
ആ മണ്ണിൽ നിന്നും വീണ്ടും ഉയർന്നു ആർത്തിയോടെ
ഈ മണ്ണിനെ വിഴുങ്ങുന്നവരോ?
ആരാണ് നാം?

ദൈവത്തിന്റെയും ചെകുത്താന്റെയും നടുവിലാണോ?
അതോ വെറും അവരുടെ യുദ്ധത്തിലെ കരുക്കളോ?
കരുണയുടെ പ്രതീകമോ?
അതോ ക്രൂര മൃഗത്തിൻ രൂപമോ?
ഇളം ചൂടുള്ള മാതൃ സ്നേഹമോ?
അതോ കാമത്തിന്റെ പൊള്ളുന്ന തീയോ?
എന്താണ് നാം?

കണ്ണാടിയിൽ തെളിയുന്ന പ്രതിബിംബമോ?
അതോ ചെളിയിൽ അഴുകുന്ന മാംസമോ?
നക്ഷത്രത്തിൽ നിന്നും പിറവി എടുത്തവരോ?
അതോ നരകത്തെ ആളിക്കത്തിക്കാനുള്ള വിറകോ?
എന്തിനാണ് നാം?

പ്രേമിച്ചു കൊതിതീരാതെ പിരിയാനോ?
അതോ പ്രേമിക്കാൻ വിധിയില്ലാതെ മരിക്കാനോ?
വെറും കാലചക്രത്തിന്റെ കുരുക്കിൽ കുടുങ്ങിയ
കളിമൺ പാവകളോ നാം?

ലേഖനം



ഹുസ്ന ബാനു എം.പി.
എം.എ. ഇംഗ്ലീഷ്

# വലയിൽ വീഴരുത് വില്ലൻമാരുണ്ട്

സോഷ്യൽ മീഡിയയിൽ അങ്ങേയറ്റം വിശ്വസിച്ച് നാം ഓരോരുത്തരും സേഫ് എന്ന് തെറ്റായ ധാരണയിൽ ചെയ്യുന്നതെല്ലാം സെക്കൻഡ് ഹാൻഡിൽ ശേഖരിക്കപ്പെടുന്നുണ്ട്. പല പ്രായക്കാരെയും പലവിധേനയും കുഴിയിൽ ചാടുകയും ജീവൻ നഷ്ടപ്പെടുത്തുകയും ചെയ്ത ഒന്നാണ് സൈബറിടം. കുറ്റവാളികളും ചതിയന്മാരും വിളയാടുന്ന ഇരുട്ടിന്റെ അടിത്തട്ടാണ്, ഇന്റർനെറ്റും ഫോണും മറ്റു പലതരം ഇമെയിൽ ആപ്പുകളും. ഇവയിലെല്ലാം കുടുക്കിലായി പോകുന്നവരും കുറവല്ല. സോഷ്യൽ മീഡിയയുടെ ദുരുപയോഗം കാരണം കൗമാരക്കാരെ വലവീശിപ്പിടിക്കുന്ന കള്ളന്മാരും കുറവല്ല. സൈബറിടത്തിലെ നല്ലതും ചീത്തയും തിരിച്ചറിയാൻ നാം ഓരോരുത്തരും ഇനിയും ശ്രമിക്കേണ്ടതുണ്ട്. ഹോർമോണിന്റെ വ്യതിയാനം കൗമാരക്കാരെ കൊണ്ട് നഗ്ന ഫോട്ടോയും വീഡിയോകളും എടുക്കാൻ ഇടയാക്കുന്നു. കുട്ടിയുടെ മുന്നിൽ എല്ലാ ഹൈഡായി മാറുന്നു. കുട്ടികൾ മാത്രമല്ല രക്ഷിതാക്കളും ഉദ്യോഗസ്ഥർ വരേയും പലതരം തട്ടിപ്പിലും ഹണി ട്രാപ്പിലും പ്രണയ വിലാസത്തിലും ഏർപ്പെട്ടിട്ടുള്ളവരാണ്.

മനുഷ്യൻ സൗകര്യങ്ങൾ വർദ്ധിക്കും തോറും ചതിയും വഞ്ചനയും ജീവഹാനിയും സംഭവിക്കുന്നു. ഉദാഹരണം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) സമൂഹത്തിലും സൈബറിടത്തിലും തന്റേതായ വേരുകൾ ഉറപ്പിച്ചു. യാദൃശ്ചികമായി നമ്മൾ അതിനെ ഉപയോഗിക്കേണ്ടിവരുന്നു. അതിന്റെ ഗുണവൈവിധ്യങ്ങൾ നമ്മളിൽ കൂടുതൽ ആകർഷണം നൽകുന്നു. വാട്സാപ്പിലെ മെറ്റ AI എല്ലാം ലഭ്യമാക്കിത്തരുന്നു. വളരെ സുരക്ഷിതമാണെന്ന് പറഞ്ഞ വാട്സാപ്പ് പോലും ഇന്ന് AI കൊണ്ടുപോയി. മാസങ്ങൾക്കു മുൻപ് വടകര സ്വദേശിയുടെ ലക്ഷണങ്ങൾ തട്ടിയ ഒരു വിദ്വാനും കൂടിയാണ് AI. അങ്ങനെ മനുഷ്യന്റെ ഓരോന്നും കീഴടക്കാൻ AI ക്ക് സാധിക്കും. മനുഷ്യൻ വികസനത്തിലൂടെ സ്വന്തം വംശത്തെ ദുരന്തത്തിലേക്ക് നയിക്കുന്നു.

യുറോപ്യൻ രാജ്യങ്ങളെ ഒന്നടങ്കം മന പ്രയാസത്തിലാക്കിയ കൊടും കുറ്റവാളിയാണ് ജൂലിയസ് കിവി മാക്കി എന്ന ഫിന്നിഷ് പൗരൻ. അവൻ പതിമൂന്നാമത്തെ വയസ്സിൽ ആദ്യത്തെ ഹാക്കിംഗ്ന് തുടക്കം കുറിച്ചു. 2012 ലായിരുന്നു അത്. എന്നാൽ കിവി മാക്കി പിടികിട്ടാപ്പുള്ളിയായി 11 വർഷങ്ങൾ ഉദ്യോഗസ്ഥരെ വട്ടം കറക്കി. ഒടുവിൽ ഫെബ്രുവരി 2023ൽ അയാൾ പോലീസ് പിടിയിലായി. ലോക്കപ്പിലാവാൻ പ്രധാന കാരണമായത് ഹാക്കിംഗ്. 33,000 രോഗികളുടെ രോഗവിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് വെച്ച് അവരെ ബ്ലാക്ക്മെയിൽ ചെയ്തു. കിവി മാക്കി 26 വയസ്സായപ്പോൾ ലോകം അറിയുന്ന സൈബർ

കുറ്റവാളിയായി മാറി. ഒരു രോഗിക്ക് പോലും ഇന്ന് സ്വാതന്ത്ര്യം ഇല്ല എന്ന് യാഥാർത്ഥ്യം നമ്മളെ അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുന്ന ഒന്നാണ്. ഹാക്കിംഗ് തട്ടിപ്പ് എല്ലാ മേഖലയിലും വളരുമ്പോൾ എത്രയൊക്കെ ശ്രദ്ധിച്ചാലും അത് നടക്കുക തന്നെ ചെയ്യും.

ജോലി വാഗ്ദാനത്തിന്റെ മറവിൽ പണം തട്ടാറുള്ള നിരവധി ഏജൻസികളെ നമുക്കറിയാം. എന്നാൽ സൈബർ ഇടത്തിലൂടെ ചൈനക്കാർ പല രാജ്യങ്ങളിൽ നിന്നും പണം തട്ടിയെടുക്കുന്നുണ്ട്. അതിൽ ഇന്ത്യ ഒന്നാമതാണ്. ആയിരം കോടി അവർ കവർന്നത് ഇന്ത്യയിൽ നിന്നാണ്. ഇതിനെ 'ഡിജിറ്റൽ പോക്കറ്റടി' എന്ന് അറിയപ്പെടുന്നു. ആറുമാസം കൊണ്ട് കേരളത്തിൽനിന്ന് ഇവന്മാർ 300 കോടി തട്ടിയെടുത്തു. ഇതിന് കാരണം ഉയർന്ന ജോലിയുടെ മോഹവും അന്ധമായ വിശ്വാസവും മാത്രം. തട്ടിപ്പിന്റെ മറ്റൊരു വിധം ഇ-ചലാൻ തട്ടിപ്പ്, വ്യാജ തട്ടിപ്പ്, ഓൺലൈൻ ഓർഡറിന്റെ തട്ടിപ്പ്, പുതിയതായി വന്ന 'വെർച്വൽ അറസ്റ്റ്' അഥവാ ഡിജിറ്റൽ അറസ്റ്റ്. തട്ടിപ്പുകളും പ്രലോഭനങ്ങളും പലതരത്തിൽ സൈബർ ഇടങ്ങൾ കാണിക്കുന്നുണ്ട്. എന്നാൽ നമ്മുടെ നഷ്ടപ്പെടുന്ന പണം, ജീവൻ, ശാരീരിക ഭാഗങ്ങളുടെ ഫോട്ടോകൾ, സ്വകാര്യ വിവരങ്ങൾ കഴിവതും സൂക്ഷിച്ചു മാത്രം പ്രവർത്തിപ്പിക്കുക. പുതിയ തരം ആപ്പ്സുകൾ ഉടലെടുക്കുമ്പോൾ ഓടിക്കേറി ഇടം പിടിക്കാതിരിക്കുക. വിയർപ്പ് പൊടിയാതെ പണം സമ്പാദിക്കാൻ കൊടുംക്രൂരന്മാർ തമ്പടിച്ചിരിക്കുന്നുണ്ട്.

1987 ആർട്ടിക്കിൾ 19 പ്രകാരം എല്ലാവർക്കും ആവിഷ്കാര സ്വാതന്ത്ര്യമുണ്ട്. നമുക്കെല്ലാവർക്കും സ്വയം പ്രകടിപ്പിക്കാൻ പറ്റുന്ന ഒന്നാണ് സ്വാതന്ത്ര്യം. മതം, രാഷ്ട്രീയം, കലാസാംസ്കാരിക മാധ്യമങ്ങൾ, സോഷ്യൽ മീഡിയകൾ എന്നിവയിൽ തന്റേതായ അഭിപ്രായം പ്രകടിപ്പിക്കാം. പക്ഷെ ഒരു വിധത്തിലും ഇവയൊന്നും പ്രശ്നങ്ങൾ പൊട്ടിപ്പുറപ്പെടുവിക്കാൻ കാരണമാവരുത്. മുസ്ലിം പെൺകുട്ടികൾ ഹിജാബ് ധരിച്ചാൽ രാജ്യദ്രോഹമായി കാണുന്നു. എന്നാൽ ആവിഷ്കാരം സ്വാതന്ത്ര്യം വിളിച്ചോതുന്ന നടന്റെ നഗ്ന ഫോട്ടോകൾ സോഷ്യൽ മീഡിയയിൽ നിറഞ്ഞ കാലമുണ്ടായിരുന്നു. ഹിജാബ് ധരിച്ചതിന്റെ പേരിൽ കർണാടകയിലെ സ്കൂളിൽ പരീക്ഷ പോലും എഴുതുവാൻ സാധിച്ചില്ല. ഇതൊരു മതത്തിന്റെ സ്വാതന്ത്ര്യമാണ്. വിശ്വാസത്തിന്റെ തെളിവാണ്. അതിനെ രാജ്യദ്രോഹമായി കണക്കാക്കി കലാപങ്ങളും പ്രയാസങ്ങളുമുണ്ടാക്കരുത്. എന്നിട്ട് ആവിഷ്കാര സ്വാതന്ത്ര്യം ആണ് എന്ന് പറയുന്നു. എന്തും വിളിച്ചു പറയാനും നടപ്പിലാക്കാനുമുള്ള ലൈസൻസല്ല ആവിഷ്കാര സ്വാതന്ത്ര്യം. അത് ഒരു മതത്തിന്റെയോ ഒരു വ്യക്തിയുടെയോ മാത്രമല്ല. ഒരു കേരള സ്റ്റോറി എന്ന വിവാദം ഇന്ന് കേരളത്തിൽ അല തല്ലുന്ന ഒന്നാണ്. അതിനും ആവിഷ്കാര സ്വാതന്ത്ര്യം മാത്രമാണ് പ്രശ്നം. സമൂഹത്തിൽ ട്രാൻസ്ജെൻഡർ പ്രവീൺ നാഥ് ആദ്യത്തെ കേരള ബോഡി ബിൽഡർ ആയിരുന്നു. മറ്റൊരാളുടെ പരാക്രമത്താൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ട് മരണത്തിന് കീഴടങ്ങി.

സമൂഹത്തിൽ എത്രയൊക്കെ സുരക്ഷ ഉണ്ട് എന്ന് പറഞ്ഞു നടന്നാലും ആ സ്വാതന്ത്ര്യമോ സുരക്ഷയോ എവിടെയും ഉണ്ടാവില്ല എന്നാണ് യാഥാർത്ഥ്യം. ഇന്ത്യൻ നിയമം സൈബർ കുറ്റവാളികളെ എന്നല്ല എല്ലാ കുറ്റവാളികളെയും വളർത്തുന്നു. ഇരകൾ ഇല്ലാതാവുന്നു. നീതി ലഭിക്കാതെ നില കൊള്ളുന്നു. ആവിഷ്കാര സ്വാതന്ത്ര്യം എല്ലാ ജീവനുമുണ്ട്. മറ്റൊന്നിന്റെ സ്വാതന്ത്ര്യം നശിപ്പിക്കാൻ ഉള്ള സ്വാതന്ത്ര്യമല്ല ആവിഷ്കാര സ്വാതന്ത്ര്യം. സൈബർ ഇരയായാൽ സെക്ഷൻ 67 ആക്ട് പ്രകാരം കംപ്ലൈന്റ് നൽകാവുന്നതാണ്. മൂന്നുവർഷം തടവും പിഴയുമുണ്ടാകും. എന്നാൽ സൈബർ സെക്യൂരിറ്റി പോളിസിയുണ്ട് എന്നതിൽ സമാധാനം കണ്ടെത്താൻ സാധ്യമാണോ. മറ്റൊരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെ തടയാനും ചോദ്യം ചെയ്യാനും പോവാതെ സ്വാതന്ത്ര്യം എന്താണെന്ന് തിരിച്ചറിഞ്ഞു ജീവിക്കാം. സൈബർ ഇടത്തിൽ എപ്പോൾ വേണമെങ്കിലും ഇരയാവാം സൂക്ഷിക്കുക.

POEM

# To a new Acquaintance



C. HAMZA
Dept. of English

Sitting beside you I felt in the buss
as placing logs onto Flames to caress
think of it us building a fire
it kindled something like a love affair
intentionally I used 'something like'
in order to sanctify it from vulgar like
the embers to became hot I allow
up to their maximum let them to glow
Immaculate love I call it divine
it taste it is delicious more than wine
embraces of Minds make the fire blaze
let it bring fruits not a craze
flow neat and sweet it is your Countenance
not a talk alike you have self Reliance
the Threads of our bonds are nicely spun
with communication in future we stay strong
thanks to the moments that made me climb them up
to the same bus to which you showed up
brimmed with mental qualities you are bright
trimmed by the creator you are alright
I want to stay in this relationship my dear
up to the end of my life be it whatever
wishing to see all of your success and victory
within limits enjoy your life and be merry



കഥ

# ഒരു പ്രണയ കാലം



ആയിഷ ഷെറിൻ
ബി.എ. ഇംഗ്ലീഷ്

മുത്തശ്ശിയുടെ ഷഷ്ഠിപൂർത്തിയും ശ്രീജുവിന്റെ പതിനെട്ടാം പിറന്നാളും ഒരു ദിവസം തന്നെയാണ്. വീട്ടിലെ ചെറിയ ആഘോഷത്തിന്റെ തിരക്കിലായിരുന്നു അവൾ. അച്ഛനില്ലാത്തതിനാൽ പതിനൊന്നാം വയസ്സു മുതൽ അവളാണ് വീട്ടിലെ കാര്യങ്ങൾ ശ്രദ്ധിക്കുന്നത്. ഗ്രാമത്തിലെയും വീട്ടിലെയും പ്രിയങ്കരിയാണ് ശ്രീജു. വെളുത്തു തുടുത്ത കവിളും, വെണ്മയുള്ള കണ്ണുകളും, നീണ്ട മുടിയും ഏതൊരാളെയും മോഹിപ്പിക്കുന്നതാണ്. ചെറുപ്പം മുതൽക്കേ ഗ്രാമത്തിലെയും സ്കൂളിലെയും പൂവാലന്മാരുടെ കണ്ണിലെ ഇരയായിരുന്നു അവൾ. ഇത് പയ്യെ പയ്യെ അവളെ മാനസികമായി തളർത്തി തുടങ്ങി. ഷർട്ടും, പാന്റും, മുണ്ടും ധരിച്ച രൂപം കാണുമ്പോൾ ഉൾഭയം കൂടിത്തുടങ്ങി.

ഷഷ്ഠിപൂർത്തിക്കെത്തിയ അമ്മാവന്മാരുടെ സംസാരം ശ്രീജുവിന്റെ കല്യാണ ചർച്ചയിൽ ചെന്നവസാനിച്ചു. പഠനത്തിൽ മിടുക്കിയായതിനാൽ അമ്മയ്ക്കും, മുത്തശ്ശിക്കും പെട്ടന്നുള്ള കല്യാണം ഒട്ടും താല്പര്യമില്ലായിരുന്നു. ഇതിനെതിരെ അമ്മക്കൊന്നും പറയാനുള്ള അവസരവും ഉണ്ടായിരുന്നില്ല. അച്ഛന്റെ അമ്മായിയുടെ മകനുമായാണ് അവർ ആലോചന കൊണ്ടുവന്നത്. കള്ളും, കഞ്ചാവുമായി നടക്കുന്ന അവനെ ആലോചിക്കാൻ പോലും അവൾ തയ്യാറായില്ല. വിവാഹം കഴിഞ്ഞാൽ അമ്മയും മുത്തശ്ശിയും ഒറ്റക്കാവും. ഇപ്പോൾ തന്നെ അച്ഛനില്ലാത്തതിന്റെ പേരിൽ പല പ്രായക്കാരുടെയും മൂർച്ചയേറിയ കുത്തുവാക്കുകൾ അമ്മ കേൾക്കേണ്ടി വന്നിട്ടുണ്ട്. സമൂഹത്തിന്റെ ഇടയിൽ സ്ഥാനമില്ലാത്ത ഒരു പെണ്ണായത് കൊണ്ടാവാം ഇങ്ങനെ, മറിച്ച് ഒരാണായാൽ അമ്മക്ക് ഈ അവസ്ഥവരില്ല. ഊണ് കഴിഞ്ഞ് ഇറങ്ങിയപ്പോൾ വരുന്ന ചിങ്ങത്തിൽ വിവാഹം നടത്താം എന്നു പറഞ്ഞിട്ടാണവർ പോയത്.

ചിങ്ങം വരാൻ അധിക കാലമുണ്ടായിരുന്നില്ല. കല്യാണത്തിനുള്ള ഒരുക്കങ്ങൾ എല്ലാം തുടങ്ങി, ആഭരണങ്ങളും വസ്ത്രങ്ങളും വാങ്ങി. താൻ ഇത്ര കാലം ജീവിച്ചതിനേക്കാൾ ദുരിതത്തിലേക്കാണ് ഇനി പോകുന്നതെന്ന സത്യം മനസ്സിനുള്ളിൽ പതർച്ചയുണ്ടാക്കി. പതിയെ പതിയെ ജീവിതത്തോട് മടുപ്പ് തോന്നിത്തുടങ്ങി. എല്ലാം ഉപേക്ഷിച്ച് ഓടിപ്പോകാൻ തോന്നി. ഒരുപാട് കരഞ്ഞു, ഇത് കണ്ട് അമ്മക്ക് സഹിക്കാനാവാതെ ഗ്രാമം വിട്ട് ദൂരേക്ക് പോയി പഠിച്ച് നന്നായി ജീവിക്കാൻ പറഞ്ഞു. രണ്ടുപേരുടെയും സഹായത്തോടെ അന്ന് രാത്രിയിൽ തന്നെ അവൾ വീട് വിട്ടിറങ്ങി, ആഭരണങ്ങളും പട്ടുവസ്ത്രങ്ങളും മാറ്റി ഷർട്ടും പാന്റും ധരിച്ചാണ് യാത്ര തുടങ്ങിയത്. പുതിയ



വസ്ത്രരീതിയിൽ സമൂഹത്തിൽ നിന്നും തികച്ചും വ്യത്യസ്ത പ്രതികരണമാണുണ്ടാക്കിയത്. ആളുകളുടെ നോട്ടത്തിലും ഭാവത്തിലും ഒരു മനുഷ്യനെന്ന ബഹുമാനം അവൾക്ക് കിട്ടിയിരുന്നു.

ബാംഗ്ലൂരിലേക്കുള്ള യാത്രയിൽ ശ്രീജുവിന്റെ അടുത്ത് അർജുൻ എന്ന് പേരുള്ള ചെറുപ്പക്കാരനായ പയ്യനായിരുന്നു. പുസ്തകം ഒരുപാട് ഇഷ്ടപ്പെടുന്നത് കൊണ്ടാവാം വായന യുടെ തിരക്കിലായിരുന്നു അവൻ. ഇടയ്ക്ക് ശ്രീജുവിനും ഒരു പുസ്തകം നൽകി. പതിയെ പതിയെ രണ്ടുപേരും പുസ്തകങ്ങളെ പറ്റി ഒരുപാട് സംസാരിച്ചു. അർജുൻ സ്ത്രീകളെ ബഹുമാനിക്കുന്ന കൂട്ടത്തിൽപെട്ടതായിരുന്നു. സാധാരണ പുരുഷന്മാരിൽ നിന്നുള്ള അവന്റെ പെരുമാറ്റത്തിലെ വ്യത്യാസം അവനിലേക്ക് അവളെ കൂടുതൽ അടുപ്പിച്ചു, തമ്മിൽ പരിചയപ്പെട്ടു. റെയിൽവേ സ്റ്റേഷനിൽ അർജ്ജുനെ കൊണ്ടുപോവാൻ അവന്റെ കൂട്ടുകാരി അർപ്പണ വന്നിരുന്നു. അവിടെ ആരെയും പരിചയമില്ലാതിരുന്ന ശ്രീജുവിനെ അർപ്പണ അവളുടെ കൂടെ കൂട്ടി. അവർ തമ്മിലുള്ള സൗഹൃദം ശ്രീജുവിന്റെ ഉള്ളിൽ സന്തോഷം നിറച്ചു. പുതിയ നാടും ബന്ധങ്ങളും അവളുടെ ലക്ഷ്യത്തിന് ശക്തി കൂട്ടി. നന്നായി പഠിച്ചു ഒരു ജോലി നേടണം. അതിനുള്ള പരിശ്രമമായി പിന്നെ. അധികം വൈകാതെ അതു നേടുകയും ചെയ്തു. അവിടെ തന്നെയുള്ള ഒരു മികച്ച ഓഫീസിൽ ജോലിയും ലഭിച്ചു.

ദിവസങ്ങൾ കടന്നുപോകവേ അർജു നെപ്പറ്റി കൂടുതൽ വിവരങ്ങൾ അർപ്പണയിൽ നിന്നും മനസ്സിലാക്കിയ ശ്രീജുവിന് അവനോട് ഒരു പ്രത്യേക ഇഷ്ടം തോന്നി തുടങ്ങി. ഇത് രണ്ടുപേരും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഞായറാഴ്ച്ച ദിവസം എല്ലാവരും കൂടി പുറത്തുപോയി. അർജുൻ ശ്രീജുവിനെ അവിട മെല്ലാം കാണിക്കുകയും പരിചയപ്പെടുത്തുകയും ചെയ്തു. അതെല്ലാം അവൾ വളരെ ആസ്വദിക്കു ന്നുണ്ടായിരുന്നു. ആ സമയം ചെറിയ ചാറ്റൽ മഴ വന്നു. ഇതിനിടെ അവൻ അവളോട് തന്റെ ജീവിതകാലം മുഴുവൻ ഇങ്ങനെ യാത്ര ചെയ്യാൻ താല്പര്യമുണ്ടോ എന്ന് ചോദിച്ചു. ഇത് കേട്ടയുടൻ അവളുടെ കവിൾ ചുവന്നു തുടുത്തു, ചുറ്റിലും നിശബ്ദത. അവളുടെ കണ്ണിൽ അവന്റെ കണ്ണുകൾ ഉടക്കി. അതിൽ വ്യക്തമായിരുന്നു അവൻ ആഗ്രഹിച്ച ഉത്തരം.

# My Flute



POEM

I had a flute, which sang as i wished,
I called him by a nickname, 'Dad'.
He was the one who always loved to see my happiness,
And he called me his soul, his everything, I was.

He was everything for me, and one day
I lost my flute and its song.
I searched everywhere, but at last
With a deep sigh, I realized that my flute was no more.

I know that I won't hear the sweetest voice of the flute again,
But I wish I could hear the song once more,
and again, and again."





AFREEDA FIZA
M.A. English

# Once in a Warm Summer

POEM

"Unforgettable days are etched in my mind
Like a wound that refuses to heal.
The warmth of that summer day still burns within me
Like a flame that refuses to die.

My heart aches with a pain that refuses to subside
Like a wound that refuses to heal.
I'm left with only tears, like a withered flower
That has lost its beauty and fragrance.

The memories of our love are now mere ashes
Like a fire that has burned out.
I'm aware that it's all over, yet my mind still holds onto
The hope of seeing you again, like a mirage.

Though I know it's impossible, my heart still yearns
For that impossible reunion, like a desert plant
That longs for rain. My heart is like a stone statue
That cannot weep, nor cry out.

But still, I wish to see you once more
To hear your voice, to feel your touch.
Though it's impossible, my heart still hopes
To see you again, to be with you again."



**കവിത**



**അഫ്രീദ ഫിസ**
എം.എ. ഇംഗ്ലീഷ്

# നിരാശ

പൊലിഞ്ഞുപോയില്ല
മറവിയിലും ആ ദിനം,
ഉഷ്ണത്തിൻ തീചൂള
കത്തി എരിയുന്ന വേനലിലാ
വാർത്ത ഇങ്ങെത്തി.

ഹൃദയം നുറുങ്ങും
വേദനയിൽ,
പതറാതെ
കേട്ടുനിന്നു ഞാൻ.
അത്ര സ്നേഹപൂർവ്വം
തൊട്ടും തലോടിയും
തണലായവൻ
ഇനിയില്ലെന്ന സത്യം
അന്നറിഞ്ഞു.

എൻ കാലുകൾ
ഇടറിയില്ല,
കണ്ണുകൾ
കലങ്ങിയില്ല,
കരിങ്കൽ ശിൽപം പോലെ
ഞെട്ടിനിന്നു ഞാൻ.
ഹൃദയം നുറുങ്ങിയ
വേദനയിൽ,
തരിപ്പണമാവാതെ.

ആശകളെല്ലാം
അസ്തമിച്ചെങ്കിലും,
ഭൂതകാലത്തെ
സ്നേഹം നുണയുവാൻ
കൊതിക്കുന്നു ഞാൻ.
ആ തണലിന്റെ
തിളക്കം,
ഒരിക്കൽ കൂടി
മടിചായാൻ
ആഗ്രഹിക്കുന്നു.



# Shadow Light



UMER KAISE
B.Sc. Physics

In shadows cast by memories
I find the strength to set me free
Footsteps echo, a silent decree
A journey starts, just let it be

A path unknown, a tale untold
In solitude, new strength I find
Amidst the echoes, steps unfold
Away from ties that once did bind

The distance whispers tales of grace
A heart unburdened, light as air
Farewell to yesterday's embrace
As I walk away from what was there

Beneath the canvas of the sky
Footprints fade, like echoes stray
In leaving, a chance to fly
A new beginning, a brighter day



courtesy:Jorm Sangsorn/shutterstock

POEM

# THE SORROW RHYME



FATHIMA HANNA T.
B.A. English

Let the spring fly
through the holes of the flute.
His music was a reflection
of the sorrow that swelled within him.

He played day and night,
the air growing darker—
a rhythm imbued
with his grief.

To those who listened, he crafted
a smile through the holes.
He revealed the depth of his love
for the one he cherished.

His melodies were a testament
to unrequited love.
Through the rhythm of his flute,
he expressed his profound emotions.

Yet, the joyful rhythm soon faltered,
trapped in the hole,
morphing into a mournful solo.
He carried that love throughout his life.

When she disappeared, the music lost its way;
he played endlessly,
the sorrowful solo echoing his despair.







# രാത്രി വരുന്ന പിശാചുക്കൾ



**നഷ്വ പി.**
ബി.എ. ഇംഗ്ലീഷ്

നിങ്ങൾ ഇങ്ങനെ സങ്കൽപ്പിച്ചു നോക്കു. നിങ്ങൾ തനിച്ച് ഒരു മുറിയിൽ തന്റെ കിടക്കയിൽ ഉറങ്ങുകയാണ്. മുറിയുടെ വാതിലിന്റെ കുറ്റി അകത്തു നിന്ന് കുറ്റിയിട്ടിട്ടുണ്ട്. നിങ്ങൾ ഗാഢമായ ഉറക്കത്തിലാണ്. നിങ്ങളുടെ അടുത്ത് ആരോ കിടന്ന് മറിയുന്നത് പോലെ നിങ്ങൾക് അനുഭവപ്പെടുന്നു. മുറിക്കകത്തുകൂടെ ആരൊക്കെയോ നടന്നു പോകുന്നത് പോലെ.പിന്നെ നമ്മുടെ നെഞ്ചത്ത് ആരോ കയറി ഇരിക്കുന്നത് പോലെ പെട്ടന്ന് നാം കണ്ണ് തുറന്നു ഒരു രൂപം ഇതാ നമ്മുടെ കൺമുൻപിൽ നിൽക്കുന്നു.

ആ ഒരു നിമിഷത്തിൽ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഒന്ന് ശബ്ദിക്കാനോ കരയാനോ ഒന്ന് എണീറ്റ് ഓടാനോ കഴിയുന്നില്ല. നിങ്ങളെ ആരോ വരിഞ്ഞു കെട്ടിവെച്ചതുപോലെ ഈ ഒരു അവസ്ഥയെയാണ് സ്ലീപ് പരാലിസിസ് എന്ന് പറയുന്നത്. ഇപ്പോൾ കൂടുതൽ ആളുകളിൽ ഇത് കണ്ട് തുടങ്ങിയിരിക്കുന്നു. സ്ലീപ് പരാലിസിസിനെ ശാസ്ത്രത്തിന്റെ കണ്ണിലൂടെ നോക്കുമ്പോൾ ചിട്ടയില്ലാത്ത ഉറക്കം കാരണവും ഇന്നത്തെ യുഗത്തിൽ കണ്ട് കൊണ്ടിരിക്കുന്ന മാനസിക പിരിമുറുക്കവും കൊണ്ടാണ് ഇത് സംഭവിക്കുന്നത്.

ഏതൊരു ആരോഗ്യവാനായ ആൾക്കും ഇത് വരാൻ സാധ്യതയുണ്ട്. രണ്ട് തരം സ്ലീപ് പരാലിസിസാണുള്ളത്. ഒന്ന് 15-20 മണിക്കൂർ വരെ നീണ്ടു നിൽക്കുന്നത്, രണ്ട് 2-3മണിക്കൂറോ അതിലേറെയോ നീണ്ടുനിൽക്കുന്നത്. എന്നാൽ വിവിധ മത ങ്ങളിലും സംസ്കാരങ്ങളിലും ഇതിനെ വേറെ രീതിയിലാണ് നോക്കി കാണുന്നത് ഇസ്ലാമിൽ മൂന്നു കാര്യങ്ങളാണ് ഇതിനെ കുറിച് പറയുന്നത്. ഒന്ന് ഭക്ഷണം കാരണം, രണ്ട് ഉറക്കം കാരണം, മൂന്നു അമാനുഷികത കാരണം. അതായത് അൽ കബൂസ് എന്ന ജിന്ന് കാരണവും ഇത് സംഭവിക്കുമെന്ന് പ റയുന്നു. ഈജിപ്ത്തിലും ഇതുപോലെ ജിന്ന് കാരണമാണെന്ന് വിശ്വസിക്കപ്പെടുന്നു. ഇറ്റലിയിൽ ഇത് ഒരു ഭീമകരമായ പൂച്ചകാര ണമാണ് അതുപോലെ ഒരു മന്ത്രവാദിനി കാര ണമാണെന്ന് വിശ്വസിക്കപ്പെടുന്നു. ക്രിസ്തു മതത്തിൽ ഇത് സാത്താന്റെ അക്രമമായിട്ടാണ് കണക്കാക്കപ്പെടുന്നത്.

ഏത് അവസ്ഥയിലും ആരോഗ്യം സമ്പത്താണ്. അത് വിട്ട് കൊടുക്കാൻ ഒരിക്കലും സമ്മതിക്കരുത് നമ്മുടെ ആരോഗ്യം കാത്ത് സൂക്ഷിക്കേണ്ടത് നമ്മൾ തന്നെയാണ്. ജീവിതത്തിന്റെ വഴിയോരങ്ങളിൽ എല്ലാവർക്കും ആരോഗ്യം കൂടെ ഉണ്ടാവട്ടെ.



സന കെ.
ബിഎ ഇംഗ്ലീഷ്

# ഓർമ്മകളിൽ നന്മയുണരുന്ന സപ്തദിനങ്ങൾ

കാഴ്ച്ചയിൽ നിന്നും മങ്ങലേറ്റു പോയെങ്കിലും ഓർമ്മയെന്ന ആ പുസ്തകത്താളുകളിൽ ഇന്നും പ്രൗഢിയോടെ എഴുന്നേറ്റു നിൽക്കുകയാണാ സപ്തദിനങ്ങൾ. ക്യാമ്പിലോട്ടുള്ള ദൂരം അടുക്കുംതോറും ഒരുപറ്റം കണക്കുകൂട്ടലുകളായിരുന്നു മനസ്സിൽ. ടീമുകളാക്കി തിരിച്ചതുമുതലുള്ള മത്സരാവേശത്താൽ ഓരോ ടീമുകളും ഒന്നിനൊന്നു മെച്ചം.

'അങ്ങനായോണ്ട് ഞമ്മളെ കുണ്ഡം പിഞ്ഞാണത്തിലിണ്ടായീനോരോട് മറ്റുള്ളോരേക്കാൾ ഒന്നുംകൂടെ അടുക്കാൻ കഴിഞ്ഞു. ആദ്യായിട്ടായിരുന്നു ഇത്രീം ദിവസം ഇമ്മച്ചിന്റെ അട്ത്ത്ന്ന് വിട്ട് നിക്ക്ണെ. പോയപ്പൊ ആ ഒരു വെഷ്മം ണ്ടായെങ്കിലും അത് മാറ്റിട്ക്കാനുള്ള ന്തോ ഒരു മരുന്നും ആയിട്ടാർന്നു ക്യാമ്പിന്റെ വരവ്'.

ഞമ്മളെ സ്വന്തം കൊച്ചുമൊതലാളിന്റെ നാട്ടിലായൊണ്ടന്നെ കേരളക്കാറ്റ് നല്ലോണം ആസ്വദിക്കാൻ പറ്റി. പിന്നെ പൊന്നാപുരം കോട്ടേൽ യക്ഷികളുടെ വിളയാട്ടം ആയിര്ന്നു. പാർലമെന്റിലിരുന്ന് ഞാനൊക്കെ ഒറങ്ങുമ്പോ പിരികയറ്റി വിട്ണ കൊച്ചുമൊതലാളീം ശിങ്കിടീം വേറെ ലെവലേർന്നു. പിന്നെ ഓരോരോ എസ്ക്യൂസും പറഞ്ഞ് യോഗേന്നൊള്ളു ഓരോന്ന് മിന്നിച്ചിട്ട്. ഒറക്കം അങ്ങട്ട് മതിയാവാത്തോണ്ടെയ്... ന്ത് ചെയ്യാനാ സേട്ടാ...

പിന്നെ ഞമ്മളെ കുണ്ഡംപിഞ്ഞാണത്തിന്റെ ചെമ്മലച്ചോറിനും ചൊമലക്കറിക്കും ആരാധകർ കൂടുതലായിരുന്നുട്ടോ... പറഞ്ഞാ പിന്നെ അങ്ങനെ പറഞ്ഞങ്ങട്ട് പോവും. ബാക്കി ഞമ്മളെ ഹൃദയത്തിൽ എന്നൂണ്ടാവും. അപ്പോ ന്നാ ഞമ്മൾ നിർത്താട്ടോ. ഈ ക്യാമ്പിന്റെ അവസാനത്തോടെ NSS ന്റെ അലുംനി ന്നുള്ള സ്ഥാനം ആണ് പിന്നെ ഞമ്മൾക്ക് കിട്ട്ണത്. ആ സങ്കടൊക്കെ ഉള്ളിലൊതുക്കീറ്റ് എങ്ങനൊക്കേ ഞമ്മൾ അവ്ട്ന്ന് അങ്ങട്ട് എറങ്ങി. അങ്ങനെ ഓർമ്മയെന്ന പുസ്തകത്താളിൽ ഒരാധ്യായം കൂടെ സമ്മാനിച്ച് ആ ക്യാമ്പിന് അങ്ങട്ട് തിരശ്ശീല വീണു. ഞമ്മളുണ്ടാക്കിയ ഈയൊരു കുടുംബവും ബന്ധങ്ങളും എന്നും നിലനിൽക്കട്ടെ.



കവിത

# വസന്തകാലം



നഹീമ
ബി.എ. ഇംഗ്ലീഷ്

സ്നേഹ പൂന്തേൻ നിറയുന്ന
മലർക്കാലം,
പൂവായി വിരിയുന്ന പുലർകാലം.
എന്റെ ഹൃദയത്തെ തൊട്ടുണർത്തുന്ന
എന്റെ വസന്തമേ, ഒരിക്കൽക്കൂടി വരൂ...

എന്റെ സ്മൃതികളെ തഴുകി,
തലോടി നീ,
ഒരിക്കൽ കൂടി എന്നരികിൽ വരൂ.
നീയില്ലാത്ത എൻ അങ്കണം,
എന്റെ നയനത്തെ,
എൻ ഹൃദയത്തെ വിജനമാക്കുന്നു.

നീ ഇല്ലാതെ,
ഈ ദുഃഖം മുഴുവനായി
എന്റെ ഉള്ളിലേക്കു കടന്നു,
സ്നേഹത്തിന്റെ നിറം
ഈ വേനലിലേക്കും
വിരിച്ചുവിടുന്നു.

വസന്തമേ നീ വന്നാൽ,
എന്റെ പ്രണയം പുനർജ്ജീവിക്കും;
മഴയുൾക്കൊള്ളാം,
പ്രണയത്തിന്റെ നനവിൽ,
പൂവുകൾ പോലെ
മനം തുറക്കട്ടെ.

POEM

# *Whispers of* The Rain



NISHVA K.P.
B.Com Co-operation

Raindrops falling from above saying something,
Secrets of love in the sky.
A dance in the leaves, a soft voice,
I will tell you my story.

The clouds part, revealing the sun,
A hug from the rain, a fun moment.
The grass glistens with each drop's touch,
A quiet scene with so much meaning.

The melody of the rain, a soothing song,
The rhythm of nature is pure and powerful.
In every drop, a hundred untold stories,
The magic of rain is a sight to behold.
I will tell you my story.



# Sacred and Secular:
## Boundaries in Religion & Politics



ANFAL
B.Com C.A.

As an element of personal belief, religion remains the strongest force in India, this harmless personal belief becomes to the country when the politicians transform it into communal autogonism in an effort to achieve power. Religious fanatics are there in every country and every society. So has India, today the common man does not know which to choose - religion and politics are inextricably linked.

Man has been known to adopt sectarian view in all matters pertaining to religious rites from ancient time. All religions were established by social rebels, but after being established these religions did no more than curb social rebels. These rebels are the makers of history. The rise and fall of Civilization depends on the extent social rebels can assert themselves. Civilized Nations have been known to have repudiated form politics.

Influence of religion in modern Indian politics can be traced back to Gandhi, whose every concept of Independence was religion oriented. Gandhiji believed that independence should bring RamRajya. The harm was done. The Nation was told that in search of models and ideas it most recede into obscure mythology.

Religion was allowed to become the opium of masses. Religious places have become the major focus of disputes. Perhaps, the days are not far off when there will be a communal explosion which will tear apart the secular fabric of the nation. Indians are deeply influenced by religion and have strong faith in God. We cannot allow anybody to hurt our religious sentiments and if there is any blow we do not hesitate in performing violent acts. This fact is a weapon in the hands of our politicians and they make use of it to attain power.They make the people fight on trivial issues and name it as "communal riot".

This deliberate intervention of religion in politics has made violence a recurring ritual in India. The unscrupulous religious heads and the gluttonous politicians are least bothered about this somber picture. Instead, they are gratified for they have won the hearts and votes of many of which they had such an ugly strategem. Even the Saint poets and reformists of our medieval centuries - Kabir,Nanak, Vivekananda, Raja Ram Mohan Roy etc. Failed miserably in changing the attitude of our society towards religion. But our society still has the ability to sink differences in the time of turmoil.



**മുഹമ്മദ് സിനാൻ കെ.**
ബി.കോം. സി.എ.

# സ്വപ്നങ്ങൾ പൊലിഞ്ഞ ആ രാത്രി

കേരളത്തിന്റെ മനോഹാരിത നിറഞ്ഞ വയനാട് ജില്ലയിലെ മുണ്ടക്കൈ ഗ്രാമത്തിലെ ചൂരൽമല, ഒരുപാട് സ്വപ്നങ്ങൾ സ്വരൂപിച്ച പ്രകൃതിയുടെ അപൂർവസൗന്ദര്യങ്ങൾക്കായി കൊണ്ട് പ്രശസ്തമായ ഒരു സ്ഥലം. എന്നാൽ, അതേ പ്രകൃതിയാണ് ഇന്നേവരെ കാണാത്ത ഒരു ഭീകരമായ ദുരന്തം ആ പ്രദേശത്ത് വരുത്തിയത്. ഒരോ ചെടിയിലും, മൃഗങ്ങളുടെയും മനുഷ്യരുടെയും ഉള്ളിൽ ഭീതി നിറച്ച ആ രാത്രി, ഗ്രാമവാസികളുടെ ജീവിത സ്വപ്നങ്ങൾ ഒറ്റ നിമിഷത്തിൽ തകർത്തു.

പശ്ചിമഘട്ടത്തിന്റെ ഭാഗമായ ചൂരൽമല, വയനാട്ടിന്റെ മനോഹാരിതയുടെ മണം പകർന്ന ഒരു ഗ്രാമം. എന്നാൽ ഒരു രാത്രിയുണ്ടായ പ്രകൃതിയുടെ രോഷം, ഈ ഗ്രാമത്തിനെ മൊത്തത്തിൽ ഇല്ലാതാക്കി. അന്ന്, ഗ്രാമത്തിലെ ജനങ്ങൾ സ്വപ്നങ്ങളോടെ ഉറങ്ങിക്കിടക്കുമ്പോഴാണ് വലിയ ശബ്ദത്തോടൊപ്പം മലകൾ തകർന്നടിഞ്ഞത്. ഗ്രാമം മുഴുവനും അതിന്റെ പ്രകൃതി സൗന്ദര്യങ്ങൾക്കൊപ്പം ഭൂമിയിലേക്ക് മറഞ്ഞത്. മലയുടെ അടിവശത്തുള്ള വീട്, വരുമാനത്തിനു ആശ്രയമായിരുന്ന സ്ഥലങ്ങൾ, ആദിവാസി കൂട്ടായ്മകൾ, എല്ലാം പ്രകൃതി തകർത്തു.

വടക്കൻ കേരളത്തിലും മധ്യകേരളത്തിലും പെയ്ത ശക്തമായ മഴ, തിരമാല കണക്കേ ചുഴലിക്കാറ്റുകൾ, ഒടുവിൽ ഭൂമിയുടെ ശരീരത്തെയും തകർത്തു. ഒരോ നിമിഷവും പ്രകൃതിയെ ഉപദ്രവിച്ച് മനുഷ്യൻ നിർമ്മിച്ചിരുന്ന റിസോർട്ടുകളും കെട്ടിടങ്ങളും ചൂരൽമലയിലെ പരിസ്ഥിതിയുടെ സ്വാഭാവിക തുലാസിനെ മുഴുവനായും തകർത്തു.

പ്രകൃതിയുടെ ഈ രോഷം ഭൂമിയുടെ നിറങ്ങൾ മങ്ങിയ ആ ദുരന്തത്തിൽ, അനേകം ജീവൻ സ്വപ്നങ്ങളുമായി കിടന്നിടത്തേ പിരിഞ്ഞുപോയി. ചെറിയ കുഞ്ഞുങ്ങൾ മുതൽ പ്രായമായ ആളുകളേയും വെടിഞ്ഞു കൊണ്ട്, ആ ഗ്രാമം ഒരു ശവപറമ്പായി മാറി. ചാലിയാറിന്റെ തീരങ്ങളിൽ വരേ മനുഷ്യ ശരീരങ്ങളാൽ നിറഞ്ഞതായിരുന്നു കാഴ്ച, കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു കാഴ്ചയായിരുന്നത്.

ദുരന്തം കഴിഞ്ഞ് പിറ്റേ ദിവസം മുതൽ രക്ഷാപ്രവർത്തനങ്ങൾ ആരംഭിച്ചു. ഇന്ത്യൻ സൈന്യവും ദേശീയ ദുരന്തനിവാരണ സേനയും ഒരുമിച്ച് പ്രവർത്തിച്ചെങ്കിലും, ഒത്തിരിയേറെ മനുഷ്യർക്കത് അവസാന ഉറക്കമായിമാറി. കുടുംബങ്ങൾ അവരുടെ പ്രിയപ്പെട്ടവരുടെ ശരീരങ്ങൾ കണ്ടെത്താനായി ദിവസങ്ങളോളം ശ്രമിച്ചു. ചാലിയാറിന്റെ ഒഴുക്കിൽ നശിച്ച ജീവിതങ്ങൾ, ഭൂമിയുടെ മടിയിലോട്ട് മറഞ്ഞ പോലെയായിരുന്നെന്ന് തോന്നിപോകുന്ന കാഴ്ച.

അതേസമയം, ദുരിതാശ്വാസ ക്യാമ്പുകൾ നാട്ടുകാരുടെ ആശ്രയമായി. അമ്മയെ തേടിയ മക്കളും മക്കളെ തേടിയ മാതാപിതാക്കളും, തങ്ങൾ തള്ളപ്പെട്ട ലോകത്തിന്റെ യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടാൻ ശ്രമിച്ചു. എങ്കിലും, പ്രിയപ്പെട്ടവരെ മണ്ണിനടിയിൽ നഷ്ടമായത് ഒരു മുറിവായി അവശേഷിച്ചു.

ചൂരൽമലയിലെ ഈ ദുരന്തം മനുഷ്യരെ വീണ്ടും പ്രകൃതി പ്രതിരോധത്തിന്റെ ആവശ്യകത ചിന്തിപ്പിക്കുന്നു. മലകളുടെയും പർവ്വതങ്ങളുടെയും നാശം, മൃഗങ്ങളുടെയും മനുഷ്യരുടെയും സുരക്ഷയെ എത്രത്തോളം ബാധിക്കുന്നുവെന്ന് ഈ ദുരന്തം തെളിയിച്ചു. വയനാട്ടിന്റെ അനശ്വര സൗന്ദര്യത്തിന്റെ ഭാഗമായിരുന്ന ഈ സ്ഥലത്തെ, ഒരു പുതിയ ജീവിതത്തിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങൾ ഇപ്പോഴും തുടരുകയാണ്.

പ്രകൃതിയെ മാനിക്കുകയും അതിന്റെ നിബന്ധനകൾ സ്വീകരിക്കുകയും ചെയ്യുന്നതാണ് മനുഷ്യർക്ക് മുന്നോട്ടു പോകാനുള്ള ഏക മാർഗം. ചൂരൽമല, ഒരു ഓർമ്മപ്പെടുത്തലും മുന്നറിയിപ്പുമായി നിലനിൽക്കും. ദുരന്തത്തിന്റെ മൂടൽമഞ്ഞിനിടയിലും അതിജീവനം തേടി ജീവിച്ച മനുഷ്യർ ഒരു പുതുജീവിതം ആരംഭിക്കാൻ കാത്തിരിക്കുകയാണ്.



കവിത

# ഇരുൾ



**സന എം.**
ബി.എ. ഇംഗ്ലീഷ്

അത്രമേൽ പ്രാണനായ നീ,
ഒരുനാൾ
എന്നിൽ നിന്നും അകന്നുപോയ്;
മടക്കമില്ലാത്ത
നിൻ യാത്രയിൽ
എന്നിലെ
സ്വപ്നവും ആശയും എല്ലാം
അസ്തമിച്ചു പോയി.
വെള്ളപുതച്ച നിന്റെ യാത്രയിൽ
എന്നിലെ ആത്മാവും
തടവിലായി
നാലു ചുവരുകളുടെ
ഇരുളിൽ
നിന്നെ ഓർത്ത്
ഞാനേകയായ് കഴിയുന്നു.



# THE REALITY






SIFLA O.P.
M.A. English

World is staining, reality is hidden.
Only the mysterious clouds are haunting.
But your eyes are pure mirrors for me,
And those can draw my best and worst.

Over the earth, empty advices are flowing.
Which make hazards while flying highly.
But your smile shows core part of me,
And it can erase the mist of sorrows.

You have a mild heart than millions
Friendly craze, childish cute, sisterly care,
More motherly love and cure
The priceless grandeur I got from heaven
Even at the dark world I will be there for you.



# സൂര്യൻ കാർമേഘത്തോട്...



ഹിസാന ഇ.
ബി.എ. ഇംഗ്ലീഷ്

കാർമേഘമേ, ഞാൻ കുറച്ച് ദിവസം
വിശ്രമിക്കട്ടെ.
എന്റെ ഈ ശക്തമായ ചൂടുകാരണം
പലരും എന്നെ വെറുക്കുന്നു.
അതിനാൽ നീ മഴ വർഷിക്കൂ.

സൂര്യന്റെ കൽപ്പന പ്രകാരം
മഴ പെയ്തു തുടങ്ങി.
ശക്തമായ മഴ കാരണം പലരും
സൂര്യനെ വിളിച്ചു തുടങ്ങി.

ഒന്നിലും സ്ഥിരതയും സംതൃപ്തിയും
കണ്ടെത്താനാവാത്ത മനുഷ്യന്റെ
ആവലാതിയിൽ
സൂര്യന്റെ മനസ്സലിഞ്ഞു.
വിശ്രമത്തിലായതിനാൽ സൂര്യൻ ഇടക്കിടെ
എത്തിനോക്കി മടങ്ങി.

ARTICLE



MEGHA NT
B.A. English

# the holes in me

To the world, I may appear insignificant, merely an object that produces sound when air flows through me. However, to you, I am much more than just a simple instrument. To the devout, I hold a sacred place, used in rituals and ceremonies. For professionals, I serve as their livelihood. Yet, for you, I am not merely something that generates sound.

Only those who are deeply connected to me can truly understand my significance and intertwine their life with mine. The holes within me symbolize the various stages of your life.

The first hole represents childhood, the second, adolescence, the third, adulthood, and the fourth, old age. The remaining holes reflect the inevitable ups and downs you experience. When you play me, the notes you hear are more than just sounds – they are echoes of your life's journey. What might seem trivial to others is profoundly meaningful to you.

You can carry me wherever you go and use me whenever needed. However, if I am not handled with care, any damage to my holes could strip away the essence of your life. The holes within me hold more significance than I do as a whole.

If you wish to create beautiful music and captivate others, it is essential to protect my holes. Just as you must safeguard the vital aspects – the "holes" – of your own life.

To some, I may seem like a mere object, but to those who are closely attuned to me, I become an integral part of their existence, resonating with deeper meaning and understanding.



കഥ

# ആമി



ഷഹാന യു.കെ.
ബി.കോം. കോപ്പറേഷൻ

ആമി......വേഗം എണീക്ക് സ്കൂളിൽ പോകേണ്ടേ മോൾക്ക്..? ഉം....' ഉറക്കച്ചടവോടെ കണ്ണും തിരുമ്മി എണീറ്റു വന്ന് അമ്മയുടെ നെറുകിൽ ഒരു ഉമ്മ കൊടുത്തു. അമ്മ അവളെ എടുത്തുകൊണ്ട് പ്രഭാത കർമ്മങ്ങൾ നിർവ്വഹിക്കുന്നതിന് വേണ്ടി പുറത്തേക്ക് പോയി. ആമി സ്കൂളിൽ പോകാൻ ഒരുക്കമായി. അമ്മേ എന്റെ യൂണിഫോം എവിടെ? ഞാൻ തേച്ചു കൊണ്ടിരിക്കുകയാണ് ആമി.... ഇന്നലത്തെ മഴയിൽ നനഞ്ഞിരിക്കുകയാണ്' അമ്മ യൂണിഫോം തേച്ച് ആമിക്ക് ഉടുപ്പിച്ച് കൊടുത്തു. അപ്പോഴേക്കും ആമിയുടെ ഉറ്റ സുഹൃത്ത് അമലു അവിടെ ആമിയെ വിളിക്കാൻ മുറ്റത്തെത്തിയിരുന്നു.

ആമിയുടെ ഏറ്റവും അടുത്ത സുഹൃത്തും കളിക്കൂട്ടുകാരിയുമായിരുന്നു അമലു. ഇരുവരും പഠിക്കുന്നത് ഏഴാം ക്ലാസിലാണ് മാത്രമല്ല അയൽക്കാരുമാണ് അവർ. ആമിയുടെ അച്ഛനും അമ്മയ്ക്കും ആകെക്കൂടിയുള്ള സമ്പാദ്യവും സന്തോഷവും ആമിയാണ്. അവരുടെ കുടുംബം ഒരു സാധാരണ കുടുംബമാണ്. ഓട് മേഞ്ഞ ഒരു ചെറിയ വീട് മഴപെയ്താൽ വീടിന്റെ ഉൾവശത്ത് അവിടെയിവിടെയായി ചോർച്ചയുണ്ടാവാറുണ്ട്. വീടിനോട് ചേർന്ന് തന്നെ മനോഹരമായ ഒരു തോടുമുണ്ട്. ഈ തോട് ചെന്നവസാനിക്കുന്നത് 'സുന്ദരി പുഴ' എന്നവർ വിളിക്കുന്ന പുഴയിലാണ്. പേര് പോലെ തന്നെ വളരെ സുന്ദരിയായിരുന്നു ആ പുഴ. പുഴയോട് ചേർന്നായിരുന്നു ആമിയുടെ സ്കൂൾ സ്ഥിതി ചെയ്തിരുന്നത്. ആ പുഴയോരത്തെ പുൽതകിടിൽ അവർ ആടിയും പാടിയും കളിച്ചും പഠിച്ചും അവരുടെ സ്കൂൾ കാലഘട്ടം വർണശബളമാക്കി തീർത്തു.

രണ്ടാഴ്ചയായിട്ട് അവരുടെ നാട്ടിൽ കനത്ത മഴ അനുഭവപ്പെട്ടിരുന്നു. ഉച്ചയാകുമ്പോഴേക്കും ആകാശമെല്ലാം കറുത്തിരുണ്ട് വരും. ആദ്യത്തെ ഒന്ന് രണ്ട് ദിവസം എല്ലാവർക്കും ആ മഴ ഒരാശ്വാസമായിരുന്നു. പിന്നീട് ദിവസം കൂടുന്തോറും മഴയുടെയും കാറ്റിന്റെയും ശക്തി കൂടിക്കൊണ്ടിരുന്നു. ഇത്രയധികം മഴ പെയ്തിട്ടും പുഴയിലെ വെള്ളം കൂടിവന്ന് നാശത്തിലേക്ക് നയിച്ചില്ല. അത് അവർക്ക് വലിയ ആശ്വാസമായിരുന്നു. സ്കൂളിന്റെ പുറകിൽ ഒരു വലിയ മലയും പാറക്കെട്ടുകളും ഒക്കെ ഉണ്ടായിരുന്നു സത്യത്തിൽ പ്രകൃതി വേണ്ടുവോളം സൗന്ദര്യം കനിഞ്ഞു നൽകിയ നാടായിരുന്നു ആ നാട്.

സ്കൂളിൽ പോകുംവഴി മഴ വീണ്ടും തുടങ്ങി ആമിയും അമലുവും ബാഗിൽ നിന്ന് കുടയെടുത്തു നടന്നപ്പോൾ ശക്തമായ കാറ്റിൽ അമലുവിന്റെ കുട പറന്നു പോയി ഒരു മരത്തിന്റെ ചില്ലയിൽ കുടുങ്ങിപ്പോയി, അവരുടെ കയ്യെത്താ ദൂരത്തായിരുന്നു അത്. ആമി അമലുവിനെ തന്റെ കുടയിലേക്ക് കയറ്റിനിറുത്തി. അമലു

തേങ്ങുന്നുണ്ടായിരുന്നു. 'എന്തിനാ അമലു നീ കരയുന്നത്?' 'അച്ഛൻ കഴിഞ്ഞവർഷത്തെ ലീവിന് നാട്ടിൽ വന്നപ്പോൾ കൊണ്ടുവന്നതാണ് എനിക്കെന്തൊരു ഇഷ്ടമാണെന്നോ ആ കുട. എന്റെ അച്ഛൻ വാങ്ങിത്തരുന്നതെല്ലാം എനിക്ക് അത്രയധികം ഇഷ്ടമാണ്, വളരെയധികം സങ്കടം തോന്നുന്നു.' 'സാരമില്ല അച്ഛൻ വിളിക്കുമ്പോ ന ല്ലൊരെണ്ണം വാങ്ങി തരാൻ പറയാം.' ഓരോന്ന് പ റഞ്ഞു ആമി അവളെ സമാധാനിപ്പിച്ചു.

അവർ സ്കൂളിൽ എത്തിയപ്പോഴും മഴക്ക് ശമനമുണ്ടായിരുന്നില്ല. രണ്ടുപേരും ആകെ നനഞ്ഞിരുന്നു ക്ലാസിൽ എത്തിയപ്പോൾ എല്ലാവരും നനഞ്ഞിരുന്നു. അവരുടെ അത്ര നനവ് മറ്റാർക്കുമില്ലതാനും. മഴയുടെ ഇരമ്പൽ ശബ്ദം കാരണം അധ്യാപകർക്ക് ക്ലാസെടുക്കാനും കഴിഞ്ഞില്ല.

ആമി സ്കൂളിലും അച്ഛൻ കൂലിപ്പണിക്കും പോയി കഴിഞ്ഞാൽ അമ്മ വീട്ടിൽ തനിച്ചായിരിക്കും. പക്ഷേ ഇപ്പോൾ അമ്മ തനിച്ചല്ല അമ്മയുടെ വയറ്റിൽ ഒരു കുഞ്ഞുവാവ വളരുന്നുണ്ട്. സ്കൂൾ കഴിഞ്ഞു വന്നാൽ അമ്മയുടെ വയറിൽ മുഖം വെച്ച് ആമി കുഞ്ഞുവാവയോട് സംസാരിക്കാറുണ്ട്.

സ്കൂളിൽ ഉച്ച ഭക്ഷണത്തിന് സമ യമായപ്പോൾ ഭയങ്കര ഇടിമുഴക്കം കേട്ടു. മഴക്കും കാറ്റിനും ഇരട്ടി ശക്തിയായി. അധ്യാപ കർ പുറത്തേക്ക് നോക്കിയപ്പോൾ പുഴയിൽ വെള്ളം ഇരമ്പി വരുന്നുണ്ടായിരുന്നു. കുട്ടികളെ വീട്ടിലേക്ക് വിടുകയല്ലാതെ നിവൃത്തിയുണ്ടായിരുന്നില്ല. സ്കൂൾ ബസ്സിൽ ഫസ്റ്റ് ട്രിപ്പ് കുട്ടികളെ വിട്ടു. ബാക്കിയുള്ളവർ ബസ് തിരിച്ചുവരുവോളം അവിടെ കാത്തിരുന്നു. അഞ്ചു നിമിഷം ആയപ്പോഴേക്കും ഭയങ്കരമായ ഒരു പൊട്ടിത്തെറിയും ശബ്ദവുമെല്ലാം കേട്ട് അധ്യാപകരും കുട്ടികളും പേടിച്ചു നടുങ്ങി നിന്നു. ആമിയും അമലുവും നടന്നാണ് പോകാറെങ്കിലും ഇന്ന് സ്കൂൾ ബസ്സിലാണ് അവരെല്ലാവരും പോവാൻ തീരുമാനിച്ചത്. അമലുവും ആമിയും ആദ്യത്തെ ട്രിപ്പിൽ പോയിട്ടുണ്ടായിരുന്നു. അവർ ദൂരേക്ക് പോയികൊണ്ടിരിക്കുന്ന ബസ്സിൽ നിന്നും കണ്ടു, ആ വലിയ ശബ്ദത്തിൽ അവരുടെ സ്കൂളും പ രിസരവുമെല്ലാം തകർന്നടിയുന്നത്. തങ്ങളുടെ കൂട്ടുകാരും അധ്യാപകരും മണ്ണിനടിയിലായി.

അവരുടെ സുന്ദരമായ നാടും സുന്ദരമായ മലയും പാറക്കെട്ടുകളും പൊട്ടിയൊലിച്ച് വന്ന് സുന്ദരിപ്പുഴ രാക്ഷസ സംഹാരമാടി.



# Let It Go



THAMEENA JAHANA P.
B.A. English

Let go of the past,
with its weight and its pain
Embrace the present,
where growth and joy remain
Don't hold on to fears,
or doubts that restrain
Let go, and move forward,
with heart and soul regained

Like autumn leaves falling,
let go of what's old
Make room for new beginnings,
where stories unfold
Release the burden,
the weight upon your chest
And find the freedom,
that comes with letting go of the rest

In the journey of life,
we cling to what's known
But sometimes letting go,
is the bravest thing we've shown
So take a deep breath, and release!
And release the tight grip
And watch as new horizons,
begin to rip

Let go and move forward,
with an open heart,
And discover the beauty,
that sets us apart.





ദിൽന പി.കെ.
ബി.എ. ഇംഗ്ലീഷ്

# മരണം

അനുവദിച്ചില്ലെങ്കിലും അവധി
തീർന്നതിനാൽ പോകേണ്ടിവന്നു-
കൂട്ടിവെച്ചിരുന്നു പലതും,
അനേകം സ്മരണകൾ, അനുഭവങ്ങൾ.

കല്ലുവെക്കും മുന്നേ അവയ്ക്കുവേണ്ടി
കലഹവും തുടങ്ങി,
കാലത്തിന്റെ കുതിച്ചാർപ്പുവിളി,
ഒരുപാട് വ്യഥകൾക്കും അറിവുകൾക്കുമിടയിൽ,
കൂട്ടിനായി കൂട്ടിവെച്ചതിൽ,
കൊണ്ട് പോവാനൊത്തത്
മൂന്ന് തുണ്ട് തുണികൾ മാത്രം,
എന്നാലും അതിൽ പെട്ടത്
നമ്മുടെ സ്നേഹത്തിന്റെ തിളക്കമാണ്.

ആരോടും മൊഴിയാതെയാണെന്റെ
യാത്ര; എങ്കിലും യാത്രയയപ്പ്
അതിഗംഭീരം!





NAJATH
COLLEGE OF SCIENCE
AND TECHNOLOGY
(Affiliated to University of Calicut)

# Association Report 2023-24



# ◆ED CLUB സെലക്ഷൻ ക്യാമ്പും വർക്ക് ഷോപ്പും സംഘടിപ്പിച്ചു

2023 ജൂലൈ 15-ന് കോളേജിലെ സംരംഭകത്വ വികസന ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സെലക്ഷൻ ക്യാമ്പും വർക്ക്ഷോപ്പും സംഘടിപ്പിച്ചു. ഈ ക്യാമ്പിന്റെ പ്രധാന ഉദ്ദേശം, മികച്ച വിദ്യാർത്ഥികളെ കണ്ടെത്തി സംരംഭകത്വ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിവുള്ളവരെ തിരഞ്ഞെടുക്കുക എന്നതായിരുന്നു.

ക്യാമ്പിന്റെ ഉദ്ഘാടനം കോളേജ് പ്രിൻസിപ്പൽ ഡോ. അബ്ദുൽ ജലീൽ സർ നിർവഹിച്ചു. 70 ഓളം വിദ്യാർത്ഥികൾ സെലക്ഷൻ ക്യാമ്പിൽ പങ്കെടുത്തു. മാനേജ്മെന്റ് ഗെയിമുകൾ, അഭിമുഖ സെഷനുകൾ, എഴുത്ത് പരീക്ഷ എന്നിവയിൽ അവർ പങ്കാളികളായി. വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി വിദ്യാർത്ഥികളെ വിലയിരുത്തുകയും ചെയ്തു.

സെലക്ഷൻ പ്രക്രിയയിൽ 50 വിദ്യാർത്ഥികളെ സംരംഭകത്വ ക്ലബ്ബിനായി തിരഞ്ഞെടുത്തു. പു തിയ അംഗങ്ങളുമായി പഴയ ക്ലബ്ബ് അംഗങ്ങൾ ആശയവിനിമയം നടത്തുകയും അവരുടെ അനുഭവങ്ങൾ കൈമാറുകയും ചെയ്തു. ലഘു പരിശീലനത്തിന്റെ ഭാഗമായി, നേതൃത്വഗുണം, സംരംഭക മനോഭാവം, കമ്മ്യൂണിക്കേഷൻ കഴിവുകൾ എന്നിവയിൽ പുരോഗതിയുണ്ടായതായി ശ്രദ്ധിക്കപ്പെട്ടു. വർക്ക്ഷോപ്പിന്റെ മുഖ്യ ലക്ഷ്യം, സംരംഭകത്വത്തിലെ പുതുമകളുടെ ആവശ്യകതയും, ദീർഘകാല വിജയത്തിന് പുതിയ ആശയങ്ങൾ എങ്ങനെ പ്രായോഗികമാക്കാം എന്നതിനെക്കുറിച്ചും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുകയായിരുന്നു.



# ◆ഓണസദ്യ സംഘടിപ്പിച്ചു

2023 ഓഗസ്റ്റ് 24-ാം തീയതി, ഓണാഘോഷത്തിന്റെ ഭാഗമായി ഇ.ഡി. ക്ലബ് കോളേജിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഓണസദ്യ വിളമ്പി. ഇ.ഡി. ക്ലബിന്റെ സംഘാടനത്തിലെ നൈപുണ്യവും നിർവഹണത്തിലെ പ്രൊഫഷണലിസവും നിറഞ്ഞ ഒരു സമൂഹ്യാനുഭവമായിരുന്നു ഈ സദ്യ. 700-ലധികം വിദ്യാർത്ഥികളും അധ്യാപകരും ജീവനക്കാരും ഒരേ പന്തിയിലിരുന്ന് ഓണത്തിന്റെ മഹത്വം ആസ്വദിച്ച പകലായിരുന്നത്.

11:30-ന് തുടങ്ങിയ സദ്യയുടെ രുചിയറിഞ്ഞ വിളമ്പൽ, പരമ്പരാഗത വിഭവങ്ങളാൽ സമ്പന്നമായിരുന്നു. ചോറ്, സാമ്പാർ, പായസം, എലിശ്ശേരി, പച്ചടി എന്നിവയൊക്കെയായി വിഭവസമർത്ഥമായ

തിരുവോണ സദ്യയായത് മാറി. പരമ്പരാഗത രുചികൾ, സമഗ്രമായ തയ്യാറെടുപ്പുകൾ, ഓരോ പ്രവർത്തിയിൽ നിന്നും പകരമില്ലാത്ത അനുഭവങ്ങൾ എന്നിവ നേടിയെടുക്കാൻ വിദ്യാർത്ഥിക്കൾക്ക് സാധിച്ചു.

അന്നത്തെ പരിപാടിയുടെ എല്ലാ മികവും ഇ.ഡി. ക്ലബ്ബ് വിദ്യാർത്ഥികളുടെ കഠിനാധ്വാനത്തിന്റെ വിലയായിരുന്നു. അവരുടെ സംരംഭക മനോഭാവം, സംഘം ചേരാനുള്ള മനോഭാവം, എന്നിവ അന്നത്തെ മുഴുവൻ പ്രവർത്തനങ്ങളിലും പ്രകടമായിരുന്നു. പ്രിൻസിപ്പൽ അബ്ദുൾ ജലീൽ സർ, കോളേജ് മാനേജർ അബ്ദുൾ റഹ്മാൻ സർ, അധ്യാപകർ തുടങ്ങിയവരുടെ സജീവ സാന്നിധ്യം ഈ സദ്യക്ക് ഒരു കൂട്ടുകുടുംബ ഭാവം നൽകി.

ഉച്ചയ്ക്ക് 2 മണിക്ക് സദ്യക്ക് വിരാമമിട്ടപ്പോൾ, വിദ്യാർത്ഥികൾ നേടിയത് കഴിപ്പിച്ച രുചികൾ മാത്രമല്ല, കൂടുതൽ മഹത്തായൊരു അനുഭവം കൂടിയാണ്.





# ◆സംരംഭക എക്സ്പോയിൽ പങ്കെടുത്തു

മലയാള മനോരമയുടെ ക്വികേറാള ഡോട്ട് കോം, കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ, കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസിന്റെ സഹകരണത്തോടെ നവംബർ 15 മുതൽ 18 വരെ കൊച്ചി മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ സംഘടിപ്പിച്ച വൻ മെഷിനറി ആൻഡ് ട്രേഡ് എക്സ്പോയിൽ, നജാത്ത് കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ സംരംഭകത്വ വികസന ക്ലബ്ബിലെ 10 വിദ്യാർത്ഥികൾ പങ്കെടുത്തു.

ഈ എക്സ്പോയിൽ 130-ഓളം പ്രമുഖ മെഷിനറി നിർമ്മാതാക്കളുടെ 200 ലധികം സ്റ്റാളുകൾ പ്രദർശനത്തിലുണ്ടായിരുന്നു. ജലശുദ്ധീകരണ ഉപകരണങ്ങൾ, സോളാർ ഉത്പന്നങ്ങൾ, പമ്പുകൾ തുടങ്ങിയ സാങ്കേതിക വിദ്യകൾ പ്രദർശനത്തിന്റെ ഹൈലൈറ്റുകളായി മാറി. ഫുഡ് പാക്കിങ്, ഫുഡ് പ്രോസസ്സിംഗ് മെഷീനുകൾ, ബേക്കറി ഉപകരണങ്ങൾ, ഐസ്ക്രീം, ചപ്പാത്തി, കൊപ്ര, പഞ്ചസാര മെഷീനുകൾ ഉൾപ്പെടെ വ്യവസായ മേഖലയിൽ ആവശ്യമുള്ള ഉപകരണങ്ങളും പ്രദർശിപ്പിച്ചു.

സ്മാർട്ട് ടെക്നോളജി അടിസ്ഥാനമാക്കിയുള്ള ഡീസൽ ജനറേറ്ററുകൾ, ഇലക്ട്രിക് ചിരവ, ഫ്ലോർമിൽ മെഷീനുകൾ തുടങ്ങിയ ഉപകരണങ്ങൾ സന്ദർശക ശ്രദ്ധ പിടിച്ചുപറ്റി. പ്രദർശനവുമായി സഹപങ്കാളികളായ വിദ്യാർത്ഥികൾക്ക് സംരംഭകത്വത്തെക്കുറിച്ചും, പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യകളുടെ പ്രാധാന്യത്തെക്കുറിച്ചും തുലോം അറിവ് ഉൾക്കൊള്ളാൻ കഴിഞ്ഞു.



# ◆മിൽമ ഡയറി പ്ലാന്റിലേക്ക് ഫീൽഡ് സന്ദർശനം

2023 ഡിസംബർ 23-ന്, സംരംഭകത്വ വികസന ക്ലബ്ബിലെ വിദ്യാർത്ഥികൾ വയനാട്, കൽപ്പറ്റയിലുള്ള മിൽമ ഡയറി പ്ലാന്റിലേക്ക് ഒരു വ്യവസായ സന്ദർശനം നടത്തി. ഈ സന്ദർശനത്തിന്റെ മുഖ്യ ഉദ്ദേശം കർഷകരിൽ നിന്ന് ശേഖരിച്ച പാൽ എങ്ങനെ പ്രോസസ്സ് ചെയ്യുന്നു എന്നതിനെ കുറിച്ച് വിദ്യാർത്ഥികൾ മനസിലാക്കുക എന്നതാണ്.

മിൽമ ഡയറി പാൽ പ്രോസസ്സ് ചെയ്ത് നെയ്യ്, തൈര്, മോര് തുടങ്ങിയ വിവിധ ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന രീതിയെ കുറിച്ച് വിദ്യാർത്ഥികൾക്ക് വിശദീകരണം നൽകി. പാസ്ചറൈസേഷൻ, ക്രീം സെപ്പറേഷൻ, തണുത്ത സിലോസ് എന്നിവ ഉൾപ്പെടെയുള്ള വിവിധ ഘട്ടങ്ങളിലൂടെ പാൽ എന്തെല്ലാം പ്രക്രിയയിലൂടെയാണ് കടന്നുപോകുന്നതെന്നു അവർ കണ്ടു.

സന്ദർശനത്തിൽ, വിദ്യാർത്ഥികൾക്ക് പാൽ സ്റ്റാൻഡർഡൈസേഷൻ, പാൽ ഉൽപ്പന്നങ്ങളുടെ പാക്കേജിംഗ്, സംഭരണം, ഗുണമേൻമാ പരിശോധന തുടങ്ങിയവയിലേക്കുള്ള വിപുലമായ അറിവുകൾ ലഭിച്ചു.



# ◆'യുവ സംവാദ് 2023' സംഘടിപ്പിച്ചു

നെഹ്റു യുവകേന്ദ്ര മലപ്പുറം, ഡിബേറ്റ് ക്ലബ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'യുവ സംവാദ് 2023' എന്ന ഡിബേറ്റ് മത്സരവും ചർച്ചകളും സംഘടിപ്പിച്ചു. ഇന്ത്യ @2047 എന്ന വിഷയത്തെ ആസ്പദമാക്കി, രാജ്യത്തിന്റെ ഭാവി അനുസരിച്ച് യുവാക്കളെ പ്രാപ്തരാക്കാനും, ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിന്റെ മൂല്യങ്ങൾ പുതുക്കി സംരക്ഷിക്കാനുമുള്ള സംവാദം നടത്തി.

പരിപാടിക്ക് പ്രിൻസിപ്പൽ ഡോ. അബ്ദുൽ ജലീൽ ഒടേങ്ങാടൻ അധ്യക്ഷനായി. വണ്ടൂർ മണ്ഡല എം.എൽ.എ. എ.പി. അനിൽകുമാർ 'യുവ സംവാദ് 2023' ന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. അദ്ദേഹം തന്റെ പ്രസംഗത്തിൽ, രാജ്യത്തിന്റെ നവീകരണത്തിലും ജനാധിപത്യത്തിന്റെ സജീവമായ സംരക്ഷണത്തിലും ഡിബേറ്റുകളുടെ പ്രാധാന്യം വിശദീകരിച്ചു.

ഡിബേറ്റ് ക്ലബ് കോഡിനേറ്റർ സാബിർ സബാഹ് പരിപാടിയുടെ മുഖ്യാവശ്യകതകളും ക്ലബ്ബിന്റെ ഉദ്ദേശ്യങ്ങളും വിശദീകരിച്ചു. 15 ടീമുകൾ മത്സരത്തിൽ പങ്കെടുത്തതിൽ, സാദിഖ് മുഹമ്മദ് റഷീദ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. മുഹമ്മദ് മുസ്തഫ ഷാനു രണ്ടാം സ്ഥാനവും, രമേഷ് മൂന്നാം സ്ഥാനവും നേടി.

നെഹ്റു യുവകേന്ദ്ര മലപ്പുറം ജില്ലാ ഓഫീസർ ഉണ്ണികൃഷ്ണൻ സ്വാഗതം പറഞ്ഞു. ചടങ്ങിൽ ഡിബേറ്റ് ക്ലബ്ബ് ജോയിന്റ് സെക്രട്ടറി മുനവ്വറലി നന്ദി പറഞ്ഞു.




# ◆ഡിബേറ്റ് ക്ലബ് ലോഗോ പ്രകാശനം

ഡിബേറ്റ് ക്ലബിന്റെ പുതിയ ലോഗോ പ്രകാശനം ചെയ്തു. ലോഗോ പ്രകാശനം നിർവഹിച്ചത് കോളജ് മാനേജർ അബ്ദുറഹ്മാൻ എൻ.കെ. ആയിരുന്നു. ആധുനിക കാലഘട്ടത്തിൽ ഡിബേറ്റ് ക്ലബ്ബുകളുടെ വലിയ പ്രാധാന്യത്തെ കുറിച്ച് അദ്ദേഹം സംസാരിച്ചു. കൂടാതെ വിദ്യാർത്ഥികൾ ഈ അവസരത്തെ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അദ്ദേഹം വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടു.

പരിപാടിയിൽ മുതിർന്ന മെന്റർ ഹംസ സി, ഐ.ക്യൂ.എ.സി. കോർഡിനേറ്ററും വൈസ് പ്രിൻസിപ്പാളുമായ മുഹമ്മദ് കുഞ്ഞു എം.കെ. എന്നിവരും സംസാരിച്ചു. അൻസാർ കൈപ്പുള്ളി (യുവകേന്ദ്ര മലപ്പുറം), വിവിധ വിഭാഗങ്ങളിലെ മേധാവികൾ, സ്റ്റാഫ് സെക്രട്ടറി ശിവദാസൻ വി. എന്നിവർ പരിപാടിയിൽ സന്നിഹിതരായി. ഇത്തരത്തിലുള്ള ഡിബേറ്റ് ക്ലബ്ബുകൾ വ്യക്തിത്വ വികസനത്തിനും സാമൂഹിക ഉത്തരവാദിത്തം വളർത്തുന്നതിനും സഹായകരമാകുമെന്നും ഇവർ കൂട്ടിച്ചേർത്തു.




# RADICAL ASSOCIATION

## ◆ബോധവൽക്കരണ സ്കിറ്റ്

സെപ്റ്റംബർ 16-ന് അന്താരാഷ്ട്ര ഓസോൺ ദിനത്തോടനുബന്ധിച്ച്, റാഡിക്കൽ കെമിസ്ട്രി അസോസിയേഷന്റെ കീഴിൽ ബോധവൽക്കരണ സ്കിറ്റ് സംഘടിപ്പിച്ചു. സ്വാഗത പ്രസംഗത്തോടെ ആരംഭിച്ച ഈ പരിപാടിയിൽ വിദ്യാർത്ഥികൾ സജീവമായി പങ്കെടുത്തു.

10 മിനിറ്റ് ദൈർഘ്യമുള്ള സ്കിറ്റിലൂടെ ഓസോണിന്റെ പ്രാധാന്യത്തെ സൃഷ്ടിപരമായ രീതിയിൽ അവതരിപ്പിച്ചു. സൂര്യനിൽ നിന്നുള്ള ഹാനികരമായ അൾട്രാവയലറ്റ് വികിരണത്തെ തടയുന്നതിൽ ഓസോണിന്റെ പങ്കിനെക്കുറിച്ച് അഭിനയമികവിലൂടെ വിദ്യാർഥികൾ വ്യക്തമാക്കി.

പരിപാടിയിൽ, ഓസോൺ ശോഷണത്തെ കുറിച്ച് അവബോധം വളർത്തുകയും ഓസോൺ പാളിയും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനായി നടപടിയെടുക്കാൻ പ്രിൻസിപ്പൽ ഡോ. അബ്ദുൽ ജലീൽ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുകയും ചെയ്തു.



## ◆നവാഗതരെ വരവേറ്റുകൊണ്ട് റാഡിക്കൽ

കെമിസ്ട്രി അസോസിയേഷനായ റാഡിക്കലിന്റെ ആഭിമുഖ്യത്തിൽ 'യാ അല്ലാഹ് ഹബീബി' എന്ന ഫ്രഷേഴ്സ് പാർട്ടി സംഘടിപ്പിച്ചു. അസോസിയേഷൻ പ്രസിഡന്റ് ഷഹ്മയുടെ സ്വാഗതത്തോടുകൂടി ആരംഭിച്ച പരിപാടിയിൽ, പുതുമുഖങ്ങളെ ഹാർദമായി സ്വീകരിക്കുകയും അവരുടെ കോളേജ് യാത്രയ്ക്കായി ഊർജസ്വലമായ പ്രോത്സാഹനം നൽകുകയും ചെയ്തു.

അസോസിയേഷൻ സ്റ്റാഫ് കോ-ഓർഡിനേറ്റർ സാനി ഇ.പി. ഈ പരിപാടിയുടെ അധ്യ

ക്ഷനായി, വിദ്യാർത്ഥികളെ സജീവമായി ഇട പെടാനും അവസരം പരമാവധി പ്രയോജനപ്പെ ടുത്താനും പ്രോത്സാഹിപ്പിച്ചു. പ്രിൻസിപ്പലിന്റെ ഉദ്ഘാടനത്തോടെ ആരംഭിച്ച പരിപാടിയിൽ, വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകൾ വളർ ത്തുന്നതിൽ ക്ലബ്ബുകളുടെ പങ്ക് ഊന്നിപ്പറഞ്ഞു.

വൈസ് പ്രിൻസിപ്പൽ മുഹമ്മദ് കുഞ്ഞു സർ, അധ്യാപകരായ കിരൺ, അലീന എന്നിവരും പരിപാടിയിൽ പങ്കെടുത്തു. മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും, പുതിയ സൗഹൃദങ്ങൾ സ്ഥാപിക്കാനും വിനോദങ്ങൾ ആസ്വദിക്കാനു മുള്ള അവരുടെ കോളേജ് യാത്രയുടെ തുടക്കം ആഘോഷിക്കാനുമുള്ള അവസരം നൽകുകയും ചെയ്തു. അസോസിയേഷൻ ജനറൽ സെക്രട്ടറി അൻഷിഫിന്റെ നന്ദിയോടെ, ചടങ്ങുകൾ സമാപി ച്ചു.

## ◆ഹിരോഷിമ നാഗസാക്കി അനുസ്മരണം

2023 ഓഗസ്റ്റ് 7ന്, റാഡിക്കൽ അസോസി യേഷന്റെ കീഴിൽ ഹിരോഷിമ-നാഗസാക്കി അനു സ്മരണ ദിനം ആചരിച്ചു. പ്രിൻസിപ്പൽ ഡോ. അബ്ദുൽ ജലീൽ പരിപാടി ഉദ്ഘാടനം ചെയ്തു, ആണവായുധങ്ങളുടെ ഉപയോഗം തടയുന്നതിനുള്ള ധാർമിക അനിവാര്യതയെ കുറിച്ച് ശക്തമായ പ്രഭാഷണം നടത്തി.

അസോസിയേഷൻ അംഗങ്ങൾ ബോംബാ ക്രമണങ്ങളുടെ ചരിത്രം, പ്രഭാവം, അനന്തരഫല ങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഒരു ഡോ ക്യുമെന്ററി ഫിലിം പ്രദർശിപ്പിച്ചു. പരിപാടിയിൽ പങ്കെടുത്തവർ, മരണപ്പെട്ടവരെ അനുസ്മരിക്കാനും ആണവായുധങ്ങളില്ലാത്ത ഒരു ലോകത്തിനായുള്ള അവരുടെ കൂട്ടായ ആഗ്രഹം പ്രകടിപ്പിക്കാനുമുള്ള പ്രതിജ്ഞയുമായി ഒരു മിനിറ്റ് മൗനം ആചരിച്ച് മെഴുകുതിരി കത്തിച്ചുപിടിച്ചു.

ആണവായുധങ്ങളുടെ ഭീകരതയെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും, നമ്മുടെ സമൂ ഹത്തിലും പുറത്തും സമാധാനത്തിനായി വാദിക്കു ന്നതിനുമുള്ള പ്രതിജ്ഞാബന്ധത ആവർത്തിച്ച്, പരിപാടി നന്ദി പ്രകാശനത്തോടെ സമാപിച്ചു.





# NATURE CLUB

## ◆ഹയാസിന്ത് മെഹന്ദി ഫെസ്റ്റ്

വലിയ പെരുന്നാളുമായി ബന്ധപെട്ട് നാച്ചുറൽ ക്ലബ് ഹയാസിന്ത് മെഹന്ദി ഫെസ്റ്റ് സംഘടിപ്പിച്ചു. കലയുടെയും പ്രകൃതിയുടെയും നിറവും സൗന്ദര്യവും ആഘോഷിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്നും നിരവധി വിദ്യാർത്ഥികൾ പങ്കെടുത്തു. സജീന മിസ്സ്, ഷാജഹാൻ സർ എന്നിവരുടെ നേത്രത്വത്തിൽ മൂല്യനിർണയം നടത്തി വിജയികളെ തീരുമാനിച്ചു.

## ◆നവാഗതരെ സ്വാഗതം ചെയ്തു

ആഗസ്റ്റ് 8ന് ക്യാമ്പസിലേക്ക് നിരവധി സ്വപ്നങ്ങളും വിവിധ ലക്ഷ്യങ്ങളുമായി വന്ന നവാഗതരായ വിദ്യാർത്ഥികൾക്ക് നാച്ചുറൽ ക്ലബ് അംഗങ്ങൾ അവരുടെ കൈകളാൽ നിർമിച്ച മധുര സമ്മാനങ്ങൾ നൽകി. നാച്ചുറൽ ക്ലബ് പ്രോഗ്രാം ഓഫീസർ റിഷാദ് സർ, സെക്രട്ടറിമാരായ നുഫമാൻ ഹന്ന എന്നിവർ നേതൃത്വം നൽകി.

## ◆ഇക്തിയാർ

16-ാം നോമ്പിന് ഇക്തിയാർ എന്ന പേരിൽ ഒരു ഇഫ്താർ മീറ്റ് സംഘടിപ്പിച്ചു. പുതുതായി നാച്ചുറൽ ക്ലബ്ബിലേക്ക് തിരഞ്ഞെടുത്ത വിദ്യാർത്ഥികളും അധ്യാപകരും ഇതിൽ പങ്കെടുത്തു.

## ◆ഹലാൽ ഫുഡ് ഫെസ്റ്റ്

രുചിയുടെ നിറക്കൂട്ടുമായി ആഗസ്റ്റ് 21ന് ഹലാൽ എന്ന പേരിൽ ഫുഡ് ഫെസ്റ്റ് നടത്തി. രുചികരമായ ഭക്ഷണവിഭവങ്ങളിലൂടെ വിദ്യാർത്ഥികളെയും അധ്യാപകരെയും സ്റ്റാഫിനെയും ഒരുമിപ്പിച്ച് വായിൽ വെള്ളമൂറുപ്പിക്കുന്ന തരത്തിലുള്ള പലതരം വിഭവങ്ങളും ഒരുക്കിയിരുന്നു. പ്രിൻസിപ്പൾ അബ്ദുൾ ജലീൽ സർ ഉൽഘാടനം ചെയ്ത പരുപാടിയിൽ, ഹംസ സർ, ഹസ്ബുള്ള സർ, എന്നിവർ പങ്കെടുത്തു. പ്രോഗ്രാം കോർഡിനേറ്റർ റിഷാദ് സർ, നാച്ചുറൽ ക്ലബ് പ്രസിഡന്റ് നുഫമാൻ, സെക്രട്ടറി ഫാത്തിമ ഹന്ന എന്നിവർ ഫുഡ് ഫെസ്റ്റ്ന് നേതൃത്വം നൽകി.



## ◆അധ്യാപക ദിനാഘോഷം

സെപ്റ്റംബർ 5 അധ്യാപക ദിനവുമായി ബന്ധപ്പെട്ട് നാച്ചുറൽ ക്ലബ് കോളേജിലെ അധ്യാപകർക്ക് വേണ്ടി സ്നേഹ സമ്മാനങ്ങൾ നിർമിച്ചു നൽകി. ഞങ്ങളുടെ ആദരണീയരായ ഫാക്കൽറ്റി അംഗങ്ങളുടെ നിസ്വാർത്ഥമായ സംഭാവനകളെ ആദരിച്ചുകൊണ്ടാണ് ക്ലബ് അംഗങ്ങൾ സ്നേഹ സമ്മാനങ്ങൾ നൽകിയത്. പ്രിൻസിപ്പൽ അബ്ദുൽ ജലീൽ സാറിന് നൽകി കൊണ്ട് ഉദ്ഘാടനം ചെയ്തു, പ്രോഗ്രാം കോർഡിനേറ്റർ റിഷാദ് സർ അധ്യക്ഷത വഹിച്ചു.



## ◆C4CCCI

നവംബർ 7 National cancer awareness day യുമായി ബന്ധപ്പെട്ട് A TALK ON C4CCCI എന്ന പേരിലാണ് പ്രോഗ്രാം നടത്തിയത്. C4CCCI District Convenor Dr. നംഷാദ് പി.എം. മുഖ്യപ്രഭാഷണം നടത്തി. ക്യാൻസർ, അതിന്റെ കാരണങ്ങൾ, ലക്ഷണങ്ങൾ, പ്രതിരോധം, നേരത്തെയുള്ള കണ്ടെത്തൽ എന്നിവയെക്കുറിച്ച് പങ്കെടുക്കുന്നവരെ ബോധവൽക്കരിക്കുകയും അവബോധം വളർത്തുകയും ചെയ്യുക എന്നതായിരുന്നു പ്രോഗ്രാമിന്റെ ലക്ഷ്യം. പ്രിൻസിപ്പൽ ഡോ. അബ്ദുൾ ജലീൽ സാർ പരിപാടി ഉദ്ഘാടനം ചെയ്തു. കാൻസർ ബോധവൽക്കരണ പരിപാടി വിജയകരമായ ഒരു സംരംഭമായിരുന്നു. നംഷാദ് സാറിന് സ്നേഹ സൂചകമായി നാച്ചുറൽ ക്ലബ് അംഗങ്ങൾ ഒരു മൊമെന്റോ സമ്മാനിച്ചു.

## ◆ഞമ്മളിടം – പഞ്ച ദിന സഹവാസ ക്യാമ്പ്

നാച്ചുറൽ ക്ലബ്ബിന്റെ പഞ്ച ദിന സഹവാസ ക്യാമ്പ് 'ഞമ്മളിടം' ഗംഭീര ആരംഭം തന്നെ ആയിരുന്നു. നാച്ചുറൽ ക്ലബ് അംഗങ്ങൾ കൃത്യമായ സമയത്ത് എത്തുകയും, മുൻകൂർ തീരുമാനിച്ച ഗ്രൂപ്പ് അടിസ്ഥാനത്തിൽ ജോലികൾ ഏറ്റെടുക്കുകയും ചെയ്തു. ഫുഡ് കമ്മിറ്റി, ആക്റ്റീവ് വർക്കേഴ്സ്, ഡേ ഒഫീഷ്യൽസ്, കാൾച്ചറൽ പ്രോഗ്രാം എന്നിവ യായിരുന്നു ഗ്രൂപ്പുകൾ. ആദ്യദിവസം, എല്ലാ കമ്മിറ്റികളുടെയും ജോലികൾ തീർന്നതിനു ശേഷം, അധ്യാപകർ ഒരുക്കിയ ഗെയിം സെക്ഷനിലേക്ക് കടന്നു. അവിടെ കൾചറൽ പ്രോഗ്രാം നടത്തി. രസകരമായി ഒന്നാം ദിനത്തിന് സമാപനം കുറിച്ചു.

ശിവദാസൻ സാറിന്റെ യോഗ പരിശീലനത്തോടുകൂടി രണ്ടാം ദിവസം ആരംഭിച്ചു. പ്രാതലിന് ശേഷം, ക്ലബ് അംഗങ്ങൾ തടയണ നിർമിക്കാൻ മാമ്പറ്റ പുഴയിലേയ്ക്ക് പോയി. ഉച്ചയോടുകൂടി തിരിച്ചെത്തി. ആ രാത്രി കാതിലം നാട്ടുസംഗീതം ടീമിന്റെ പരിപാടിയോടെ അവസാനിച്ചു.

മൂന്നാം ദിവസം യോഗയോടുകൂടി ആരംഭിച്ചു. ഉച്ചവരെ ഉള്ള പ്രവർത്തനങ്ങൾക്ക് ശേഷം, 'The Mind' എന്ന പേരിൽ. ഫാവസ് അഹ്മദിന്റെ നേതൃത്വത്തിൽ ഒരു Mentalist program അവതരിപ്പിച്ചു. രാത്രി കൾച്ചറൽ പ്രോഗ്രാമും നടത്തി.

റിഷാദ് സർ, ക്ലബ് അംഗങ്ങളുടെയും പെട്ടെന്നുള്ള തീരുമാനത്തിൽ, നാലാം ദിവസത്തെ ക്യാമ്പ് ഊട്ടിയിലേക്ക് മാറ്റി. ആ യാത്രയിൽ റിഷാദ് സർ, ഫക്രുദീൻ സർ, ഓഫീസ് അസിസ്റ്റന്റ് അൻവർ, നിഷാന മിസ്സ് എന്നിവരും കൂടെ ഉണ്ടായിരുന്നു. ആ ഊട്ടി യാത്ര സുന്ദരമായ ഓർമകൾ സമ്മാനിക്കാനും, ക്ലബ് അംഗങ്ങൾകിടയിൽ വലിയ സ്നേഹബന്ധം സ്ഥാപിക്കാനും സഹായിച്ചു. 12 മണിയോടെ കോളേജിൽ തിരിച്ചെത്തി.

അവസാന ദിനം, തലേദിവസത്തെ യാത്ര ക്ഷീണം മാറ്റി, ക്ലബ് അംഗങ്ങൾ അവരുടെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ഉച്ചവരെയുള്ള പ്രവർത്തനങ്ങൾക്ക് ശേഷം, റഷീദ്ക്കയുടെ Magic Show നടന്നു. 5 ദിവസത്തെ മനോഹരമായ ദിനങ്ങൾ വിട പറയാൻ സമയം മനസുതുറക്കൽ സെഷൻ നടത്തുകയും, എല്ലാവരും ക്യാമ്പ് അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു. കോളേജിൽ വീണ്ടും കാണുമെങ്കിലും, ആ യാത്രയുടെ ഓർമ്മകളും വേർപിരിയലും ഏറെ പ്രയാസമായിരുന്നു. എങ്കിലും, ഞമ്മളിടം സഹവാസ ക്യാമ്പ് മനോഹരമായ ഒരു അനുഭവമായി സമാപിച്ചു.



## ◆5's football

നാച്ചുറൽ ക്ലബ്ബ് 5'S ഫുട്ബോൾ ടൂർണമെന്റ് Kick-Off സംഘടിപ്പിച്ചു. 2023 ഡിസംബർ 11, 12 തീയതികളിലായിരുന്നു പരിപാടി. ക്ലാസ് അടിസ്ഥാനത്തിലാണ് ടീമുകളെ തിരഞ്ഞെടുത്തത്. പ്രിൻസിപ്പൽ ഡോ. അബ്ദുൾ ജലീൽ സർ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. ജി സി കാരക്കൽ സർ മുഖ്യാതിഥിയായിരുന്നു.

ഫുട്ബോൾ ടൂർണമെന്റ് കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ടീം വർക്കിനെയും കായികക്ഷമതയെയും വിജയകരമായി പ്രോത്സാഹിപ്പിച്ചു. മത്സരത്തിന്റെ രണ്ടാം ദിനമാണ് ഫൈനൽ മത്സരം നടന്നത്. മത്സരത്തിൽ രണ്ടാം വർഷ B.com CA വിദ്യാർത്ഥികൾ വിജയികളും ഒന്നാം വർഷ B.com CA വിദ്യാർത്ഥികൾ റണ്ണേഴ്സും ആയി. വിജയികൾക്കുള്ള സമ്മാനത്തുക മുഖ്യാതിഥി ജി സി കാരക്കൽ സർ സ്പോൺസർ ചെയ്തു. ഇരു ടീമുകൾക്കും ട്രോഫികൾ സമ്മാനിച്ചു. 12ആം തീയ്യതി സമ്മാനദാനത്തിന് ശേഷം ടൂർണമെന്റ് അവസാനിച്ചു.




# ACTOFYN

## ◆ഖുഷാമദി

ആക്ടോഫിൻ ക്ലബ്ബ് പുതിയ വിദ്യാർത്ഥികളെ സ്വാഗതം ചെയ്യുന്നതിനായി 'KHUSHAMADI' ഫ്രഷേഴ്സ് ഡേ ആഘോഷിച്ചു. പുതുമുഖങ്ങളെ ക്ലബ്ബ് അസോസിയേഷനിലേക്ക് സ്വാഗതം ചെയ്യുകയും, അവരുടെ പഠനയാത്രയിൽ പ്രചോദനം നൽകുകയുമായിരുന്നു ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം.

ക്ലബ്ബ് പ്രസിഡന്റ് ഹാരിസിന്റെ ഊഷ്മളമായ സ്വാഗതത്തോടെ പരിപാടിയുടെ തുടക്കത്തിന് താളം കൂട്ടി, തുടർന്ന് സ്റ്റാഫ് കോ-ഓർഡിനേറ്റർ ഷഫീഖ് അജ്മലിന്റെ നേതൃത്വത്തിൽ പരിപാടി കൂടുതൽ ഊർജസ്വലമായി. ''പ്രയാണം വെളിച്ചത്തിലേക്കും ഭാവിയുടെ ലക്ഷ്യങ്ങളിലേക്കുമാണ്'' എന്ന സന്ദേശവുമായി ശ്രീ. മുഹമ്മദ് കുഞ്ഞു എം. കെ (വൈസ് പ്രിൻസിപ്പൽ & IQAC) പരിപാടി ഉദ്ഘാടനം ചെയ്തു.

അധ്യാപകരായ സൈനുൽ ആബിദ് വി, നസീമ, സജിത, ശിവദാസൻ എന്നിവരുടെ സാന്നിധ്യം ആ ദിനത്തിന്റെ മഹത്വം വർദ്ധിപ്പിച്ചു. വിദ്യാർത്ഥികളെ സജീവമായി ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായാണ് വിവിധ സാംസ്കാരിക പരിപാടികളും കളികളും സംഘടിപ്പിച്ചത്.

പ്രവർത്തനങ്ങളുടെ അവസാനം, അസി. കോ-ഓർഡിനേറ്റർ മുഹമ്മദ് ഹനീസ് നന്ദി പ്രസംഗം നടത്തി, കൃത്യമായി സമന്വയിപ്പിച്ച ഈ ആഘോഷം വിദ്യാർത്ഥികൾക്ക് സ്മരണീയമായി.

## ◆NEO-FIESTA - ASSOCIATION INAUGURATION

The inaugural session of the association of Sociology department for the academic year 2023-2024 named 'Zylith' was held on 3rd October, 2023 at NCST seminar hall. The honourable Principal presided the function and the heads of other departments felicitated. A reputed psychologist Mrs Rafida PN was present as chief guest in the programme. The event commenced with a warm welcome speech By Ms Ganiya K T, the president of Sociology association, setting the tone for the day's proceedings. Ms. Nishana E P, Head of the Department of Sociology, delivered the presidential address, emphasizing the importance of the association's role in fostering academic and social growth. The inaugural speech was delivered by Dr Abdul Jaleel O, the principal of the college, who inspired the audience with his words of wisdom and encouragement. Rafida PN, the Project Officer of the District Mental Health Programme, Malappuram, delivered a captivating key note address, shedding light on the relevance of mental health awareness in today's world. Mr. Sivadasan V (Staff Council Secretary), Mr Saleem MA (Head of Physics Department), Mr. Sainul Abid (Head of Commerce Department), Ms. Shahana Thasnim N (Head of English Department), and Mr. Kiran U (Head in Charge of Chemistry Department). were the moment with their felicitations.







## ◆Friday Talk – Gender Neutrality

Zylith, the Sociology Association, Department of Sociology, Najath College of Science and Technology, in association with IQAC organised a talk titled 'Gender Neutrality' on 10 November 2023 with the moderator Fathima Sana V (2nd year Sociology student). Students who are interested in this topic were participated and shared their valuable thoughts. The program helped to redefine gender beyond traditional binaries, emphasizing inclusivity, and discussing the societal impact of embracing a more expansive understanding of gender identities. The Friday talk centred on the concept of gender neutrality, aiming to explore and understand its implications in contemporary society. Discussions revolved around challenging traditional gender norms and stereotypes, advocating for equal opportunities and treatment irrespective of gender identity, and promoting inclusivity and diversity. The talk delved into various aspects such as gender-

neutral language, policies, and practices, emphasizing the importance of creating a more equitable and inclusive environment for all individuals regardless of their gender. Students actively engaged in the dialogue, sharing personal experiences, perspectives, and insights on the topic. Their participation contributed to a dynamic and enriching discussion, highlighting the significance of addressing gender neutrality in fostering a more just and equitable society. Most of the students who did not accept the concept gender neutrality. Students have proper knowledge about their gender roles. They always stand for gender equality in society.

## ◆Friday Talk – Development and Environment Issues

Zylith, the Association of department of Sociology, Najath College of Science and Technology, in association with IQAC organised a talk on the topic "Development and Environment Issues" on 17th November 2023. Hanna K (1st year Sociology student) who led the talk. The Friday talk delved into the intricate relationship between development and environmental issues. It facilitated an engaging dialogue on the challenges and prospects associated with developmental initiatives and their environmental repercussions. Topics explored encompassed sustainable development, environmental conservation strategies, technological interventions, and community involvement in mitigating environmental impacts of developmental endeavours. The event witnessed enthusiastic involvement from students, who




actively contributed to the discussions, shared insights, and posed thought-provoking questions. Their participation enriched the discourse by offering diverse perspectives and fostering a collaborative learning environment.

## ◆Friday Talk – "Should Smartphones Be Used in Classrooms?"

Zylith, the Sociology Association, Department of Sociology, Najath College of Science and Technology, in association with IQAC organised a talk titled 'Should Smartphones be used in Classrooms' on 24 November 2023 by the moderator Muhammed Shifnu Shiyas (2nd year Sociology student). The Friday talk delved into the contentious issue of whether smartphones should be permitted for use in educational settings. Participants engaged in a comprehensive discussion exploring the advantages and drawbacks associated with integrating smartphones into the classroom environment. Topics covered included the potential benefits of using smartphones as educational tools, such as access to information, interactive learning opportunities, and enhanced communication. Conversely, concerns regarding distractions, potential misuse, and unequal access to technology were also examined. The discussion aimed to provide insights into the complex dynamics surrounding the incorporation of smartphones in classrooms and to foster critical reflection on their implications for teaching and learning.Students demonstrated active engagement throughout the session, sharing their perspectives, experiences, and opinions on the topic.

## ◆Spot Magazine Competition – Perpetual Battlegrounds

Zylith Association of department of Sociology successfully organized a spot magazine competition under the theme "PERPETUAL BATTLEGROUNDS" on 12 December 2023. The competition aimed to stimulate creativity, critical thinking, and collaborative efforts among students while exploring the multifaceted nature of perpetual struggles in various contexts. A total of 10 groups participated in the competition, with each group comprising 7 members. The participants hailed from diverse different departments, reflecting the interdisciplinary nature of the competition. The theme "PERPETUAL BATTLEGROUNDS" prompted participants to delve into the enduring struggles and conflicts encountered in different spheres of life, ranging from personal, social, political, to environmental domains. Participants were encouraged to explore the complexities, dynamics, and implications of perpetual battles through their magazine submissions.

1st Prize: Awarded to the 2nd-year M.Com students for their outstanding magazine entry. They received a cash prize of 500 INR in recognition of their exemplary work.

2nd Prize: Claimed by the MA English students for their compelling magazine submission. They were awarded a cash prize of 250 INR.

3rd Prize: Secured by the 1st-year B.Com Co-operation students for their noteworthy contribution. They received a cash prize of 150 INR.

# NSS

## ◆ഓർഫനേജ് വിദ്യാർത്ഥികൾക്കുള്ള പെരുന്നാൾ വസ്ത്ര ഫണ്ട് കൈമാറി

നജാത്ത് ഓർഫനേജ് വിദ്യാർത്ഥികൾക്കുള്ള പെരുന്നാൾ വസ്ത്ര കളക്ഷനിലേക്ക് കോളേജ് എൻ .എസ്.എസ് യൂണിറ്റിന് കീഴിൽ സമാഹരിച്ച ഫണ്ട് കൈമാറി. ത്യോഹാർ 2.0 എന്ന പേരിൽ നടത്തപ്പെട്ട കളക്ഷനിൽ നിന്ന് സമാഹരിച്ച തുകയായ 84,650 രൂപ മാനേജർ അബ്ദുറഹ്മാൻ സാഹിബിന് പ്രോഗ്രാം ഓഫീസർ ഇയാസ് പി, യൂണിറ്റ് സെക്രട്ടറി റോഷൻ, ശഹൽ സി പി, അഫ് ലഹ്, ഉമർവൈസ്, അൻഷിഫ്, അജ്സൽ, അൻഫാൽ, അജ്മൽ തുടങ്ങിയവരുടെ നേതൃത്വത്തിൽ കൈമാറി.

ഈ ഫണ്ട് വിദ്യാർത്ഥികൾക്ക് പുതിയ വസ്ത്രങ്ങൾ നൽകുന്നതിനും അവരുടെ പെരുന്നാൾ ആഘോഷം സന്തോഷകരമാക്കുന്നതിനും സഹായകരമാകും.



# ◆സ്കൂൾ പുനരുദ്ധാരണത്തിൽ പങ്കാളികളായി



കൊയ്ത്തക്കുണ്ട് ഗവ. എൽ.പി. സ്കൂളിന്റെ പ്രവേശനോത്സവത്തോടനുബന്ധിച്ച് നടന്ന പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ എൻ.എസ്.എസ്. യൂണിറ്റ് 210-ന്റെ വോളണ്ടിയർമാർ സജീവ പങ്കാളികളായി. നാല് ദിവസങ്ങളായി സ്കൂളിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയവയിൽ നാൽപ്പതോളം വോളണ്ടിയർമാർ പങ്കെടുത്തു.

സ്കൂൾ പരിസരം വൃത്തിയാക്കൽ, തണലുള്ള ഇടങ്ങൾ സൃഷ്ടിക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ വോളണ്ടിയർമാരുടെ നേതൃത്തിൽ നടത്തി. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഇയാസ് സാറിന്റെ നേതൃത്വത്തിൽ നടന്ന ഈ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്കും സ്കൂളിലെ അധ്യാപകർക്കും വലിയ സന്തോഷം നൽകി.

പുനരുദ്ധാരണത്തിന് ശേഷം സ്കൂളിന് പുതിയ മുഖം നൽകാൻ വോളണ്ടിയർമാർ നടത്തിയ പരിശ്രമം വിദ്യാർത്ഥികൾക്കുള്ള ഏറ്റവും മികച്ച സമ്മാനമായി.

# ◆എൻ എസ് എസ് ഓഫീസ് ഉദ്ഘാടനവും ഓറിയന്റേഷൻ പ്രോഗ്രാമും സംഘടിപ്പിച്ചു

എൻ.എസ്.എസ്. യൂണിറ്റിന്റെ ഓഫീസ് ഉദ്ഘാടനവും ഒന്നാം വർഷ വോളണ്ടിയർമാർക്കുള്ള ഓറിയന്റേഷൻ ക്ലാസും നടന്നു. എൻ.എസ്.എസ്. ജില്ലാ കോർഡിനേറ്റർ നൗഫൽ മുഹമ്മദ് ഉദ്ഘാടനം നിർവഹിച്ച ചടങ്ങിന് പ്രോഗ്രാം ഓഫീസർ ഇയാസ് പി നേതൃത്വം നൽകി. ഇതോടെ കോളേജ് എൻ.എസ്.എസ്. യൂണിറ്റിന്റെ ചിരകാല സ്വപ്നം പൂവണിഞ്ഞു. തുടർന്ന് നടന്ന ഓറിയന്റേഷൻ പ്രോഗ്രാമിൽ വോളണ്ടിയർമാർക്ക് തങ്ങളുടെ പുതിയ സേവനത്തിലേക്കുള്ള മാർഗനിർദ്ദേശങ്ങൾ നൽകി. അധ്യാപകൻ ഷഫീഖ് അജ്മൽ പരിപാടിക്ക് നന്ദി പറഞ്ഞു.

# ◆ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു

എൻ.എസ്.എസ്. യൂണിറ്റിന്റെ (നമ്പർ 210) ആഭിമുഖ്യത്തിൽ 'ചിന്തൻ ശിവിർ' ഏകദിന സഹവാസ ക്യാമ്പ് കോളേജിൽ വെച്ച് സംഘടിപ്പിച്ചു. വൈകുന്നേരം 3:30 ന് ആരംഭിച്ച ക്യാമ്പ് ജില്ലാ പഞ്ചായത്ത് കരുവാരകുണ്ട് ഡിവിഷൻ മെമ്പർ ജസീറ വി.പി. ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. അബ്ദുൽ ജലീൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഇയാസ് സർ സ്വാഗത ഭാഷണം നടത്തി. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ അരുൺ ബാലകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. മൂന്നു മണിക്കൂറോളം നീണ്ടുനിന്ന ഐസ് ബ്രേക്കിംഗ് & ലീഡർഷിപ്പ് വർക്ക്ഷോപ്പ് വിദ്യാർത്ഥിൾക്ക് വളരെയധികം ഉപകാരപ്രദവും ജീവിതത്തിൽ

പകർത്തേണ്ട പല ആശയങ്ങൾ ലഭിക്കാനുമുള്ള ഒരു സെഷൻ കൂടിയായി മാറി. ഉദ്ഘാടന സെഷനിൽ കോളേജ് സീനിയർ മെന്റർ ഹംസ സർ, അധ്യാപകരായ ഹനീഫ സർ, അബ്ദുള്ള സർ, ബൈജാസ് സർ, ഫവാസ് സർ, സജീന ടീച്ചർ, റഹ്മത്ത് ഷീന ടീച്ചർ, സാജിത ടീച്ചർ, ഫർസാന ടീച്ചർ,യൂണിറ്റ് മുൻ സെക്രട്ടറി റോഷൻ തുടങ്ങിയവർ പങ്കെടുത്തു. ഷഫീഖ് അജ്മൽ സാറിന്റെ നന്ദിയോടു കൂടി ഔദ്യോഗിക പരിപാടികൾക്ക് സമാപനം കുറിച്ചു.

തുടർന്ന് ഒരു വർഷത്തേക്കുള്ള എൻ.എസ്.എസ്. കലണ്ടർ തയ്യാറാക്കി. വൈകുന്നേരം 10 മണിയോട് കൂടി ആരംഭിച്ച കലാ മാമാങ്കം പുലർച്ചെ 3 മണി വരെ നീണ്ടു നിന്നു. വിദ്യാർത്ഥികളുടെ കലാ അഭിരുചികൾ സംഗമിക്കാനുള്ള ഇടമായി വേദി മാറുകയായിരുന്നു. രാവിലെ 6 മണിക്ക് ജി സി കാരക്കലിന്റെ നേതൃത്വത്തിൽ നടന്ന യോഗ വിദ്യാർത്ഥികളിൽ ശാരീരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി തന്നു. തുടർന്ന് പ്രാതലോട് കൂടി ക്യാമ്പിന് തീരശീല വീണു.



# ◆ലഹരി വിരുദ്ധ കർമ്മ സേനയ്ക്ക് രൂപം നൽകി

എൻ.എസ്.എസ്. യൂണിറ്റ് 210-ന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ കർമ്മ സേനയായ ആസാദ് സേനയ്ക്ക് രൂപം നല്കി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും പൊതുസമൂഹവും തമ്മിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ സർവീസ് സ്കീം സംസ്ഥാന സെൽ, കേരള സാമൂഹിക നീതി വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്ത സംരംഭമായാണ് ആസാദ് സേന പ്രവർത്തനം ആരംഭിച്ചത്.

രാവിലെ 10:30 ന് കോളേജ് സെമിനാർ ഹാളിൽ വച്ച് നടന്ന ഉദ്ഘാടന ചടങ്ങിൽ, കരുവാരകുണ്ട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ നാസർ സി കെ ഔപചാരികമായി പരിപാടിയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഇയാസ് സാർ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. അബ്ദുൽ ജലീൽ സാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ, വൈസ് പ്രിൻസിപ്പൽ മുഹമ്മദ് കുഞ്ഞു സാറും ആശംസകളർപ്പിച്ചു.

അതിനുശേഷം നാസർ സാറിന്റെ നേതൃത്വത്തിൽ, 15 അംഗ ലഹരി വിരുദ്ധ സമിതിക്ക് രൂപം നൽകി. ആസാദ് സേനയുടെ സ്റ്റുഡന്റ് കോഡിനേറ്റർ ആദിൽ ഇ.കെ. നന്ദിപറഞ്ഞു.

# ◆നിങ്ങൾക്കായി ഒരു തുള്ളി, മറ്റൊരാൾക്ക് ഒരു സമുദ്രം

'നിങ്ങൾക്കായി ഒരു തുള്ളി, മറ്റൊരാൾക്ക് ഒരു സമുദ്രം' എന്ന മഹത്വമായ സന്ദേശവുമായി, എൻ.എസ്.എസ്. യൂണിറ്റ് (യൂണിറ്റ് നമ്പർ 210) രക്തദാന ക്യാമ്പ് കോളേജിൽ വെച്ച് സംഘടിപ്പിച്ചു. പെരിന്തൽമണ്ണ ഗവ. ആശുപത്രിയിലെ ബ്ലഡ് ബാങ്കുമായി സഹകരിച്ചുകൊണ്ട് നടന്ന ക്യാമ്പിൽ 45 ൽ പരം വിദ്യാർത്ഥികൾ രക്തം ദാനം ചെയ്തു.

പലരും ആദ്യമായി രക്തദാനം ചെയ്യുമ്പോൾ, അവരുടെ മുഖത്ത് സാമൂഹിക സേവനത്തിന്റെ അഭിമാനവും സന്തോഷവും തെളിഞ്ഞു. ഈ മഹാമനുഷ്യസേവനം, ജീവിതം നിലനിർത്താൻ ഒരു തുള്ളി രക്തം എത്രത്തോളം പ്രാധാനമാണെന്ന് ഓർമ്മിപ്പിക്കുന്നതായിരുന്നു.

രക്തദാനത്തിനു ശേഷം, പങ്കെടുത്തവർക്കായി രക്തദാന സർട്ടിഫിക്കറ്റുകളും മധുര പാനീയങ്ങളും വിതരണം ചെയ്തു. ഉച്ചക്ക് ഒരു മണിയോടെ, ഈ കാരുണ്യ സേവനം സമൂഹ മനസ്സിൽ നിറഞ്ഞ സംതൃപ്തി നൽകി അവസാനിച്ചു.



# ◆"എഴുതി തീർന്ന സമ്പാദ്യം" പെൻ ബോക്സ് ചലഞ്ചിന് തുടക്കമായി

എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'എഴുതി തീർന്ന സമ്പാദ്യം' എന്ന പേരിൽ പെൻ ബോക്സ് ചലഞ്ചിന് തുടക്കമായി. രാവിലെ കോളേജ് ക്യാമ്പസ്സിൽ വെച്ച് നടന്ന ചടങ്ങിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അബ്ദുൽ ലത്തീഫ് നിർവഹിച്ചു. 'മാലിന്യ മുക്ത നവ കേരളം-ക്ലീൻ ഗ്രീൻ കരുവാരകുണ്ട്' പദ്ധതിയുടെ ഭാഗമായാണ് ഉപയോഗിച്ച ശേഷം വലിച്ചെറിയുന്ന പേനകൾ സമാഹരിക്കാൻ വേണ്ടി പെൻബോക്സ് സ്ഥാപിക്കുന്നതിന്റെ പ്രധാന ലക്ഷ്യം. അതുവഴി ഭൂമിക്ക് ഉണ്ടാകുന്ന പാരിസ്ഥിതിക ആഘാതം കുറയ്ക്കുകയും മാലിന്യങ്ങൾ വലിച്ചെറിയുന്നതിന് പകരം ശേഖരിച്ച് പരിസ്ഥിതി സൗഹാർദ്ദത്തിലൂടെ സംസ്കരിച്ച് സാമ്പാദ്യമാക്കുക എന്ന സന്ദേശമുയർത്തിയാണ് ക്യാമ്പയിൻ നടത്തിയത്.

പ്രോഗ്രാം ഓഫീസർ ഇയാസ് പി. അധ്യക്ഷ പദം അലങ്കരിച്ച ചടങ്ങിൽ യൂണിറ്റ് സെക്രട്ടറി ശഹൽ സി.പി. സ്വാഗതം ആശംസിച്ചു.വോളണ്ടിയർമാർ തങ്ങളുടെ എഴുതി തീർന്ന പേനകളെ സമർപ്പിച്ചുകൊണ്ട് പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം ഏറ്റെടുത്തു. 'മാലിന്യങ്ങൾ ശേഖരിച്ച്, പരിസ്ഥിതിക്ക് പുനരുപയോഗം ചെയ്യുന്നതിലൂടെയാണ് സമ്പാദ്യം സൃഷ്ടിയാക്കുന്നത്' എന്ന സന്ദേശം കൈമാറിയ ക്യാമ്പയിൻ, ഫിദ നസ്രിന്റെ നന്ദി പ്രസംഗത്തോടെ സമാപിച്ചു.



# ◆സ്നേഹാരാമം നാടിനായി സമർപ്പിച്ചു

സ്നേഹത്തിന്റെ പൂക്കളാൽ, കരുവാരകുണ്ട് ഗ്രാമപഞ്ചായത്തിന്റെ മണ്ണിൽ പച്ചപ്പകിട്ടണിയിച്ചു 'സ്നേഹാരാമം'. നജാത്ത് കോളേജിലെ എൻ. എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ 'മാലിന്യ മുക്ത നാളെക്കായി യുവകേരളം' എന്ന പ്രതീക്ഷയോടെയാണ് ഈ ശുചിത്വ പദ്ധതിയുടെ നിർമ്മാണം പൂർത്തിയായത്.

'ചൂലെടുക്കാം ചുറ്റുപാടുകൾക്കെതിരെ' എന്ന പ്രമേയത്തിൽ നടന്ന സപ്തദിന ക്യാമ്പിന്റെ സമാപനത്തിൽ സ്നേഹാരാമം സമർപ്പിച്ചപ്പോൾ, മാലിന്യത്തെ പ്രതിരോധിക്കാൻ ഒരു പുതുജീവിതത്തിന് തുടക്കമിടുകയായിരുന്നു. കരുവാരകുണ്ട് പഞ്ചായത്ത് കെട്ടിടത്തിനരികെ, മാലിന്യമുക്തമാക്കിയ പ്രദേശം മനോഹരമായ പൂന്തോട്ടമായി മാറ്റപ്പെട്ടപ്പോൾ, അവിടെയുള്ള സസ്യങ്ങളുടെ മന്ദഹാസത്തിൽ ഒരു നിത്യഹരിതം പകരുകയായിരുന്നു.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. മഠത്തിൽ ലത്തീഫിന്റെ കൈകളാൽ പൂന്തോട്ടം ഉദ്ഘാടനം ചെയ്തു. യുവവർഗത്തിന്റെ ശ്രമസാക്ഷിയായി സ്നേഹത്തിന്റെ പൂവുകൾ ഇവിടെ വിരിയുമ്പോൾ, നന്മയുടെ കാറ്റുകൾ മണ്ണിൽ ഒഴുകുന്നു. അധ്യാപകരായ ഇയാസ് പി, ഷഫീഖ് അജ്മൽ പി. ടി, വളണ്ടിയർമാരായ ശഹൽ സി.പി, അൻഷിഫ് ടി.എം, ഷാജഹാൻ എം, ഹാഷിർ ടി, ഹിഷാം കെ.എം, സന കെ, ഫൈജാസ് എന്നിവരുടെ നേതൃത്വത്തിൽ, അവിടെയൊരു സ്നേഹത്തിന്റെ ആരാമം തന്നെ പണിതു.

# ◆ഇക്കോ വാക്ക് സംഘടിപ്പിച്ചു

പരിസ്ഥിതി സംരക്ഷണത്തിന്റെ മഹത്തായ സന്ദേശം പകർന്നുകൊണ്ട് 'ഇക്കോ വാക്ക്' സംഘടിപ്പിച്ച്, നാടുകാണി ചുരത്തിന് പുതുജീവൻ പകർന്നു. എൻ.എസ്.എസ്. വാരാചരണത്തിന്റെയും ഗാന്ധി ജയന്തിയുടെയും ഭാഗമായി, കേന്ദ്ര സർക്കാരിന്റെ സ്വച്ഛതാ ഹൈ സേവ യജ്ഞത്തിന്റെ ഭാഗമായ 'മാലിന്യ രഹിത ഇന്ത്യ' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച ഈ പരിപാടി, പരിസ്ഥിതി സ്നേഹികൾക്കും സമൂഹത്തിനും മാതൃകയായി.

പ്രോഗ്രാം ഓഫീസർ ഇയാസ് സാറിന്റെയും നെല്ലിക്കുന്ന് റെയ്ഞ്ച് ഓഫീസർ രാജേഷ് സാറിന്റെയും നേതൃത്വത്തിൽ രാവിലെ ആരംഭിച്ച ശുചീകരണ പ്രവർത്തനങ്ങൾ, മാലിന്യങ്ങൾ ഒഴിപ്പിച്ച് പാതയുടെ സൗന്ദര്യം പുനഃസ്ഥാപിച്ചു. ശുചിത്വത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു കൊണ്ടായിരുന്നു പ്രവർത്തകർ ഇതിന്റെ തുടക്കം കുറിച്ചത്.

അധ്യാപകരായ ശഫീഖ് സാറും ആബിദ ടീച്ചറും വളണ്ടിയർമാരായ ശഹൽ സി പി, ഫിദ നസ്രിൻ പി എന്നിവരുടെ സജീവ സാന്നിധ്യം, പരിപാടിക്ക് പ്രചോദനം നൽകി. ഉച്ചയോടെ ശുചീകരണ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നതോടെ, പാതയും പരിസരവും പുതിയ മുഖം നേടി.



# ◆പൊതു വായനാശാല നാടിനായി സമർപ്പിച്ചു

വായനയുടെ വെളിച്ചം നാടിനായി പകരാനായി കോളേജിലെ എൻ.എസ്.എസ്. യൂണിറ്റ് 'വായനക്കാരുടെ ചുമര്' എന്ന മഹാപ്രവർത്തനം ജനകീയമായി സമർപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പൊന്നമ്മ ടീച്ചർ ഉദ്ഘാടനം നിർവഹിച്ച ചടങ്ങ്, വായനയുടെ നാളേക്കുള്ള പ്രതിജ്ഞയായിരുന്നു. 'വായന' എന്ന മഹാപ്രവർത്തി, സാങ്കേതികതയുടെ തീരങ്ങളിൽ പതറുമ്പോൾ, സമൂഹം അവശതയിലേക്ക് വീഴാതെ നിലകൊള്ളണമെന്നതായിരുന്നു ഈ വായനശാലയുടെ അടിത്തറ.

പ്രോഗ്രാം ഓഫീസർ ഇയാസ് സാർ അധ്യക്ഷസ്ഥാനം അലങ്കരിച്ചപ്പോൾ, സാഹിത്യകാരൻ ജിസി കാരക്കൽ സർ, പ്രിൻസിപ്പൽ ഡോ. അബ്ദുൽ ജലീൽ സർ, സീനിയർ മെന്റർ ഹംസ സാർ, സാജിത മിസ്സ് തുടങ്ങിയവർ യുവതലമുറയ്ക്ക് വായനയുടെ പ്രാധാന്യം ഓർമ്മപ്പെടുത്തി.

പുതു തലമുറയെ വായനയിലേക്ക് വഴിമാറാൻ പ്രേരിപ്പിക്കുന്നതും വായനയുടെ ശൂന്യഭൂമിയിൽ പുതു നീരുറവകളെ വരവേൽക്കുന്നതുമായിരുന്നു ഈ സംരംഭം. ഇതിലൂടെ നാടിന്റെ മനസ്സുകളിൽ വായനയുടെ ചെറിയ വിത്തുകൾ വിതച്ചു ചെറുനാമ്പുകൾ വിടരുമെന്ന് പ്രത്യാശിക്കാം.

# ◆തെരുവ് നാടകം സംഘടിപ്പിച്ചു

ഫലസ്തീൻ ജനതയുടെ ദുഃഖത്തിന്റെ ദൃശ്യാവിഷ്കാരമായ 'തെരുവ് നാടകം' കരുവാരകുണ്ടിന്റെ ഹൃദയത്തിൽ പകർന്നാടി. നജാത്ത് കോളേജിലെ എൻ.എസ്.എസ്. യൂണിറ്റ്, അന്താരാഷ്ട്ര ഫലസ്തീൻ ഐക്യദാർഢ്യ ദിനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഈ പരിപാടി, വൈകീട്ട് മൂന്നേകാലോടെയാണ് പ്രോഗ്രാം ഓഫീസർ ഇയാസ് സാറിന്റെയും സീനിയർ മെന്റർ ഹംസ സാറിന്റെയും ആമുഖ പ്രസംഗത്തോടെ ആരംഭിച്ചത്.

മൂന്നരയോടെ നാടകത്തിന് അരങ്ങുതുറക്കുമ്പോൾ, ഫലസ്തീൻ ജനതയുടെ നൊമ്പരങ്ങൾ പ്രേക്ഷക മനസ്സിൽ തീർച്ചയായും പതിഞ്ഞിരുന്നു. അവിടെ, ഒരു നൊമ്പരം പോലെ നാടകത്തിന്റെ ഓരോ രംഗവും ദു:ഖത്തിന്റെ തീവ്രത പകർന്നു കാട്ടി. പ്രേക്ഷകർക്ക് ഫലസ്ഥീൻ ജനതയോടുള്ള ഐക്യദാർഢ്യം കൈരേഖ പതിപ്പിച്ച് പ്രകടമാക്കാനുള്ള അവസരമൊരുക്കലായിരുന്നു ഈ നാടകം. ഹംസ സർ ആണ് നാടകം ഉദ്ഘാടനം ചെയ്തത്.

തുടർന്ന് എൻ.എസ്.എസ്സിന്റെ കീഴിൽ നടത്തിയ ചെസ്സ്, ഫെയ്സ് പെയിന്റിംഗ്, അധ്യാപകനൊരു കത്ത് തുടങ്ങിയ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനത്തോട് കൂടി പരിപാടിക്ക് സമാപനം കുറിച്ചു.



# ◆7 DAYS CAMP

രണ്ടു വർഷത്തെ സേവന ജീവിതത്തിൽ ഓരോ എൻ.എസ്.എസ്. വളണ്ടിയർമാരും കാത്തു കഴിയുന്ന ദിനരാത്രങ്ങളാണ് ഡിസംബറിലെ ആ സപ്ത ദിനങ്ങൾ. 'ചൂലെടുക്കാം ചൂരടിക്കും ചുറ്റുപാടുകൾക്കെതിരെ ചൂലെടുക്കാം ചൂഷണമാകും സ്ത്രീധനത്തിനുമെതിരെ' എന്ന പ്രമേയത്തിൽ 'ചൂൽ' എന്ന നാമധേയത്തിലായിരുന്നു ഇത്തവണത്തെ സഹവാസ ക്യാമ്പ്. പരിസ്ഥിതിയിലെ മാലിന്യങ്ങളെ നീക്കം ചെയ്യുന്നതിനുള്ള ഉപാധിയാണല്ലോ ചൂൽ. പ്രസ്തുത മാതൃകയിൽ സമൂഹത്തിൽ നിലനിന്നു പോരുന്ന സ്ത്രീധനം പോലുള്ള മാലിന്യങ്ങളെ തുടച്ചുനീക്കാൻ ചൂലിനേക്കാൾ തീവ്രമായ മറ്റൊരു ഉപാധിയില്ല എന്നതിനാലാണ് ഈ നാമകരണം. കേരള പഴയ കടയ്ക്കൽ യുപി സ്കൂളിൽ വച്ച് നടന്ന ക്യാമ്പ് വണ്ടൂർ എം.എൽ. എ. എ.പി. അനിൽകുമാർ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് നടന്ന ദിവസങ്ങളിൽ ഫയർ ആൻഡ് സേഫ്റ്റി, വാട്ടർ പ്യൂരിഫിക്കേഷൻ, നാടൻ പാട്ടും നാട്ടറിവുകളും, തുടങ്ങിയ വിവിധ സെഷനുകളിൽ ക്ലാസുകൾ നടന്നു. ക്യാമ്പ് സന്ദർശിക്കാനെത്തിയ രക്ഷിതാക്കളും അധ്യാപകരും ക്യാമ്പിലെ അംഗങ്ങളല്ലാത്ത മറ്റു വിദ്യാർത്ഥികളും നിറകൈയടികളോടെയാണ് വളണ്ടിയർമാർക്കിടയിൽ എത്തിയത്. സ്നേഹാരാമം നിർമ്മാണം, പൂന്തോട്ട നവീകരണം, സ്കൂൾ മോടിപിടിപ്പിക്കൽ തുടങ്ങിയ ഫീൽഡ് വർക്കുകൾ പൂർത്തീകരിച്ചു. കൊച്ചുമുതലാളി ഇയാസ് സാറിന്റെ നാട്ടിൽ കേരളക്കാറ്റിന്റെ തൊട്ടുതലോടലിൽ ഞങ്ങൾ പറഞ്ഞു തീർത്ത സ്വരകൾ, കൂട്ടുകാരിൽ നിന്നും കുടുംബമായി തീർത്ത ആ മനോഹര എൻ.എസ്.എസ്. ജൈത്രയാത്ര, തിരിഞ്ഞുനോക്കുമ്പോൾ എത്ര മനോഹരമീയിടം, അനുഭവിച്ചവർ പറയും.



## ◆റൂകിമാനിയ: ഫ്രഷേഴ്സ് പാർട്ടി

സെപ്റ്റംബർ 15ന്, ഫിസിക്സ്, കെമിസ്ട്രി ഡിപ്പാർട്മെന്റുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി 'റൂകിമാനിയ' എന്ന പേരിൽ ഒരു ഫ്രഷേഴ്സ് പാർട്ടി സംഘടിപ്പിച്ചു.

കോളേജ് പ്രിൻസിപ്പൽ അബ്ദുൽ ജലീൽ സാറിന്റെ ഉദ്ഘാടനം കൊണ്ട് ആരംഭിച്ച ഈ പരിപാടിയിൽ, ഫിസിക്സ് ഡിപ്പാർട്മെന്റ് മേധാവി സലീം സർ, കിരൺ സർ, റിഷാദ് സർ, അനൂപ് സർ തുടങ്ങിയ അധ്യാപകർ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. അവർ പുതിയ പഠന ജീവിതത്തിലേക്ക് കടക്കുന്ന വിദ്യാർത്ഥികൾക്ക് ആശംസകൾ നേരുകയും, അവരുടെ ഭാവി പ്രയാണങ്ങളിൽ പ്രചോദനമാകുന്ന ചില അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു.

ശേഷം, പരിപാടിയുടെ ഒരു ഭാഗമായി, വിദ്യാർത്ഥികൾക്കായി വിവിധ വിനോദപരമായ കലാപരിപാടികളും ഒരുക്കിയിരുന്നു. സാംസ്കാരിക പരിപാടികൾ, ഗെയിമുകൾ, നൃത്തം എന്നിവയിൽ വിദ്യാർത്ഥികൾ ആകർഷകമായ രീതിയിൽ പങ്കെടുത്ത് ആഘോഷത്തിന്റെ രസം വർദ്ധിപ്പിച്ചു.

ഫ്രഷേഴ്സ് പാർട്ടി, വിദ്യാർത്ഥികൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുകയും, കോളേജിന്റെ സാമൂഹികവൽകരണം അഭിവൃദ്ധി ചെയ്യുകയും ചെയ്ത വേളയായിരുന്നത്.

## ◆സയൻസ് ഡേയ്ക്ക് മാറ്റ് കൂട്ടി 'ഇന്റർസ്റ്റെല്ലാർ' സിനിമ പ്രദർശനം

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സയൻസ് ഡേയുടെ ഭാഗമായി ശാസ്ത്ര തിയറിയുകളും കോൺസെപ്റ്റുകളും അതീവ ഗൗരവത്തോടെ അവതരിപ്പിച്ച പ്രശസ്ത ഹോളിവുഡ് ചിത്രം 'ഇന്റർസ്റ്റെല്ലാർ' പ്രദർശനം നടത്തി. വിദ്യാർത്ഥികളിൽ ശാസ്ത്ര അവബോധവും ചിന്താശേഷിയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു ഈ പ്രദർശനം സംഘടിപ്പിച്ചത്.

പ്രദർശനത്തിൽ, ബ്ലാക്ക് ഹോൾ, വാം ഹോൾ, ടൈം ഡിലേഷൻ തുടങ്ങിയ സിദ്ധാന്തങ്ങളും സാങ്കേതികതകളും ചിത്രത്തിൽ ഉൾപ്പെടുത്തിയിരുന്നതിനാൽ, അത് ശാസ്ത്രമേഖലയോട് അഭിരുചിയുള്ള വിദ്യാർത്ഥികളിൽ വലിയ കൗതുകം സൃഷ്ടിച്ചു.

ഫിസിക്സ് ഡിപ്പാർട്ട്മെന്റ് മേധാവി സലീം സർ പ്രദർശനത്തിന് നേതൃത്വം നൽകി. പ്രദർശനത്തിന് ശേഷം നടന്ന ചർച്ചയിൽ, സിനിമയിലെ ശാസ്ത്രീയ ആശയങ്ങളെക്കുറിച്ചും അതിന്റെ പ്രായോഗികമാനങ്ങളെക്കുറിച്ചും വിദ്യാർത്ഥികൾ ചേർന്ന് ചർച്ച നടത്തി, സംശയങ്ങളും ചോദ്യങ്ങളും ഉയർത്തി.

ഈ പരിപാടി, ശാസ്ത്രത്തെ ആഴത്തിൽ പഠിക്കുകയും ശാസ്ത്രത്തിലൂടെ ചിന്തിക്കാൻ പ്രചോദനം നൽകുകയും ചെയ്തു.



# ◆പൂർവ വിദ്യാർത്ഥികളോടോത്തൊരു സംഭാഷണം

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ, പൂർവ വിദ്യാർത്ഥികളോടൊരു സംഭാഷണം എന്ന പരിപാടി സംഘടിപ്പിച്ചു. കോളേജിൽ നിന്ന് മുമ്പത്തെ വർഷങ്ങളിൽ പഠിച്ചുള്ള വിദ്യാർത്ഥികളെ വിളിച്ചു വരുത്തി, നിലവിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനാനന്തര അനുഭവങ്ങൾ പങ്കുവയ്ക്കുകയും ഭാവി പദ്ധതികളെക്കുറിച്ചുള്ള ചോദ്യങ്ങൾ നിവാരണം ചെയ്യാൻ അവസരം നൽകുകയും ചെയ്യുകയായാണീ പരിപാടിയുടെ ലക്ഷ്യം.

പരിപാടി കോളേജ് വൈസ് പ്രിൻസിപ്പൽ മുഹമ്മദ് കുഞ്ഞു സാറിന്റെ ഉദ്ഘാടനത്തിലൂടെ ആരംഭിച്ചു. അദ്ദേഹം വിദ്യാർത്ഥികളെ പ്രചോദിപ്പിച്ചും ഭാവി ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. പരിപാടിയുടെ ഉദ്ഘാടനത്തിന് ശേഷം, വിവിധ മേഖലകളിൽ വിജയം നേടിയ പൂർവ വിദ്യാർത്ഥികൾ അവരുടെ അനുഭവങ്ങളും വഴിത്തിരിവുകളും പങ്കുവച്ചു.




വിദ്യാർത്ഥികളുടെ സംശയങ്ങൾക്ക് ഉത്തരം നൽകാൻ, അവർ അധ്യാപകരോടൊപ്പം പങ്കെടുക്കുന്ന ചോദ്യ സെക്ഷൻ നടന്നു. ഈ സംവാദത്തിൽ, വിദ്യാർത്ഥികൾ പൂർവ വിദ്യാർത്ഥികളോട് അവരുടെ കരിയർ വീക്ഷണങ്ങളും പഠനാനന്തര വെല്ലുവിളികളെ കുറിച്ചും സംസാരിച്ചു.

# BEACON

**"Neither do men light a candle, and put it under a bushel, but on a candlestick; and it giveth light unto all that are in the house."**

This biblical quote reminds us that every individual has their own unique talents. Everyone should illuminate their surroundings with their talents, like a majestic candle shining brightly with its vibrant colours. Each individual has a distinct talent, a radient light that lies dormant, waiting for a gentle nurturing touch to unlock its full splendor. Our students have sparks of fire within them, needing only a light caress of air to remove the ashes and to reveal their true potential. So in order to find out the wild aromatic flowers or to extract pearls, hidden in the unfathomable caves of ocean Beacon:the Literary Association of English department sowed some seeds and here are the fruits of our labour.

## ◆Photography Contest

Beacon:The Literary Association of English Department organized "Ambient Portraiture: The Photosphere", a captivating photography contest that delved into the essence of Indian emotions. This creative endeavor aimed to nurture photography skills and cast a light on the contemporary canvas of India. Open to all students of the college, the competition drew talented individuals eager to showcase their artistic vision. Mr Adil, 2nd - year Bcom student and Mr Dilbar, 3rd - year BBA student emerged as the top two finalists, claiming first and second prize,respectively for their evocative and thought - provoking submissions.

## ◆Association Inauguration

Beacon: Association of the English Department,illuminated the campus with its inaugural programme. As the curtains opened,Principal Dr.Abdul Jaleel Kindled the flame of knowledge,welcoming the fresh batch of students to the vibrant tapestry of the College. The erudite chief guest Dr.Jahfar Sadique from Amal College, Nilambur, regaled the audience with a thought provoking oration on the trials and tribulations of modern academia.As the programme unfolded the students were treated to a kaleidoscope of cultural activities, as part of association's commitment in fostering artistic expression and camaraderie.

## ◆Inter - Collegiate Skit Competition




On February 8th 2024, Beacon the Literary Association of English Department organised a spectacular celebration of the Bard of Avon's timeless legacy with **'Shakespearean Spectacle: A Theatrical Journey.'** This intercollegiate competition brought together talented troupes from various colleges, each troupe was eager to give life for their respective characters. Under the discerning gaze of esteemed judges Mr. Sirajudheen P, Assistant Professor at MES Kalladi College and Mr Bujair, former faculty at MESIS International School Doha. The participants showcased their artistic prowess and delved into the rich tapestry of Shakespeare's world. Team NCST won the first prize, while SS college Areecode secured second prize.



# ◆വുമൺ ഡെവലപ്മെന്റ് സെൽ

കാലം എത്ര മുന്നേറിയാലും സ്ത്രീകൾക്ക് എതിരെയുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ വലിയ മാറ്റമൊന്നും വന്നിട്ടില്ലെന്ന് ഓരോ ദിവസവും വരുന്ന വാർത്തകൾ വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് തന്നെ നമ്മുടെ കലാലയത്തിൽ വിമൺ ഡെവലപ്മെന്റ് സെല്ലിന്റെ ആവശ്യകതയും വലുതാണ്. സ്ത്രീകളുടെ അവകാശങ്ങളും കടമകളും ബോധ്യപ്പെടുന്നതിനും അവരെ സമൂഹത്തിന്റെ ഉന്നതിയിലേക്ക് എത്തിക്കുന്നതിനും വേണ്ടിയാണ് വുമൺ ഡെവലപ്മെന്റ് സെൽ.

2023-24 കാലഘട്ടത്തിൽ വുമൺ ഡെവലപ്മെന്റ് സെല്ലിന്റെ കീഴിൽ നിരവധി പരിപാടികൾ നടന്നു. അതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു സെൽഫ് ഡിഫൻസ് പ്രോഗ്രാം ഒരുപാട് കാലമായി നമ്മൾ വിദ്യാർഥിനികൾക്ക് നൽകണമെന്ന് വിചാരിച്ച ഒരു പ്രോഗ്രാം ആയിരുന്നത്. കോളേജിലെ എൻ.എസ്.എസ്. യൂണിറ്റും വുമൺ ഡെവലപ്മെന്റ് സെല്ലും സഹകരിച്ച് നടത്തിയ ഒരു പ്രോഗ്രാമായിരുന്നത്. ഇന്റർനാഷണൽ ഫിറ്റ്നസ് ട്രെയിനർ ഡോ: യൂനുസ് കരുവാരക്കുണ്ട് വേൾഡ് റെക്കോർഡ് ഹോൾഡർ ഇന്റർനാഷണൽ ട്രെയിനറുമായിട്ടുള്ള വിന്നർ ഷെരീഫുമായിരുന്നു ഈ പ്രോഗ്രാമിന്റെ അവതാരകർ. ഇവർ നൽകിയ സെൽഫ് ഡിഫൻസ് ടിപ്സ് വിദ്യാർഥിനികൾ വളരെ ആവേശത്തോടെയാണ് ഉൾക്കൊണ്ടത്.

കോംപാക്റ്റ് അസോസിയേഷനുമായി സഹകരിച്ച് നടത്തിയ മെഡിക്കൽ ക്യാമ്പും ഒരു കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്ന നിലയിൽ വേറിട്ടുനിന്ന ഒരു മികച്ച പരിപാടിയായിരുന്നു. അന്താരാഷ്ട്ര മുലയൂട്ടൽ വാരത്തോടനുബന്ധിച്ച് നടത്തിയ ഈ പ്രോഗ്രാം വണ്ടൂർ നിംസ് ഹോസ്പിറ്റലുമായി സഹകരിച്ചാണ് നടത്തിയത്. കോളേജ് പരിസരത്തുള്ള നിരവധി അമ്മമാരും രോഗികളും പങ്കെടുത്ത ഈ പ്രോഗ്രാം 2023 -24 അക്കാദമിക് വർഷത്തെ ഒരു മികച്ച പരിപാടിയായിരുന്നു.

മൂന്നുദിവസം നീണ്ടുനിന്ന ഒരു പ്രീമാരിടിൽ വെൽനസ് പ്രോഗ്രാം ആണ് ഡെവലപ്മെന്റ് സെല്ല് നടത്തിയ മറ്റൊരു മികച്ച പ്രോഗ്രാം. വളരെ കാലിക പ്രസക്തിയുള്ള ആറു വിഷയങ്ങൾ കൈകാര്യം ചെയ്തത് മികച്ച റിസോഴ്സ് പേഴ്സൺസ് ആയിരുന്നു. ഈ മൂന്ന് ദിവസത്തെ ക്യാമ്പിന് വിദ്യാർത്ഥി വിദ്യാർത്ഥിനികളിൽ നിന്ന് മികച്ച അഭിപ്രായം ലഭിച്ചു. നമ്മുടെ കോളേജിലെ വിദ്യാർത്ഥി വികസന പരിപാടികളിൽ കാതലായ ഇടപെടൽ നടത്താൻ WDC ക്ക് ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്.

കൂടുതൽ നീതിയും സമത്വവുമുള്ള ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിൽ വിദ്യാർഥികളെ സജ്ജരാക്കുകയെന്നത് ഓരോ വുമൺ ഡെവലപ്മെന്റ് സെല്ലിന്റെയും ലക്ഷ്യമാണ്. അതിനിയും തുടർന്നു കൊണ്ടിരിക്കും.



# ◆ഫുട്ബോൾ ഷൂട്ട് ഔട്ട് സംഘടിപ്പിച്ചു

കോമേഴ്സ് ഡിപ്പാർട്മെന്റിന്റെ കീഴിലുള്ള കോംപാക്ട് ക്ലബ്, ഫുട്ബോൾ ഷൂട്ട് ഔട്ട് മത്സരം സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ കായികപരമായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നത്തിനും അവരുടെ കായിക ഉന്നമനത്തിനും വേണ്ടിയാണ് പരുപാടി സംഘടിപ്പിച്ചത്

പ്രിൻസിപ്പിൾ ഡോ. അബ്ദുൽ ജലീൽ സർ ഷൂട്ട് ഔട്ട് ഉദ്ഘാടനം ചെയ്തു. സൈനുൽ ആബിദ് വി.യുടെ നേതൃത്വത്തിൽ മുഹമ്മദ് ഫവാസ് കെ, ഹനീഫ എം.കെ. (ക്ലബ് കോഡിനേറ്റർസ്) എന്നിവർ നേതൃത്വം നൽകി.

എല്ലാ ഡിപ്പാർട്ട്മെന്റുകളിലെ ക്ലാസുകളിൽ നിന്നുമായി ആൺകുട്ടികളുടെ 14 ടീമുകളും പെൺകുട്ടികളുടെ 4 ടീമുകളും അടങ്ങുന്ന 18 ടീമുകളാണ് ഷൂട്ടൗട്ട് പ്രോഗ്രാമിൽ മത്സരിച്ചത്. ആൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം അവസാന വർഷ ബിഎ ഇംഗ്ലീഷുകാർ നേടി, രണ്ടാം സ്ഥാനം - രണ്ടാം വർഷം ബി.കോം കോ-ഓപ്പറേഷൻ കരസ്തമാക്കി .

പെൺകുട്ടികളുടെ വിഭാഗം: ഒന്നാം സ്ഥാനം - അവസാന വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, രണ്ടാം സ്ഥാനം - രണ്ടാം വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നിവർ യഥാക്രമം നേടി. കോംപാക്ട് ക്ലബ് കോർഡിനേറ്റർ മുഹമ്മദ് ഫവാസ് കെ.യുടെ നന്ദിയോടെ, തീ പാറിയ ഫുട്ബാൾ മാമാങ്കത്തിന് തിരശീല വീണു.

# ◆ഫ്രഷേഴ്സ് പാർട്ടി സംഘടിപ്പിച്ചു

കോംപാക്റ്റ് ക്ലബ്ബിന്റെ നേതൃത്വത്തിൽ, ഒന്നാം വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിദ്യാർത്ഥികൾക്കായി ക്ലബ്ബും അതിന്റെ പ്രവർത്തനങ്ങളും പരിചയപ്പെടുത്തുന്നതിനായി ഫ്രഷേഴ്സ് പ്രോഗ്രാം സംഘടിപ്പിച്ചു. ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്ററുകളിലെ വിദ്യാർത്ഥികൾ പങ്കെടുത്ത് അവരുടെ സർഗ്ഗാത്മകതയും ഉൾക്കാഴ്ചകളും പങ്കുവെച്ച് പരിപാടിക്ക് മിഴിവേകി.

കോളേജ് പ്രിൻസിപ്പൽ ഡോ. അബ്ദുൽ ജലീൽ ഓടേങ്ങാടൻ പരിപാടി ഉദ്ഘാടനം ചെയ്തു. ക്ലബ്ബുകളുടെയും അസോസിയേഷനുകളുടെയും വിദ്യാർത്ഥികളുടെയും കഴിവുകളും പരസ്പര സഹകരണവും വളർത്തിയെടുക്കുന്നതിലെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. വൈസ് പ്രിൻസിപ്പൽ മുഹമ്മദ് കുഞ്ഞു എം.കെ, സ്റ്റാഫ് സെക്രട്ടറി ശിവദാസൻ, കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് വിഭാഗം മേധാവി സൈനുൽ ആബിദ് വി. എന്നിവരും ചടങ്ങിന് ആശംസകൾ നേർന്നു.

വിവിധ സെമസ്റ്റർ ക്ലാസുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ, അവരുടെ കലാപരവും സാംസ്കാരികവുമായ കഴിവുകൾ പ്രകടിപ്പിച്ചുകൊണ്ട് പരിപാടിയെ സമ്പന്നമാക്കി. ക്ലബ്ബ് പ്രവർത്തനങ്ങളെക്കുറിച്ചും ക്ലബ്ബിൽ സജീവമായി പങ്കെടുക്കേതിന്റെ ആവശ്യകതയെയും ബോധവത്കരിക്കുന്നതിനായിരുന്നു ഈ പരിപാടി. ക്ലബ്ബിന്റെ ഭാവിയിലെ പ്രവർത്തനങ്ങളിൽ ഒന്നാം വർഷ വിദ്യാർത്ഥികളെ സജീവ പങ്കാളികളാക്കുക എന്നതായിരുന്നു പ്രോഗ്രാമിന്റെ പ്രധാന ലക്ഷ്യം.

സാമൂഹിക സഹകരണം, സർഗ്ഗാത്മകത എന്നിവ പ്രോത്സാഹിപ്പിക്കുന്ന നിരവധി സാംസ്കാരിക പരിപാടികളും ഗെയിമുകളും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു. ക്ലബ്ബ് എക്സിക്യൂട്ടീവ് അംഗം അർഷക്കിന്റെ നന്ദിപ്രസംഗത്തോടുകൂടി പരിപാടിക്ക് സമാപനം കുറിച്ചു.



# INFOCOM CLUB OF BCOM CO-OPERATION

## ◆ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു

ഇൻഫോകോമിന്റെ കീഴിൽ കോളേജ് ക്യാമ്പസിൽ വെച്ച് 16-8-2023ൽ 3'e ഫുട്ബോൾ ടൂർണമെന്റ് നടത്തി. വ്യത്യസ്ത ക്ലാസ്സുകളിൽ നിന്നായി 32 ടീമുകൾ പങ്കെടുത്തു. ആ ടൂർണ മെന്റിൽ ഒന്നാം സ്ഥാനം ലഭിച്ചത് തേർഡ് സെമസ്റ്റർ ബികോം ഫിനാൻസിനാണ് രണ്ടാം സ്ഥാനം കരസ്ഥമാക്കിയത് ഫിഫ്ത്ത് സെമസ്റ്റർ ബികോം കോപ്പറേഷനാണ്. ടൂർണമെന്റിലെ ബെസ്റ്റ് പ്ലേയറായി ബികോം ഫൈനാൻസ് തേർഡ് സെമസ്റ്ററിലെ ഷമീലിനെ തിരഞ്ഞെടുത്തു.

ഒന്നാം സ്ഥാനത്തിനുള്ള 1001 രൂപയായ ക്യാഷ് പ്രൈസ് മെഹ്റാനും ട്രോഫി സ്പോർട്സ് ഔട്ട്ലെറ്റ്സും സ്പോൺസർ ചെയ്തു. രണ്ടാം സ്ഥാനം കരസ്ഥമാക്കിയവർക്കുള്ള ക്യാഷ് പ്രൈസായ 501 രൂപ SYSWAYയും ട്രോഫി AVANT സ്പോർട്സ് ക്ലബ്ബും സ്പോൺസർ ചെയ്തു.

ഈ പരിപാടിയുടെ ഉദ്ഘാടനം ഡോ അബ്ദുൾ ജലീൽ (പ്രിൻസിപ്പൽ) നിർവഹിച്ചു. അബ്ദുള്ള എ.എം., സനൂബ് (ക്ലബ്ബിന്റെ കോർഡിനേറ്റർമാർ) എന്നിവർ നേതൃത്വം നൽകിയ പരിപാടിക്ക്. ശ്രീ. സൈനുൽ ആബിദ് വി.(എച്ച്ഒഡി ഓഫ് കൊമേഴ്സ് ഡിപ്പാർട്ട്മെന്റ്) മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

## ◆ഫ്രഷേഴ്സ് പ്രോഗ്രാം

നജാത്ത് കോളേജ് ഓഫ് സയൻസ് & ടെക്നോളജിയുടെ ഇൻഫോകോം ക്ലബ്ബ് ഒന്നാം വർഷ ബി.കോം കോ-ഓപ്പറേഷൻ വിദ്യാർത്ഥികൾക്കായി ഒരു ഫ്രഷേഴ്സ് പ്രോഗ്രാം സംഘടിപ്പിച്ചു. ഒന്നും മൂന്നും അഞ്ചും സെമസ്റ്ററിലെ മുഴുവൻ വിദ്യാർത്ഥികളും പരിപാടിയിൽ പങ്കെടുത്തു.

അവരുടെ ഉൾക്കാഴ്ചയും സൃഷ്ടിപരതയും പങ്കിട്ട ക്ലാസുകളായിരുന്നു. ഈ പ്രോഗ്രാം രാവിലെയും ഉച്ചക്ക് ശേഷവുമായി രണ്ട് സെക്ഷനായിട്ടാണ് നടത്തിയത്. രാവിലത്തെ സെക്ഷനിൽ കോപ്പറേഷനെ പറ്റിയും, ക്ലബ്ബിനെ പരിചയപെടുത്തുന്നതുമായ ക്ലാസ്സായിരുന്നു. ഉച്ചക്ക് ശേഷമുള്ള സെക്ഷനിൽ കുട്ടികളുടെ കൾച്ചറൽ

പ്രോഗ്രാമായിരുന്നു.

സ്വാഗത പ്രസംഗം പറഞ്ഞത് മിഹാജ് ഇ കെ (ക്ലബ് പ്രസിഡന്റ്) ആയിരുന്നു. അധ്യക്ഷ സ്ഥാനം നിർവഹിച്ചത് അബ്ദുല്ല എ.എം. (ക്ലബ് കോ-ഓർഡിനേറ്റർ). പ്രിൻസിപ്പൽ ഡോ.അബ്ദുൽ ജലീൽ ഒടേങ്ങാടൻ ഉദ്ഘാടനം നിർവഹിച്ചു. ശ്രീ.മുഹമ്മദ് കുഞ്ഞ് എം.കെ (വൈസ് പ്രിൻസിപ്പൽ & ഐ.ക്യു.എ.സി.), ശ്രീ. ശിവദാസൻ, ശ്രീ. സൈനുൽ ആബിദ് വി., ശ്രീമതി നസീമ എം., ശ്രീമതി സജിത പി.എം., ശ്രീ. സനൂബ് സി. എന്നിവർ അഭിനന്ദനങ്ങൾ അറിയിച്ചു. നിഹാൽ (സെക്രട്ടറി) നന്ദി അറിയിച്ചു കൊണ്ട് പ്രോഗ്രാം അവസാനിപ്പിച്ചു.

# Students' Initiative in Palliative

## ◆ആത്മഹത്യാ പ്രതിരോധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു

ആത്മഹത്യാ പ്രതിരോധ ബോധവൽക്കരണത്തിന്റെ പ്രാധാന്യം ഒരു ആവശ്യമാകുന്ന കാലഘട്ടത്തിലാണ് വിദ്യാർത്ഥികളുടെ നേതൃത്വത്തിലുള്ള പരിപാടി ശ്രദ്ധേയമായത്. 'SIP' (Students' Initiative in Palliative) എറ്റവും പ്രധാനമായിട്ടും സമുദായ ബോധവൽക്കരണം ലക്ഷ്യമാക്കി നടത്തിയ ഈ പരിപാടി, ആത്മഹത്യ ഒരു സാമൂഹിക പ്രശ്നമായി കാണപ്പെടുന്ന സാഹചര്യം പരിഹരിക്കാനുള്ള ശ്രമമായിരുന്നു.

2023 ഒക്ടോബർ 7-ന് സംഘടിപ്പിച്ച ഈ പരിപാടിയിൽ, SIP യൂണിറ്റ് പ്രസിഡന്റ് ശ്രീ. മുഹമ്മദ് നിഹാൽ, ആത്മഹത്യ തടയാനുള്ള കൂട്ടായ ശ്രമങ്ങളുടെ ആവശ്യകതയെകുറിച്ചും ആത്മഹത്യയുടെ സാമൂഹിക ദോഷ വശങ്ങളെക്കുറിച്ചും അടിവരയിട്ടു അദ്ദേഹത്തിന്റെ ആമുഖ പ്രസംഗത്തിലൂടെ പറഞ്ഞു. പരിപാടിയുടെ അദ്ധ്യക്ഷം വഹിച്ച ശ്രീ. ജൻഷിദ് കെ, മാനസികാരോഗ്യ ബോധവൽക്കരണത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ആഴത്തിലുള്ള കാഴ്ചപ്പാടുകൾ പങ്കുവെച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങളും, പണ്ഡിതരും, കമ്മ്യൂണിറ്റികളും ചേർന്ന് ഈ പ്രശ്നത്തെ നേരിടാനുള്ള സമഗ്രമായ സമീപനം ആവശ്യമാണ്. പരിപാടിയുടെ മുഖ്യ അതിഥിയായി പങ്കെടുത്ത വൈസ് പ്രിൻസിപ്പൽ മുഹമ്മദ് കുഞ്ഞു സർ ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാനസികാരോഗ്യ സംരക്ഷണത്തിനായി ഏർപ്പെടുത്തുന്ന ചട്ടങ്ങളെയും നടപടികളെയും അദ്ദേഹം എടുത്തുപറഞ്ഞു.

കരുവാരകുണ്ട് പാലിയേറ്റീവ് യൂണിറ്റ് പ്രസിഡന്റ് ശ്രീ. സാദിഖ്, കൂട്ടായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത അനുമോദന പ്രസംഗത്തിലൂടെ പ്രസ്താവിച്ചു. മനസ്സിന്റെ മുറിവുകളെ ചികിത്സിക്കുന്നതിനും പ്രശ്നങ്ങളോട് പ്രതികരിക്കുന്നതിനുള്ള മികച്ച മാർഗങ്ങൾ, കരീം വാഴക്കാട് നടത്തിയ ഓറിയന്റേഷൻ പ്രോഗ്രാമിലൂടെ വിശദീകരിച്ചു.

ഇത്തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ, മാനസികാരോഗ്യ സംരക്ഷണത്തിനും സാമൂഹികാരോഗ്യ നിലനിൽപ്പിനും ഒരുമിച്ച് പ്രവർത്തിക്കാനുള്ള കൂട്ടായ്മയുടെ ആവശ്യകതയെ ശക്തമായി ആവിഷ്കരിച്ചു.

# ◆കരുവാരകുണ്ട് പാലിയേറ്റീവ് യൂണിറ്റിനായി വാക്കർ സംഭാവന

സമൂഹത്തിന്റെ ആവശ്യങ്ങളെ മനസിലാക്കി, കലാലയത്തിലെ ബിബിഎ വിഭാഗത്തിന്റെ സിഗ്നെറ്റ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിയ വോളിബോൾ ടൂർണമെന്റിലൂടെ കരുവാരകുണ്ട് പാലിയേറ്റീവ് യൂണിറ്റിനായി വാക്കർ സംഭാവന നൽകി. ഈ ടൂർണമെന്റ്, വിദ്യാർത്ഥികൾക്കിടയിൽ കായിക വിനോദത്തിനപ്പുറം സാമൂഹിക ഉത്തരവാദിത്തവും ബോധവൽക്കരിക്കാനുള്ള സംരംഭമായിരുന്നു.

സ്റ്റുഡന്റ്സ് ഇനീഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ (എസ്ഐപി) സംഘടനയുടെ നേതൃത്വത്തിൽ നടന്ന ഈ പരിപാടി, പാലിയേറ്റീവ് കെയറിനെ പിന്തുണയ്ക്കുന്ന തുടർച്ചയായ ശ്രമങ്ങളുടെ ഭാഗമായിരുന്നു. ടൂർണമെന്റ് വഴി ലഭിച്ച ഫണ്ടിന്റെ ഉപയോഗം, വീട്ടിൽ നിന്ന് പരിചരണം ആവശ്യമുള്ള രോഗികൾക്കുള്ള ആവശ്യ ഉപകരണങ്ങൾ, പ്രത്യേകിച്ച് കാൽനടയാത്രക്കാരുടെ വാക്കറുകൾ സംഭാവന ചെയ്യുന്നതിനായി ആയിരുന്നു.

എസ്ഐപി സ്റ്റാഫ് കോർഡിനേറ്റർ ജൻഷിദ് കെ. യുടെയും വിദ്യാർത്ഥികളായ മുഹമ്മദ് നിഹാൽ, അൻഷിദ്, അർഷക് എന്നിവരുടെയും നേതൃത്വത്തിൽ, വാക്കറുകൾ കരുവാരകുണ്ട് പാലിയേറ്റീവ് യൂണിറ്റിന് കൈമാറി.



## ARABIC LITERARY CLUB

# ◆അറബിക് കാലിഗ്രഫി മത്സരം സംഘടിപ്പിച്ചു

December 18 world Arabic language day യുമായി ബന്ധപ്പെട്ട് NCST യിലെ സുമ്പുല അറബിക് ലിറ്ററെറി ക്ലബ്ബിന്റെയും IQAC യുടെയും കീഴിൽ അറബിക് കാലിഗ്രഫി മത്സരം സംഘടിപ്പിച്ചു.

കോളേജ് ലൈബ്രറിയിൽ വെച്ച് നടന്ന മത്സരത്തിന് അധ്യാപകരായ ഷാജഹാൻ സാർ, സജീന ടീച്ചർ, കോളേജിൽ ലൈബ്രേറിയൻ ലുക്മാൻ സാർ, റിഷാദ് സാർ, ആബിദ ടീച്ചർ ക്ലബ് ഭാരവാഹികളായ ഹിഷാം, ദിയ , നസ്റിൻ , റാഷിദ് എന്നിവർ നേതൃത്വം നൽകി.

മൽസരത്തിൽ Noora (2nd sem CA), Roshna Rincy (4th sem BA English), Sana M (4th sem BA English) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന പൊതു പരിപാടിയിൽ വെച്ച് വിജയികൾക്ക് മൊമെൻറോ വിതരണവും നൽകി.

# SPORTS CLUB

## ◆ഫുട്ബോൾ ടീമിന് ചരിത്രനേട്ടം

നമ്മുടെ അഭിമാനമായി ഫുട്ബോൾ ടീം ചരിത്രനേട്ടത്തോടെ ഒരു പുതിയ അധ്യായം കുറിച്ചു. 2023-ലെ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബി സോൺ ടൂർണമെന്റിൽ, 80 ടീമുകൾ തമ്മിലുള്ള കഠിനമായ മത്സരത്തിൽ, നമ്മുടെ ടീമിനു അവസാന 8 ടീമുകളിൽ ഇടം നേടി മുന്നേറാൻ സാധിച്ചത് വെറും വിജയമല്ല, കായിക രംഗത്തെ വലിയൊരു ചരിത്രസംഭവം കൂടിയാണ്.

ടൂർണമെന്റിലെ ഓരോ മത്സരവും ടീമിന്റെ മികവിനെയും അവർ കാണിച്ച ആത്മാർഥതയെയും പ്രതിഫലിപ്പിക്കുന്നതായിരുന്നു. ശക്തരായ എതിരാളികൾക്കെതിരെ നേരിടേണ്ടി വന്നപ്പോഴും, ടീം തങ്ങളുടെ സാങ്കേതിക കഴിവുകളും ക്രിയാത്മക രീതികളും കൃത്യമായി പ്രയോഗിച്ചു. ഓരോ കളിയും ദുഷ്കരമായിരുന്നപ്പോഴും തങ്ങൾക്കുള്ള തിരിച്ചടികളെ തരണം ചെയ്ത് അവർ തങ്ങളുടെ വിജയത്തിന്റെ പടവുകളിലൂടെ മുന്നോട്ടേറി.

വിജയത്തിനു പിന്നിലെ പ്രധാന ഘടകങ്ങളിലൊന്നായിരുന്നത് താരങ്ങളുടെ നിരന്തര പരിശീലനവും പരിശീലകസംഘത്തിന്റെ അടിയന്തര മാർഗനിർദേശങ്ങളും ആണ്. ഓരോ കളിക്കാരനും തമ്മിലുള്ള സഹകരണം, ടീം സ്പിരിറ്റ്, ഉറച്ച പ്രതിജ്ഞാബദ്ധത, എന്നിവയെല്ലാം അവർ മുറുകെ പിടിച്ചു. അവരുടെ ഈ അധ്വാനത്തിൽ നിന്ന് നേടിയ വിജയം നജാത്ത് കോളേജിന്റെ കായിക ചരിത്രത്തിൽ തുല്യതകളില്ലാത്ത നേട്ടമായിരുന്നു.

ഇതാദ്യമായാണ് കോളേജ് ഇത്ര വലിയ ഒരു ബഹുമതിയിലേക്ക് എത്തുന്നത്. ഈ വിജയം എല്ലാ വിദ്യാർത്ഥികൾക്കും അഭിമാനവും, നന്നായി കളിച്ച ടീം അംഗങ്ങൾക്ക് കൂടുതൽ ഉയരങ്ങളിലേക്ക് എത്താനുള്ള പ്രചോദനവുമാണ്.



# ANNEXIA
## Students Union 2023-24

# പ്രവർത്തന റിപ്പോർട്ട്

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നുള്ള വിജ്ഞാപനപ്രകാരം 2023-24 അധ്യയന വർഷത്തേക്കുള്ള വിദ്യാർത്ഥി യൂണിയന്റെ തിരഞ്ഞെടുപ്പ് 2023 നവംബർ 1 ന് റിട്ടേണിംഗ് ഓഫീസറും കോമേഴ്സ് വിഭാഗം മേധാവിയുമായ ശ്രീ. സൈനുൽ ആബിദ് സാറിന്റെ മേൽനോട്ടത്തിൽ നടന്നു. തിരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തെ തുടർന്ന് ഇലക്ഷൻ കമ്മറ്റിയുടെ നേതൃത്വത്തിൽ ഭൂരിപക്ഷം നേടിയ വിദ്യാർത്ഥി വിഭാഗത്തിന്റെ യോഗം ചേർന്നുകൊണ്ട് താഴെ പറയുന്ന വിദ്യാർത്ഥികളെ ഭാരവാഹികളാക്കികൊണ്ട് അനക്സിയ സ്റ്റുഡന്റസ് യൂണിയന് രൂപം നൽകി.

അബ്ദുൽ ജവാദ് (ചെയർമാൻ)
സന.കെ (വൈസ് ചെയർപേഴ്സൺ)
മുഹമ്മദ് ശിബിൽ എം. (ജന. സെക്രട്ടറി)
ഫാത്തിമ റിൻഷ പി.(ജോ.സെക്രട്ടറി)
അൻഫാൽ എ.ടി.(യുയുസി 1)
ഷഹൽ സി.പി.(യുയുസി 2)
ഇൻതിഷാം (ഫൈൻ ആർട്സ് സെക്രട്ടറി)
മുഹമ്മദ് ഷിഫാൻ. കെ (ജന. ക്യാപ്റ്റൻ)
അൻഷിഫ് ടി.എം. (മാഗസിൻ എഡിറ്റർ).



## ◆ആരംഭ മധുരം

വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പിൽ വിജയിച്ചതിനുള്ള സന്തോഷപ്രകടനത്തിന്റെയും വിജയം നൽകിയവരോടുള്ള കൃതജ്ഞതയുടെയും ഭാഗമായി കോളേജിലെ മുഴുവൻ വിദ്യാർത്ഥികൾക്കും സ്റ്റാഫിനും മധുരം നൽകിക്കൊണ്ട് അനെക്സിയ വിദ്യാർത്ഥി യൂണിയന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

## ◆FRESHERS DAY

2023-24 അധ്യയന വർഷത്തേക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട അനെക്സിയ സ്റ്റുഡന്റ്സ് യൂണിയന്റെ ഔപചാരിക ഉദ്ഘാടനവും പുതുതായി കോളേജിലെത്തിയ വിദ്യാർത്ഥികളെ വരവേൽക്കുന്നതിനായി ഫ്രഷേഴ്സ് ഡേയും സംഘടിപ്പിച്ചു. ഡിസംബർ 5,6 തിയ്യതികളിലായി വിപുലമായ ചടങ്ങുകളോടെ കോളേജിൽ വെച്ചാണ് പരിപാടി നടന്നത്. ഡിസംബർ 5 ന് സ്റ്റുഡന്റ്സ് യൂണിയൻ അഡ്വൈസർമാരായ ഹസ്ബുള്ള സാറിന്റെയും ആബിദ ടീച്ചറുടെയും നേതൃത്വത്തിൽ യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചൊല്ലി അധികാരമേറ്റു. യൂണിയന്റെ ഔപചാരികമായ ഉദ്ഘാടന കർമ്മത്തിൽ സെനറ്റ് അംഗവും ജില്ലാ പഞ്ചായത്ത് അംഗവുമായ വി.കെ.എം ഷാഫി ജില്ലാ പഞ്ചായത്ത് കരുവാരകുണ്ട് ഡിവിഷൻ അംഗം വി.പി. ജസീറ എന്നിവർ മുഖ്യാതിഥികളായിരുന്നു. മാനേജർ എൻ.കെ. അബ്ദുറഹ്മാൻ സാഹിബ്, പ്രിൻസിപ്പൽ അബ്ദുൽ ജലീൽ, വൈസ് പ്രിൻസിപ്പൽ കുഞ്ഞു സർ, മറ്റു വിഭാഗം മേധാവികൾ തുടങ്ങിയവർ സാന്നിധ്യമറിയിച്ച പരിപാടിയിൽ യൂണിയൻ ലോഗോ റിലീസും യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ മൊമെന്റോ നൽകി ആദരിക്കുകയും ചെയ്തു. അടുത്ത ദിവസത്തിൽ സംഘടിപ്പിച്ച ഫ്രഷേഴ്സ് പാർട്ടിയിൽ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. തുടർന്ന് നടന്ന മ്യൂസിക് കൺസർട്ടിൽ Musli, Vocal Dude, Safvan Ir, Benjibeats തുടങ്ങിയ യുവ സംഗീത കലാകാരന്മാർ വിദ്യാർത്ഥികൾക്കിടയിൽ സംഗീത മഴയായി പെയ്തിറങ്ങി.

## ◆ജിംഗിൾ ബെൽസ് ക്രിസ്തുമസ് ആഘോഷം

2023 ഡിസംബർ 22 ന് അനെക്സിയ സ്റ്റുഡന്റ്സ് യൂണിയനും ഇംഗ്ലീഷ് ഡിപ്പാർട്മെന്റ് അസോസിയേഷനായ ബീക്കണും കൂടി സംയുക്തമായി 'ജിംഗിൾ ബെൽസ് ഷോ ഡൌൺ' എന്ന പേരിൽ ക്രിസ്തുമസ് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു.

ആഘോഷത്തിന്റെ ഭാഗമായി നടന്ന വിവിധ ഗെയിമുകളിൽ വിദ്യാർത്ഥികൾ അവരുടെ നിറസാനിദ്ധ്യം അറിയിച്ചു. ക്ലാസുകളിൽ കേക്ക് മുറിച്ചുകൊണ്ട് വിദ്യാർത്ഥികൾ ആഘോഷത്തിൽ പങ്ക് ചേർന്നു.

## ◆ഫാൻഷോ സംഘടിപ്പിച്ചു

2024 ജൂൺ, ജൂലൈ മാസങ്ങളിലായി അരങ്ങേറിയ യൂറോ കപ്പ്, കോപ്പ അമേരിക്ക മത്സരങ്ങളുടെ പശ്ചാത്തലത്തിൽ കോളേജ് കോമ്പൗണ്ടിൽ വെച്ച് ഫാൻ ഷോ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ തങ്ങളുടെ ഇഷ്ട ടീമിന്റെ ജേഴ്സി അണിഞ്ഞും, കൊടിപിടിച്ചും, മുഖത്തു ഛായാ ചിത്രങ്ങൾ വരച്ചും പരിപാടിയിൽ ആവേശപ്രകടനങ്ങൾ നടത്തി. പ്രമുഖ ഫ്രീ സ്റ്റൈലർ ഷാഹിദ് സഫറിന്റെ ഫുട്ബോൾ കൊണ്ടുള്ള മിന്നും പ്രകടനങ്ങളും അതിന് അകമ്പടിയായി നടന്ന തമ്പോല ഷോയും പരിപാടിക്ക് കൂടുതൽ കരുത്തേകി.

## ◆എസ്പോർട്ടസ് സ്പോർട്സ് മീറ്റ്

2023-24 അക്കാദമിക വർഷത്തെ സ്പോർട്സ് മീറ്റ് എസ്പോർട്ടസ് എന്ന പേരിൽ 2024 ഫെബ്രുവരി 22,24 തിയ്യതികളിലായി കോളേജ് ഗ്രൗണ്ടിൽ വെച്ച് നടത്തി. മറ്റു വർഷങ്ങളിൽ നിന്നും വിഭിന്നമായി ഇത്തവണ പെൺകുട്ടികൾക്ക് ആദ്യമായി ത്രോബോൾ സംഘടിപ്പിച്ചു. രണ്ടു ദിവസങ്ങളിലായി അത്‌ലറ്റിക്സ് മീറ്റും മറ്റു ദിവസങ്ങളിലായി ചെസ്സ്, ബാഡ്മിന്റൺ, വോളിബോൾ, ഫുട്ബോൾ തുടങ്ങിയ ഗെയിംസുകളും സംഘടിപ്പിച്ചു. കൂടാതെ ഇത്തവണത്തെ ബാഡ്മിന്റൺ ടൂർണമെന്റ് മുള്ളറ ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് നടത്തിയത് വിദ്യാർത്ഥികളിൽ ആവേശമുളവാക്കി. വേനലിന്റെ കഠിന ചൂടിൽ നടന്ന മീറ്റിൽ വിദ്യാർത്ഥികളും അധ്യാപകരും നൽകിയ പിന്തുണയിൽ പരിപാടി വൻ വിജയമായി അവസാനിച്ചു.

## ◆നവാഗതരെ സ്വാഗതം ചെയ്തു

പുതുതായി കോളേജിൽ എത്തിയ നവാഗതരെ സ്വാഗതം ചെയ്ത് അനെക്സിയ സ്റ്റുഡൻസ് യൂണിയൻ. ഇതിന്റെ ഭാഗമായി ഒന്നാം വർഷ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മറ്റു സ്റ്റാഫ് അംഗങ്ങൾക്കും മധുരം നൽകി.

## ◆എത്തിക് ഡേ

ലോകത്തെമ്പാടുമുള്ള വൈവിധ്യങ്ങളുടെ നിറക്കാഴ്ച പ്രദർശനവുമായി അനെക്സിയ സ്റ്റുഡൻസ് യൂണിയൻ എത്നിക് ഡേ സംഘടിപ്പിച്ചു. 2024 ഓഗസ്റ്റ് 29ന് കോളേജിൽ വെച്ച് നടന്ന പരിപാടിയിൽ വിദ്യാർത്ഥികളുടെ വിവിധയിനം കലാപരിപാടികളും വിവിധ ദേശങ്ങളിലെ വേഷവിധാനങ്ങളുടെ പ്രദർശനങ്ങളും നടന്നു. തുടർന്ന് ഉച്ചക്കുശേഷം ഗാനസന്ധ്യയും അരങ്ങേറി.

## ◆ഖയാൽ ആർട്സ് ഫെസ്റ്റ് 2024 നെയിം റിവീലിങ്

2023-24 അധ്യയന വർഷത്തെ ആർട്സ് ഫെസ്റ്റിന്റെ നെയിം റിവീലിങ് 2024 ഫെബ്രുവരി 20 ന് കോളേജ് ക്യാമ്പസ്സിൽ വെച്ച് സംഘടിപ്പിച്ചു. വിവിധ കലാരൂപങ്ങളുടെ അകമ്പടിയോടു കൂടി നടത്തിയ പരിപാടിയുടെ ഉദ്ഘാടനം പ്രിൻസിപ്പൽ ഡോ. അബ്ദുൽ ജലീൽ നിർവ്വഹിച്ചു. തുടർന്ന് ഓരോ അസോസിയേഷനുകളുടെയും അടിസ്ഥാനത്തിൽ ഒപ്പന, കോൽക്കളി, ദഫ്മുട്ട്, മൈമിങ്, നാടൻ പാട്ട് തുടങ്ങിയ വിവിധ കലകൾ പ്രദർശിപ്പിച്ചു.

'ഭാവനകൾക്ക് മീതെ കല കൊണ്ടൊരു ചായം പൂശാം' എന്ന പ്രമേയത്തിൽ ഖയാൽ എന്ന പേരിൽ നടത്തിയ കോളേജ് ആർട്സ് ഫെസ്റ്റ് ഓഫ്സ്റ്റേജ്, ഓൺ സ്റ്റേജ് എന്നീ ഇനങ്ങളുമായി 2024 ഫെബ്രുവരി 23 മുതൽ 29 വരെയുള്ള തിയ്യതികളിൽ നടന്നു. കഴിഞ്ഞ വർഷത്തിൽ നിന്നും വിഭിന്നമായി ഇത്തവണ അസോസിയേഷൻ തലത്തിലായിരുന്നു മത്സരങ്ങൾ സംഘടിപ്പിച്ചത്. ബീക്കൺ, കോംപാക്റ്റ്, ആക്വോഫൈൻ, ഇൻഫോകോം, സിഗ്നറ്റ്, സ്പെക്ട്രാലിത്ത് എന്നിവയടങ്ങുന്ന അസോസിയേഷനുകൾ തമ്മിലുള്ള മത്സരം തുടക്കം മുതലേ വലിയ ആവേശത്തോടു കൂടിയായിരുന്നു നടന്നത്. ആദ്യം നടന്ന ഓഫ്സ്റ്റേജ് മത്സരങ്ങളിൽ വിവിധ എഴുത്ത്, ചിത്രരചന, കാർട്ടൂൺ, പോസ്റ്റർ രചന, കാലിഗ്രഫി, തുടങ്ങിയ മറ്റു നിരവധി മത്സരങ്ങൾ നടന്നു. പിന്നീട് നടന്ന ഓൺസ്റ്റേജ് മത്സരങ്ങളിൽ കലാപ്രതിഭകൾ തങ്ങളുടെ വിവിധ കലാരൂപങ്ങളിലുള്ള പ്രാഗത്ഭ്യം തെളിയിച്ചു. വാശിയേറിയ മത്സരങ്ങൾക്കൊടുവിൽ ഇംഗ്ലീഷ് അസോസിയേഷൻ ബീക്കൺ ഓവറോൾ ചാമ്പ്യന്മാരും, സ്പെക്ട്രാലിത്ത് അസോസിയേഷൻ റണ്ണേഴ്സ് അപ്പുമായി.

# ◆ആഹാ അർമാദം

ഈ വർഷത്തെ ഓണത്തിന്റെ ഭാഗമായി അനെക്സിയ സ്റ്റുഡൻസ് യൂണിയൻ നടത്തിയ ആഘോഷ പരിപാടികൾ 2024 സെപ്റ്റംബർ 12ന് വളരെ വിപുലമായി കോളേജിൽ വെച്ച് സംഘടിപ്പിച്ചു. അർമാദം 2024 എന്ന പേരിൽ നടന്ന പരിപാടിയിൽ അസോസിയേഷനുകൾ തമ്മിൽ നടന്ന വാശിയേറിയ പോരാട്ടമായിരുന്നു ആദ്യാവസാനം വരെ കാഴ്ചവെച്ചിരുന്നത്. പൂക്കളം മത്സരം, വടംവലി, ചാക്കിലോട്ടം, സുന്ദരിക്ക് പൊട്ടുതൊടൽ തുടങ്ങിയ പന്ത്രണ്ടോളം വരുന്ന മത്സരങ്ങൾ തുടർന്ന് നടന്നു. സ്പെക്ട്രാലിത്ത് അസോസിയേഷൻ ഓവറോൾ ചാമ്പ്യന്മാരും ബീക്കൺ അസോസിയേഷൻ റണ്ണറപ്പാവുകയും ചെയ്തു. മത്സരങ്ങളിൽ ഒന്നും, രണ്ടും സ്ഥാനം നേടിയവർക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകി.

ADVERTISEMENT

ADVERTISEMENT

# DNIC EXECUTIVE COMMITTEE



SAYYID SADIQALI SHIHAB THANGAL
(President)



Adv. UMMER SAHIB
(Gen. Secretary)



O. ABDUL HAMEED FAIZY AMBALAKADAVU
(Treasurer)



M. MOIDEEN KUTTY FAIZY
(Working Secretary)



N.K. ABDURAHMAN
(Manager)



P. SAIDALI MUSLIYAR
(Vice President)



BAPPU MUSLIYAR
(Vice President)



KT KUNJIMANU HAJI
(Vice President)



E MOIDEEN FAIZI
(Vice President)



V. ABDUL KAREEM BAQUAVI
(Joint Secretary)



M. BASHEER HAJI
(Joint Secretary)



T.K. HAMZA HAJI
(Joint Secretary)



K KUNHAPPU HAJI
(Joint Secretary)



C.K. MOHAMMED KUNHIPPU
(Joint Secretary)

# PRINCIPAL & FACULTY MEMEBERS


Prof. Abdul Hameed P.


Muhammed Kunhu M.K.


Dr. Abdul Jaleel O. (Principal)


Hamsa C.


Abida A.


Muhammed Hasbulla C.


Shahana Thasnim N.


Fakhrudheen V.P.


Sainul Abid V.


Haneefa M.K.


Muhammed Hanees M.K.


Naseema M.


Prabhula M.V.


Rahamath Sheena P.S.


Mohammed Favas K.


Sabir Sabah K.


Sajitha P.M.


Abdulla A.M.


Janshid K.


Rabiya P.K.


Shafeeque Ajmal P.T.


Iyas P.


Sanoob C.


Sneha P.


Saleem M.A.


Rishad N.K.


Fousiya Kunnathodi


Sajeena M.


Nishana E.P.


Rahida K.P.


Fahamil


Mohammed Salih


Ameena V.M.


Anoop P.


Byjas P.


Binu Nabhan


Sivadasan V.


Shajahan C.T.


Farsana K.P.


Abdul Raheem M.


Aleena Raihan


Kiran U.

## ADMINISTRATION FACULTY


Thabsheer P.


Anvar V.


Muhammed Musthafa K.K.


Lukmanul Hakeem K.K.


Hamza M.


Abu K.


Fousiya T.


Fathimath Suhara


Kunheevi


Muhammed Mujthaba


MELATTUR
ECHO
OATH TAKING CEREMONY
ECHO
MELATTUR
ECHO
MELATTUR
Annexia
STUDENTS UNION
#2023-24
UNION
INAUGURATION


FRESHERS DAY
വിപാസ 24


NCST ANNUAL SPORTS MEET 2024
ESPORTES
ANNEXIA STUDENTS UNION 2023-24















NAJATH COLLEGE OF SCIENCE AND TECHNOLOGY
KARUVARAKUNDU
ARTS FEST
2024-FEB-28-29


WINNERS
പിപാസ 24

ADVERTISE-
MENT

# Special Thanks

Union Advisor



**Hasbulla**

Arts Co-ordinator



**Shajahan C.T.**

Sports Co-ordinator



**Binu Nabhan**

Staff Editor



**Sajeena M.**


























ജീവൻ മൂടിയ വെള്ളപൊക്കം ജീവിതത്തിന്റെ കഥകളെ വിഴുങ്ങിയെങ്കിലും അതിന്റെ അരികിൽ നിന്ന് കരുത്തും പ്രതീക്ഷയും മുളപ്പിച്ച വയനാടൻ ജനതക്കുള്ള സമർപ്പണമാണിത്. വയനാടൻ പ്രളയത്തിൽ വേപഥുവായി നിന്ന ജീവിതങ്ങളെ വീണ്ടെടുക്കാൻ കൈകോർത്തവരും, കണ്ണുനീർ തുടച്ചവരും, പുതുജീവൻ നൽകാൻ പ്രചോദനമായവരും, വാക്കുകളിലൂടെ മാറ്റം കുറിച്ചവരും ഒരു യുഗത്തിന്റെ വക്താക്കളാണ്. ഇവരിലൂടെ പ്രകൃതിക്കുമേലുള്ള മനുഷ്യ കുലത്തിന്റെ  അധീശത്വ കാഴ്ചപ്പാടിന് മാറ്റം  വരുമെന്ന പ്രത്യാശയോടെ ഞങ്ങളോട് സഹകരിച്ച യൂണിയൻ അംഗങ്ങളോടും, സുഹൃത്തുകളോടും ഗുരുക്കൻമാരോടുമുള്ള നന്ദിയോടെ ഞങ്ങൾ  പടിയിറങ്ങുന്നു. വിട.... വിട.... വിട....

അൻഷിഫ് ടി.എം.
സ്റ്റുഡന്റ് എഡിറ്റർ



BACK COVER
INSIDE

ആശംസകളോടെ...

## വിശ്വസ്ത സേവനത്തിന്റെ 77 വർഷത്തെ
## തിളക്കവുമായി ഉയരങ്ങളിലേക്ക്

# കരുവാരകുണ്ട് സർവ്വീസ് സഹകരണ ബാങ്ക് LTD No: F1191

**പണം വേഗത്തിൽ അയക്കുന്നതിന്**
**RTGS, NEFT, Mobile Banking സൗകര്യം**

**ATM സൗകര്യം | വാഹന വായ്പ**

**വ്യാപാര മിത്ര | ഗ്രഹോപകരണ ലോൺ**

**നീതി മെഡിക്കൽസ് | അഗ്രി സൂപ്പർമാർക്കറ്റ്**

**THE KARUVARAKUNDU SERVICE CO-OP BANK** LTD No.F1191

പ്രസിഡന്റ്
സി.കെ. മുഹമ്മദ് റഫീഖ്
ഫോൺ : 9446 883 295

സെക്രട്ടറി ഇൻ ചാർജ്
എം.കെ. മുഹമ്മദലി
ഫോൺ : 9447 257 083

